അധികാരം ജനങ്ങൾക്ക്

ജനകീയാസൂത്രണം

വികസന റിപ്പോർട്ട്

വേങ്ങാട് ഗ്രാമ പഞ്ചായത്ത്


കേരളം
(വേങ്ങാട് പഞ്ചായത്തിന്റെ
സ്ഥാനം കാണിക്കുന്ന മാപ്പ്)
കണ്ണൂർ ജില്ല
വേങ്ങാട് പഞ്ചായത്ത്

അധികാരം ജനങ്ങൾക്ക്

ജനകീയാസൂത്രണം
വികസന റിപ്പോർട്ട്

വേങ്ങാട് ഗ്രാമ പഞ്ചായത്ത്

ഭരണസമിതി

പി. ബാലൻ (പ്രസിഡൻറ്)

കെ. പത്മനാഭൻ (വൈസ് പ്രസിഡൻറ്)

പി. മുകുന്ദൻ

പി. കെ. സുശീല

കെ. പി. കാസിം

പി. ഷീന (സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ)

കെ. രവീന്ദ്രൻ

സി. നളിനി

ടി. ഗംഗാധരൻ മാസ്റ്റർ

സി. കെ. ഷാഹിദ

ടി. ഭാസ്കരൻ

കെ. വി. കെ. ബാലൻ

എഡിറ്റോറിയൽ ബോർഡ്

പി. അനന്തൻ
(റിട്ട:അഡീഷണൽ കൃഷി ഡയരക്ടർ)
എം. കെ. ബാലഗോപാലൻ
(റിട്ട: ഡപ്യൂട്ടി തഹസിൽദാർ)
വേങ്ങാട് മുകുന്ദൻ
ഇ. രാഘവൻ
സി. നാരായണൻ
കെ. അബൂട്ടി
എൻ. പവിത്രൻ
പി. എം. ജയചന്ദ്രൻ
എ. പവിത്രൻ
കെ. വി. പത്മനാഭൻ
ബി. കെ. സദാനന്ദൻ
പി. ഗോപാലകൃഷ്ണൻ
പി. വി. പുഷ്പാംഗദൻ
പി. ഷീന

ഡി. ടി. പി. & ലേഔട്ട്
സെവൻത്ത് സീൽ അഡ്വർടൈസേർസ്
കായ്യത്ത് റോഡ്, തലശ്ശേരി. 1
ഫോൺ. റസി : 233322

പ്രിൻറിംഗ്
ഫിനിക്സ് ഓഫ്സെറ്റ് പ്രിൻറേർസ്
തലശ്ശേരി - 7
ഫോൺ : 220823

'എല്ലാവരുടേയും അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ
പ്രകൃതിയിലുണ്ട് എന്നാൽ ആരുടേയും ദുരയെ
തൃപ്തിപ്പെടുത്താൻ വിഭവങ്ങളില്ല.'

– മഹാത്മജി

ഉള്ളടക്കം

പേജ്

ആമുഖം

പൊതുവിവരണം

1	ഭൂപ്രകൃതി; നാഴികക്കല്ലുകൾ	1
2	കൃഷി-ജലസേചനം	5
3	മത്സ്യബന്ധനം-മൃഗസംരക്ഷണം	18
4	വിദ്യാഭ്യാസം	28
5	കുടിവെള്ളം ആരോഗ്യം	44
6	വ്യവസായം	51
7	ഗതാഗതം, ഊർജ്ജം	57
8	പാർപ്പിടം, സാമൂഹ്യക്ഷേമം	74
9	സംസ്ക്കാരം	86
10	വനിത	96
11	സഹകരണം	102
12	പട്ടികജാതി-പട്ടികവർഗ്ഗം	107
13	വിഭവസമാഹരണം	114

പഞ്ചായത്ത്
പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	വേങ്ങാട് പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	പടുവിലായി, പാതിരിയാട്
ബ്ലോക്ക് പഞ്ചായത്ത്	:	കൂത്തുപറമ്പ്
താലൂക്ക്	:	തലശ്ശേരി
അസംബ്ലി മണ്ഡലം	:	കൂത്തുപറമ്പ്
ജില്ല	:	കണ്ണൂർ
വിസ്തീർണ്ണം	:	28.09 ചതു: കിലോമീറ്റർ
ജനസംഖ്യ	:	34387 (17180പു, 17207സ്ത്രീ)
ജനസാന്ദ്രത	:	1224/ചതുരശ്രകിലോമീറ്റർ
അതിരുകൾ	:	വടക്ക്: കീഴല്ലൂർ പഞ്ചായത്ത് കിഴക്ക്: മാങ്ങാട്ടിടം പഞ്ചായത്ത് തെക്ക്: പിണറായ് പഞ്ചായത്ത് തെക്ക് കിഴക്ക്: കോട്ടയം പഞ്ചായത്ത് വടക്ക് കിഴക്ക്: മട്ടന്നൂർ മുനിസിപാലിറ്റി പടിഞ്ഞാറ്: പെരളശ്ശേരി പഞ്ചായത്ത് അഞ്ചരക്കണ്ടി പഞ്ചായത്ത്
വാർഡുകൾ	:	12
പ്രസിഡൻറ്	:	പി. ബാലൻ
വൈസ് പ്രസിഡൻറ്	:	കെ. പത്മനാഭൻ

ആമുഖം

അധികാരത്തിന്റെ
അകത്തളത്തിൽ നിന്ന്
അടിത്തട്ടിലുള്ള ജനത
എക്കാലവും
അകറ്റിനിർത്തപ്പെടുകയായിരുന്നുവല്ലോ.
സാധാരണ ജനവിഭാഗങ്ങൾ
പദ്ധതികളുടെ
ആസൂത്രണത്തിലും നടത്തിപ്പിലും
പങ്കാളികളാകുന്ന
അഭൂതപൂർവ്വമായ ചരിത്രമുഹൂർത്തം
സംജാതമാവുകയാണ്

സ്വാതന്ത്യലബ്ധിമുതലിന്നോളം
കടന്നുപോയ പഞ്ചവത്സരപദ്ധതികൾ
ഒട്ടേറെ നേട്ടങ്ങൾ പ്രദാനം ചെയ്തിട്ടുണ്ട്
എന്നാൽ
അതോടൊപ്പം
ചില അടിസ്ഥാന വൈകല്യങ്ങളും ഉണ്ടായിരുന്നു.

അതിരുകവിഞ്ഞ
കേന്ദ്രീകരണം നിമിത്തം
ഓരോ പ്രദേശത്തിന്റേയും
ഭൂപ്രകൃതിക്കും ജനകീയാവശ്യങ്ങൾക്കും
അനുസൃതമായ-
പദ്ധതികളല്ല
ഇതുവരെ നടപ്പിലാക്കപ്പെട്ടിട്ടുള്ളത്,

സ്ഥലജല വിഭവങ്ങളുടെ
സാധ്യതയും വിനിയോഗവും
സമഗ്രമായി കണ്ട്
പരിപാടികൾക്ക് രൂപം നല്കുന്നതിനു പകരം
ആസൂത്രണം
ഡിപ്പാർട്ടുമിൻറലിസമായി
അധഃപ്പതിച്ചു.
ഇത് ഫല ലഭ്യതയെ പരിമിതപ്പെടുത്തി

പദ്ധതികളുടെ
ആസൂത്രണ നിർവഹണങ്ങളിൽ
ഗുണഭോക്താക്കളായ
സാധാരണ ജനങ്ങൾക്ക്
പങ്കാളിത്തമില്ലാത്തതിനാൽ
പ്രാദേശിക വിഭവസമാഹരണ സാധ്യത ഇല്ലാതായി

അതിനാൽ
പദ്ധതി നടത്തിപ്പിന്കാര്യക്ഷമത നഷ്ടപ്പെട്ടു.
വികസനപ്രവത്തനങ്ങളിലാകട്ടെ
അസന്തുലിതാവസ്ഥ
സർവ്വത്ര ദൃശ്യമായി.

അധികാരവും ആസുത്രണവും
ഇതുവരെ
മുകളിൽ നിന്ന് താഴോട്ട് ഒഴുകുകയായിരുന്നുവല്ലൊ
ഇതിൽ
ജനകീയാവശ്യങ്ങളും അഭിലാഷങ്ങളും
നുരകണക്കെ ഒഴുകിപ്പോയി.
ഈ ദുരന്തത്തിന്
പരിഹാരം കാണാനുള്ള
ഫലപ്രദമായ മാർഗ്ഗം എന്ന നിലയിലാണ്
കേരളത്തിൽ
ജനകീയാസൂത്രണം പിറവികൊണ്ടത്.
അധികാര വികേന്ദ്രീകരണത്തിനുള്ള
വിലങ്ങുകൾ തട്ടിമാറ്റിക്കൊണ്ട്
ആസൂത്രണം അടിത്തട്ടിലാരംഭിച്ച്
മുകളിലോട്ട്
പടർന്നുകയറുകയായി.
കേരളത്തിന്റെ വികസന ചരിത്രത്തിൽ
ഒരു സുവർണ്ണകാലഘട്ടത്തിന്
നാന്ദി കുറിച്ചുകൊണ്ട്
കേരളസർക്കാർ
ഒൻപതാം പദ്ധതി ജനകീയ പദ്ധതിയായി
ആസൂത്രണം ചെയ്യുകയാണ്.

വിഭാഗീയതകൾ വിസ്മരിച്ചുകൊണ്ട്
ബഹുജനങ്ങളും ഉദ്യോഗസ്ഥന്മാരും
ആസൂത്രണ വികസന പ്രവർത്തനങ്ങളിൽ
കൈകോർത്ത് ചരിക്കുന്ന
പ്രവർത്തന ശൈലിയാണ്
സ്വീകരിക്കപ്പെട്ടിരിക്കുന്നത്
ആവേശകരമായ പ്രവർത്തനങ്ങളാണ്
ഇതോടനുബന്ധിച്ച്
നമ്മുടെ പഞ്ചായത്തിൽ നടന്നുവരുന്നത്
ഗ്രാമസഭകളിൽ ആളുകൾ
കൂട്ടം കൂട്ടമായി ഒഴുകിയെത്തി
അവർ
തങ്ങളുടെ ഇല്ലായ്മകളുടെയും വല്ലായ്മകളുടെയും കെട്ടഴിച്ചു
അവയ്ക്കുള്ളപരിഹാരം
അവർതന്നെ നിർദ്ദേശിച്ചു

പഞ്ചായത്ത് തല പരിശീലകർക്കുള്ള
ഒന്നാംഘട്ട ശില്പശാല,
പഞ്ചായത്തുതല സാമൂഹ്യ സാമ്പത്തിക സർവ്വെ,
ദ്വിതീയ വിവരശേഖരണം,
പഠനപര്യടനം
പഞ്ചായത്തുതല രണ്ടാംഘട്ട ശില്പശാല
തുടങ്ങിയ പരിപാടികളിലെ
പങ്കാളിത്തവും സജീവതയും
രോമാഞ്ച ദായകമായ അനുഭവമായിരുന്നു
കക്ഷിരാഷ്ട്രീയ ഭേദമെന്യേ
എല്ലാജനങ്ങളുടേയും
ആത്മാർത്ഥമായ പിന്തുണയാണ്
ലഭിച്ചുകൊണ്ടിരിക്കുന്നത്.

ഗ്രാമസഭകൾ,
സമഗ്ര സാമൂഹ്യ സാമ്പത്തീക സർവ്വെ,
ദ്വിതീയ വിവരശേഖരങ്ങൾ,
പഠനപര്യടനം,
നാട്ടറിവ്, കേട്ടറിവ്,
മുഖാമുഖങ്ങൾ
എന്നിവ അടിസ്ഥാനമാക്കിയാണ്
ഈ വികസന റിപ്പോർട്ടിന് രൂപം നല്കിയിരിക്കുന്നത്.
അന്തിമ രൂപം നല്കുന്നതിനു മുൻപ്
വിവിധ കോർ ഗ്രൂപ്പുകൾ
ഇത്, വിശദമായ ചർച്ചയ്ക്ക്
വിധേയമാക്കിയിട്ടുണ്ട്.

അന്യൂനമാണെന്ന അവകാശവാദമില്ലെങ്കിലും
ഈ റിപ്പോർട്ട്
കുറ്റമറ്റതാക്കാനുള്ള ആത്മാർത്ഥ ശ്രമം
ഞങ്ങൾ നടത്തിയിട്ടുണ്ട്.
ഇതിനു പിന്നിൽ
അക്ഷീണം പ്രവർത്തിച്ചവർ
അനവധിയാണ്.
ഇവർക്ക് നിസ്സീമമായ നന്ദി രേഖപ്പെടുത്തിക്കൊണ്ട്
ഈ റിപ്പോർട്ട്
സജ്ജീവമായ പരിഗണനയ്ക്കായി
സമർപ്പിക്കുന്നു.

പി. ബാലൻ
പ്രസിഡൻറ്
വേങ്ങാട് പഞ്ചായത്ത്.


വേങ്ങാട് ഗ്രാമ-
പഞ്ചായത്ത്
മേപ്പ
കണ്ണർ-മട്ടന്നൂർ
കിഴല്ലൂർ പഞ്ചായത്ത്
മട്ടന്നൂർ
മുൻസിപ്പാ-
ലിറ്റി
അഞ്ചരക്കണ്ടി
പഞ്ചായത്ത്
മാങ്ങാട്ടിടം പഞ്ചായത്ത്
III
IV
V
VI
VII
VIII
IX
X
XI
XII
XIII
XIV
പിണറായി പഞ്ചായത്ത്
കൊടുയം
പഞ്ചായത്ത്
വെരുളേരി
പഞ്ചായത്ത്.
N
W
E
S
റോഡ്
റെയിൽ
ദേശം

ഭൂപ്രകൃതി നാഴികക്കല്ലുകൾ

1

കാല പ്രവാഹത്തെ അതിജീവിച്ച നിരവധി പ്രത്യേകതകളും പ്രഥമ സ്ഥാനങ്ങളും വേങ്ങാട് പഞ്ചായത്തിന് അവകാശപ്പെടാനുണ്ട്. വൈദേശികാധിപത്യത്തിനെതിരെ പടപൊരുതി വീര മൃത്യുവരിച്ച ധീര ദേശാഭിമാനി പഴശ്ശി രാജാവിന്റെ നിയന്ത്രണത്തിൻ കീഴിലായിരുന്ന പ്രദേശമത്രെ ഇത്. ബ്രിട്ടീഷാധിപത്യത്തിനെതിരെ പഴശ്ശി നടത്തിയ ഐതിഹാസികമായ പോരാട്ടങ്ങളിൽ ചിലത് വേങ്ങാട് പഞ്ചായത്തിൽ നടന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഏഷ്യയിലെ ഏറ്റവും വലിയ കറപ്പതോട്ടിത്തിന്റെ ഒരു ഭാഗം ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു.. വേങ്ങാട് പഞ്ചായത്തിലുള്ള അഞ്ചരക്കണ്ടി സബ്ബ്‌രജിസ്ട്രാർ ഓഫീസ് കേരളത്തിലെ ആദ്യത്തെ സബ് രജിസ്റ്റാർ ഓഫീസാണ് എന്നു കണക്കാക്കപ്പെടുന്നു. ഒന്നരനൂറ്റാണ്ടിലേറെ പഴമ അവകാശപ്പടുന്ന ഒരു വിദ്യാലയവും ഈ പഞ്ചായത്തിലുണ്ട്. വൈദേശികാധിപത്യത്തിനെതിരെ നടന്ന പോരാട്ടങ്ങളിലും സ്വാതന്ത്ര്യാനന്തരം നടന്ന ബഹുജന പ്രക്ഷോഭങ്ങളിലും ഈ പഞ്ചയാത്തിലെ ഒട്ടനേകം വിവിധ ദേശാഭിമാനികൾ പങ്കെടുത്തിട്ടുണ്ട്. വേങ്ങാട് ഗ്രാമ പഞ്ചായത്ത് സംബന്ധിച്ച പൊതു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്തിന്റേറപേര്	വേങ്ങാട് ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	പാതിരിയാട്, പടുവിലായി
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	വേങ്ങാട് ഡിവിഷൻ, പാതിരിയാട് ഡിവിഷൻ
ബ്ലോക്ക് പഞ്ചായത്ത്	കൂത്തുപറമ്പ്
ജില്ലാ പഞ്ചായത്തു ഡിവിഷൻ	വേങ്ങാട് ഡിവിഷൻ
താലൂക്ക്	തലശ്ശേരി
അസംബ്ലി മണ്ഡലം	കൂത്തുപറമ്പ്
ജില്ല	കണ്ണൂർ
വിസ്തീർണ്ണം	28.09 ചതുരശ്ര കിലോമീറ്റർ
ജനസംഖ്യ	34387 (പുരുഷന്മാർ 17180, സ്ത്രീ 17207)

ഭരണപരമായ ചരിത്രം

1953ൽ പാതിരിയാട് വില്ലേജ് പഞ്ചായത്തും 1954ൽ പടുവിലായി വില്ലേജ് പഞ്ചായത്തും നിലവിൽ വന്നു. പാതിരിയാട് പഞ്ചായത്തിന്റെ പ്രഥമ പ്രസിഡൻറ് ശ്രീ. മണാട്ട് കുഞ്ഞമ്പു മാസ്റ്ററും പടുവിലായി പഞ്ചായത്തിന്റെ ആദ്യ പ്രസിഡൻറ് ശ്രീ. ടി. പി. രാമനും ആയിരുന്നു.

1961ലെ സർക്കാർ ഉത്തരവനുസരിച്ച് പാതിരിയാട്, പടുവിലായി പഞ്ചായത്തുകൾ സംയോജിപ്പിച്ചുകൊണ്ട് വേങ്ങാട് ഗ്രാമപഞ്ചായത്ത് രൂപീകരിക്കപ്പെട്ടു. 1963ലെ തെരഞ്ഞെടുപ്പിനെ തുടർന്ന് ശ്രീ കാനത്തായി നാരായണൻ പ്രസിഡൻറായിക്കൊണ്ടുള്ള പുതിയ ഭരണ സമിതി നിലവിൽ വന്നു. 16വർഷത്തിനുശേഷം 1979ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. എം. ഒ പത്മനാഭൻ പ്രസിഡണ്ടായിക്കൊണ്ടുള്ള രണ്ടാമത്തെ ഭരണസമിതി ചുമതലയേറ്റു. 1984മുതൽ 1988വരെ ഈ പഞ്ചായത്തിന്റെ ഭരണം സ്പെഷ്യൽ ഓഫീസറുടെ അധീനതയിലായിരുന്നു.തുടർന്നു നടന്ന തെരഞ്ഞെടുപ്പിനുശേഷം ശ്രീ . പി. ബാലൻ പ്രസിഡൻറായിക്കൊണ്ടുള്ള ഭരണസമിതിയാണ് അധികാരത്തിൽ വന്നത്. ഒടുവിലായി 1995ൽ നടന്ന തെരെഞ്ഞെടുപ്പിലും ശ്രീ. പി. ബാലൻ പ്രസിഡൻറായിട്ടുള്ള ഭരണസമിതി സ്ഥാനമേറ്റു.ഈ ഭരണ്സമിതിയാണ് ഇപ്പോൾ വേങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നത്.

പ്രോജ്ജ്വലമായ ചരിത്രവും അഭിമാനാർഹമായ സാമൂഹ്യസാംസ്കാരിക പാരമ്പര്യവും ഈ പഞ്ചായത്തിന് അവകാശപ്പെടാനുണ്ട്. ഈ ഗ്രാമപഞ്ചായത്തിൽപ്പെടുന്ന ഭൂവിഭാഗങ്ങൾ ഒരു കാലത്ത് പഴശ്ശി രാജാവിന്റെ നിയന്ത്രണത്തിൽപ്പെട്ടിരുന്നതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഇംഗ്ലീഷ് ഈസ്റ്റ്ഇന്ത്യ കമ്പനിക്കെതിരെ പടനയിച്ച പഴശ്ശിരാജാവിന്റെ പടയാളികൾ ഈ പഞ്ചായത്തിൽപ്പെട്ട പ്രദേശത്ത് പോരാടിയിട്ടുണ്ട്. ലോഗൻ സായിപ്പിന്റെ 'മലബാർ മാന്വലിൽ' നിന്നുള്ള പ്രസക്തമായ ഒരു ഉദ്ധരണി ചേർക്കട്ടെ.

'1864 ഫെബ്രുവരിയിൽ ലഹളക്കാരുടെ പോക്കറ്റുകൾ കോൽക്കാരൻമാരുടെ സഹായത്തോടെ നിർമ്മാർജ്ജനം ചെയ്യുന്നതിൽ ഏർപ്പെട്ടിരുന്നു..... കിഴക്കൻ പ്രദേശങ്ങളിൽ കല്ല്യാട്ട് നമ്പ്യാരും പഴശ്ശിയുടെ ആൾക്കാരും ചേർന്നാരംഭിച്ച വ്യാപകമായ ബ്രിട്ടീഷ് വിരുദ്ധ ലഹളകളെ അടിച്ചമർത്തുന്നതിൽ തലശ്ശേരി സബ്കലക്ടറായിരുന്ന മി.ബാബർ വിജയിച്ചു. ഇരിക്കൂർ, കല്ലായി, വേങ്കാട് എന്നി വിടങ്ങളിലെ മാപ്പിളമാർ 'ലഹളക്കാർക്ക്' പടക്കോപ്പുകൾ കൊടുത്ത് പകരം കുരുമുളക് സംഭരിച്ചു വരുന്നതായി ബാബർ കണ്ടെത്തി.'

1930 കളോടെ ഉയർന്നുവന്ന ദേശീയ പ്രസ്ഥാനത്തിനു മുമ്പുതന്നെ ഈ പ്രദേശങ്ങളിൽ വൈദേശികാധിപത്യത്തിനെതിരെ

ഒളിഞ്ഞും തെളിഞ്ഞും പടയൊരുക്കം നടത്തിയിരുന്നതായി കാണാവുന്നതാണ്. 1930ലെ സിവിൽ നിയമ ലംഘന പ്രസ്ഥാനത്തിന്റെ ഭാഗമായി നിരവധി ചെറുപ്പക്കാർ ദേശീയ പ്രസ്ഥാനത്തിന്റെ ധാരയിലേക്ക് കടന്നുവന്നു. അധ്യാപകരടക്കമുള്ള 1300ഓളം യുവാക്കൾ വിദേശവസ്തു ബഹിഷ്ക്കരണം മദ്യഷാപ്പ് പിക്കറ്റിംങ്ങ് എന്നീ സമരമുറകളിൽ പങ്കെടുത്തു കൊണ്ട്ദേശീയ പ്രസ്ഥാനത്തിലേക്ക് എടുത്തു ചാടി. രക്തസാക്ഷി അബു ഇക്കൂട്ടത്തിൽപ്പെടുന്ന ഒരാളത്രെ. അദ്ദേഹം ഓടക്കാട് സ്കൂളിൽ അധ്യാപകനായി പ്രവർത്തിച്ചുകൊണ്ടിരിക്കെയാണ് സ്വാതന്ത്ര്യപ്രസ്ഥാനത്തിലേക്ക് എടുത്തു ചാടിയതും രക്ത സാക്ഷിത്വം വരിച്ചതും.

രണ്ടാം ലോക മഹായുദ്ധത്തോടനുബന്ധിച്ച് നാടാകെ ഭക്ഷ്യക്ഷാമം കൊടുമ്പിരിക്കൊണ്ടപ്പോൾ കർഷക സംഘത്തിന്റെ നേതൃത്വത്തിൽ ജന്മിത്വത്തിന് എതിരായി രൂക്ഷമായ പ്രക്ഷോഭസമരങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി കർഷക സംഘം തലശ്ശേരി താലൂക്ക് കമ്മറ്റിയുടെ ആഹ്വാന പ്രകാരം മുണ്ടമെട്ടയിലെ കുണ്ട് കണ്ടം, കറുവന്റെ പറമ്പിൽ സംഘം പ്രാദേശകി പ്രവർത്തകർ മരച്ചീനികൃഷി നടത്തുകയുണ്ടായി. ഈ സമരത്തിന്റെ നേതൃത്വനിരയിൽനിന്നത് ശ്രീ എം കുണ്ടൻ, പി, കൃഷ്ണൻ പരേതനായ പൈതൽ സ്വാമി എന്നിവരായിരുന്നു. ഈ സമരമുറയുടെ ഉൽഘാടനം നിർവ്വഹിച്ചത് ഇന്നത്തെ മുഖ്യമന്ത്രി. ശ്രി. ഇ. കെ. നായനാർ ആയിരുന്നു. ജന്മി ഭൂപ്രഭുത്വത്തിന്റെ കൂടപ്പിറപ്പായ വെച്ചുകാണിക്കൽ എന്ന ചടങ്ങിനെതിരെ കർഷകസംഘം ജന്മി മാരുടെ വീട്ടുപടിക്കൽ പിക്കറ്റിംങ്ങ് സമരം നടത്തുകയുണ്ടായി. തൊട്ടു കൂടായ്മ പോലുള്ള അനാചാരങ്ങൾക്കെതിരായും ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ചെറുത്തു നില്പും സമരവും നടക്കുകയുണ്ടായി.

1954ൽ നടന്ന കേളാലൂർ ക്ഷേത്ര പ്രവേശനം സമരം പ്രസിദ്ധമാണ്. സ്വാതന്ത്ര്യ സമര സേനാനികൂടിയായ കെ. ബാപ്പൂട്ടി, സി. ഗോപാലൻ എ. കോരോട്ടി, ടി. കുട്ടിരാമൻ, വി. നാണു എന്നിവരായിരുന്നു ഈ സമരത്തിന്റെ നേതൃനിരയിൽ

സ്വാതന്ത്ര്യസമരരംഗത്ത് ഊർജ്ജ്വസ്വലമായി പ്രവർത്തിച്ച ത്യാഗികളുടെ പട്ടികയിൽ സർവ്വശ്രീ. കെ. ഒ. കെ നമ്പ്യാർ, വാഴയിൽ ഗോപി തുടങ്ങിയവരുൾപ്പെടുന്നു.

അയിത്താചരണത്തിനെതിരെയും ജന്മി ഭൂപ്രഭുത്വത്തിനെതിരെയും ആഞ്ഞടിച്ച സാമൂഹ്യപ്രവർത്തകരുടെ നിരയിൽ ശ്രീ. കെ. വി. കുഞ്ഞിരാമൻ മാസ്റ്റർ. കെ. രാമൻ മാസ്റ്റർ എന്നിവർ അവിസ്മരണീയരാണ്.

ഈ ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗവും ഹിന്ദുക്കളാണ്. മുസ്ലീം സമുദായത്തിൽപെട്ടവർ രണ്ടാം സ്ഥാനത്തും നിൽക്കുന്നു. നാമമാത്രമായ കൃസ്ത്യൻ കുടുംബങ്ങളും ഈ പഞ്ചായത്തിൽ താമസിക്കുന്നു. നമ്പൂതിരി, നമ്പ്യാർ തുടങ്ങിയ മേൽ ജാതിക്കാരുടെ അധീനതയിലായിരുന്നു ഈ പഞ്ചായത്തിലെ ഗണ്യമായ ഭൂസ്വത്തും പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് ചില പ്രദേശങ്ങളിൽ ഭൂമിയിൽ ജന്മം കൈവശാവകാശമുണ്ടായിരുന്നു. ഹിന്ദുക്കളിൽ ഭൂരിപക്ഷം തീയ്യരാണ്. അവരെ കൂടാതെ നമ്പ്യാർ, ശാലിയർ, വാണിയർ, കൊല്ലൻ, തട്ടാൻ കണിയാൻ, വണ്ണാൻ, കാവു തീയ്യൻ, മലയൻ, പുള്ളുവർ, പുലയൻ തുടങ്ങിയ അവാന്തരവിഭാഗങ്ങളിൽപ്പെട്ടവരും ഈ ഗ്രാമപഞ്ചായത്തിലുണ്ട്.

പടുവിലായി, പാതിരിയാട്, പ്രദേശങ്ങളിൽ ജാതി ഉച്ചനീചത്വത്തിന്റെ പേരിൽ വഴി നടക്കാൻപോലും നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു. ദേശീയപ്രസ്ഥാനം ശ്രീ നാരായാണഗുരുവിന്റെ സാമൂഹ്യ പ്രവർത്തനം, വിദ്യാഭ്യാസത്തിന്റെ പ്രചാരം എന്നിവ ഇത്തരം അനാചാരങ്ങൾക്കും അസമത്വങ്ങൾക്കും അറുതി വരുത്തി.

ഈ ഗ്രാമ പഞ്ചായത്തിന്റെ ആദ്യത്തെ വിദ്യാലയം മലയാള ഭാഷയ്ക്ക് നിസ്തുല സംഭാവന നല്കുയ ഹെർമൻ ഗുണ്ടർട്ടാണ് സ്ഥാപിച്ചത്. അതിനു മുമ്പ് വിദ്യാഭ്യാസ രംഗത്ത് ഗുരുകുല സമ്പ്രദായം നിലനിന്നിരുന്നു എന്ന വസ്തുത എടുത്തുപറയേണ്ടതാണ്. പതിരിയാട്ട് സ്ഥാപിക്കപ്പെട്ട ഒരു ഗുരുകുലം വർഷങ്ങൾക്ക്

ശേഷം പടുവിലായിക്കാവ് ദേവസ്വം ഊരാള ന്മാരുടെ നേതൃത്വത്തിൽ പ്രൈമറി സ്കൂളായി മാറി. ആ സ്കൂളിന്റെ അവധിക്കാലം പടുവി ലാക്കാവിലെ മഹോത്സവങ്ങൾക്കനുസൃതമായി മാറ്റാറുണ്ടെന്ന് പഴമക്കാർ പറയുന്നു.

ഇന്ദുലേഖയെന്ന സുപ്രസിദ്ധ മലയാള നോവലിന്റെ കർത്താവ് ശ്രീ. ഒ. ചന്തുമേനോ ന്റെ പിതൃഗൃഹം ഈ പഞ്ചായത്തിൽപ്പെട്ട മഠ ത്തിൽ വീടാണ്. ശ്രീ. ചന്തുമോനോൻ ഈ വീട്ടി ൽ താമസിച്ച കാലത്താണ് ഇന്ദുലേഖ എഴുതാ ൻ തുടങ്ങിയതെന്നും പറയപ്പെടുന്നു.

ഈസ്റ്റ് ഇന്ത്യാ കമ്പനിക്കാർ അഞ്ചര ക്കണ്ടിയിൽ സ്ഥാപിച്ച കറപ്പതോട്ടത്തിന്റെ ചില ഭാഗങ്ങൾ കൈമാറ്റചെയ്യുന്നതിനുവേണ്ടിയാണ് അഞ്ചരക്കണ്ടി സബ്ബ് രജിസ്ട്രാർ ഓഫീസ് സ്ഥാ പിതമായത്.

ഈ പ്രദേശത്ത് വിളയുന്ന കുരുമുളക് ഏറ്റവും മുന്തിയതാണെന്ന് മനസ്സിലാക്കിയ ഈസ്റ്റ് ഇന്ത്യാ കമ്പനി കുരുമുളകും മറ്റും ശേഖ രിക്കുന്നതിന് അഞ്ചരക്കണ്ടിപ്പുഴയുടെ തീരത്ത് വേങ്ങാട്ട് ഒരു പാണ്ടികശാല സ്ഥാപിച്ചതായി ചരിത്രരേഖകളിൽ കാണുന്നു. ഈ പഞ്ചായ ത്തിലെ ചില സ്ഥലനാമങ്ങൾ ചില പ്രത്യേക സമൂഹത്തിന്റെ ആസ്ഥാനമായതുകൊണ്ടും ഭൂപ്രകൃതിയുടെ വൈവിധ്യം കൊണ്ടും ഉണ്ടായതാണെന്ന് കരുതപ്പെടുന്നു.പടുവിലായി എന്നത് പടുവിലാൻ കുടുംബം താമസിച്ച സ്ഥ ലമാണെന്നാണ് വിശ്വാസം. വേങ്ങാട് വേങ്ങ മരങ്ങൾ ധാരാളമായി വളർന്നുനിന്ന പ്രദേശ മായിരുന്നുവെന്നും പറയപ്പെടുന്നു. കൈത്തറി മേഖലയിൽ വളരെ പ്രശസ്തരായ ശാലീയ സമു ദായക്കാർ തിങ്ങിപ്പാർത്തിരുന്ന പ്രദേശമാണ് ചാലൂപറമ്പ്. അഗ്നി ഭയം കാരണം അവർകൂ ട്ടത്തോടെ വേങ്ങാട് തെരുവിലേക്ക് താമസം മാറ്റിയാതാണെന്ന് വിശ്വസിക്കപ്പെടുന്നു.

ഭൂപ്രകൃതി

ഇടനാട്ടിൽപ്പെടുന്ന ഭൂവിഭാഗത്തിലാണ് ഈ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. നൂറ്റി പത്തൊൻപത് അടി ഉയരമുള്ള വെൺമണൽ കുന്നാണ് ഇവിടുത്തെ ഏറ്റവും ഉയർന്ന പ്ര ദേശം. ചെങ്കല്ലും കരിങ്കല്ലും വ്യാപകമായി ഖന നം ചെയ്യുന്ന ഭൂപ്രദേശങ്ങൾ ഇവിടെയുണ്ട്. ചെങ്കൽ പ്രദേശങ്ങളിൽ കശുമാവ് കൃഷിചെയ്യ പ്പെടുന്നു. ശേഷിച്ച ഭൂപ്രദേശങ്ങളിൽ താഴ്ന്ന നിലങ്ങൾ ഒഴികെയുള്ള ഭാഗത്ത് തെങ്ങ്, കവു ങ്ങ്, കുരുമുളക് എന്നിവ കൃഷിചെയ്യുന്നു. മണ ൽ കലർന്ന ലോഹമൺ പ്രദേശങ്ങളിൽ നെ ൽ കൃഷി ചെയ്തുവരുന്നു. ഈ നെൽ വയലു കളിലൂടെ കൈത്തോടുകളും വൻതോടുകളും ഒഴുകി അഞ്ചരക്കണ്ടി പുഴയിൽ ചേരുന്നു.

വേങ്ങാട് പഞ്ചായത്തിൽ നാല് പ്രധാന തോടുകളാണുള്ളത്. അവയെല്ലാം നീർമറി പ്രദേശത്ത് രൂപപ്പെട്ട് ചരിവ് പ്രദേശങ്ങളിലൂടെ കിലോമീറ്ററുകൾ താണ്ടി അഞ്ചരക്കണ്ട പ്പുഴയിൽച്ചേരുന്നു. ഈ തോടുകളുടെ ഉദ്ഭവ സ്ഥാനങ്ങൾ സംരംക്ഷിച്ച് നീർമറി പ്രദേശ ങ്ങളായി വികസിപ്പിച്ചെടുത്താൽ കൃഷിയുടെ ജല ദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

ഈ പഞ്ചായത്തിൽ ശരാശരി 2500 എം. എം മഴ ലഭിക്കുന്നതായി കണക്കാക്കപ്പെട്ടി രിക്കുന്നു. അന്തരീക്ഷ ഊഷ്മാവ് ഏറ്റവും ഉയരുന്നത് മെയ് മാസത്തിലാണ്. ഏറ്റവും കുറവ് ഡിസംബർ, ജനവരി മാസങ്ങളിലും മെയ് മാസം 39°C ഉം ഡിസംമ്പർ, ജനുവരി മാസരാ ത്രികളിൽ 19°C യും ഊഷ്മാവ് രേഖപ്പെടുത്ത പ്പെട്ടിട്ടുണ്ട്.

ഇവിടുത്തെ കാലാവസ്ഥ നാല് വിഭാഗ ങ്ങളായി തരം തിരിക്കാം. ജൂൺ, ജൂലായ്, ആഗ സ്റ്റ് മാസങ്ങളിൽ കാലവർഷവും സെപ്തമ്പർ, ഒക്ടോബർ നവമ്പർ ആദ്യം തുലാവർഷവും ഡിസംമ്പർ ജനവരി, ഫെബ്രുവരി മാസങ്ങളിൽ തണുപ്പ് കാലവും മാർച്ച്, ഏപ്രിൽ, മെയ് മാ സങ്ങളിൽ വേനൽകാലവും അനുഭവപ്പെടുന്നു.

കൃഷി ജീവസൂചന.

2

വേങ്ങാട് പഞ്ചായത്ത് കാർഷിക പ്രധാനമായ ഒരു പ്രദേശമാണ്.പഴയ ചരിത്രം പഠിക്കുമ്പോൾ ഈ പഞ്ചായത്തിന്റെ കാർഷിക വികസന ചരിത്രം ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കാലം വരെ എത്തുന്നുണ്ട്. വേങ്ങാട് (പണ്ട് വേങ്കാട്) കുരുമുളകിന് പേരുകേട്ട ഒരു പ്രദേശമായിരുന്നു. ഇവിടുത്തെ കുരുമുളക് ശേഖരിച്ച് വിദേശത്തേക്ക് അയക്കാൻ കമ്പനി അഞ്ചരക്കണ്ടിയിൽ ഒരു ശാല സ്ഥാപിച്ചിരുന്നു. കമ്പനിയുടെ കാലത്ത് തന്നെ ഇവിടെ ഒരു സുഗന്ധ വിള പരീക്ഷണ തോട്ടം തുടങ്ങിയതായി പഴയ രേഖകളിൽ കാണുന്നു. ഈ തോട്ടമാണ് പിൽക്കാലത്ത് പ്രസിദ്ധമായ അഞ്ചരക്കണ്ടി ബ്രൌൺ സായിപ്പിന്റെ കറപ്പത്തോട്ടം

കണ്ണൂർ ജില്ലയിലെ രണ്ട് വിത്ത് ഉൽപാദന കേന്ദ്രങ്ങളിൽ ഒന്ന് 1962ൽ തന്നെ വേങ്ങാട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വേങ്ങാട് പഞ്ചായത്തിൽ കേരളത്തിലെ മറ്റേത് പഞ്ചായത്തിലേതുപോലെതന്നെ നെൽവയലുകളുടെ വിസ്തീർണ്ണം കുറഞ്ഞുവരുന്നത് കാണുന്നുണ്ട്. 1950-60 കളിൽ ഉണ്ടായിരുന്ന 340ഹെക്ടർ നെൽവയലുകൾ 1995 ആകുമ്പോഴേക്കും വെറും 86ഹെക്ടർ ആയിക്കുറഞ്ഞു. പുരയിടങ്ങൾ 1575ഹെക്ടറിൽ നിന്ന് 2394ഹെക്ടറായി ഉയർന്നു. ഒരു കാലത്ത് ചുരുക്കം ചില ജന്മിമാരുടെ കൈവശമുണ്ടായിരുന്ന ഭൂമി ഭൂപരിഷ്ക്കരണ നിയമം വന്നതോടെ കൃഷിക്കാരന്റെ തന്നെ കൈവശം വന്നുചേർന്നു. കൃഷിക്കാർക്ക് ഇത് വളരെ ഗുണം ചെയ്തു. ഇത് ഉൽപാദനവർദ്ധനവിന് ആക്കം കൂട്ടി.

ഈഭാഗങ്ങളിൽ പുതുമഴ ലഭിക്കുന്നത് മെയ് മാസം അവസാനമാണ്. അധിക വർഷങ്ങളിലും മഴ ഒക്ടോബർ മാസത്തോടെ അവസാനിക്കും ബാക്കി മാസങ്ങൾ വരൾച്ചയുടെ മാസങ്ങളാണ്. കേരളത്തിലെ തെക്കൻ ജില്ലകളിൽ എല്ലാ മാസവും രണ്ടോ മൂന്നോ മഴ ലഭിക്കുന്നതുകൊണ്ട് അവിടുത്തെ ഭൂമിയിൽ കൃഷി ഉൽപാദനം കൂടുതലാണെന്ന് നമുക്ക് കാണാം. കൃഷിയെ ഇവിടങ്ങളിലെ കരഭൂമി കൃഷിടെ ഈ വരൾച്ച കാര്യമായി ബാധിച്ചിരുന്നു. അധികമായ മഴ ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ ലഭിക്കുന്നതുകൊണ്ട് മണ്ണൊലിപ്പും മണ്ണിലെ സസ്യമൂലകങ്ങളുടെ നഷ്ടം കൊണ്ടും ഭൂമിയുടെ ഗുണം കൊല്ലംന്തോറും കുറഞ്ഞുവരികയാണ്. പുരയിടങ്ങളിലെ കൃഷികളായ തെങ്ങ്, കവുങ്ങ് എന്നി വിളകളുടെ ഉൽപാദനക്ഷമത കാര്യമായ രോഗങ്ങൾ ഒന്നും ഇല്ലെങ്കിൽ തന്നെയും കുറഞ്ഞിരിക്കുന്നത് ഈ കാരണം കൊണ്ടാണ്. വരൾച്ച ചിലകൃഷികൾക്ക് ഗുണകരമായി ഭവിക്കുന്നുണ്ട്. കശുമാ വിന്റെ ഉൽപാദനം ഈ ഭാഗങ്ങളിൽ കൂടാനുള്ള കാരണം ഈ വരൾച്ചയാണ്. കുരുമുളക് കൃഷിക്കും 3-4 മാസത്തെ വരൾച്ച ഗുണകരമായി മാറും പ്ലാവിനും മാവിനും വ്യക്തമായി വരൾച്ചയുള്ള മാസങ്ങൾ ഗുണകരമായി കാണുന്നുണ്ട്. ഈ കൃഷി കേരളത്തിന്റെ തെക്കൻ ഭാഗത്തേക്കാൾ ഇവിടങ്ങളിൽ നന്നാവാനുള്ള കാരണം ഇതാണ്.

വേങ്ങാട് ഗ്രാമപഞ്ചായത്ത്

3.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ
(Ref:അടിസ്ഥാന വിവര രജിസ്റ്റർ)

ഇനം	വിസ്തീർണ്ണം
നിലം	86 ഹെക്ടർ
പുരയിടം	2394 ”
പുറമ്പോക്ക്	82 ”
കൃഷിയോഗ്യതരിശ്	45 ”
കൃഷി യോഗ്യമല്ലാത്ത തിരശ്	202
ആകെ	2809 ”

വേങ്ങാട് ഗ്രാമപഞ്ചായത്ത്

3.2 വിള വിസ്തീർണ്ണവും പൽപാദനവും (Ref: അടിസ്ഥാന വിവരങ്ങൾ)

വിള	വിസ്തീർണ്ണം	ഉൽപാദനക്ഷമത (ഹെക്ടറിൽ)	കേരളത്തിലെ ശരാശരി
നെല്ല് (ഒന്നാം വിള)	80ഹെക്ടർ	2310 കി.ഗ്രാം	2507 കി.ഗ്രാം
” (രണ്ടാം വിള)	86 ”	2295 ”	3200 ”
(മൂന്നാം വിള)	2 ”	2000 ”	3369 ”
പയർ	16 ”	250 ”	-
എള്ള്	2 ”	200 ”	265 ”
പച്ചക്കറികൾ	8 ”	12 ടൺ	-
തെങ്ങ്	2209 ”	3600 തേങ്ങ/”	5890
വാഴ	50 ”	19.375 ടൺ	7.9517
മരച്ചീനി	22 ”	11.5	19.866
കുരുമുളക്	31 ”	400 കി.ഗ്രാം	270 കിഗ്രാം
പ്ലാവ്	5 ”	200 കി.ഗ്രാം	-
കശുമാവ്	92 ”	700 കി.ഗ്രാം	820. കി.ഗ്രാം
കപ്പ	15 ”		
റബ്ബർ	5 ”		934.കി.ഗ്രാ
കവുങ്ങ്	36 ”	3,10,000	213409

(കൃഷി ഭവൻ റിക്കാർഡ് ഫാം ഗൈഡ്)

വേങ്ങാട് ഗ്രാമ പഞ്ചായത്ത്

മഴയുടെ ലഭ്യത

	1990			1994		1995
	അളവ്	മഴ ലഭിച്ച ദിവസം	അളവ്	മഴ ലഭിച്ച ദിവസം	അളവ്	മഴ ലഭിച്ച ദിവസം
ജനവരി	2.67	1				
ഫിബ്രവരി						
മാർച്ച്	2.70	1	5.2	2		
ഏപ്രിൽ			110.20	7	21.10	6
മെയ്	458.8	19	38.40	6	237.00	17
ജൂൺ	653.4	2.9	594.50	27	428.40	15
ജൂലായ്	688.51	2.9	1057.90	29	784.95	31
ആഗസ്റ്റ്	409.51	27	484.30	28	317.3	19
സെപ്തംബർ	94.50	6	171.90	10	166.20	13
ഒക്ടോബർ	233.74	14	286.40	18	116.70	13
നവംബർ	70.20	8	25.80	2	96.00	4
ഡിസംബർ	-	-	-	-	-	-
ആകെ 2595.2	134	2774.4	129	2167.65	98	

വേങ്ങാട് ഗ്രാമപഞ്ചായത്ത് ഭൂമിയുടെ വിതരണം

വില്ലേജിന്റെ പേര്		ഉടമസ്ഥരുടെ എണ്ണം					
	1-10 സെന്റ്	10-25 സെന്റ്	25-50 സെന്റ്	50-100 സെന്റ്	1-2 സെന്റ്	2-5 സെന്റ്	ഏക്കറിൽ മുകളിൽ
പടുവിലായി	562	927	2241	887	496	142	73
പാതിരിയാട്	324	914	1912	945	549	162	92
ആകെ	886	1841	4153	1832	1045	304	165

വേങ്ങാട് പഞ്ചായത്ത് ഭൂമിയുടെ വിതരണം



1	പുരയിടം	2394 ഹെക്ടർ
2	കൃഷി യോഗ്യമല്ലാത്ത തരിശ്	202 ഹെ
3	നിലം	86 ഹെ
4	പുറംമ്പോക്ക്	82 ഹെ
5	കൃഷിയോഗ്യമായ തരിശ്	45 ഹെ

കൃഷി ഭവൻ റെക്കാർഡ്

വേങ്ങാട് പഞ്ചായത്തിലെ പറമ്പുകൾ ഒട്ടു മുക്കാലും തെങ്ങ് കൃഷി ചെയ്യുന്ന കൃഷി ഭൂമികളാണ്. സ്വന്തം വീടിനു ചുറ്റും തെങ്ങും ഇടയിൽ മാവും കുരുമുളകും മറ്റ് കൃഷിയും പരമ്പരാഗതമായി കൃഷി ചെയ്തു വരുന്ന രീതിയാണ് ഇവിടുത്തെ കൃഷിക്കാർ ഇവിടുത്തെ പറമ്പുകൾ മുഴുവൻ തട്ട് തട്ടായി തിരിച്ച് പൂർവ്വീകർ മണ്ണ് സംരക്ഷണ പ്രവർത്തനം ചെയ്ത് വെച്ചത് കാണാവുന്നതാണ്. എന്നാൽ കാലാകാലങ്ങളിൽ ഇതിന്റെ സംരക്ഷണ പ്രവർത്തനം ഏറ്റെടുക്കുന്നതിൽ കൃഷിക്കാർ വിമുഖത കാട്ടുന്നുണ്ട്. കരകൃഷി പ്രധാനമായും തെങ്ങും കവുങ്ങുമാണ് ഇതിന്റെ പ്രവൃത്തി തുടങ്ങുന്നത് കർക്കിടകത്തോടുകൂടിയാണ്. (ജൂലായ്, ആഗസ്റ്റ്) പലരും പുതുമഴയോടെ (ജൂൺ) തെങ്ങിന് വളം ചെയ്യുന്നതായും കണ്ടുവരുന്നുണ്ട്. എങ്കിലും അധിക കൃഷിക്കാരും സപ്തംബർ മാസത്തിലാണ് വള പ്രയോഗം നടത്തുന്നത്. തുലാം മാസത്തിലെ (ഒക്ടോബർ നവമ്പർ) തുലാച്ചിള്ളലോടെ കൃഷിപ്പണി അവസാനിപ്പിക്കുന്നു. ഈ മാസങ്ങളുടെ ഇടയിലാണ് പണ്ട് കാലങ്ങളിൽ മണ്ണ് സംരക്ഷണ പ്രവർത്തനമായ വരമ്പ് നനന്നാക്കൽ നടത്തുന്നത്. ഇപ്പോൾ പറമ്പ് കിളക്കൽ ഒരു പ്രാവശ്യമായി കുറഞ്ഞിരിക്കുകയാണ്. തെങ്ങിന് വളം ചേർക്കുന്നത് രണ്ട് വർഷത്തിൽ ഒരു പ്രാവശ്യമായിരിക്കയാണ്. ജൈവളങ്ങളുടെ ലഭ്യതയുടെ കുറവും തൊഴിലാളികളുടെ ലഭ്യതയിലുള്ള കുറവും കൂലി കൂടുതലും ഇതിനു കാരണമായി പറയുന്നു.

വേങ്ങാട് ഗ്രാമപഞ്ചായത്ത്
തെങ്ങിന്റെ ഉൽപാദനക്ഷമത



ഫാം ഗെഡ്;കൃഷിഭവൻ റെക്കാർഡ്,എക്കണോമിക്ക് റെവ്യു

വേങ്ങാട് പഞ്ചായത്ത് വിളകളുടെ വിസ്തീർണ്ണം



കൃഷി ഭവൻ റിക്കാർഡ്

നെൽകൃഷിയുടെ തുടക്കം കാലാ കാലങ്ങളിൽ വിഷുകഴിഞ്ഞ ഉടനെ യാണ് (മെയ് മാസം) പുതിയ തരം വിത്തിന്റെ വരവോടെ വിത്ത് വിതയ്ക്കൽ മെയ് അവസാനം ജൂൺ ആദ്യത്തേക്ക് മാറ്റിയിരിക്കയാണ്. നാടൻ ഇനങ്ങൾ മെയ് മാസം 15 ഓടെ വിത്ത് വിതയ്ക്കുന്നു. കയമ, തൊണ്ണൂറാൻ, തവളക്കണ്ണൻ എന്നീ നാടൻ ഇനങ്ങളും വിവിധ പേരിലുള്ള അത്യുൽപാദന നെൽ വിത്തുകളും ഒന്നാംവിളക്ക് കൃഷി ചെയ്യുന്നു. രണ്ടാം വിളയുടെ തുടക്കം ഒക്ടോബർ മാസത്തിലാണ്. ചിറ്റേനിയാണ് നാടൻ ഇനങ്ങളിൽ പ്രധാനമായ നെല്ല്. വിവിധ അത്യുൽപാദന ഇനങ്ങളും കൃഷിചെയ്യുന്നു. വയലിൽ നടുന്ന വാഴയും മരച്ചീനിയും എല്ലാ കാലങ്ങളിലും വയലിൽ കൃഷിചെയ്യുന്നുണ്ട്. നേന്ത്രവാഴയും എം. 4 എന്നയിനം മരച്ചീനിയുമാണ് വയൽകൃഷി. ഈ നാട്ടിൽ കൃഷി ചെയ്യുന്ന മരച്ചീനി ഒന്നാംതരം ഇനമായി കണ്ണൂർ തലശ്ശേരി കൂത്തുപറമ്പ് എന്നീ നഗരങ്ങളിൽ അറിയപ്പെടുന്നു. ഈ പഞ്ചായത്തിലെ നെൽ വയലുകൾ വീതി കുറഞ്ഞ് നീളത്തിൽ കിടക്കുന്നതും മണൽ കലർന്ന മണ്ണുള്ളതുമായതിനാൽ ഉൽപാദന ക്ഷമത കറവാണ്. ഈ കാരണം കൊണ്ടും വയൽ കരയാകുന്നപ്രവണതക്ക് ആക്കം കൂടുന്നുണ്ട്. കുറഞ്ഞ ഉൽപാദനവും കൂടിയ ഉൽപാദന ചിലവും നെൽകൃഷി ലാഭമില്ലാത്ത വിളയായിമാറിയിരിക്കുകയാണ്.

കശുമാവ് കൃഷിചെയ്യുന്നത് ഉയർന്ന പ്രദേശങ്ങളിലും തെങ്ങ് കൃഷിക്ക് നല്ല തല്ലാത്തതും തട്ട് തട്ടാക്കാതെയിട്ട സ്ഥലത്തുമാണ്. ഇവിടങ്ങളിൽ മണ്ണൊലിപ്പ് വളരെ കൂടുതലുമാണ്. നാടൻ ഇനം കശുമാവാണ് സാധാരണ കൃഷി ചെയ്തിരിക്കുന്നത്. കശുമാവിന്റെ ഉൽപാദനക്ഷമത അത്ര മോശമല്ല. ഇവിടുത്തെ കശുമാവിൻ തോട്ടങ്ങളിൽ ഉൽപാദനക്ഷമത കുറഞ്ഞ ധാരാളം മരങ്ങൾ കാണാൻ കഴിയും. വളരെയൊന്നും ശ്രദ്ധയില്ലാതെ തിരഞ്ഞെടുത്ത് വിത്ത് നട്ടും തനിയെ മുളച്ചും ഉ

ണ്ടായമരങ്ങളായതിനാലാണ് ഈ സ്ഥിതി വന്നത്.

കുരുമുളക് കൃഷി പുരയിടങ്ങളിലാണ് അധികമായും കൃഷി ചെയ്യുന്നത്. തെങ്ങിനിടയിലുള്ള മാവ്, പ്ലാവ് മുതലായ മരങ്ങളിൽ പടർത്തിയാണ് കുരുമുളക് കൃഷി ചെയ്യുന്നത്. തണൽ അധികമുള്ളത് കൊണ്ട് ഉൽപാദനക്ഷമത കുറവാണ്.

ഒരു കാലത്ത് നെല്ല് കൊയ്ത വയലിൽ വ്യാപകമായി കൃഷി ചെയ്തിരുന്ന വിളയായിരുന്നു. വെള്ളരിയും മറ്റു പച്ചക്കറികളും. ഒരു പ്രത്യേക ദിവസത്തിലായിരുന്നു വെള്ളരി നട്ടിരുന്നത്. (ഉച്ചാറ് മകരം 28) വിളവെടുപ്പ് വിഷുവിനും നൂറ് കണക്കിനാളുകൾ ഇവിടങ്ങളിൽ ഈ കൃഷിക്ക് ശുശ്രൂഷ ചെയ്യുന്നത് കാണാമായിരുന്നു. ഇന്ന് ഈ സമ്പ്രദായം പേരിന് മാത്രമായിരിക്കുകയാണ്.

ഇരുപത്തിയഞ്ച് കൊല്ലങ്ങൾക്ക് മുമ്പ് വേനൽക്കാലങ്ങളിൽ വറ്റാതിരുന്ന തോടുകൾ ഇപ്പോൾ ഡിസംബർ മാസത്തോടെ തന്നെ വറ്റി വരളുന്നതായാണ് കാണുന്നത്. നവീന കൃഷി മുറകൾ ഉപയോഗിച്ച് വിളവ് വർദ്ധനയ്ക്ക് കൃഷിക്കാർ മുന്നോട്ട് വന്നിട്ടുണ്ട്. വിവിധ മേഖലയിൽ ഉൽപാദനം വളരെ ഉയർന്നിട്ടുണ്ടെങ്കിലും അത് വേണ്ടത്ര ഇനിയും ആയിട്ടില്ല.

വേങ്ങാട് പഞ്ചായത്തിന് വളരെ ഉപകാരപ്രദമാകുമായിരുന്ന പഴശ്ശി പദ്ധതി എവിടെയും എത്താതെ നിൽക്കുകയാണ്. പഞ്ചായത്തിൽ തലങ്ങും വിലങ്ങും കനാലുകൾ തീർത്തെങ്കിലും വെള്ളം കനാലിലൂടെ വരാറില്ല. പല സ്ഥലങ്ങളിലും കനാൽ താഴ്ചയിൽ പോയ സ്ഥലങ്ങളിൽ പറമ്പുകളിൽ വരൾച്ചയും വെള്ളത്തിന്റെ ക്ഷാമവും അനുഭവപ്പെടുന്നുണ്ട്.

ഈ പഞ്ചായത്തിന്റെ കാർഷിക പുരോഗതിക്ക് ഏറ്റവും കൂട്ടുന്ന മറ്റൊരു പ്രധാന പദ്ധതിയാണ് പഞ്ചായത്തിനെ ഉരുമ്മിക്കൊണ്ട്. പോകുന്ന അഞ്ചരക്കണ്ടിപ്പുഴക്ക് കുറുകെ പാറപ്രത്ത് നിർമ്മിച്ച റഗുലേറ്റർ. ഈ പദ്ധതി അഞ്ചു പഞ്ചായത്തുകൾക്ക് സായുക്തഗുണം ചെയ്യുന്ന പദ്ധതിയാണ്. ഉപ്പുവെള്ളം തടയുന്നതിനു കിണറുകളിൽ ഉപ്പ്വെള്ളം കയറാതിരിക്കുന്നതിനും ഇതുപകരിക്കുന്നു. പൊതുവെ പുഴയിൽ ശുദ്ധജലത്തിന്റെ നിരപ്പ് കൂടുന്നതുകൊണ്ട് പറമ്പുകളിലെ ജലനിരപ്പ് കൂടുകയും വരൾച്ച കുറയുകയും ചെയ്യും 1955ൽ പണി തുടങ്ങിയെങ്കിലും അതിന്റെ ഗുണം ഇനിയും കിട്ടിയിട്ടില്ല.

ഈ പഞ്ചായത്തിൽ നിരവധി തോടുകളുണ്ട്. അവ മഴക്കാലത്ത് അധികം ജലം പുഴയിലെത്തിക്കുകയും വേനൽക്കാലങ്ങളിൽ നനവിനു ഉപയുക്തമാക്കുന്നവയുമാണ്. പടുവിലായിതോട്, പാതിരിയാട് തോട്, പറമ്പായിതോട് വെൺമണൽ കല്ലായി തോട് എന്നിവയാണ് പ്രധാന തോടുകൾ. ഈ തൊടുകൾക്ക് മൊത്തം 11.5 കിലോമീറ്റർ നീളവും 2.5 മീറ്റർ മുതൽ 3.5 മീറ്റർ വരെ വീതിയുമുണ്ട്. ഇതിന് പുറമെ 13.5 കിലോമീറ്റർ ദൈർഘ്യമുള്ള 11 ചെറിയ തോടുകളും വലിയ തോടിന്റെ കൈ വഴികളും, അല്ലാതെയും ഉണ്ട്. ഈ തോടുകൾ എല്ലാം തന്നെ വേണ്ട രൂപത്തിൽ റിപ്പേർ പ്രവൃത്തി കൊല്ലാകൊല്ലം നടത്താതത് കൊണ്ട് മഴ കാലത്ത് വെള്ളപൊക്കവും കൃഷിനാശവും ഉണ്ടാകാറുണ്ട്.കുറച്ച് കൊല്ലങ്ങൾക്ക് മുമ്പ് വരെ ഈ തോടുകളിൽ വേനലിലും വറ്റാതെ നീരുറവുകൾ ഉണ്ടാകാറുണ്ട്. ഇന്ന് അവ പലതും ഡിസംബറാകുമ്പോഴേക്കും വറ്റിപ്പോയതായാണ് കാണുന്നത്. അമിതമായ ജലത്തിന്റെ ഉപയോഗം, മണ്ണ് സംരക്ഷണപ്രവർത്തനത്തിന്റെ അപാകത, വയൽ നിരത്തി പറമ്പാക്കൽ എന്നീ കാരണങ്ങളാണ് ഈ ശോചനീയാവസ്ഥക്ക് കാരണം.

വേങ്ങാട് പഞ്ചായത്തിൽ നനക്ക് വേണ്ടി 1007 പമ്പ് സെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ പമ്പുകൾ ഒട്ടുമുക്കാലും ശാസ്ത്രീയമായല്ല ഉപയോഗിക്കുന്നത്. ഈ പഞ്ചായത്തിലുള്ള 60 കുളങ്ങളാണ് മറ്റൊരു ജല സ്രോതസ്. ഇവ പലതും ഉപയോഗിക്കുന്നില്ല. പലതും ജീർണ്ണാവസ്ഥയിലാണ്.

ഇവിടുത്തെ പ്രധാന വിളവുകളിൽ നെല്ല് വിപണനത്തിന്റെ ആവശ്യമില്ല. ഇവിടെ ഉൽപാദിപ്പിക്കുന്ന നെല്ല് മുഴുവൻ ഇവിടത്തന്നെ

ഉപയോഗിക്കുന്നു. തേങ്ങാ ആണ് ഇവിടുത്തെ പ്രധാനനാണ്യവിളവ് . തേങ്ങ കൊപ്പരയാക്കി മാർക്കറ്റിൽ എത്തിക്കുന്നവർ ഏകദേശം 25% മാത്രമാണ്. 25%കൃഷിക്കാരും തെങ്ങ് പാട്ടംകൊടുക്കുകയോ പറച്ചെണ്ണത്തിന് കൊടുക്കുന്നവരോ ആണ മുൻകൂർ പണം വാങ്ങി ചെയ്യുന്ന കച്ചവടമായതിനാൽ കച്ചവടക്കാരൻ രണ്ട് തരത്തിലുള്ള പരിപാടിയിലും അമിത ലാഭമെടുക്കുന്നു. സാധാരണ നിലയിൽ ഇത് 60 മുതൽ 70%വരെ മാത്രമെ കൃഷിക്കാരന് വില ലഭിക്കുന്നുള്ളൂ. 50% കൃഷിക്കാരും തേങ്ങ കൊപ്പരയാക്കാതെയാണ് വിൽക്കുന്നത്. ഇതുകൊണ്ട് തന്നെ കൃഷിക്കാരന് 15മുതൽ 20%വരെ നഷ്ടം പറ്റുന്നുണ്ടെന്ന് കണക്കാക്കാം.

തേങ്ങാപാട്ടം എടുക്കുന്നവരും വില ക്കുവാങ്ങുന്നവരും, കൊപ്പര ഉണ്ടാക്കിയോ തേങ്ങയായോ വലിയ കച്ചവടക്കാർക്ക് വിൽക്കുന്നു. ചില മാസങ്ങളിൽ ഇവിടങ്ങളിൽ നിന്ന് തേങ്ങ ധാരാളമായി മറ്റ് സ്ഥലങ്ങളിലേക്ക് കയറ്റി അയക്കുന്നുണ്ട് ബോംബെ, ഗുജറാത്ത് മുതലായ സ്ഥലങ്ങളിലേക്കാണ് ഇങ്ങനെ തേങ്ങ അയക്കുന്നത്. തേങ്ങയുടെ വിപണന കേന്ദ്രങ്ങൾ പാതിരിയാട്,മമ്പറം,അഞ്ചരക്കണ്ടി,വേങ്ങാട് എന്നിവടങ്ങളിലാണ്. കൊപ്പരയുടെ വിപണന കേന്ദ്രങ്ങൾ കൂത്തുപറമ്പ് മമ്പറം ചാമ്പാട് മുതലായ സ്ഥലങ്ങളിലുള്ള കച്ചവടക്കാർ മുഖേനയാണ് നടക്കുന്നത്.

കുരുമുളക് കശുവണ്ടി എന്നീ ഉല്പന്നങ്ങളിലും പാട്ടം സർവ്വസാധാരണമാണ്. പാട്ടം കൊടുത്താൽ കൃഷിക്കാരന് കിട്ടുന്ന വിളവിന്റെ വില വളരെ കുറവായിരിക്കും പാട്ടമെടുക്കുന്നവർ ഉല്പാദനത്തിന്റെ വലിയൊരു ഭാഗം തട്ടിയെടുക്കുന്നു.

സഹകരണ സംഘം മുഖേനയുള്ള വിപണനം ചില കാലങ്ങളിൽ കൊപ്പരയ്ക്ക് ലഭിക്കാറുണ്ട്.കേരഫെഡ് ചില കാലങ്ങളിൽ വിപണന രംഗത്ത് വരുമ്പോൾ മാത്രമെ ഇതിന്റെ ഗുണം കിട്ടാറുള്ളു അത് പലപ്പോഴും കച്ചവടക്കാർക്കാണ് ലഭിക്കാറ്. പഞ്ചായത്തിലെ കൃഷിയിടങ്ങൾ ഭൂരിഭാഗവും 50സെന്റ് (0.2 ഹെക്ടർ)ലും കുറവാണ് 9826 കൃഷിയിടങ്ങളിൽ 6480 എണ്ണവും 50സെന്റിൽ കുറവാണ്. 5ഏക്കറിൽ കൂടുതലുള്ളവർ 165 എണ്ണം മാത്രമാണ്.

കൃഷി കൊണ്ട് മാത്രം ഉപജീവനം കഴിക്കുന്ന കുടുംബങ്ങൾ വളരെ കുറവാണ് സുമാർ 15% താഴെ കുടുംബങ്ങൾ മാത്രമാണ് കൃഷികൊണ്ട് മാത്രം ഉപജീവനം കഴിക്കുന്നവർ. ഈ പഞ്ചായത്തിൽ 1267കർഷകതൊഴിലാളികളാണ് ഉള്ളത്. എന്നാൽ നിർമ്മാണ തൊഴിലാളികൾ 2972ഉം കച്ചവട സംബന്ധമായ മേഖലയിൽ പ്രവർത്തിക്കുന്നവർ 9840ഉം ഉണ്ട്. കൃഷി തൊഴിലാളികൾ മാത്രമല്ല കൃഷിപ്പണി ചെയ്യുന്നത്. തുണ്ട് തുണ്ട് ഭൂമി മാത്രം കൃഷി ചെയ്യേണ്ടതുകൊണ്ട് 60% ഭൂവുടമകളും സ്വന്തം ഭൂമിയിൽ കൃഷിപ്പണിചെയ്യുന്നുണ്ട്. മാത്രമല്ല മറ്റ് പുരയിടങ്ങളിലും കൂലിക്ക് പണിയെടുക്കുന്നുണ്ട്. മറ്റ് സ്ഥലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഈ പഞ്ചായത്തിലും സമീപ പ്രദേശങ്ങളിലും കൃഷിപ്പണി ഉച്ചവരെ മാത്രമെ ചെയ്യാറുള്ളൂ. ഇത് ഒരു പക്ഷെ പഴയകാലങ്ങളിൽ സ്വന്തം ഭൂമിയിൽ കൃഷി ഉച്ചയ്ക്ക് ശേഷം ചെയ്യേണ്ടതു കൊണ്ട് നാട്ടിൽ നടപ്പിലാക്കിയ ഒരു ചിട്ടയാകാം, ഇന്നും ഈ സമ്പ്രദായം തുടരുന്നുണ്ട്. കൃഷിപ്രവർത്തിക്ക് ഈ സ്ഥലങ്ങളിൽ ലഭിക്കുന്ന കൂലിക്ക് അല്പസ്വല്പം വ്യത്യസമുണ്ടെങ്കിലും ശരാശരി നിരക്ക് താഴെ പറയും പ്രകാരമാണ്. കാളകളെകൊണ്ട് ഉഴുതു കൃഷി ചെയ്യുന്നത് ഇവിടങ്ങളിൽ തീർത്തും ഇല്ലാതായിരിക്കുകയാണ്.

പ്രവൃത്തി	ഉച്ചപ്പണി	മുഴുദിവസപ്പണി	ജോലിചെയ്യുന്നവർ
കിളക്കൽ തെങ്ങ് തുറ മുതലായവ	45രൂപ+ഭക്ഷണം	90+ ഭക്ഷണം	പുരുഷൻ
കളപറി	-	35 രൂപ	സ്ത്രീ
ഞാറ് നടൽ	-	50+ഭക്ഷണം	,,
കൊയ്ത്ത്	-	നെല്ല് 15 കിലോ	,,
മെതി	-	,,	,,

തേങ്ങയിടൽ	35രൂപ+ഭക്ഷണം+12തേങ്ങ	പു
കുലകെട്ട്	100+ഭക്ഷണം+1തേങ്ങ	,,
ഹെബർ വെട്ട്	50രൂപ	,,
തടക്കൊറി	1മരത്തിന് 1 രൂപ	
തുപ്പ്കൈയ്ക്കൽ	75.00	,,
കുരുമുളക് പറിക്കൽ -	100 രൂപ+ ഭക്ഷണം	,,

പാട്ടം :- ഇവിടങ്ങളിലെ പലകൃഷിക്കാരും പണം മുൻകൂർ വാങ്ങി തേങ്ങ പറിച്ചെടുക്കുന്നതിനുള്ള അധികാരം കച്ചവടക്കാരന് കൊടുക്കുന്നു.

പറിച്ചെണ്ണം :- പാട്ടത്തിന്റെ ഒരു പരിഷ്കരിച്ചപതിപ്പാണ് പണം മുൻകൂർ വാങ്ങുന്നകൃഷിക്കാരൻ കച്ചവടക്കാരന് പണം തേങ്ങയായി മടക്കി കൊടുക്കുന്നു. വിലനിശ്ചയിക്കുന്നത് കച്ചവടക്കാരന്റെ ഇഷ്ടത്തിനായതിനാൽ പാട്ടത്തിലെ പോലെ തന്നെ ഇവിടെയും നഷ്ടംവരുന്നു.

ഈ പഞ്ചായത്തിൽ രാസവളത്തിന്റെ ഉപയോഗം വർദ്ധിച്ച് വരുന്നതായിട്ടാണ് കാണുന്നത്. 1993-94ൽ ഒരു ഹെക്ടറിന് ശരാശരി ഉപയോഗിച്ച വളം 88കിലോ ഗ്രാം ആയിരുന്നത് 1995-96ൽ 95കി.ഗ്രാം ആയി ഉയർന്നിരിക്കുകയാണ്. ജൈവവളത്തിന്റെ ഉപയോഗം വേണ്ടത്ര ഇല്ലെന്നാണ് കൃഷിക്കാരിൽ നിന്നും മനസ്സിലാകുന്നത്. ജൈവവളത്തിന് ലഭ്യത കുറഞ്ഞതാണ് ഇതിനുകാരണം. ജൈവ വളത്തിന്റെ വില വളരെ കൂടിയതും ഒരു കാരണമാകാം. ഇന്ന് ഒരു കൊട്ട ചാണകത്തിന് വില 30-35 രൂപ ആയി വർദ്ധിച്ചതുകൊണ്ട് അത് വാങ്ങാൻ പല കർഷകർക്കും പറ്റാതെ വരുന്നു. പറമ്പുകളിലുള്ള മരങ്ങളുടെ പച്ചിലയാണ് ഇന്ന് ജൈവവളമായി ഉപയോഗിക്കുന്നത്. കമ്പോസ്റ്റ്വളം ഒരു കാലത്ത് അധികം വീടുകളിലും നിർമ്മിച്ചിരുന്നത് ഇപ്പോൾ കുറഞ്ഞതായാണ് കാണുന്നത്. ബീഡിയില കമ്പോസ്റ്റായി ഉപയോഗിക്കുന്നത് സാധാരണയായിട്ടുണ്ട്. രാസവളത്തിന്റെ ഉപയോഗത്തെ കുറിക്കുന്ന ഒരു സ്റ്റേറ്റ്മെൻറ് ഇവിടെ കൊടുക്കുന്നു. രാസവളത്തിന്റെ ഉപഭോഗം 1993 - 94 -211-5; 1994-95-229.1; 1995-96-254.0(ടൺ).

ജൈവവളത്തിന്റെ ലഭ്യത കുറഞ്ഞതുകൊണ്ട് 50% കൃഷിക്കാരും തെങ്ങിനും കവുങ്ങിനും രണ്ട് വർഷത്തിൽ ഒരിക്കൽ മാത്രമാണ് വളപ്രയോഗം നടത്തുന്നത്.

കീട നാശിനിയുടെ ഉപയോഗം ആവശ്യത്തിനുമാത്രമായാണ് കൃഷിക്കാർ സ്വീകരിച്ചിരിക്കുന്നത്. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള വിവിധ കാർഷിക വികസന പദ്ധതികളാണ് ഇപ്പോൾ നടന്നുവരുന്നത്. നാളികേര വികസന ബോർഡ്-സ്പൈസസ് ഡവലപ്പ്മെൻറ് ബോർഡ് മുതലായ സ്ഥാപനങ്ങളുടേയും പദ്ധതികൾ ഈ പഞ്ചായത്തിൽ നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനെ സഹായിക്കാൻ ഗ്രൂപ്പ് ഫാമിംങ്ങ് സമിതികളും നാളീകേര വികസന സമിതികളും രംഗത്തുണ്ട്.

കൃഷി വകുപ്പിൽ നിന്നും നടപ്പിലാക്കുന്ന പദ്ധതികളുടെ ലീസ്റ്റ് താഴെ കൊടുക്കുന്നു. സമിതികളുടെ ലീസ്റ്റും ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത് വേങ്ങാട്

കൃഷി ഭവൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

നെൽകൃഷി വികസനം

നെൽകൃഷി ഫാമിങ്ങ്	-	6 ഗ്രൂപ്പുകൾ
നെൽ ഉൽപാദനബോണസ്	-	250 രൂപ ഹെക്ടറിന്
വിത്തുൽപാദനത്തിന് സഹായധനം	-	100 രൂപ ഹെക്ടറിന്
ഗ്രൂപ്പ് ഫാമിങ്ങ് സമിതിക്ക് ടില്ലർ	-	പകുതിവിലക്ക് ടില്ലർ

തെങ്ങ്

നനയ്ക്കാനുള്ള കിണർ	-	2500 രൂപ ഒരു കിണറിന്
നനയ്ക്കാനുള്ള പമ്പ്	-	2500 രൂപ ഒരു പമ്പിന്
കമ്മ്യൂണിറ്റി ഇറിഗേഷൻ (കൂട്ടായി നനയ്ക്കുന്ന പദ്ധതി)	-	പദ്ധതിയുടെ 65% സംഖ്യ
പച്ചിലവള വിത്തുകൾ നൽകൽ	-	50% വിലക്കുറവിൽ
മരുന്നുതളിക്കുള്ള യന്ത്രം	-	50% ,,

കമുങ്ങ്

തൈ വിതരണം	-	പകുതി വിലക്ക് പുതിയതരം തൈകൾ
മഹാളിക്കെതിരായി മരുന്നുതളി	-	വിലക്കുറവിൽ തുരിശു നല്കുന്നു.

കുരുമുളക്

കുരുമുളക് തോട്ട പുനരുദ്ധാരണം	-	തോട്ട പുനരുദ്ധാരണത്തിന് തൈ സൗജന്യമായി നല്കുന്നു

കശുമാവ്

പുതിയ സ്ഥലത്ത് കശുമാവ് വികസനം	-	വളം തൈ മറ്റ് ചിലവുകൾക്കുള്ള സഹായം
പുതിയ സ്ഥലത്ത് വികസനം	-	ഒട്ടുതൈകൾ വിലയില്ലാതെ കൊടുക്കുന്നു
കശുമാവിന്റെ രോഗത്തിന് എതിരായ മരുന്നുതളി	-	മരുന്നു സൗജന്യ നിരക്കിൽ നല്കുന്നു.

മറ്റുള്ളവ

പച്ചക്കറി വികസനം	-	സ്കൂൾ കുട്ടികൾ മുഖേന പച്ചക്കറി വിത്തുകൾ സൗജന്യമായി നല്കുന്നു. കുട്ടികൾക്ക് പ്രോത്സാഹന സമ്മാനം നല്കുന്നു. കിണർ കുഴിക്കാൻ സ്കൂളുകൾക്ക്

സഹായം

മേളകൾ സെമിനാറുകൾ സംഘടിപ്പിക്കുക		
കൃഷിയിൽ പ്ലാസ്റ്റിക്കിനുള്ള പ്രാധാന്യം	-	ഡ്രിപ്പ്, ഗ്രീൻ ഹൗസ്, മുതലായവ
ഏറ്റവും കൂടുതൽ ഉൽപാദനം കിട്ടുന്ന കർഷകർക്ക് സമ്മാനങ്ങൾ	-	നെല്ല് തെങ്ങ് പച്ചക്കറി നല്ല പറമ്പ്

കൃഷിക്ക്

ബയോഗ്യാസ് (ചാണക വാതക പ്ലാൻറ്)	-	ഉണ്ടാക്കുന്ന കൃഷിക്കാർക്ക് സഹായധനം നല്കുന്നു.

വളം കീടനാശിനി എന്നിവയുടെ ഗുണനിലവാരം പരിശോധിയ്ക്കൽ
മണ്ണ് പരിശോധിയ്ക്കൽ
പ്രകൃതിക്ഷോഭത്തിന് ഇരയായവർക്ക് സഹായധനം നല്കൽ
കൃഷിനാശം വരുന്നവർക്കുള്ള ഇൻഷൂറൻസ് സംരക്ഷണ പദ്ധതി
അംഗീകൃത നേഴ്സറി തുടങ്ങൽ
യുവജനങ്ങളെ കാർഷിക വൃത്തിയിൽ ആകർഷിക്കാനുള്ള പദ്ധതികൾ

വേങ്ങാട് ഗ്രാമപഞ്ചായത്ത്

ഗ്രൂപ്പ് ഫാമിങ്ങ് സമീതികൾ:			വിസ്തീർണ്ണം (ഹെക്ടർ)	അംഗങ്ങൾ
1	പടുവിലായി പാടശേഖര സമിതി		16.10	78
2	പാതിരിയാട്	,, ,,	16.28	105
3	കീഴത്തൂർ	,, ,,	20.16	97
4	കേളാലൂർ	,, ,,	3	18
5	ചമ്പാട്	,, ,,	14	51
6	കുരിയോട് ഊർപ്പള്ളി	,,	10.7	64
	വേങ്ങാട് കേര വികസന സമിതി മുഴുവൻ പഞ്ചായത്ത്		975	

അംഗീകൃത വിത്ത്/തൈ ഉൽപാദനകേന്ദ്രം:
കെ. ഗോവിന്ദൻ ത്രിവേണി നഴ്സറി, കീഴത്തൂർ

പ്രശ്നങ്ങൾ

കൃഷി- ജലസേചനം:

നെൽകൃഷി: ആവശ്യത്തിനുള്ള ജലം ലഭ്യമല്ല. രണ്ടാം വിളക്കും ചിലപ്പോൾ ഒന്നാം വിളയുടെ പ്രാരംഭഘട്ടത്തിലും വെള്ളം ചില വയലിൽ ലഭ്യമല്ല. നെൽ കൃഷി ആദായകരമല്ല. കർഷകതൊഴിലാളികളുടെ ലഭ്യതകുറവ്. നെൽകൃഷി യിൽ കൂലി കുറവായതുകൊണ്ട് തൊഴിലാളികൾ നെൽ കൃഷിക്ക് വരാൻ മടിക്കുന്നു. വെള്ളപൊക്കത്തിൽ കൃഷി നാശം ഉണ്ടാകുന്നു. പാടശേഖരങ്ങളിൽ അവിടവിടെ വയൽ നികത്തുന്നതു കൊണ്ട് വെള്ളത്തിന്റെ ഒഴുക്ക് നിന്ന് വയൽ കൃഷിക്ക് പറ്റാത്തതാകുന്നു. നിഴൽ കൊണ്ട് നെല്ല് നന്നാകാതിരിക്കുന്നു. സമയത്തിനു വിത്ത് ലഭിക്കുന്നില്ല.

തെങ്ങ് കൃഷി:

കൃഷി ആദായകരമല്ല. വരൾച്ച ഡിസംമ്പർ മുതൽ മെയ് വരെയുള്ള വരൾച്ച തെങ്ങിന്റെ ഉൽപാദനം കുറി ക്കുന്നു. ഉൽപാദനക്ഷമത കുറവ് അശാസ്ത്രീയമായ കൃഷിരീതി. രോഗകീടങ്ങൾ, ഉൽപ്പന്നങ്ങളുടെ വിലക്കുറവ് തെങ്ങിൻ തോട്ടത്തിൽ ആവശ്യമില്ലാത്ത പാഴ്മരങ്ങളുടെ ആധിക്യം.

കുരുമുളക്:

കീടരോഗങ്ങളുടെ ആക്രമണം. അശാസ്ത്രീയ മായ കൃഷി സമ്പ്രദായം. ഉൽപാദനകുറവ്

പച്ചക്കറി:

കൃഷി ചെയ്യനാനുള്ള താല്പര്യക്കുറവാണ് പ്രധാനപ്രശ്നം. പറമ്പുകളിൽ വെയിൽ നന്നായികിട്ടുന്ന സ്ഥലം പൊതുവെ ഇല്ല. വയലുകളിൽ പഴയ കാലത്ത് നടത്തിയിരുന്ന കൂട്ടായ പച്ചക്കറി കൃഷി ഇപ്പോൾ നിലവിലില്ല.(വെള്ളരികൃഷി) സമയത്തിനുവിത്ത് ലഭിക്കുന്നില്ല.

കശുമാവ്:

അശാസ്ത്രീയ കൃഷി രീതി രോഗകീട ബാധ. ഉൽപാദനക്ഷമത കുറഞ്ഞ മരങ്ങൾ

വാഴകൃഷി:

കൊക്കാൻ(പൊട്ടൻ) തിരുളപ്പ് മുതലായ രോഗങ്ങൾ

പൊതുപ്രശ്നം:

ജൈവവളങ്ങളുടെ ലഭ്യതകുറവ്, മണ്ണ്

ജലസംരക്ഷണ പ്രവർത്തനങ്ങളുടെ അപര്യാപ്തത. ഉപ്പ് വെള്ളം കയറി വയലുംകിണറും കൃഷിക്ക് പറ്റാതാകുന്നു. പറമ്പുകൾ തുണ്ട് തുണ്ടായിപ്പോകുന്നത് കൂടുതൽ ഇടവഴിയും കിള(കൊള്ള്)യും ഉണ്ടാക്കാൻ കാരണമാകുന്നു. ഇത് വരൾച്ച കൂടാൻ കാരണമാകുന്നു.

സാദ്ധ്യതകൾ

നെൽകൃഷി:

പഴയ കാലിച്ചാലുകൾ വഴി ജലം സ്ഥിരമായി ലഭ്യമാക്കിയാൽ കൃഷി മെച്ചപ്പെടുത്താം. പാറപ്രം പദ്ധതി പൂർണ്ണമായി നടപ്പിലാക്കുക. ആവശ്യമുള്ള സ്ഥലങ്ങളിൽ കുളം കുഴിച്ച് പമ്പ് സെറ്റ് സ്ഥാപിച്ച് ജലസേചനം നടത്തുക ജല നിർഗ്ഗമന തോടുകളുടെ അരികുകൾ കെട്ടി ആവശ്യമായ സ്ഥലങ്ങളിൽ ക്രോസ് ബാറുകൾ കെട്ടിജലം ലഭ്യമാക്കുക. ആവശ്യമുള്ള സ്ഥലത്ത് ഉപ്പ് വെള്ളം തടയാൻ ക്രോസ്ബാറുകൾ നിർമ്മിക്കുക. കാർഷിക രംഗത്ത് യന്ത്രവൽക്കരണം ഏർപ്പെടുത്തിയാൽ ആദായകരമാക്കാം. നെൽകൃഷിക്ക് ഉൽപാദനോപാധികൾ സൗജന്യമാക്കുക. വയലുകൾ നികത്തുന്നത് തടയാൻ ഭൂവിനിയോഗ നിയമം കർശനമായി നടപ്പിലാക്കുക. ഉൽപാദനബോണസ്സ് കൂടുതൽ നല്കി നെൽകൃഷിക്ക് പ്രോത്സാഹനം നല്കുക. മികച്ച നെൽകൃഷികാർക്ക് സമ്മാനങ്ങൾ/അവാർഡുകൾ നല്കുക.

തെങ്ങ്കൃഷി: വരൾച്ച നേരിടാൻ ജലസേചന സൌകര്യം ഏർപ്പെടുത്തുക. ഉപ്പ് വെള്ളം വരുന്നത് വരെ പുഴയിൽ നിന്നും പമ്പ് ചെയ്യണം. ശാസ്ത്രീയ കൃഷി രീതി അനുവർത്തിക്കാൻ വേണ്ടത് ചെയ്യുക.

രോഗകീടങ്ങൾക്ക് പ്രതിവിധി ചെയ്യാൻ നടപടി എടുക്കുക. ഉൽപാദന വർദ്ധനവിലുള്ള മറ്റ് ശാസ്ത്രീയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക. കൂമ്പ് ചീയൽ, ചെന്നീരൊലിപ്പ് എന്നീ മാരക രോഗങ്ങൾ കൊണ്ട് നശിച്ചുപോകുന്ന തെങ്ങുകൾക്കും നഷ്ടപരിഹാരം നല്കുക. രാസവള വിതരണം നടത്തുന്നവർക്ക് ശാസ്ത്രീയമായ അറിവ് ഉണ്ടെന്ന് ഉറപ്പ് വരുത്തണം. തെങ്ങിൻ തോട്ടത്തിൽ ആവശ്യമില്ലാത്ത പാഴ്മരങ്ങൾ വെട്ടി മാറ്റുക. ഉൽപാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി നല്ല തെങ്ങ് വെച്ചു പിടിപ്പിക്കുക.

കുരുമുളക് : കുരുമുളക് പുനരുദ്ധാരണ പദ്ധതി ഊർജ്ജിതപ്പെടുത്തുക. കുരുമുളകിനു വെയിൽ ലഭിക്കാൻ മഴയുടെ തുടക്കത്തിൽ നിഴൽ മാറ്റി കൊടുക്കുക. കുരുമുളക് കൃഷി ശാസ്ത്രീയമാക്കുക. ഉൽപാദനക്ഷമതയുള്ള കുരുമുളക് തൈകൾ നടുക.

പച്ചക്കറി:

ബോധവൽക്കരണം വഴി പച്ചക്കറിയിൽ താൽപര്യം വളർത്തുക. വീട്ടുവളപ്പിലും വയലിലും കൂട്ടായ പ്രവർത്തനം വഴി കൃഷി വ്യാപിപ്പിക്കുക. പഞ്ചായത്ത് പുറംമ്പോക്കിലും തരിശ് നിലങ്ങളിലും പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കൂട്ടായ കൃഷി നടത്തുക. ഓരോ പുരയിടത്തിലും ഒന്നോ രണ്ടോ സെന്റ് സ്ഥലം നല്ല വെയിലുള്ളതാക്കാൻ ശ്രമം നടത്തുക. അവിടെ പച്ചക്കറി കൃഷി ചെയ്യുക.

കശുമാവ്:

ശാസ്ത്രീയ കൃഷി മുറകൾ അനുവർത്തിക്കുക. രോഗകീട നിയന്ത്രണം ഫലവത്താക്കുക. സങ്കരയിനം ഒട്ടു തൈകൾ വെച്ച് പിടിപ്പിക്കുക. ഉൽപാദന ക്ഷമത കുറഞ്ഞ മരങ്ങൾ വെട്ടിമാറ്റി ഒട്ടുതൈകൾ നട്ടുപിടിപ്പിക്കുക.

പൊതു സാദ്ധ്യതകൾ

ജൈവവളത്തിന് കമ്പോസ്റ്റ് കുഴികൾ നിർമ്മിച്ച് കമ്പോസ്റ്റ് ഉൽപാദിപ്പിക്കുക. മണ്ണ് ജലസംരക്ഷണ പ്രവർത്തനം ഏറ്റെടുക്കുക. പഞ്ചായത്തിൽ ലഭ്യമായ ചകിരിചോർ കമ്പോസ്റ്റ് ആക്കാൻ വേണ്ട നടപടികൾ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഏറ്റെടുത്ത് നടത്തുക. ശാസ്ത്രീയ കൃഷികൾ ആരംഭിക്കുമ്പോൾ ബോധവൽക്കരണം നടത്തുവാൻ പരിശീലന പരിപാടികൾ നടപ്പിലാക്കുക.ശാസ്ത്രീയ കൃഷിയിൽ പ്രാവീണ്യം കാട്ടുന്നവർക്ക് അവാർഡുക ൾ ഏർപ്പെടുത്തുക. ചെറിയ ചെറിയ പറമ്പുകളിൽ ഇന്നത്തെ കിളക്ക് (കൊള്ള്)പകരം ജീവനുള്ള വേലി കെട്ടുകയാണെങ്കിൽ വരൾച്ച കുറക്കാനും പച്ചില വളത്തിന്റേയും കാലിത്തീറ്റയുടെയും ലഭ്യത മെച്ചപ്പെടുത്താനും പറ്റും.

പലതരം കീടരോഗങ്ങൾ ഈ പഞ്ചായത്ത് പ്രദേശത്തെ കൃഷിക്ക് നാശം വരുത്തുന്നുണ്ട്. അവയിൽ പ്രധാനമായവ താഴെ ക്കൊടുക്കുന്നു.

തെങ്ങ്: പ്രധാനകീടം ചെള്ളാണ്. അവയെ കൂമ്പി

ലെ നശിപ്പിക്കുന്നു. ചെറിയ തൈകൾക്ക് ആക്രമണം ഉണ്ടായാൽ തൈ നശിച്ചുപോകാം. രോഗങ്ങൾ കുമ്പ് ചീയ്യലും തടിയിലുള്ള ചെന്നീരൊലൊപ്പുമാണ്.

നെല്ല്

ബ്ലാസ്റ്റ്, ഷീറ്റ് ബ്ലൈറ്റ് എന്നീ രോഗങ്ങളും തണ്ട് തുരപ്പൻപുഴു, ഇല ചുരുട്ടിപുഴു, മുഞ്ഞചാഴി മുതലായവയാണ് പ്രധാന കീടങ്ങൾ.

കവുങ്ങ്: പ്രധാന രോഗം മഹാളിയും പ്രധാന കീടം മൈറ്റുമാണ്.

കശുമാവ്: തണ്ടുതുരപ്പൻ പുഴുവും പൂവു കരിച്ചലുമാണ് പ്രധാന കീടങ്ങൾ

വാഴ: കൊക്കാൻ (പൊട്ടൻ) കുറു നാമ്പ് രോഗം എന്നീ രോഗങ്ങളും തണ്ട് തുരപ്പൻ പുഴു മാണപ്പുഴു എന്നീ കീടങ്ങളുമാണ് വാഴയെ ആക്രമിക്കുന്ന പ്രധാന കീടങ്ങൾ.

പച്ചക്കറി: കായീച്ചയാണ് പച്ചക്കറിക്കുള്ള പ്രധാന കീടബാധ. ഇലകൾ തിന്നുന്ന കീടങ്ങളും അപ്രധാനമല്ല.

വേങ്ങാട് പഞ്ചായത്ത് പരിധിയിൽ മൂന്നു സർവ്വീസ് സഹകരണ സംഘങ്ങളും രണ്ട് ഗ്രാമീണശാഖകളും ഒരു ദേശസാൽകൃത ബേങ്ക് ശാഖയും ഒരു വനിതാ സഹകരണ സംഘവുമുണ്ട്. ഇതിനു പുറമെ ജില്ലാസഹകരണ ബേങ്കിൻെറ ഒരു ശാഖയും കൂത്തുപറമ്പ് റൂറൽ ബേങ്കിൻെറ ഒരു ശാഖയും പ്രവർത്തിക്കുന്നുണ്ട്. സാധാരണ ഗതിയിൽ കൃഷിക്കാരുടെ വായ്പാ ആവശ്യങ്ങൾ ഇത്രയും സ്ഥാപനങ്ങൾക്ക് നിർവ്വഹിക്കാൻ ,കഴിയേണ്ടതായിരുന്നു. വായ്പകൊടുക്കുമ്പോഴുള്ള ജാമ്യം നല്കാനുള്ള വിഷമതകളും കൃഷിക്കാരൻെറ മുഴുവൻകടാവശ്യം നിർവ്വഹിക്കാനുള്ള സന്നദ്ധതയില്ലാ യ്മയും പല കൃഷിക്കാരനും നൂറ്റാണ്ടുകളോളം പഴക്കമുള്ള പഴയ കടക്കെണിയിലേക്ക് തന്നെ പോകേണ്ടിവരുന്നുണ്ട്. 'ബ്ലേഡ് സ്ഥാപനങ്ങൾ' മുക്കിലും മൂലയിലും പ്രവർത്തിക്കുന്നതു കൊണ്ട് കൃഷിക്കാരും അവരുടെ ആവശ്യത്തിന് ഇവരിൽ നിന്ന് കടമെടുക്കുന്നുണ്ട്. പാട്ടം പറിച്ചെണ്ണം എന്നീ ചീത്ത സമ്പ്രദായവും നില നിൽക്കുന്നതിന് കാരണം ബാങ്കുകളുടെ പ്രവർത്തനത്തിലുള്ള തകരാറ് കൊണ്ടാണെന്ന് കരുതുന്നു.

കേരളത്തിലെ മറ്റ് പല പഞ്ചായത്തുകളിൽ നിന്നും ഭിന്നമായി ഇവിടങ്ങളിൽ കണ്ട് വരുന്ന ഒരു പൊതു സംവിധാനമാണ് ഇടവഴികൾ കുഴിച്ച് മൺ മതിലുകൾ ഉണ്ടാക്കൽ. ഇതൊരു പക്ഷെ, ആദ്യകാലങ്ങളിൽ പറമ്പിലെ അധികവെള്ളം ഒഴിവാക്കാനും നീർകെട്ട് ഇല്ലാതാക്കാനും വേണ്ടി പണിതുവന്നതായിരിക്കാം എന്നാൽ ഇന്ന് അത് മൺ മതിലിൻെറ ഉപയോഗത്തിന് വേണ്ടി മണ്ണെടുക്കുന്ന ചാലായി മാറിയിരിക്കുകയാണ്. ഇന്ന് ഓരോ തുണ്ട് ഭൂമിയും പത്തും ഇരുപതും സെൻറ് മാത്രമാകുമ്പോൾ ഇത്തരം മതിൽ നിർമ്മാണവും ഇടവഴി കുഴിക്കവും കൃഷിക്ക് വരൾച്ചവരാൻ ഇടയായികാണുന്നു. ഈ പ്രവണത മാറ്റേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ഇതിനുപകരമായി ജീവനുള്ള വേലികെട്ടി പുരയിടം സംരക്ഷിക്കുന്ന സമ്പ്രദായം പലയിടത്തും നടപ്പിലാക്കേണ്ടതുണ്ട്.

3

മൃഗസംരക്ഷണ രംഗം		
ജനസംഖ്യ	-	34387
കറവപശുക്കൾ	-	425
കറവ വറ്റിയവ	-	608
മൊത്തം പാലുൽപാദനം ലിറ്റർ/ദിവസം	-	2205
കന്നുകുട്ടികൾ	-	805
സങ്കരയിനം കാലികൾ 100%	-	
ആട്	-	487
ഇറച്ചിക്കോഴി 13യൂനിറ്റ്	-	
മുട്ടക്കോഴി	-	680
പട്ടികൾ	-	298
പട്ടി-കുത്തിവെച്ചത്	-	197

അവലംബം: പ്രാഥമിക സർവ്വെ, ലൈവ് സ്റ്റോക്ക് സെൻസസ്, ദ്വിതീയ വിവരശേഖരണം

കാർഷിക മേഖലയായ വേങ്ങാട് പഞ്ചായത്തിൽ കൃഷിയോടനുബന്ധിച്ച് വളർന്നുവന്ന ഒരു മേഖലയാണ് മൃഗ പരിപാലനം. പാലുൽപാദനം എന്നതിനേക്കാൾ ഉപരിയായി കൃഷിക്കാവശ്യമായ ജൈവവളങ്ങളുടെ മുഖ്യസ്രോതസ്സായാണ് ജനങ്ങൾ ആദ്യകാലത്ത് ഇവയെ വളർത്തിയിരുന്നത്. കാലി വളർത്തൽ മുഖ്യതൊഴിലാക്കിയ പല കുടുംബങ്ങളും ഉണ്ടായിരുന്നു. നാടൻ ഇനങ്ങളിൽപ്പെട്ട

പശുക്കളെ വളർത്തിയിരുന്നതുകൊണ്ട്തന്നെ ഒരു ചെറു പാത്രത്തിൽ പാൽ കറന്നെടുത്ത അനുഭവം മാത്രമെ അവർക്ക് ഉണ്ടായിരുന്നുള്ളൂ. പരമാവധി പാലുൽപാദനം ഒന്നുമുതൽ രണ്ട് ലിറ്റർ വരെയായിരുന്നു. എന്നാൽ നാടൻ പശുക്കളുടെ പ്രതിരോധശേഷി ഉയർന്നതായിരുന്നു. ഉഴവുമാടുകളേയും പരിമിതമായ തോതിൽ വണ്ടിക്കാളകളേയും വളർത്തിയിരുന്നു. നെൽ കൃഷിയിൽ നിന്നും ലഭിക്കുന്ന വൈക്കോലും കർഷകർ ശേഖരിക്കുന്ന പച്ചപുല്ലുമായിരുന്നു കാലികളുടെ ആഹാരം. പഴയ കാലത്ത് കാലികളെ കൂട്ടത്തോടെ ഇളക്കിവിടുകയും വൈകുന്നേരമാകുമ്പോൾ അവ തൊഴുത്തിലേക്ക് മടങ്ങിയെത്തുകയും ചെയ്യുന്നതിനാൽ കർഷകർക്ക് കാലിവളർത്തൽ ഒരു ബുദ്ധിമുട്ടായി തോന്നിയിരുന്നില്ല.

പശുക്കളേയും കാളകളേയും മാത്രമല്ല എരുമകളേയും വളർത്തിയിരുന്ന അപൂർവ്വം കുടുംബങ്ങൾ പഞ്ചായത്തിൽ ഉണ്ടായിരുന്നു. മദിരാശിയിൽ നിന്നും ജോലി പൂർത്തിയാക്കി മടങ്ങും വഴി രണ്ട് എരുമകളെ കൊണ്ടുവന്ന് വളർത്തിയതിന്റെ പേരിൽ 'എരുമ ശ്രീ' എന്നറിയപ്പെടുന്ന ഒരാൾ പടുവിലായി പ്രദേശത്തുണ്ടായിരുന്നു. എന്നാൽ ഇന്ന് പഞ്ചായത്തിൽ ഒരൊറ്റ എരുമയുമില്ല.

കാലികളെ (പശു) 'പോറ്റാ'നെടുക്കുന്ന ഒരു സമ്പ്രദായം ഈ അടുത്ത കാലം വരെ പഞ്ചായത്തിൽ നിലനിന്നിരുന്നു. ഒരു കിടാരിയെ പാവപ്പെട്ട കർഷകൻ ഉടമസ്ഥനിൽ നിന്ന് പോറ്റാൻ വാങ്ങുന്നു. ഈ കിടാരി പ്രസവിച്ചാൽ ആദ്യത്തെ കുഞ്ഞിനെ പോറ്റാൻ വാങ്ങിയ ആൾക്ക് ലഭിക്കുന്നു. രണ്ടാമത് പ്രസവിച്ച ഉടനെ തള്ളയേയും കുഞ്ഞിനേയും ഉടമസ്ഥനെ ഏല്പിക്കുന്ന രീതിയാണിത്. കാലികളെ കെട്ടി മേയ്ക്കുന്നതിന് സ്ഥലം പാട്ടത്തിനെടുക്കുന്ന പതിവ് പഞ്ചായത്തിൽ ഇപ്പോഴും നിലവിലുണ്ട്. 'പാട്ടം' എടുക്കുന്ന ആൾ സ്ഥലമുടമസ്ഥന് പ്രതിഫലമായി ഒരു നിശ്ചിത സംഖ്യ പണമായോ ചാണകമായോ കൊടുക്കുന്നു.

പഞ്ചായത്തിൽ ചില പ്രത്യേക പ്രദേശങ്ങളിൽ മാത്രമായിരുന്നു ആദ്യകാലത്ത് ആടുകളെ വളർത്തിയിരുന്നത് മുസ്ലീം കുടുംബങ്ങളായിരുന്നു ആടു വളർത്തലിൽ ശ്രദ്ധപ്പതിപ്പിച്ചിരുന്നത് ചില ഹിന്ദുകുടുംബങ്ങളും ആടു വളർത്തലിൽ ഏർപ്പെട്ടിരുന്നു. ഗുണമേന്മയുള്ള 'മലബാറി' ആടുകളേയാണ് അന്നും ഇന്നും ആളുകൾ വളർത്തിപ്പോരുന്നത്. മാംസത്തിനുവേണ്ടിയാണ് മുഖ്യമായും ആടുകളെ വളർത്തുന്നത്.

വളർത്തുപക്ഷികളിൽ പ്രധാനം കോഴികൾ തന്നെ. നാടൻ ഇനങ്ങളിൽപ്പെട്ട കോഴികളെയായിരുന്നു വളർത്തിയിരുന്നത്. വിശേഷാവസരങ്ങളിൽ മാത്രമാണ് മുൻ കാലങ്ങളിൽ കോഴിഇറച്ചി ഉപയോഗിച്ചിരുന്നത്.

കാലികളെ ചികിത്സിക്കുന്ന ചില നാട്ടുവൈദ്യന്മാർ ഇവിടെ ഉണ്ടായിരുന്നു. അക്കൂട്ടത്തിൽ പ്രസിദ്ധനായിരുന്നു 'മൂരിദർസർ' എന്നറിയപ്പെട്ടിരുന്ന ശങ്കരൻ നായർ. പ്രതിഫലേച്ഛകൂടാതെയുള്ള ഇവരുടെ ചികിത്സ കർഷകർക്ക് വലിയ അനുഗ്രഹമായിരുന്നു. അക്കാലത്ത് സാധാരണയായി കണ്ടുവരാറുള്ള കാലിരോഗമായിരുന്നു 'താട വീക്ക'വും നാത്തുളയും(മുടന്തൻ പനിയും) താടവീക്കത്തിന് ചിരട്ടകഴുത്തിൽ കെട്ടിത്തൂക്കുകയും നാത്തുളയ്ക്ക് ഉപ്പും കുരുമുളകും നാവിൽ ഉരച്ച് പിടിപ്പിക്കുകയും ചെയ്യുന്ന ഒരു പതിവുണ്ടായിരുന്നു. ഇതിനു ശാസ്ത്രീയമായി അടിത്തറ ഇല്ലെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. മേൽ പറഞ്ഞതെല്ലാം പഴയ ചരിത്രമാണെങ്കിൽ ഇന്ന് കർഷകർ കാലികളെ വളർത്തുന്നത് മുഖ്യമായും പാലിനുവേണ്ടിതന്നെയാണ്. പശു, ആട്, പട്ടി എന്നിവയാണ് പ്രധാന്വളർത്തുമൃഗങ്ങൾ. കോഴിയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുപക്ഷി.

വളർത്തുമൃഗങ്ങളും പക്ഷികളും

പട്ടിക 1

	1987	1996
പശു നാടൻ	824	-
ആടു് പാട്ടു സങ്കരയിനം	518	1038
ആടു്	807	253
എരുമ	1	-
പട്ടി	221	292
മുട്ടകോഴി	5432	2000
താറാവു്	8	-

അവലംബം: '87.96 കന്നുകാലി സെൻസസ്

1987ൽ പഞ്ചായത്തിൽ 61.4% നാടൻ പശുക്കളും 38.6% സങ്കരയിനം പശുക്കളും ഉണ്ടായിരുന്നസ്ഥാനത്ത് 95-96 വർഷത്തിൽ 100% സങ്കരയിനം പശുക്കളായിമാറിയിട്ടുണ്ട്. തത്ഫലമായി പാലുൽപാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

സങ്കരയിനം പശുക്കളിലേക്കുള്ള മാറ്റം സൂചിപ്പിക്കുന്ന ചിത്രം



1987



1996

അവലംബം: ലൈവ്സ്റ്റോക്ക് സെൻസസ്

34387ജനസംഖ്യയുള്ള പഞ്ചായത്തിൽ 2990പേർ തൊഴിൽ രഹിതരാണ്. ഇവർക്ക് തൊഴിൽ പ്രധാനം ചെയ്യാൻ സാധിക്കുന്ന മുഖ്യമേഖലയാണിത്. പലവിധത്തിലുള്ള കൃഷികൾക്ക് ആവശ്യമായ ജൈവവളത്തിന്റെ വലിയൊരു പങ്ക് .ഈ മേഖലയിൽ നിന്ന് നൽകാൻ സാധിക്കുന്നതാണ്.

പട്ടിക - 2 പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരം

വാർഡ് നമ്പർ	കാളകൾ	പശു നാടൻ	പശു സങ്കര:	എരുമ	പോത്ത്	ആട്	പട്ടി
1	15	–	85	–	–	18	10
2	19	–	96	–	–	20	9
3	41	–	136	–	–	51	8
4	19	–	35	–	–	7	11
5	15	–	120	–	–	14	44
6	39	–	124	–	–	10	52
7	41	–	116	–	–	24	51
8	60	–	81	–	–	44	20
9	21	–	40	–	–	10	20
10	29	–	110	–	–	44	22
11	21	–	100	–	–	11	45

അവലംബം 95-96 കന്നുകാലി സെൻസസ്

മൃഗസംരക്ഷണ പ്രവർത്തനങ്ങൾ

1970 ജൂലായ് 15ന് വേങ്ങാട് അങ്ങാടി കേന്ദ്രമായി 'കീ വില്ലേജ് സബ്സെൻറർ' (Key Village Sub Centre)ആരംഭിച്ചതോടെയാണ് പഞ്ചായത്തിൽ ഔദ്യോഗികതലത്തിൽ മൃഗ സംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ഇതോടുകൂടി നാടൻ ഇനങ്ങളി ലുള്ള പശുക്കളിൽ നിന്ന് സങ്കരയിനം പശു ക്കളിലേക്കുള്ള പ്രയാണം ആരംഭിച്ചു. 1982 മെയ് 15ന് ഈ സെൻറർ പഞ്ചായത്തിന്റെ മധ്യഭാഗത്തുള്ള വാളാങ്കിച്ചാലിലേക്ക് മാറ്റു കയുണ്ടായി. 1983ൽ ഈ കേന്ദ്രം ഊർ ജ്ജിത കന്നുകാലി വികസന കേന്ദ്രമായി (ഐ. സി. ഡി. പി) മാറി. 31.3.95ന് ഒരു മൃഗാശുപത്രി ഈ പഞ്ചായത്തിൽ അനുവദിക്കപ്പെടു കയുണ്ടായി. സൗകര്യപ്രദമായ കെട്ടിടം ഇല്ലാത്തതിനാൽ ഇതിന്റെ പ്രവർത്തനം പൂർണ്ണമായ തോതിൽ ആരംഭിക്കാൻ കഴി ഞ്ഞത് ആഗസ്ത് മാസം മുതലാണ്. മുണ്ടമെട്ട കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഈ സ്ഥാപന ത്തിൽ തന്നെയാണ് ഐ. സി. ഡി. പി സബ്സെൻററും ഇപ്പോൾ പ്രവർത്തിച്ചു പോരുന്നത്. പഞ്ചായത്തിൽ തന്നെ സൗകര്യ

പ്രദമായ മറ്റൊരു സ്ഥലത്തേക്ക് ഈ സെൻറർ മാറ്റുകയാണെങ്കിൽ കൂടുതൽ കർഷ കർക്ക് ഇതിൻെറ സേവനം ലഭ്യമാകുന്നതാണ്. മൃഗാശുപത്രി പ്രവർത്തിക്കുന്നത് ആവശ്യമായ യാതൊരു സൗകര്യവും ലഭ്യമല്ലാത്ത വാടക കെട്ടിടത്തിലാണ്. സ്ഥാപനത്തിൽ വേണ്ടത്ര മരുന്നുകൾ ലഭിക്കാത്തതും ലബോറട്ടറി സൗകര്യം ഇല്ലാത്തതും ജനങ്ങൾക്ക് പ്രയാസം ഉണ്ടാക്കുന്നു. ആശുപത്രിക്ക് ഒരു ഫോൺ സൗകര്യം ഉണ്ടാകേണ്ടതുണ്ട്. ചികിത്സയ്ക്ക് ആവശ്യമായ മരുന്നുക ളുടെ ലഭ്യത ഉറപ്പുവരുത്തുകയും സ്ഥാപനത്തിന് സ്വന്തമായ കെട്ടിടം ഉണ്ടാവുകയും ചെയ്യേണ്ടതുണ്ട്.

നടപ്പുപദ്ധതി - അവലോകനം

കന്നുകുട്ടി പരിപാലന പദ്ധതി

മൃഗാശുപത്രി സ്ഥാപന ശേഷം നടന്ന ഒരു പ്രധാന പദ്ധതിയാണിത്. ഇതിൻെറ ഗുണഫലം പഞ്ചായത്തിലെ 66 ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ മൃഗപരിപാലനത്തിൻെറ 80% വരുന്ന തീറ്റച്ചെലവിൻെറ കാര്യത്തിൽ കർഷകന് അല്പം ആശ്വാസം ലഭിക്കുന്നു. സൗജന്യ ഇൻഷൂറൻസ് സൗകര്യം ഉള്ളത് കർഷകന് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നു. ഈ പദ്ധതി വ്യാപിപ്പിച്ച് പഞ്ചായത്തിലെ മുഴുവൻ ക്ഷീരകർഷകർക്കും ഇതിൻെറ ഗുണഫലം ലഭ്യമാക്കണം.

പേ വിഷ ബാധ നിർമ്മാർജ്ജന പദ്ധതി:

കണ്ണൂർ ജില്ലാസമ്പൂർണ്ണ പേവിഷ നിർമ്മാർജ്ജന പദ്ധതി അനുസരിച്ച് (ഓപ്പറേഷൻ സീറോ റേബിസ് കണ്ണൂർ) ജനകീയ കമ്മറ്റികൾ നിലവിൽ വരികയും ബോധവൽക്കരണം നടത്തുകയും ചെയ്ത തിൻെറ ഫലമായി പഞ്ചായത്തിൽ ആകെയുള്ള 298 പട്ടികളിൽ 197 എണ്ണം പ്രധിരോധ കുത്തിവെപ്പിന് വിധേയമായിട്ടുണ്ട്. തെരുവു പട്ടികളുടെ നിർമ്മാർജ്ജനത്തിന് ആവശ്യമായ പട്ടിപ്പിടുത്തക്കാരുടെ ദൗർലഭ്യവും പ്രധിരോധത കുത്തിവെപ്പിനുള്ള മരുന്നിൻെറ കൂടിയ വിലയും ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് വിഘാതമായിട്ടുണ്ട്. പകർച്ച വ്യാധികൾക്കെതിരായ കുത്തിവെപ്പുകളെ കുറിച്ച് ജനങ്ങൾക്ക് വേണ്ടത്ര ധാരണയില്ലാത്തതിനാൽ ഈ പരിപാടി ഉദ്ദേശിച്ചത്ര ലക്ഷ്യം കണ്ടിട്ടില്ല. ജനങ്ങളിൽ ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

പാലുൽപാദനം

പാഞ്ചായത്തിലെ മുഴുവൻ കാലികളും സങ്കരയിനത്തിൽപ്പെട്ടവയാണ് എന്നാൽ പാലുൽപാദന കാര്യത്തിൽ ഇവയുടെ പരമാവധി സാദ്ധ്യത ചൂഷണം ചെയ്യാൻ സാധിക്കുന്നില്ല. ഇതിനു പ്രധാന കാരണം ശാസ്ത്രീയമായ പരിപാലന ത്തെകുറിച്ചുള്ള അറിവില്ലായ്മ, വർദ്ധിച്ചുവരുന്ന തീറ്റച്ചെലവ്, രോഗങ്ങൾ, വന്ധ്യത തുടങ്ങിയ വയാണ്. പട്ടിക - 3 ശ്രദ്ധിക്കുക

പട്ടിക - 3 രോഗവിവരങ്ങൾ

ക്രമ നമ്പർ	രോഗവിവരങ്ങൾ	പശു	ആടു്	കോഴി
1	ദഹനസംബന്ധം	380	31	-
2	ശ്വാസകോശസംബന്ധം	88	25	-
3	ഉപാപചയസംബന്ധം	102	16	-
4	ത്വക്ക്രോഗങ്ങൾ	132	14	-
5	ധാതുലവണങ്ങളുടെ അഭാവം	102	12	-
6	പരാദരോഗങ്ങൾ	801	-	-
7	പ്രത്യുൽപാദനസംബന്ധം	95	14	-
8	വന്ധ്യത	236	3	-
9	അകിടു വീക്കം	80	8	-
10	മുടന്തൻ പനി	66	-	-
11	പകർച്ചവ്യാധികൾ	-	-	420

അവലംബം: ദ്വിതീയ വിവര ശേഖരം

വന്ധ്യത ഒരു പ്രധാന പ്രശ്നമായിഈ പഞ്ചായത്തിൽ അനുഭവപ്പെടുന്നു. പോഷകാഹാരകുറവുമൂലം പ്രത്യുൽപാദന അവയവങ്ങൾക്കുണ്ടാകുന്ന വളർച്ചക്കുറവാണ് കൂടു തലായും കണ്ടുവരുന്നത്. വന്ധ്യതാ നിവാരണത്തിന് സമഗ്രമായ ഒരു സംവിധാനം ഉണ്ടാകേണ്ടതാണ്.

വിപണനമാണ് ക്ഷീരകർഷകരെ അലട്ടുന്ന മറ്റൊരു പ്രശ്നം. ഉൽപാദി പ്പിക്കപ്പെടുന്ന പാലിന്റെ 83%വും അസംഘടിതമേഖലയിലാണ് വിപണനം ചെയ്യുന്നത്. 1973ലാണ് പഞ്ചായത്തിൽ ഒരു ക്ഷീര സഹകരണ സംഘം സ്ഥാപിച്ചത്. എന്നാൽ ഇതിന്റെ പ്രവർത്തനം കുറച്ചുകാലം കഴിഞ്ഞപ്പോൾ നിലച്ചുപോയി. 1988ൽ ഈ സംഘം കുയിലപ്പീടിക കേന്ദ്രമാക്കി വീണ്ടും പ്രവർത്തിച്ചു തുടങ്ങി. 88മുതൽ 96വരെ ഈ സംഘത്തിൽ ശേഖരിച്ച പാലിന്റെ രേഖാചിത്രമാണ് താഴെ കൊടുത്തിട്ടുള്ളത്.



1994 - 96 വർഷത്തെ വർദ്ധനവിന് ഗണ്യമായ കാരണം സംഘത്തിന് ഒരു ശാഖ തുടങ്ങിയതും പാലുൽപാദനം വർദ്ധിച്ചതുമാണ്. ഉൽപാദിപ്പിക്കപ്പെടുന്ന പാലിന്റെ 17% മാത്രമാണ് ഇപ്പോൾ ശേഖരിക്ക പ്പെടുന്നത്. അതിനാൽ സൊസൈറ്റിയുടെ പ്രവർത്തനം വ്യാപിപ്പി ക്കുകയോ പുതുതായി സൊസൈറ്റി ആരംഭിക്കുകയോ ചെയ്യേണ്ടതുണ്ട്. വർദ്ധിച്ചവരുന്ന തീറ്റച്ചെലവിന് ആനുപാതികമായി പാലിന്റെ വില ഉയരുന്നില്ല എന്നത് എല്ലാ ക്ഷീരകർഷകർഷകരുടേയും പരാതിയാണ്. പട്ടിക 4 ശ്രദ്ധിക്കുക.

പട്ടിക - 4

ഇനം	വില	
	96മാർച്ച് 96	സപ്തം:
പിണ്ണാക്ക് 1കി.ഗ്രാം	7.00	11.50
കാലിതീറ്റ 1കിഗ്രാം	4.50	6.00
പാൽ 1 ലിറ്റർ	11.00	11.00

(അവലംബം : പ്രാഥമിക സർവ്വെ)

കാലിത്തീറ്റയുടെ കുറഞ്ഞ ഗുണനി ലവാരം കർഷകരെ അലട്ടുന്നു. ഇതിന് ഗുണനിലവാര നിയന്ത്രണസംവിധാനം കാര്യക്ഷമമാക്കേണ്ടതുണ്ട്. 168ഹെക്ടർ നെൽകൃഷി ചെയ്യുന്ന ഇവിടെ 400ടൺ വൈക്കോൽ പ്രതിവർഷം ഉൽപാദിപ്പിക്കുന്നുണ്ട്. ഇത് യൂറിയാസംസ്ക്കരണം നടത്തി പോഷകഗുണം വർദ്ധിപ്പിച്ച് ഉപയോഗയോഗ്യമാക്കാവുന്നതാണ്. അതുപോലെ 2209 ഹെക്ടർ തെങ്ങ്കൃഷി യുള്ള പഞ്ചായത്തിൽ പയറുവർഗ്ഗത്തിൽപ്പെട്ട വിളകളും തീറ്റപുൽകൃഷിക്കുമുള്ള സാധ്യത വളരെ കൂടുതലാണ്. 6 കൊപ്രമില്ലുകളിലായി പ്രതിദിനം ഉൽപാദിപ്പിക്കപ്പെടുന്ന 17കി.ൻറൽ പിണ്ണാക്കും (പ്രാഥമിക സർവ്വെ) 22ഹെക്ടർ കപ്പകൃഷിയിൽ നിന്നുള്ള വിളവിൻെറ ഭാഗവും ഉൾപ്പെടുത്തി ഒരു തീറ്റ മിശ്രിത യൂനിറ്റ് പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കാവുന്നതാണ്.

മാംസോൽപാദന രംഗം

പ്രാഥമികസ്ഥിതി വിവരകണ ക്കുകൾ അനുസരിച്ച് മൂന്നുകേന്ദ്ര ങ്ങളിലായി ഉദ്ദേശം 210 കിലോഗ്രാം പോത്തിറച്ചി പ്രതിദിനം ഉൽപാദിപ്പിക്കപ്പെടുന്നത്. ഇതിൻെറ വില 6300രൂപയോളം വരും തോലിൻെറ വിലയായി 1500 രൂപയും ഉപോല്പന്നങ്ങളായ ചോര, കുടൽ, തുടങ്ങിയവ ഉപയോഗപ്പെടുത്താതെ പരിസരങ്ങളിൽ നിക്ഷേപിക്കുന്നതും വൃത്തിഹീനമായ സാഹചര്യത്തിൽ നടത്തുന്ന അറവും പരിസരമലിനീകരണത്തിന് ഇടയാക്കുകയും പൊതുജനാരോഗ്യത്തിന് ഭീഷണിയായിത്തീരുകയും ചെയ്യുന്നു. ഇവിടെ അറക്കുന്ന ഉരുക്കൾ മുഴുവൻ അന്യ സംസ്ഥാനത്തുനിന്ന് കൊണ്ടുവരുന്നതാണ്. ഞെട്ടിക്കുന്ന ഒരു വസ്തുത കാൽകോടി യിലധികം രൂപ ഈ ഇനത്തിൽ മാത്രം വർഷം ന്തോറും പഞ്ചായത്തിൽ നിന്ന് പുറത്തേക്ക് ഒഴുകുന്നു.

ഏറ്റവും മികച്ചതായ മലബാറി ആടുകളെയാണ് പഞ്ചായത്തിൽ വളർ ത്തുന്നത്. 1987ൽ 807ആടുകളു ണ്ടായിരുന്ന സ്ഥാനത്ത് 1995ആയ പ്പോഴേക്കും 487 ആയികുറഞ്ഞു, വനിതകൾക്ക് ധാരാളം തൊഴിൽ സാദ്ധ്യത യുള്ള ഈ രംഗത്ത് കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടിയിരിക്കുന്നു, ഇതിനായി പഞ്ചായത്ത്തലത്തിലോ സഹകരണാടിസ്ഥാനത്തിലോ ആടു വളർത്തൽ കേന്ദ്രം സ്ഥാപിക്കാവുന്നതാണ്.

പതിമുന്നു ഇറച്ചിക്കോഴി വളർ ത്ത് കെന്ദ്രമാണ് പഞ്ചായത്തിലുള്ളത്. ബേങ്കുകളുടെ വായ്പാ സൗകര്യം ഉദാരമാക്കിയും കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തിയും കൂടുതൽ കർഷകരെ ഇതിലേക്ക് ആകർഷിക്കാവുന്നതാണ്. നല്ലരീതിയിൽ നടത്തുന്ന പതിനഞ്ചോളം ഹോട്ടലുകൾ ഉള്ളതിനാൽ പന്നിവളർത്തലിന് ഇവിടെ നല്ല സാധ്യതയുണ്ട് ഇതിന് 15കി.മി. അകലെ മുണ്ടയാടുള്ള പന്നി വളർത്തൽ കേന്ദ്രത്തിൻെറ സൗകര്യം ലഭ്യമാക്കാവുന്നതാണ്.

ഇടത്തട്ടുകാരുടെ ചൂഷണമാണ് ഇന്ന് മാംസോൽപാദക വിപണന മേഖ ലയിലെ കർഷകർ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. പഞ്ചായത്ത് തലത്തിൽ ഒരു മാംസോൽപാദക വിപണന സഹകരണ സംഘം സ്ഥാപിക്കുകയും അതിൻെറ കീഴിൽ അറവുശാലയും വിപണനകേന്ദ്രവും ഏർപ്പെടുത്താവുന്നതുമാണ്. പഞ്ചായ ത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാംസം സംസ്ക്കരിച്ച് പാക്കറ്റുകളിലാക്കി വിപണനം ചെയ്യുമ്പോൾ ജോലി സാധ്യതയും കൂടുന്നു. അറവുശാലകളിലെ ഉപോല്പ്പന്നങ്ങൾ ഉപയോഗപ്പെടുത്തുക വഴി സാമ്പത്തിക ലാഭത്തിനും പരിസരമലിനീകരണം ഒഴിവാക്കുന്നതിനും സഹായകരമാകുന്നു. ആൺകന്നുകുട്ടികളെ വളർത്താൻ കർഷകരെ സഹായിക്കുന്നതിലൂടെ മാംസാവശ്യത്തിനുള്ള ഉരുക്കളെ ഒരു പരിധിവരെ പഞ്ചായത്തിൽ നിന്നു തന്നെകണ്ടാത്താനാവും. ഇതിനു കന്നുകുട്ടി പരിപാലനപദ്ധതി മാതൃകയിൽ ഒരു പദ്ധതി നടപ്പാക്കാവുന്നതാണ്.

മുട്ടയുൽപാദനരംഗം

തീരെ ശ്രദ്ധകുറഞ്ഞുപോയ മേഖലയാണിത്. 1987ൽ 5432 മുട്ടക്കോഴിയുള്ള

സ്ഥാനത്ത് 1995ൽ 2000 ആയികുറഞ്ഞു. ഇത് മുട്ട ഉൽപാദനത്തിനെ സാരമായി ബാധിച്ചിട്ടുണ്ട്. പഞ്ചായത്തിലെ പലചരക്ക് കടകളിൽ നിന്നെടുത്ത പ്രാഥമിക സർവ്വെ അനുസരിച്ച് ശരാശരി 4080 മുട്ട പ്രതിദിനം വിൽക്കപ്പെടുന്നുണ്ട്. ഈ മുട്ട മുഴുവൻ അന്യസംസ്ഥാന ത്തുനിന്നും കൊണ്ടുവരുന്നതാണ് വർഷത്തിൽ 20ലക്ഷത്തിൽ അധികം രൂപ ഈ ഇനത്തിൽ പഞ്ചായത്തിന് നഷ്ടമാകുന്നു. ഈ മേഖലയിലെ വികസനത്തിന് പഞ്ചായത്തിലെ സ്കൂളികളിൽ പോൾട്രി (Poultry Club) ക്ലബ്ബിൻെറപ്രവർത്തന വും സഹകരണാടിസ്ഥാനത്തിൽ മുട്ട ക്കോഴി വളർത്തൽ കേന്ദ്രവും ആരംഭിക്കാവുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ട ഓരോ വാർഡിലേയും നൂറ് വനിതാഗുണഭോക്താക്കൾക്ക് മുട്ട കോഴികളെ നല്കാനുള്ള പരിപാടി ആവശ്യമാണെന്ന് മിക്ക ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്.

ഊർജ്ജ - ജൈവവളം

പഞ്ചായത്തിൽ 8ബയോ ഗ്യാസ്പ്ലാൻറ് നിലവിലുണ്ട്. വർദ്ധിച്ചുവരുന്ന ഊർജ്ജജൈവ വളപ്രതി സന്ധിക്ക് പരിഹാരമായി പഞ്ചയാത്തിൽ മോഡൽ ഡയറി യൂനിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.

കർഷക പരിശീലനം

എല്ലാഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന പ്രധാന പ്രശ്നമായിരുന്നു മൃഗപരിപാലനത്തിൽ താലപ്പര്യമുള്ള കർഷകർക്ക് പരിശീലനം ലഭിക്കാനുള്ള പ്രയാസം. ഇതിനായി ഒരു പരിശീലന സംവിധാനം മൃഗാശുപത്രിയോടനുബന്ധിച്ചുണ്ടാകണം. കർഷക പ്രസിദ്ധീകരണവും ലഘുലേഖകളും ലഭ്യമാക്കേണ്ടതുണ്ട്.

കർഷകർക്ക് അംഗീകാരം.

മൃഗസംരക്ഷണമേഖലയയിലെ കർഷകരെ ആദരിക്കുന്ന രീതി ഇന്ന് പഞ്ചായത്തിലില്ല. ഇത്തരം ഒരു സമ്പ്രദായം ഉണ്ടായാൽ കൂടുതൽ കർഷകരെ ഈ രംഗത്ത് കൊണ്ടുവരാൻ കഴിയുന്നതാണ്.

പ്രശ്നങ്ങൾ

1 തീറ്റയുടെ വർദ്ധിച്ച വില
2 ക്ഷീര വിപണനത്തിൻെറ പ്രയാസം
3 മൃഗസംരക്ഷണസ്ഥാപത്തിൻെറ അസൗകര്യങ്ങൾ
4 മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടി ടമില്ലാത്തത്
5 അസംഘടിതമായ മാംസോൽപാദന വിപണന രംഗം
6 അലഞ്ഞുതിരിയുന്ന പട്ടികൾ
7 പേ വിഷ വാക്സിൻെറ വർദ്ധിച്ച വില
8 കന്നുകാലി ഇൻഷൂറൻസിൻെറ അഭാവം
9 പരിമിതമായ പരിശീലന സൗകര്യം
10 ഇടത്തട്ടുകാരുടെ ചൂഷണം
11 ബാങ്ക് വായ്പാ ബുദ്ധിമുട്ടുകൾ
12 നടപ്പുപദ്ധതികളുടെ പരിമിതി
13 മേൽത്തരം കന്നുകാലികൾ കോഴികുഞ്ഞുങ്ങൾ എന്നിവലഭി ക്കാനുള്ള പ്രയാസം
14 കാലിതൊഴുത്തുകളുടെ ശോച്യാവസ്ഥ
15 കന്നുകാലി രോഗങ്ങൾ - വന്ധ്യത
16 മൃഗാശുപത്രിയിൽ ഫോൺ സൗകര്യം ഇല്ല

സാദ്ധ്യതകൾ/നിർദ്ദേശങ്ങൾ

1 തീറ്റ മിശ്രിത യൂനിറ്റ്
2 ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തന വ്യാപനം
3 ഐ സി. ഡി. പി. സബ്സെൻറർ സൗകര്യപ്രഥമായ സ്ഥലത്തേക്ക് മാറ്റുക, പുതുതായി തുടങ്ങുക.
4 മൃഗാശുപത്രിക്ക് സ്വന്തമായ കെട്ടിടം, ലാബ് സൗകര്യം ഫോൺ സൗകര്യം 5 മാംസോൽപാദന വിപണന സഹകരണ സംഘ സ്ഥാപനം'
6 സമഗ്ര കന്നുകാലി ഇൻഷൂറനൻസ്
7 കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ ആളുകൾക്ക് ബാങ്ക് വായ്പാസൗകര്യം
8 കന്നുകുട്ടി പരിപാലന പദ്ധതിയിൽ മുഴുവൻ കർഷകരേയും ഉൾപ്പെടുത്തുക
9 കന്നുകുട്ടി പരിപാലന മാതൃകയിൽ ആൺ

കുട്ടികൾക്ക് പദ്ധതി തയ്യാറാക്കുക.
10 സ്കൂൾ പൗൾട്രി ക്ലബ്
11 വനിതകൾക്ക് മുട്ടക്കോഴികൾ നൽകാനുള്ള സംവിധാനം
12 ഇടവിളയായി തീറ്റ കൃഷി വികസിപ്പിക്കുക
13 മൃഗചികിത്സക്ക് ആവശ്യമായ മരുന്നുകൾ ന്യായവിലക്ക് ലഭ്യമാക്കാ നുള്ള സംവിധാനം
14തീറ്റപുൽകൃഷി വ്യാപിപ്പിക്കുക.
15 പട്ടിപിടുത്തക്കാരുടെ സൗകര്യം ലഭ്യമാക്കുക

മത്സ്യബന്ധനം

പഞ്ചായത്തിൽ വലിയ പ്രാധാന്യം ലഭിക്കാതെപോയ മേഖലയാണിത്. ഉൾനാടൻ മത്സ്യബന്ധന സാധ്യതകൾ തീരെ ഉപയോഗ പ്പെടുത്തുവാൻ സാധിച്ചിട്ടില്ല. ശുദ്ധജല മത്സ്യകൃഷിക്ക് ധാരളം സാധ്യതകളുള്ള പ്രദേശമാണിത്. ധാരാളം കുളങ്ങളും തോടു കളും ഇവിടെയുണ്ട്. പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സുകളുടെ പട്ടിക ശ്രദ്ധിക്കുക.

ജലസ്രോതസ്സ്

ഇനം	എണ്ണം
പുഴ (അഞ്ചരക്കണ്ടി 10 കി.മി)	1
വലിയ തോടുകൾ	4
ചെറിയ തോടുകൾ	14
കുളങ്ങൾ	60

അവലംബം; പ്രാഥമിക സർവ്വെ

മത്സ്യബന്ധനം മുഖ്യതൊഴിലാക്കിയ ആരും തന്നെ പഞ്ചായത്തിൽ ഇല്ലെങ്കിലും മത്സ്യവിപണനം, മുഖ്യതൊഴിലാക്കി ജീവി ക്കുന്ന 31 കുടുംബങ്ങൾ ഇവിടെയുണ്ട്. പത്തോളം മത്സ്യ വിപണന കേന്ദ്രങ്ങൾ ഉണ്ടെങ്കിലും ഒരു മത്സ്യമാർക്കറ്റ് പോലും ഇവിടെയില്ല. ഇത് പരിസരമലിനീകരണത്തിന് ഇടയാക്കുന്നുണ്ട്. വേനൽകാലമാകുമ്പോൾ തോടുകളിൽ നിന്നും കുളങ്ങളിൽ നിന്നും വിഷ വസ്തുക്കൾ കലർത്തിയും വെടി പൊട്ടിച്ചും മത്സ്യങ്ങളെ പിടിക്കുന്നത് ഭീഷ ണിയായി മാറിയിട്ടുണ്ട്.

60കുളങ്ങളുള്ള പഞ്ചായത്തിൽ മത്സ്യവും താറാവും ഒരേസ്ഥലത്ത് വളർത്തുന്ന ഒരു സമ്മിശ്ര കൃഷിരീതിക്ക് ഏറെ സാധ്യതകളു ണ്ട്. മറ്റ് പല സ്ഥലങ്ങളിലും വിജയകരമായി നടപ്പാക്കി കൊണ്ടിരിക്കുന്ന ഒരു പദ്ധതി യാ ണിത്.

പ്രശ്നങ്ങൾ

1 മത്സ്യമാർക്കെറ്റിന്റെ അഭാവം
2 മത്സ്യവിൽപ്പനസ്ഥലങ്ങളിലെ മാലിന്യവും പരിസ്ഥിതി പ്രശ്നവും
3 താറാവ് കുഞ്ഞുങ്ങളേയും മത്സ്യ കുഞ്ഞുങ്ങളേയും ലഭിക്കാനുള്ള പ്രയാസം
4 വിഷം കലർത്തിയും തോട്ടപൊട്ടിച്ച മുള്ള മത്സ്യബന്ധനം

സാധ്യതകൾ

1 ശുദ്ധജല മത്സ്യകൃഷി
2 സമ്മിശ്ര കൃഷി - മത്സ്യം - താറാവ്

വിദ്യാഭ്യാസം

4

പഞ്ചായത്തിലെ വിദ്യാഭ്യാസമേഖലയിലെ പ്രവർത്തനത്തിന്റെ ചരിത്രതാളുകൾക്ക് രണ്ട് നൂറ്റാണ്ടിന്റെ പഴക്കമുണ്ട്.വിദ്യാഭ്യാസ രംഗത്തുവളരെയൊന്നും അഭിമാനിക്കാനില്ലാത്ത പഞ്ചായത്തിൽ 18ാംനൂറ്റാണ്ടിന്റെ അവസാനത്തിൽതന്നെ വിദ്യാഭ്യാസപ്രവർത്തനം ആരംഭിച്ചിരുന്നു. ഇന്നത്തെ രീതിയിലുള്ള വിദ്യാലയങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് തന്നെ ഗുരുകുല വിദ്യാഭ്യാസസമ്പ്രദായം നില വിലുണ്ടായിരുന്നു. പാതിരിയാട്, കുന്നിരിക്ക, കീഴത്തൂർ കല്ലായി വേങ്ങാട് തുടങ്ങിയ പ്രദേശങ്ങളിൽ ഗുരുക്കന്മാർ അവരുടെ വസതികൾ കേന്ദ്രമാക്കി വിദ്യഅഭ്യസിപ്പിച്ചിരുന്നു. ക്രമേണ അവരുടെ അവരുടെ വസതികളോടനുബനിധിച്ച് തന്നെ വിദ്യാലയങ്ങൾ സ്ഥാപിച്ചതായും കാണാം. ഇന്നത്തെ അറമുഖവിലാസം, പാതിരിയാട്, ജൂനിയർ ബേസിക് കീഴത്തൂർ യു. പി, വേങ്ങാട് എൽ. പി. തുടങ്ങിയ സ്കൂളുകൾ അതി നുദാഹരണങ്ങളാണ്. പാതിരിയാട് അറുമുഖവിലാസം സ്കൂൾതന്നെ ഇന്നും അറിയപ്പെടുന്നത് ഗുരുക്കളുടെ സ്കൂൾ എന്ന പേരിലാണ്. സാമൂഹ്യമായ ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്ന 18ാംനൂറ്റാണ്ടിൽ വിദ്യാ ഭ്യാസരംഗത്ത് ഇവർ നല്കിയ മഹത്തായ സംഭാവനകൾ വളരെ വില പ്പെട്ടതായിരുന്നു. ഗുരുശിഷ്യബന്ധത്തിന്റെ ആർഷഭാരത പാരമ്പര്യം ഉയർത്തിപ്പിടിച്ച മൺമറഞ്ഞ ആ ഗുരുക്കന്മാരെ ഈ അവസരത്തിൽ സ്മരിക്കട്ടെ.

പഞ്ചായത്തിൽ വിദ്യാഭ്യാസമേഖലയുടെ രണ്ടാംഘട്ടം ആരംഭിക്കുന്നത് 19ാംനൂറ്റാണ്ടിന്റെ കാലൊച്ചയോടെയാണ്. ആധുനിക വിദ്യാഭ്യാസസമ്പ്രദായം പഞ്ചായത്തിൽ നടപ്പാക്കുന്നതിന് അമൂല്യസംഭാവനകൾ നല്കിയത് സാമൂഹ്യവിദ്യാഭ്യാസപരിഷ്കർ ത്താവായ ഡോക്ടർ ഹെർമൻ ഗുൺഡർട്ട് ആയിരുന്നു. അഞ്ചക്കണ്ടി കറപ്പതോട്ടത്തിൽ പ്രവർത്തിച്ചിരുന്ന പാഠശാലയുടെ പ്രവർത്തനം

തൃപ്തികരമല്ലാത്തതിനാൽ പ്രസ്തുത സ്കൂൾ ഡോ.ഗുൺണ്ടർട്ട് സ്വയം ഏറ്റെടുത്തതോടെ യഥാർത്ഥ സ്കൂൾ വിദ്യാഭ്യാസത്തിന്ന് പഞ്ചായത്തിൽ നാന്ദി കുറിക്കപ്പെട്ടു. 1840 ഫെബ്രുവരിയിൽ ഡോ.ഗുൺണ്ടർട്ട് ഏറ്റെടുത്ത സ്കൂളാണ് 1869ൽ ഇന്നത്ത ബി.ഇ.എം.യു പി സ്കൂളായത്. പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രചരണത്തിൽ കറപ്പത്തോട്ടം ഉടമ ബ്രൗൺ സായിപ്പും ഡോ.ഗുൺണ്ടർട്ടും നല്കിയ സേവനങ്ങൾ അമൂല്യങ്ങളായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ തന്നെ 1880ൽ പഞ്ചായത്തിലെ രണ്ടാമത്തെ സ്കൂളായ കീഴത്തൂർ യു. പി സ്കൂളും ഉയർന്നുവന്നു.

20ാംനൂറ്റാണ്ടിന്റെ ആരംഭത്തിൽതന്നെ വിദ്യാലയങ്ങളുടെ എണ്ണത്തിൽ മുന്നേറ്റം ഉണ്ടായതോടെ വിദ്യാഭ്യാസമേഖലയുടെ വികസനം യാഥാർത്ഥ്യമായി. 1905 - 1910 കാലത്ത് മൂന്നുസകൂളുകളും 1911-21 കാലത്ത് 4 വിദ്യാലയങ്ങളും നിലവിൽ വന്നതോടെ വിദ്യാലയങ്ങളുടെ എണ്ണം 9 ആയി ഉയർന്നു. തുടർന്ന് 1945 ആകുമ്പോഴേക്കും വിദ്യാലയങ്ങളുടെ എണ്ണം 27 ആയി ഉയർന്നിരുന്നു.

പഞ്ചായത്തിലെ ആദ്യഹൈസ്കൂൾ പാതിരിയാട് കോട്ടയം രാജാസ് ഹൈസ്കൂളാണ്. തൊട്ടടുത്ത പഞ്ചായത്തുകളായ മാങ്ങാട്ടിടം, കോട്ടയം, പിണറായി എന്നിവിടങ്ങളിലൊന്നും അന്ന് ഹൈസ്കൂളുകൾ ഉണ്ടായിരുന്നില്ല. സ്വാതന്ത്ര്യലബ്ദിക്ക് ശേഷം പഞ്ചായത്തിൽ രണ്ട് വിദ്യാലയങ്ങൾ മാത്രമെ സ്ഥാപിച്ചിട്ടുള്ളൂ. അത് രണ്ടും ഹൈസ്കൂളുകളായിരുന്നു. ചില എൽ. പി. സ്കൂളുകൾ യു. പി ആയി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്തിന്റെ എല്ലാഭാഗത്തും സന്തുലിതമായിത്തന്നെ വിദ്യാലയങ്ങൾ ആരംഭിച്ചെങ്കിലും വിദ്യാഭ്യാസം സാർവ്വത്രീകമായിരുന്നില്ല. സാമ്പത്തീകമായ പിന്നോക്കാവസ്ഥയും ജനസംഖ്യയിൽ ഭൂരിപക്ഷം വരുന്ന പിന്നോക്കക്കാർ വിദ്യാഭ്യാസത്തിൽ തൽപരരായിരുന്നില്ല എന്നതുമാണ് അതിനു കാരണം. എന്നാൽ ഇന്ന് 5വയസ്സ് പൂർത്തിയായ പഞ്ചായത്തിലെ എല്ലാകുട്ടികളും വിദ്യാലയങ്ങളിൽ എത്തുന്നുണ്ട്. വിദ്യാലയങ്ങളുടേയും വിദ്യാർത്ഥികളുടേയും എണ്ണത്തിൽ നമ്മൾ വളരെ മുന്നിലാണെങ്കിലും ആ രംഗത്ത് അഭിമാനാർഹമായ നേട്ടങ്ങൾ എത്തിപ്പിടിക്കാൻ നമുക്ക് സാധിച്ചിട്ടില്ല. എന്നാൽ അപൂർവ്വമായ ചില ബഹുമതികൾ ഈ രംഗത്ത് നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ട് എന്നുള്ളത് ശ്രദ്ധേയമാണ്.

വിദ്യാഭ്യാസമേഖല ഇന്ന് പ്രശ്നസങ്കീർണ്ണമാണ്. വ്യക്തിവികാസത്തിൽ ഊന്നി സാമൂഹ്യപ്രതിബദ്ധതയുള്ള തലമുറയെ വാർത്തെടുക്കുന്നതിന് വിദ്യാഭ്യാസ പ്രവർത്തനത്തിലൂടെ കഴിയേണ്ടതായിരുന്നുവെങ്കിലും ആ ലക്ഷ്യത്തിലേക്ക് ചെന്നെത്താൻ ഇനിയും നമ്മൾ ബഹുദൂരം പിന്നിടേണ്ടതായിട്ടാണ് ഉള്ളത്. വികേന്ദ്രീകൃത ആസൂത്രണത്തിലൂടെ, അധികാരവികേന്ദ്രീകരണത്തിലൂടെ ആ ലക്ഷ്യം കൈവരിക്കാനുള്ള മഹത്തായ യജ്ഞത്തിൽ നമുക്ക് അണിചേരാം.

അടിസ്ഥാനസൗകര്യങ്ങൾ

പഞ്ചായത്തിൽ പതിനെട്ട് ലോവർപ്രൈമറി സ്കൂളുകളും എട്ട് അപ്പർ പ്രൈമറിസ്കൂളുകളും മൂന്നുഹൈസ്കൂളുകളുമാണ്ഉള്ളത് കൂടാതെ യു. പി. സ്കൂളിനോട് അനുബന്ധിച്ച് എട്ട് എൽ. പി. സെക്ഷനുകളും ഹൈസ്കൂളിനോടനുബന്ധിച്ച് ഒരു യു. പി. സെക്ഷനും പ്രവർത്തിക്കുന്നു. 28വിദ്യാലയങ്ങൾ സ്വകാര്യമേഖലയിലെ എയ്ഡഡ് സ്കൂളുകളാണ്. പഞ്ചായത്തിലെ ഏകസർക്കാർസ്കൂൾ വേങ്ങാട് ഹൈസ്കൂളുകളാണ്. ഇതിനുപുറമെ പഞ്ചായത്തിൽ അംഗീകൃതമല്ലാത്ത ഒരു ഇംഗ്ലീഷ് മീഡിയം ലോവർപ്രൈമറി സ്കൂളും 13 മുസ്ലീം മതപഠന കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. 29 സ്കൂളുകളിലായി 11, 225 വിദ്യാർത്ഥികളുണ്ട്.

25.04 ~~രണ്ടായിരത്തി ഒമ്പത്~~ ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള പഞ്ചായത്തിൽ ഓരോ ചതുരശ്ര കിലോമീറ്ററിനും ഒരു എൽ. പി. സ്കൂൾ വീതം പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ എൽ.പി. സ്കൂളിലെത്താൻ ഒരു വിദ്യാർത്ഥിയും ഒരു കിലോമീറ്ററിൽകൂടുതൽ ദൂരം സഞ്ചരിക്കേണ്ടി വരുന്നില്ല. സംസ്ഥാനത്ത് 5.80 ചതുരശ്ര കിലോമീറ്ററിന് ഒരു എൽ. പി. സ്കൂൾ എന്നതോതിൽ മാത്രമെ ഉള്ളൂ.

3.5ചതുരശ്ര കിലോമീറ്ററിന് ഒരു യു. പി. സ്കൂൾ വീതമാണ് പഞ്ചായത്തിലുള്ളത്. എങ്കിലും രണ്ടരകിലോമീറ്ററിൽകൂടുതൽ ദൂരം വിദ്യാർത്ഥികൾക്ക് സഞ്ചരിക്കേണ്ടിവരുന്നില്ല. കല്ലായി(മൂന്നാംവാർഡ്) എട്ടാം വാർഡിലെ പാതിരിയാട്, പടുവിലായി(ആറാം വാർഡ്) എന്നീ പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്കാണ് യു. പി സ്കൂളിലെത്താൻ കൂടുതൽ ദൂരം സഞ്ചരിക്കേണ്ടിവരുന്നത്. ഏതാനും എൽ. പി. സ്കൂളുകൾ യു. പി. സ്കൂളുകളാക്കി ഉയർത്തിയാൽ ഈ പ്രയാസം പരിഹരിക്കാൻ സാധിക്കും. എന്നാൽ സംസ്ഥാനത്ത് 13ചതുരശ്രകിലോമീറ്ററിന് ഒരു യു. പി. സ്കൂൾ മാത്രമാണുള്ളത്.

പഞ്ചായത്തിലെ മൂന്ന് ഹൈസ്കൂളുകളിൽ രണ്ടെണ്ണം സ്വകാര്യമേഖലയിലും ഒന്ന് സർക്കാർ മേഖലയിലുമാണുള്ളത് ഹൈസ്കൂളിൽ എത്തുന്നതിന് പഞ്ചായത്തിലെ ഒരു വിദ്യാർത്ഥിക്കും 3.5കിലോമീറ്ററിൽ കൂടിതൽ സഞ്ചരിക്കേണ്ടിവരുന്നില്ല. നമുക്ക് 9.25 ചതുര ശ്രകിലോമീറ്ററിന് ഒരു ഹൈസ്കൂൾ വീതമുള്ളപ്പോൾ സംസ്ഥാനത്ത് 15 ചതുരശ്രകിലോമീറ്ററിന് ഒരു ഹൈസ്കൂൾ വീതം മാത്രമാണുള്ളത്. മൊത്തത്തിൽ വിദ്യാലയങ്ങളുടെ എണ്ണംകൊണ്ട് സമ്പന്നമാണ് നമ്മുടെ പഞ്ചായത്ത്. പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ പൊതുവിവരങ്ങൾ അനുബന്ധം ഒന്നിലും രണ്ടിലും ചേർത്തിട്ടുണ്ട്.

അനുബന്ധം – 2
വിദ്യാലയങ്ങൾ വാർഡുകളിലൂടെ

വാർഡ്	എൽ. പി. സ്കൂളിന്റെ എണ്ണം	യു. പി. സ്കൂളിന്റെ എണ്ണം	ഹൈസ്കൂളിന്റെ എണ്ണം	മറ്റ് വിദ്യാലയസ്ഥാപനങ്ങളുടെ എണ്ണം
1	1	1	1	
2	–	1		2
3	3	–		
4	–	1		3
5	2	1		
6	3	–		
7	3	–	1	
8	2	–		
9	1	1		
10	1	1		
11	1	–		
12	1	2	1	4
ആകെ	18	8	3	9

അവലംബം: സാമൂഹ്യസാമ്പത്തിക സർവ്വെ

അനുബന്ധം - 1

വിദ്യാലയങ്ങളുടെ പൊതുവിവരം

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	എൽ.പി യു. പി ഹൈസ് കൂൾ	ഉടമ സ്ഥത	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം			ഉപയോഗിക്കാത്ത സ്കൂൾ സ്ഥലം
				ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11
1	കീഴത്തൂർ വെസ്റ്റ് LP, കീഴത്തൂർ	LP	എയിഡഡ്	105	100	205	3	5	8	-
2	ചാത്തോത്ത് LP, കേളാലൂർ	"	"	35	38	73	2	2	4	-
3	അശോകവിലാസം LP,പറമ്പായി	"	"	57	46	103	1	3	4	-
4	അറമുഖവിലാസം LP, പാതിരിയാട്	"	"	82	72	154	3	3	6	-
5	പറമ്പായി മുസ്ലിം LP, പറമ്പായി	"	"	63	43	106	3	2	5	-
6	പാതിരിയാട് വെസ്റ്റ് LP, പാതിരിയാട്	"	"	58	40	98	1	5	6	-
7	പൊയനാട് മാപ്പിള LP, പൊയനാട്		"	"	55	50	105	2	3	5
8	എൻ.കെ.എം.എം.മുസ്ലിം LP, പാതിരിയാട്	"	"	63	59	122	2	3	5	-
9	ശ്രീ. കൃഷ്ണ വിലാസം LP, കുന്നിക്കര	"	"	32	47	79	3	2	5	-
10	ചാമ്പാട് LP, ചാമ്പാട്	"	"	50	42	92	1	3	4	-
11	കീഴല്ലൂർ മാപ്പിള LP, വെൺമണൽ	"	"	66	65	131	2	3	5	-
12	കല്ലായി A LP, കല്ലായി	"	"	67	50	117	4	1	5	-
13	എം എം ഐ. LP കല്ലായി	"	"	67	67	134	3	3	6	1 ഏക്കർ
14	കുരുയോട് LP, കുരിയോട്	"	"	70	77	147	2	3	5	
15	ഊർപ്പള്ളി LP, ഊർപ്പള്ളി	"	"	53	53	106	3	2	5	
16	വേങ്ങാട് LP, വേങ്ങാട്	"	"	105	75	180	2	6	8	
17	പാതിരിയാട് JBS, പാതിരിയാട്	"	"	118	113	231	4	6	10	
18	പടുവിലായി LP, പടുവിലായി	"	"	51	63	114	2	2	4	
19	കീഴത്തൂർ UP, പാതിരിയാട്	UP	"	260	247	507	7	10	17	
20	ശിവപ്രകാശം, UPപറമ്പായി	"	"	141	149	290	4	9	13	50സെ
21	മമ്പറം UP, മമ്പറം	"	"	496	447	943	7	24	31	1 ഏക്കർ
22	കേളാലൂർ UP, കേളാലൂർ	"	"	96	99	195	2	7	9	
23	വേങ്ങാട് മാപ്പിള, UP,വേങ്ങാട്	"	"	142	136	278	5	8	13	
24	വേങ്ങാട് സൗത്ത് UP "	"	"	256	255	511	4	17	21	50 സെ
25	ബി.ഇ.എം.യു.പി.അഞ്ചരക്കണ്ടി	"	"	338	334	672	8	14	22	-
26	കുന്നിരക്ക യു.പി.കുന്നരിക്ക	"	"	170	155	325	3	11	14	1.50ഏക്കർ
27	കെ.ആർ.എച്ച്.എസ്,പാതിരിയാട്	HS	"	490	443	933	24	16	40	
28	മമ്പറം HS മമ്പറം	"	"	1664	1451	3115	60	36	96	25സെ
29	വേങ്ങാട് HS,വേങ്ങാട്	"	Govt	583	576	1159	26	17	43	2ഏക്കർ
				5833	5392	11,225	193	226	419	

അവലംബം: ദ്വിതീയ വിവര ശേഖരണം

സ്കൂൾ പ്രവേശനം

പഞ്ചായത്തിൽ ഒന്നാം ക്ലാസിലെത്തിയ കുട്ടികളുടെ എണ്ണം 1992ൽ 891 ആയിരുന്നെങ്കിൽ 1996ൽ അത് എഴുന്നൂറ്റിഎൺപത്തിഒന്നായി കുറഞ്ഞിട്ടുണ്ട്. 1995ൽ ഒന്നാം ക്ലാസിൽ എഴുന്നൂറ്റി തൊണ്ണൂറ്കുട്ടികളാണ് എത്തിയത്. ഈവർഷം മുൻവർഷത്തെ അപേക്ഷിച്ച് ഒന്നാം ക്ലാസിൽ എത്തിയ കുട്ടികളുടെ എണ്ണത്തിൽ 1.14% കുറവാണുള്ളത്. ഇത് സംസ്ഥാനനിരക്കിനേക്കാളും കുറവാണ്. നാമ മാത്രമായെങ്കിലും മറ്റ് പ്രദേശങ്ങ ളിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കും കുട്ടികൾ പോകുന്നുണ്ട്. 1993ലും 1994ലും മുൻവർ ഷങ്ങളിലെ അപേക്ഷിച്ച് എണ്ണത്തിൽ വർദ്ധന വാണ് കാണിക്കുന്നത്. കുട്ടികളുടെ എണ്ണത്തിലുള്ള ഏറ്റകുറച്ചിലുകൾ അനുബന്ധം മൂന്നിൽ രേഖപ്പെടുത്തിയിരിക്കുന്നു.



അനുബന്ധം - 3

ഒന്നാംതരത്തിൽ എൻട്രോൾ ചെയ്ത കുട്ടികളുടെ എണ്ണം

അനുബന്ധം - 4

പട്ടികജാതി/ വർഗ്ഗവിദ്യാർത്ഥികൾ

ക്ലാസ്	എണ്ണം		ആകെ
	ആൺ	പെൺ	
1	3	5	8
2	5	2	7
3	6	9	15
4	4	2	6
5	4	7	11
6	8	6	14
7	10	3	13
8	6	8	14
9	3	3	6
10	4	4	8
	53	49	102

അവലംബം: സാമൂഹ്യസാമ്പത്തിക സർവ്വെ

അദ്ധ്യാപക വിദ്യാർത്ഥി അനുപാതം

29 സ്കൂളുകളിലായി 11, 225 വിദ്യാർത്ഥികളാണ് ഉള്ളത്. ഇതിൽ 5840 ആൺകുട്ടികളും 5385 പെൺകുട്ടികളുമാണ്. എൽ. പി. യു. പി, ഹൈസ്കൂൾ വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ കണക്ക് ചുവടെ ചേർക്കുന്നു. വിവിധ ക്ലാസുകളിലായി പഠിക്കുന്ന പട്ടികജാതി/ വർഗ്ഗവിദ്യാർത്ഥികളുടെ എണ്ണം 102 ആണ്. അനുബന്ധം 4 നോക്കുക.

വിഭാഗം	വിദ്യാർത്ഥികളുടെ എണ്ണം		ആകെ
	ആൺ	പെൺ	
എൽ. പി	1204	1093	2297
യു. പി.	1899	1822	3721
ഹൈസ്കൂൾ	2737	2470	5207

മൊത്തം 419 അദ്ധ്യാപകരുള്ള തിൽ പുരുഷന്മാർ 193ഉം സ്ത്രീകൾ 1226ഉം ആണ്. പഞ്ചാ യത്തിലെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:27 ആണ്. സംസ്ഥാനതല അനുപാതം 1: 30 ആണ്.

ആൺഎക്കണോമിക്ക് സ്കൂൾ

നാല് എൽ.പി സ്കൂളുകളും ഒരു യു. പി. സ്കൂളുമാണ് പഞ്ചായത്തിൽ അൺഎക്കൊണോമിക്ക് ആയിട്ടുള്ളത്. മുൻവർഷങ്ങളിൽ അൺഎക്കണോമിക്ക് ആയിരുന്ന ചില വിദ്യാലയങ്ങൾ ഈ വർഷം എക്കണോമിക്ക് ആയി ഉയർന്നിട്ടുണ്ട്. ചില സ്കൂളിൻെറ പരിധിക്കകത്ത് നിന്നും കുട്ടികൾ മറ്റ് സ്കൂളിൽ പോകുന്നുണ്ട്. ചില സ്കൂളുകളിലെ പഠനനിലവാരം മോശമായതുകൊണ്ടും പരിധിവിട്ട് പോകുന്നുണ്ട്. കൂടാതെ ചില സ്കൂളുകൾ ആൺഎക്കണോമിക്ക് ആവാതിരിക്കുന്നതിന് സമ്മർദ്ധം ചെലുത്തി കുട്ടികളെ പരിധിവിട്ട് ചേർക്കുന്നരീതിയും അവലംബിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഒരു പ്രൊട്ടക്റ്റഡ് അധ്യാപകൻ മാത്രമാണുള്ളത്

പഠനനിലവാരം

വിദ്യാലയങ്ങളുടെ എണ്ണം കൊണ്ട് പഞ്ചാ യത്ത് സമ്പന്നമാണെങ്കിലും വിദ്യാഭ്യാസ നില വാരം തൃപ്തികരമാണെന്ന് പറഞ്ഞ് കൂടാ. ഒന്ന് മുതൽ 9വരെ ഉള്ള ക്ലാസുകളിൽ 30% താഴെ മാർക്ക് ലഭിച്ച 1680 കുട്ടികൾ ഉണ്ട് എന്നാണ് കണക്ക്. 30നും 40നും ഇടയിൽ മാർക്ക് ലഭിക്കുന്ന കുട്ടികൾ പഞ്ചായത്തിൽ 2513ആണ്. അതായത് 4193കുട്ടികൾ 40%ത്തിൽ താഴെ മാർക്ക് ലഭി ക്കുന്ന കുട്ടികളാണ്. ഇത് മൊത്തം കുട്ടികളുടെ 44% വരും. അനുബന്ധം 5ൽ നിന്നും മാർക്കിൻെറ അടിസ്ഥാനത്തിൽ വിദ്യാർ ത്ഥികളുടെ പഠനനിലവാരം മനസി ലാക്കാം.

അനുബന്ധം – 5

പഠനനിലവാരം പഞ്ചായത്തിൽ



അവലംബം: ദ്വിതീയ വിവര ശേഖരണം

ലോവർ പ്രൈമറിവിഭാഗത്തിലുള്ള മൊത്തം 3272 വിദ്യാർത്ഥികളിൽ 1440പേരും 60%നു മുകളിൽ മാർക്ക് വാങ്ങുന്നവരാണ്. എൽ. പി. വിഭാഗത്തിൽമാർക്കിന്റെ അടിസ്ഥാനത്തി ലുള്ള നിലവാരം അനുബന്ധം 6ൽ രേഖപ്പെടുത്തിയി ട്ടുണ്ട്. മൊത്തം വിദ്യാർത്ഥികളിൽ 44% അറുപതു ശതമാനത്തിൽ കൂടുതൽ മാർക്ക് വാങ്ങുന്നു ണ്ടെങ്കിലും യു. പി. വിഭാഗത്തിൽ എത്തുമ്പോൾ 30%ൽ താഴെ മാർക്ക് ലഭിക്കുന്നവരുടെ എണ്ണം വർദ്ധിക്കുകയാണ്. യു. പി. വിഭാഗത്തിലെ പഠനനിലവാരം അനുബന്ധം ആറിൽ നിന്നും മനസ്സിലാക്കാം.

വിഭാഗം	ആകെ കുട്ടികൾ	30%ൽ താഴെ	30-40	40-50	50-60	60%മുകളിൽ
എൽ.പി	3272	238	392	568	634	1440
യു.പി	2658	493	496	502	443	724





എൽ. പി, യു. പി. വിഭാഗങ്ങളിലെ പഠനനിലവാരം വിശകലനം ചെയ്യുമ്പോൾ രണ്ട് വിഭാഗങ്ങളിലും ഉയർന്നമാർക്ക് ലഭിക്കുന്ന കുട്ടികളുടെ നിലവാരം യഥാർത്ഥ നിലവാര മല്ലെന്ന് മറിച്ച് മോഡറേഷനിലൂടെ ഉയർന്ന കൃത്രിമ നിലവാരമാ ണെന്നും മനസ്സിലാക്കാൻ പ്രയാസമില്ല. പഞ്ചായത്തിലെ പൊതുസ്ഥിതി ഇതാണെങ്കിലും ഒറ്റപ്പെട്ട ചില വിദ്യാലയങ്ങളുടെ സ്ഥിതി ഇതിൽ നിന്നും ഭിന്നമാകാം. പഞ്ചായത്ത് തലത്തിൽ ഒന്ന് മുതൽ 9വരെ ക്ലാസുകളിൽ 60% മുകളിൽ മാർക്ക് ലഭിച്ചവരുടെ വിവരം അനുബന്ധം 7ൽ കാണാം.പഞ്ചായത്തിലെ ഒരു സ്കൂളിൽ എം എൽ എൽ പദ്ധതി നടപ്പാക്കുന്നുണ്ട്.

പ്രൈമറി തലത്തിലെ പഠനനിലവാരം ഇതാണെങ്കിൽ ഹൈസ്കൂൾ തലത്തിലെ പഠനനിലവാരം ഉൽക്കണ്ഠയുളവാക്കുന്നതാണ്. പഞ്ചായത്തടിസ്ഥാനത്തിൽ എസ് എസ് എൽ സി വിജയശതമാനം വർഷംതോറും കുറഞ്ഞു വരുന്ന പ്രവണതയാണ് കാണുന്നത്. 1991 - 92വർഷത്തിൽ പഞ്ചായത്തിലെ എസ് എസ് എൽ. സി. വിജയശതമാനം 65 ആയിരുന്നെങ്കിൽ 1995 - 96ൽ അത് 49. 66%ആയി കുറഞ്ഞിരിക്കുകയാണ്. കഴിഞ്ഞ 5വർഷങ്ങളിലെ പഞ്ചായത്തിലെ എസ്.എസ്. എൽ. സി വിജയശതമാനം അനുബന്ധം 8ൽ രേഖപ്പെടുത്തിയിട്ടുണ്ട് പഞ്ചായത്തിൽ ആദ്യം നിലവിൽ വന്നത് പഴക്കം ചെന്നതുമായ കോട്ടയം രാജാസ് ഹൈസ്കൂളിലെ എസ് എസ് എൽ സി വിജയശതമാനം തീർത്തും നിരാശാജനകമാണ്. 1991 - 92ൽ വിജയശതമാനം 57.5%ആയിരുന്നെങ്കിൽ 1995 96ൽ അത് 21.10%ആയി കുറഞ്ഞിരിക്കുകയാണ്. പരിചയസമ്പത്തും പാരമ്പര്യവും അവകാശപ്പെടാവുന്ന ഈ വിദ്യാലയത്തിൽ പഠനനിലവാരം താഴാനുണ്ടായകാരണങ്ങളെ സംബന്ധിച്ച് ആഴത്തിൽ പഠിക്കേണ്ടതുണ്ട്. വേങ്ങാട് ഗവൺമെൻറ് ഹൈസ്കൂളും നിലവാരം മെച്ചപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. മമ്പറം ഹൈസ്കൂൾ വിജയശതമാനത്തിൽ മുന്നിട്ടുനിൽക്കുന്നു എന്നുള്ളത് അഭിനന്ദനമർഹിക്കുന്നു.

കഴിഞ്ഞ 5വർഷത്തെ സ്കൂൾ തല വിജയശതമാനം താഴെ ചേർക്കുന്നു.

എസ് എസ് എൽ സി. വിജയശതമാനം

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	1991-92	1992-93	1993-94	1994-95	1995-96
1	കോട്ടയം രാജാസ് ഹൈസ്ക്കൂൾ, പാതിരിയാട്	57.5	44.9	48.90	31	21.10
2	ഗവ:ഹൈസ്കൂൾ. ,വേങ്ങാട്	52	60	54	42	45
3	മമ്പറം ഹൈസ്കൂൾ, മമ്പറം	88	82	74.05	77.2	83

അനുബന്ധം – 9

ഭൗതീക സൗകര്യങ്ങൾ – പ്രൈമറി സ്കൂളുകളിൽ

	സ്കൂളിന്റെ പേര്	ആകെ ഡിവിഷനുകളുടെ എണ്ണം	കെട്ടിടങ്ങളുടെ എണ്ണം			മുറികളുടെ എണ്ണം			ഇനി ആവശ്യമുള്ള മുറികളുടെ എണ്ണം	നിർമ്മിക്കേണ്ടവയുടെ ഏകദേശ കണക്ക്	ഓഫീസ് മുറിയുടെ എണ്ണം	മുഴുവൻ ഡിവിഷനുകൾക്കുമുള്ള ക്ലാസ്സ് മുറികൾ	ഓഫീസ് മുറിയുടെ എണ്ണം	ടോയ്ലറ്റുകളുടെ എണ്ണം	കുടിവെള്ള സൗകര്യം	ഇനി ആവശ്യമായ ഫർണ്ണിച്ചറുകളുടെ എണ്ണം				ഉച്ചഭക്ഷണ പദ്ധതി
			സ്ഥിരം	അർദ്ധ സ്ഥിരം	താൽക്കാലികം	സ്ഥിരം	അർദ്ധ സ്ഥിരം	താൽക്കാലികം								ഡസ്ക്	ബെഞ്ച്	മേശ	കസേര	
1	കീഴത്തൂർ വെസ്റ്റ് എൽ.പി.കീഴത്തൂർ	7	–	1	–	–	1	–	3	ഉണ്ട്	1	8	2	–	ഇല്ല	ഇല്ല	ഇല്ല	ഇല്ല	20	20	6	5	ശരിയല്ല
2	ചാത്തോത്ത് എൽ.പി.കേളാലൂർ	4	2	–	1	3	–	1	–	–	–	–	2	–	,,	,,	,,	,,	20	10	4	4	
3	അശോകവിലാസം എൽ.പി,പറമ്പായി	4	1	–	–	5	–	–	–	–	–	–	2	–	,,	,,	,,	,,	4	10	2	4	
4	അറുമുഖവിലാസം.എൽ.പി,പാതിരിയാട്	5	1	–	–	2	–	–	1	ഉണ്ട്	2	10	1	1	ഉണ്ട്	ഉണ്ട്	,,	,,	10	10	2	2	,,
5	പറമ്പായിമുസ്ലീം എൽ.പി,പറമ്പായി	4	1	–	–	1	–	–	1	,,	1	–	–	–	ഇല്ല	ഇല്ല	,,	,,	10	20	6	9	,,
6	പാതിരിയാട് വെസ്റ്റ്.എൽ.പി	4	1	–	–	1	–	–	–	–	1	1	1	–	,,	,,	,,	,,	10	10	2	7	,,
7	പൊയനാട് മാപ്പിള.എൽ.പി,പൊയനാട്	4	1	–	–	4	–	–	ഇല്ല	–	1	5	1	–	,,	,,	,,	,,	10	10	4	4	,,
8	എൻ.കെ.എം.എം.മുസ്ലീം എൽ.പി.പാതിരിയാട്	4	1	–	–	1	–	–	2	ഉണ്ട്	2	2	3	2	ഉണ്ട്	,,	,,	,,	20	20	6	11	–
9	എസ്.കെ.വി.എൽ.പി.എസ്,കുന്നിരിക്ക	4	1	–	1	5	–	–	–	–	1	3	1	–	ഇല്ല	,,	,,	,,	5	4	3	4	,,
10	ചാമ്പാട് എൽ.എൽ, ചാമ്പാട്	4	1	–	–	4	–	–	–	–	–	–	2	–	,,	,,	,,	,,	4	4	4	4	–
11	കീഴല്ലൂർ മാപ്പിള എൽ.പി,കല്ലായി	4	1	–	–	2	–	–	2	ഉണ്ട്	–	–	2	–	,,	,,	ഉണ്ട്	,,	24	24	4	4	,,
12	കല്ലായി എൽ.പി	4	1	–	–	5	–	–	–	–	–	–	2	–	,,	,,	,,	,,	16	16	6	4	,,
13	എം.എം.ഐ.എൽ.പി,കല്ലായി	4	1	–	–	4	–	–	–	ഉണ്ട്	–	–	2	–	,,	,,	,,	,,	6	6	1	4	ശരിയല്ല
14	കുരിയോട് എൽ.പി	5	1	1	–	1	5	–	–	,,	–	–	3	–	ഉണ്ട്	,,	ഇല്ല	,,	5	5	3	3	,,
15	ഊർപ്പള്ളി എൽ.പി	4	–	1	–	–	4	–	–	–	–	–	2	–	ഇല്ല	,,	,,	,,	15	15	3	2	
16	വേങ്ങാട് എൽ.പി.വേങ്ങാട്	7	3	1	1	4	1	–	1	ഇല്ല	–	–	2	1	ഉണ്ട്	ഉണ്ട്	,,	,,	–	–	–	–	–
17	പടുവിലായി എൽ.പി	4	1	–	–	–	–	–	–	–	1	4	2	–	,,	ഇല്ല	ഉണ്ട്	,,	–	–	–	–	–
18	പാതിരിയാട് ജൂനിയർ ബേസിക്, പാതിരിയാട്	8	–	5	–	–	9	–	–	ഉണ്ട്	2	10	2	–	,,	,,	,,	,,	10	20	3	5	,,
19	കീഴത്തൂർ.യു.പി, പാതിരിയാട്	13	5	4	–	8	6	–	2	,,	2	4	4	2	,,	ഉണ്ട്	,,	,,	25	25	5	5	,,
20	ശിവപ്രകാശം,യു.പി, പറമ്പായി	9	3	–	–	10	2	–	2	,,	1	2	2	–	,,	,,	,,	,,	10	10	2	4	,,
21	മമ്പറം.യു.പി, മമ്പറം	24	1	7	–	8	18	–	1	,,	2	20	1	1	,,	,,	,,	ഉണ്ട്	120	195	27	24	,,
22	കേളാലൂർ.യു.പി.കേളാലൂർ	7	1	–	–	7	–	–	2	ഇല്ല	–	–	2	–	–	ഇല്ല	ഇല്ല	ഇല്ല	15	50	3	10	,,
23	വേങ്ങാട് മാപ്പിള യു.പി	11	11	–	–	11	–	–	–	–	3	10	–	1	,,	,,	ഉണ്ട്	ഉണ്ട്	–	10	2	2	,,
24	വേങ്ങാട് സൗത്ത് യു.പി	15	4	–	–	20	–	–	–	ഉണ്ട്	2	60	2	1	,,	ഉണ്ട്	,,	,,	5	5	1	2	,,
25	ബി.ഇ.എം.യു.പി, അഞ്ചരക്കണ്ടി	17	5	–	–	20	–	–	–	,,	2	10	–	1	,,	,,	,,	,,	25	10	6	6	,,
26	കുന്നിരിക്ക യു.പി.കുന്നിരിക്ക	–	1	4	–	–	–	–	–	ഉണ്ട്	1	6	1	–	,,	ഇല്ല	,,	,,	–	–	–	–	–

അനുബന്ധം–10

ഭൗതീക സൗകര്യങ്ങൾ – ഹൈസ്കൂളുകളിൽ

ക്രമനമ്പർ	സ്കൂളിന്റെ പേര്	ഹൈസ്കൂൾ ടീച്ചേഴ്സ്	കെട്ടിടങ്ങളുടെ എണ്ണം			മുറികളുടെ എണ്ണം			ഹൈസ്കൂൾ ടീച്ചേഴ്സിന് ശുചിമുറി	ടോയ്ലറ്റ് യൂണിറ്റുകൾ	ഹൈസ്കൂൾ ടീച്ചേഴ്സിന് കമ്പ്യൂട്ടർ	ഹൈസ്കൂൾ ടീച്ചേഴ്സിന് ലൈബ്രറി	ഹൈസ്കൂൾ ടീച്ചേഴ്സിന് സ്റ്റാഫ് റൂം	ഓഫീസ് മുറി	ഫർണിച്ചർ	ലൈബ്രറി	ഓഫീസ്	ഇനി ആവശ്യമായ ഫർണ്ണിച്ചറുകളുടെ എണ്ണം				ഫർണിച്ചർ സ്വന്തമായി വാങ്ങിയ തുക
			കെട്ടിടങ്ങളുടെ എണ്ണം			മുറികളുടെ എണ്ണം												ഇനി ആവശ്യമായ ഫർണ്ണിച്ചറുകളുടെ എണ്ണം				

അനുബന്ധം 11

അക്കാദമിക്ക് സൗകര്യങ്ങൾ – പ്രൈമറി സ്കൂളുകളിൽ

	സ്കൂളിന്റെ പേര്	ഗ്രന്ഥശാല	ലബോറട്ടറി/ സയൻസ് കോർണർ	പഠനോപകരണങ്ങൾ മേഘ്ച്ചാർട്ട്	റേഡിയോ	ടേപ്പ് റിക്കാർഡർ	ബ്ലാക്ക് ബോർഡ്		1995-96 ലെ പ്രവൃത്തി ദിവസം	ഗ്രാമീണ പ്രദേശത്തുള്ള സ്കൂളുകളിൽ ലഭിച്ച ഗ്രാന്റ് (രൂപയിൽ)	ഗ്രാമീണ മേഖലയിലെ സ്കൂളുകൾ/ സാമൂഹ്യ സംഘടനകൾ	സ്കൂൾ ഓട്ടോമേഷൻ നടത്തിയിട്ടുണ്ടോ
							ആവശ്യമുള്ളത്	നിലവിലുള്ളത്				
1	കീഴത്തൂർ വെസ്റ്റ് എൽ.പി	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	5	5	194	6	സജീവം	–
2	ചാത്തോത്ത് എൽ.പി	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	—	4	2	193	10	സജീവം	–
3	അശോകവിലാസം എൽ.പി	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	–	4	4	193 1/2	13	സജീവം	–
4	അറുമുഖവിലാസം എൽ.പി	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	5	3	196	–	സജീവം	–
5	പറമ്പായി മുസ്ലീം എൽ.പി	–	–	ഉണ്ട്	ഉണ്ട്	–	4	4	200	—	സജീവമല്ല	–
6	പാതിരിയാട് വെസ്റ്റ് എൽ.പി	–	–	ഭാഗീകം	–	–	4	4	193	–	സജീവം	–
7	പൊയനാട് മാപ്പിള എൽ.പി	ഉണ്ട്	ഉണ്ട്	ഭാഗീകം	–	–	4	4		13 1/2	സജീവം	–
8	എൻ.കെ.എം.എം.എം.മുസ്ലിം എൽ.പി	ഉണ്ട്	ഉണ്ട്	ഭാഗീഗം	–	–	4	4	186	6	സജീവമല്ല	–
9	ശ്രീ കൃഷ്ണവിലാസം എൽ.പി	ഉണ്ട്	ഇല്ല	ഉണ്ട്	–	–	4	3	195	5	സജീവം	–
10	ചമ്പാട് എൽ.പി	ഉണ്ട്	ഉണ്ട്	ഭാഗീഗം	–	–	4	2	194	6	സജീവം	–
11	കീഴല്ലൂർ മാപ്പിള എൽ.പി	ഇല്ല	ഉണ്ട്	ഭാഗീകം	–	–	4	4	185	–	സജീവം	–
12	കല്ലായി എ.എൽ.പി	ഇല്ല	ഇല്ല	ഭാഗീഗം	–	–	4	4	192 1/2	4 1/2	സജീവം	3
13	എം.എം.ഐ.എൽ.പി.കല്ലായി	ഉണ്ട്	ഉണ്ട്	ഉണ്ട്	–	–	6	6	186 1/2	4	സജീവം	–
14	കുരിയോട് എൽ.പി	ഉണ്ട്	ഇല്ല	ഭാഗീകം	–	–	6	6	194	–	സജീവമല്ല	–
15	ഊർപ്പള്ളി എൽ.പി	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	–	4	3	193	7	സജീവമല്ല	–
16	വേങ്ങാട് എൽ.പി	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	–	7	7	190	10	സജീവം	–
170	പാതിരിയാട് ജെ.ബി.എസ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	–	8	5	190	–	സജീവമല്ല	–
18	പടുവിലായി എൽ.പി	ഇല്ല	ഉണ്ട്	ഭാഗീകം	–	–	4	4	190	–	സജീവം	–
19	കീഴത്തൂർ യു.പി	ഉണ്ട്	ഇല്ല	ഉണ്ട്	—	–	13	13	193	19	”	–
20	ശിവപ്രകാശം യു.പി	ഉണ്ട്	ഉണ്ട്	ഉണ്ട്	–	–	11	10	193 1/2	2	സജീവമല്ല	–
21	മമ്പറം യു.പി	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	–	24	24	194	6	സജീവമല്ല	–
22	കേളാലൂർ യു.പി										–	
23	വേങ്ങാട് മാപ്പിള യു.പി	ഇല്ല	ഇല്ല	ഭാഗീഗം	–	–	9	9	136 1/2	13 1/2	സജീവം	–
24	വേങ്ങാട് സൗത്ത് യു.പി	ഉണ്ട്	ഉണ്ട്	ഭാഗീകം	–	–	15	15	194	6	സജീവം	–
25	ബി.ഇ.എം.യു.പി.	ഉണ്ട്	ഉണ്ട്	ഉണ്ട്	–	–	17	17	190 1/2	3	സജീവം	–
26	കുന്നിക്കര യു.പി	ഇല്ല	ഇല്ല	ഭാഗീകം	–	–	10	10	188	6		6

അവലംബം: ദ്വിതീയ വിവര ശേഖരണം

അനുബന്ധം 12
അക്കാദമിക്ക് സൗകര്യങ്ങൾ – ഹൈസ്കൂളുകളിൽ

ക്രമനമ്പർ	സ്കൂളിന്റെ പേര്	ലൈബ്രറി	ലബോറട്ടറി /സയൻസ് കോർണർ	പഠനോപകരണങ്ങൾ ഷോപ്പ് ചാർട്ട്	റേഡിയോ	ടേപ്പ് റിക്കാർഡർ	ടിവി	വീസിആർ/വിസിപി	സിനിമ പ്രൊജക്ടർ	ഓവർഹെഡ് പ്രൊജക്ടർ	ഒ.എച്ച്.പി	ബ്ലാക്ക് ബോർഡ്			ടോയ്ലറ്റ് സൗകര്യം	ലഭ്യമായ ഗ്രൗണ്ടിന്റെ വിസ്തീർണ്ണം (ഏക്കറിൽ)	ലഭ്യമായ കളിസ്ഥലം	ഹൈസ്കൂൾ/ഹയർസെക്കൻഡറി/വൊക്കേഷണൽ
												കമ്പ്യൂട്ടർ	സ്മാർട്ട് ക്ലാസ്സ്	ഓവർഹെഡ് പ്രൊജക്ടർ				
1	കോട്ടയം രാജാസ് ഹൈസ്കൂൾ	ഉണ്ട്	ഉണ്ട്	ഭാഗീകം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	-		179	2	6		സജീവം
2	ഗവ: ഹൈസ്കൂൾ, വേങ്ങാട്	ഉണ്ട് തൃപ്തികരമല്ല	ഉണ്ട് സ്ഥലം കുറവ്	വേണ്ടത്ര ഇല്ല	1	1	-	-	ഉണ്ട്	2	1	ഇല്ല	17	27	176	6	10		സജീവം
3	മമ്പറം ഹൈസ്ക്കൂൾ	ഉണ്ട്	ഉണ്ട്	ഉണ്ട്	3	1	2	-	-	1	-	-	70	70	191	-	-	-	സജീവം

അവലംബം: ദ്വിതീയ വിവര ശേഖരണം

അനുബന്ധം - 8

എസ്. എസ്. എൽ. സി വിജയശതമാനം



1995ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് ഓരോ പ്രൈമറി വിദ്യാർത്ഥിക്കും 1579 - 61 രൂപയും ഓരോ സെക്കൻററി വിദ്യാർത്ഥിക്കും 2632.90 രൂപ നിരക്കിലും സംസ്ഥാനസർക്കാർ ചെലവഴിച്ചിട്ടുണ്ട്. ഈ നിരക്ക് അനുസരിച്ച് നമ്മുടെ പഞ്ചാ യത്തിൽ വർഷത്തിൽ പ്രൈമറി വിദ്യാഭ്യാസത്തിന് വേണ്ടി ഏകദേശം 95ലക്ഷവും സെക്കൻററി വിദ്യാഭ്യാസത്തിന് 1കോടി 37 ല ക്ഷവും സർക്കാർ ചെലവഴിക്കുന്നുണ്ട്. ഈ വർഷം ഇത് കൂടും. ഇത്രയേറെ പണം ഈ മേഖലക്ക് വേണ്ടി ചെലവഴിച്ചിട്ടും നമ്മുടെ പഠനനിലവാരം ഉയരുന്നില്ലെന്ന് മാത്രമല്ല താഴേക്ക് കൂപ്പുകുത്തുകയും ചെയ്യുന്നു

ഭൗതീക അക്കാദമിക് സൗകര്യങ്ങളുടെ അപര്യാപ്തത പാഠ്യാനുബന്ധ പ്രവർത്തിനത്തിലെ പോരായ്മകൾ, പുനഃപരിശീലനം ലഭിക്കാത്ത അധ്യായപകർ, മൂല്യനിർണ്ണയത്തിലെ അശാസ്ത്രീയത, സാമൂഹ്യപ്രതിബദ്ധത നഷ്ടപ്പെട്ടുപോയ അദ്ധ്യാപകർ, രക്ഷിതാക്കളുടെ താൽപര്യകുറവ് എല്ലാറ്റിലുമുപരി സാമൂഹ്യഇടപെടലിൻെറ അഭാവം ഇവയൊക്കെ പഠനനിലവാര തകർച്ചക്കുള്ള കാരണങ്ങളിൽ ചിലത് മാത്രം.

കൊഴിഞ്ഞ് പോക്ക്

സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞ്പോക്ക് പഞ്ചായത്തിൽ വലുതായില്ല. പ്രത്യേകിച്ചും പ്രൈമറിക്ലാസിൽ നിന്നുള്ള കൊഴിഞ്ഞ്പോക്ക് പഞ്ചായത്ത് തലത്തിൽ വളരെ വിരളമാണ്. ഹൈസ്കൂൾ തലത്തിൽ നാമമാത്രമായെങ്കിലും കൊഴിഞ്ഞുപോക്കുണ്ട്.

വിശദവിവരം പട്ടികയിൽ ചേർക്കുന്നു.

ക്ലാസ്	എണ്ണം
5	1
6	3
7	2
8	59
9	56
10	10
ആകെ	131

അംഗൺവാടികൾ

പഞ്ചായത്തിൽ 14 അംഗൺവാടികൾ ആണുള്ളത്. വേയസ്സിൽ താഴെയുള്ള എല്ലാകുട്ടികളും നിലവിലുള്ള അംഗൺവാടി കളിൽ എത്തുന്നില്ല. ദൂരം കൂടിയതാണ് കാരണം. അംഗൺവാടികളിലൂടെ സ്കൂളിലെത്തുന്ന കുട്ടികൾ പഠനനിലവാരത്തിൽ മുൻനിരയിലാണ്. പ്രീപ്രൈമറി വിദ്യാഭ്യാസത്തിൻെറ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

ഭൗതീക അക്കാദമിക് സൗകര്യങ്ങൾ

പഞ്ചായത്തിലെ പ്രൈമറി വിദ്യാലയങ്ങളിലെ ഭൗതീകസൗകര്യങ്ങൾ വളരെ പരിമിതമാണ്. ഇടുങ്ങിയ മുറികൾ, മൺതറകൾ വേർതിരിക്കാത്ത ക്ലാസ്മുറികൾ, ഫർണ്ണിച്ചർ, കുടിവെള്ളം, മൂത്രപ്പുര, കക്കൂസ്, വൈദ്യുതി,

കളിസ്ഥലം, എന്നിവയുടെ അഭാവം ഇവയൊക്കെ വിദ്യാലയങ്ങളെ തുറിച്ചുനോക്കുന്ന പ്രശ്നങ്ങളാണ് ഹൈസ്കൂളുകളുടെ സ്ഥിതി ഇതിൽ നിന്നും മെച്ചപ്പെട്ടതാണെങ്കിലും തൃപ്തികരമല്ലെന്ന് പറയട്ടെ. ഭൗതീക സൌകര്യങ്ങൾ സംബന്ധിച്ച് വിവരങ്ങൾ അനുബന്ധം 9. 10ൽ ചേർത്തിട്ടുണ്ട്.

പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ അക്കാദമിക് സൗകര്യങ്ങളും തീർത്തും. അപര്യാപ്തം തന്നെ മിക്കവിദ്യാലയങ്ങളിലും ആവശ്യമായ പഠനോപകരണങ്ങൾ ലഭ്യമല്ല. ഓപ്പറേഷൻ ബ്ലാക്ക്ബോർഡ് പദ്ധതിയിൽ മിക്കസ്കൂളുകളിലും പഠനോപകരണങ്ങളിൽ ചിലത് ലഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ഉപകരണ ങ്ങൾ ഉപയോഗിക്കാൻ ആവശ്യമായ പരിശീലനം ലഭിച്ച അദ്ധ്യപകർ വളരെ വിരളമാണ്. ലഭിച്ച ഉപകരണങ്ങളാവട്ടെ ഗുണനിലവാരം കുറഞ്ഞതും എല്ലാവിദ്യാലയങ്ങളിലും ആവശ്യമായ പഠനോപകര ണങ്ങൾലഭ്യമാക്കിയേപറ്റൂ. ഭൗതീക അക്കാദമിക് സൗകര്യങ്ങൾ പഠനനിലവാരം ഉയർത്തുന്നതിന് അനിവാര്യമാണെന്ന വസ്തുത അംഗീകരിക്കേണ്ടതുണ്ട്. അക്കാദമിക് സൗകര്യ ങ്ങൾ അനുബന്ധം. 11, 12ൽ ചേർത്തിട്ടണ്ട്.

പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ

ലബോറട്ടറി, സയൻസ്കോർണർ, ലൈബ്രറി, വായനാകോർണർ, സാഹിത്യസമാജം കായികപരിശീലനം,ദേശീയ ദിനാചരണം കലോത്സവം കാർഷികക്ലബ് എന്നിവയൊക്കെ വിദ്യാലയങ്ങളിൽ നാമമാത്രമായി മാത്രമേ നടക്കുന്നുള്ളൂ. വിദ്യാർത്ഥികളിലെ സർഗ്ഗവാസനകൾ കണ്ടെത്തുന്നതിലും പരിപോഷിപ്പിക്കുന്നതിലും അധ്യാപകരിൽ ഏറിയ പങ്കും വേണ്ടത്ര താൽപര്യം കാണിക്കുന്നില്ല എന്നത നിരാശാജനകമായ ഒരു വസ്തുയാണ്. അതു പോലെ തന്നെ അധ്യാപകർക്ക് ഈ മേഖലയിൽ ആവശ്യമായ പരിശീലനം ലഭിക്കാതതും കണക്കി ലെടുക്കേണ്ടതുണ്ട്. വനിതാഅധ്യാപകർ കൂടുതലുള്ള വിദ്യാലയങ്ങ ളിൽ ഈ മേഖലയിലെ പ്രവർത്തനം വളരെ മോശമാണ്. വിദ്യാലയങ്ങളിൽ അദ്ധ്യാപകരിൽ പുരുഷ വനിത അനു പാതം അതുകൊണ്ട് തന്നെ നിശ്ചയിക്കേണ്ടതുണ്ടൊ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ എല്ലാവിദ്യാലയങ്ങളിലും പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നല്കുന്നതിന് പഞ്ചായത്ത്തലത്തിലെങ്കിലും സ്ഥിരം സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു. വിദ്യാർത്ഥികളിൽ അച്ചടക്ക ബോധം വാർത്തെടുക്കു ന്നതിന്നും അതുവഴി അക്കാദമിക് - പാരാ അക്കാദമി മേഖലയിൽ ഉന്നതങ്ങൾ എത്തിപ്പിടിക്കുന്നതിനും ഈ മേഖലയുടെ പ്രവർത്തനം കാര്യക്ഷമ മാക്കേണ്ടതുണ്ട്.

പി. ടി എ , മാതൃ പി. ടി. എ

എല്ലാവിദ്യാലയങ്ങളിലും പി. ടി. എയും മദർ പി. ടി. എ യും രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയിൽ മിക്കവയും കാര്യക്ഷമമായി പ്രവർത്തി ക്കുന്നവയല്ല. ഇത് രണ്ടിന്റേറയും പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇതിൽ രണ്ടിലും പഠനനിലവാരത്തെ സംബന്ധിച്ച് കാര്യമായ വിലയിരുത്തലുകളോ ചർച്ചകളോ ഇന്ന് നടക്കുന്നില്ല. ഈ വിഷയത്തിലും കാര്യമായ ചർച്ചകൾ നടത്തിയേപറ്റൂ.

ഗുരുകുലം വിദ്യാഭ്യാസ പദ്ധതി

കണ്ണൂർ ജില്ലയിലെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ സമഗ്രവികസനിത്തിന്നായി കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന സമഗ്രമായ സ്കൂൾ വിദ്യാഭ്യാസ പദ്ധതിയാണ് 'ഗുരുകുലം'. പദ്ധതിയനുസരിച്ചുള്ള പഞ്ചായത്ത്, വാർഡ് വിദ്യാലയസമിതികൾ പഞ്ചായത്തിൽ രൂപീകരിച്ചട്ടുണ്ടെങ്കിലും അടിത്തട്ടിലുള്ള അയൽകൂട്ടങ്ങൾ പൂർണ്ണമായും രൂപീകരിച്ചുകഴിഞ്ഞിട്ടില്ല. സമിതികൾ രൂപീകരിക്കപ്പെട്ട തലങ്ങളിലാവട്ടെ വേണ്ടത്ര പ്രവർത്തനങ്ങൾ നടന്നിട്ടുമില്ല. ഒറ്റപ്പെട്ട ചില പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. 9ാം വാർഡിൽ വാർഡ് വിദ്യാഭ്യാസസമിതിയുടെ നേതൃത്വത്തിൽ സമഗ്ര വിദ്യാഭ്യാസസർവ്വെ പൂർത്തിയാക്കിയിട്ടുണ്ട്. ഗുരുകുലം വിദ്യാഭ്യാസപദ്ധതി കാര്യക്ഷമമായി നടത്തികൊണ്ടു പോകാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്.

പ്രശ്നങ്ങളിലും നേട്ടങ്ങൾ

പ്രശ്നങ്ങളുടെ മദ്ധ്യത്തിലും അത്യപൂർവ്വമായ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട് എന്നുള്ളത് തികച്ചും അഭിമാനാർഹമാണ്.

നേഷനൽ സയൻസ് ഫെയറിൽ ഒന്നാം സ്ഥാനത്തെത്തിയ കോട്ടയം രാജാസ് ഹൈസ്കൂളിലെ കരുണൻ കെ, സുധീർ ഒ. കെ, മമ്പറം ഹൈസ്കൂളിലെ സനൽരാജ്, നേഷണൽ സയൻസ് സെമിനാറിൽ ഒന്നാംസ്ഥാനം ലഭിച്ച കോട്ടയരാജാസിലെ മനോജ്. എം, സംസ്ഥാന സ്കൂൾ പ്രവൃത്തിപരിചയമേളയിൽ ഒന്നാം സ്ഥാനത്ത് എത്തിയ കീഴത്തൂർ വെസ്റ്റ് എൽ. പിയിലെ അഞ്ചാംതരം വിദ്യാർത്ഥിആർ. നിജു.മോഹൻ, സംസ്ഥാനസംസ്കൃതോത്സവത്തിൽ കഥാരചനക്കും പ്രസംഗത്തിനും ഒന്നാം സ്ഥാനം നേടിയ മമ്പറം ഹൈസ്കൂളിലെ ആർ. നിത തുടങ്ങിയവർ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ അഭിമാന സ്തംഭങ്ങളാണ്.

മികച്ച സ്കൗട്ട് പ്രവർത്തനത്തിനുള്ള ദേശീയഅംഗീകാരം ലഭിച്ച കോട്ടയം രാജാസ് ഹൈസ്കൂളിലെ രണ്ട് അധ്യാപകരാണ് ശ്രി. സി. ആർ മധുസൂധനും ശ്രീ. വി. എം ഗംഗാധരനും.

അധ്യാപനരംഗത്ത് അത്യപൂർവ്വമായ നേട്ടങ്ങൾ കൊയ്തെടുത്ത പഞ്ചായത്താണ് നമ്മുടെ പഞ്ചായത്ത്. പഞ്ചായത്തിലെ ആറ് അദ്ധ്യാപകർക്ക് സംസ്ഥാന ദേശീയ അവാർഡ് ലഭിച്ചിട്ടുണ്ട്. അവാർഡ് ലഭിച്ച എല്ലാ അദ്ധ്യാപകരും പാതിരിയാട് വില്ലേജിലെ വിദ്യാലയങ്ങളിലാണ് എന്നുള്ളത് ആ വില്ലേജിന്ന് അപൂർവ്വ ഭാഗ്യമായി കരുതാം. അവാർഡ് സംബന്ധിച്ച വിശദവിവരം അനുബന്ധം 13ൽ

അദ്ധ്യാപക അവാർഡ് അനുബന്ധം 13

പേര്	അവാർഡ് തലം	വർഷം	സ്കൂളിന്റെ പേര്	സ്ഥാനം
സി. ശ്രീധരൻ	സംസ്ഥാനം	1967	കോട്ടയം രാജാസ്	ഹെഡ്മാസ്റ്റർ
	നേഷനൽ	1973	ഹൈസ്കൂൾ, പാതിരിയാട്	"
ടി. മോഹനൻ	നേഷനൽ	1991	കീഴത്തൂർ വെസ്റ്റ്,എൽ.പി	"
കെ.കെ.ഗോവിന്ദൻ	സംസ്ഥാനം	1991	അറമുഖവിലാസം എൽ.പി	"
	നേഷനൽ	1993		
എ. സി. രവീന്ദ്രൻ	സംസ്ഥാനം	1992	മമ്പറം ഹൈസ്കൂൾ	"
	നേഷനൽ	1993		
കെ. എം സുരേന്ദ്രൻ	സംസ്ഥാനം	1994	കോട്ടയം രാജാസ് ഹൈസ്കൂൾ പാതിരിയാട്	എച്ച്.എസ്.ഐ
എം മോഹനൻ	നേഷനൽ	1995	മമ്പറം യു.പി.സ്കൂൾ, മമ്പറം	ഹെഡ്മാസ്റ്റർ

അവലംബം: സർവ്വെ

ഉന്നത വിദ്യാഭ്യാസം

ഉന്നത വിദ്യാലയങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. അതുപോലെ തന്നെ സാങ്കേതിക വിദ്യാലയങ്ങളും. എന്നാൽ ഒരു അംഗീകൃത ടെക്കനിക്കൽ ഇൻസ്റ്റ്യൂട്ട് പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസരംഗത്ത് വലിയ നേട്ടങ്ങളൊന്നും പഞ്ചായത്തിൽ അവകാശപ്പെടാനില്ലെങ്കിലും എല്ലാരംഗത്തും ഉന്നത വിദ്യാഭ്യാസം നേടിയവർ പഞ്ചായത്തിൽ ഉള്ളതായി പ്രാഥമിക സർവ്വെ വെളിപ്പെടുത്തുന്നു. പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസം നടത്തുന്നവരുടെയും വിവരം അനുബന്ധം 14ൽ ചേർക്കുന്നു.

അനുബന്ധം – 14
ഉന്നത വിദ്യാഭ്യാസം നടത്തുന്നവരുടെ വിവരം

വിദ്യാർത്ഥികളുടെ എണ്ണം	പ്രീഡിഗ്രി	ഡിഗ്രി	പിജി	പോളി	എ.ടി.ഐ	കമ്പ്യൂട്ടർ	മെഡിസിൻ	എഞ്ചിനീയറിങ്ങ്	നിയമം
1057	650	268	32	19	37	21	9	17	4

അവലംബം: സാമൂഹ്യസാമ്പത്തിക സർവ്വെ

അനൗപചാരിക വിദ്യാഭ്യാസം

അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനം പഞ്ചായത്തിലെ വിദ്യാഭ്യാസമേഖലക്ക് താങ്ങും തണലും ആയി നിന്നിട്ടുണ്ട്. സാമൂഹ്യസാംസ്കാരിക സ്ഥാപനങ്ങൾ, ജനകീയ മുന്നേറ്റമായി മാറിയ സാക്ഷരതാപ്രവർത്തനം എന്നിവയൊക്കെ വിദ്യാഭ്യാസമേഖലക്ക് അനുപൂരകമായി നിന്നിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം മറ്റ് ബന്ധപ്പെട്ട അദ്ധ്യായങ്ങളിൽ ഉൾപ്പെടുത്തിയതുകൊണ്ട് ആവർത്തിക്കുന്നില്ല.

പ്രശ്നങ്ങൾ

- ചില പ്രദേശങ്ങളിൽ യു. പി സ്കൂളിലെത്താൻ കൂടുതൽ ദൂരം സഞ്ചരിക്കേണ്ടിവരുന്നു.
- ഭൗതീക-അക്കാദമിക് സൗകര്യങ്ങളുടെ അപര്യാപ്തത
- പാഠ്യാനുബന്ധ പ്രവർത്തനങ്ങളുടെ പോരായ്മ
- അദ്ധ്യാപകർക്കുള്ള പുനഃപരിശീലനത്തിന്റെ അഭാവം
- അശാസ്ത്രീയമായ മൂല്യനിർണ്ണയം
- രക്ഷിതാക്കളിലെ ശ്രദ്ധക്കുറവ്
- സാമൂഹ്യ ഇടപെടലിന്റെ അഭാവം

സാധ്യതകൾ

- ചില എൽ. പി. സ്കൂളുകൾ യു. പി ആയി ഉയർത്തൽ
- ജനകീയ പങ്കാളിത്തത്തോടെ ഭൗതീക അക്കാദമിക് സൗകര്യങ്ങൾ വിപുലപ്പെടുത്തൽ.
- പാഠ്യാനുബന്ധപ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ മാർഗ്ഗനിർദ്ദേശം നൽകാനുള്ള സ്ഥിര സംവിധാനം
- പ്രീ പ്രൈമറി വിദ്യാഭ്യാസം വ്യാപകമാക്കൽ
- പി. ടി. എ, മദർ പി. ടി. എ.ശക്തമാക്കൽ
- ഗുരുകുലം സമഗ്രവിദ്യാഭ്യാസപദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ

കുടിവെള്ളം ആരോഗ്യം

5

ആരോഗ്യകരമായ ജീവിതത്തിന് ഒഴിച്ചു കൂടാനാവാത്തതാണ് ശുദ്ധജലത്തിന്റെ ലഭ്യത. വേങ്ങാട് പഞ്ചായത്തിലെ മുഖ്യകുടിനീർ സ്രോതസ്സ് കിണറുകൾ ആണ്. 4285 വീടുകൾക്ക് (75%) സ്വന്തമായി കി ണറുകളുണ്ട്. 350 കിണറുകളിലെ ജലത്തിന്റെ ലഭ്യത ആറുമാസക്കാലം വരെ മാത്രമേ ഉള്ളു.10%ഓളം വീട്ടുകാർ അയൽപക്കക്കിണറുകളെ ആശ്രയിക്കുന്നു. ചെറിയൊരു ശതമാനം ജനങ്ങൾ പൊതുകിണറുകളെ ആശ്രയിക്കുന്നു. 1232 വീടുകൾക്ക് സ്വന്തമായി കിണറുകളില്ല.

പഞ്ചായത്തിൽ 23പൊതുകിണറുകളിൽ ആറെണ്ണം, പി എച്ച് സി, പഞ്ചായത്ത് ആപ്പീസ്, സബ്സെൻററുകൾ ഇവിടങ്ങളിലാണ്. 3 കുഴൽ കിണറുകളും 1 പൊതുകിണറും ഉപയോഗയോഗ്യമല്ല.

പഞ്ചായത്തിൽ ചിലസ്ഥലങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട് നിലവിൽ ഉപയോഗ ശൂന്യമായ കിണറുകൾ അടിയന്തര സ്വഭാവത്തോടുകൂടി നന്നാക്കേണ്ടതുണ്ട്. പൊതുകിണറുകളുടെ ആഴംകൂട്ടി യാൽ വേനൽക്കാലത്തെ ജലദൗർലബ്യം ഒരു പരിധിവരെ പരിഹരിക്കാം. വെള്ളത്തിന് രുചിവ്യത്യാസം കാണുന്ന കുഴൽ കിണറുകൾവേണ്ടപരിശോധന നടത്തി വിദഗ്ദമായി ആലോചിച്ച് ഉപ.യോഗ്യമാകണം. ഇനിയും ജലദൗർഭല്യമനുഭവപ്പെടുന്ന സ്ഥലങ്ങളിൽ വേണ്ടത്ര വീതിയിലും ആഴത്തിലുമുള്ള കിണറുകൾ കുഴിക്കണം.

പൊതുകിണറുകൾക്ക് ഗുണഭോക്താക്കളുടെ മേൽനോട്ടത്തിൽ അടപ്പ്,കൈപമ്പ് ഇവ ഉണ്ടാക്കാവുന്നതാണ്. വ്യക്തിഗതകിണറുകളുടെ സംരക്ഷണം. ശുചീകരണം. ഗുണം നിലനിർത്തൽ. യുക്തമായ ഉപയോഗം എന്നിവ ഊർജിതമാക്കണം.

മലിനജലം ഒഴുക്കുന്നതിന് മിക്കവാറും വീടുകൾക്ക് പ്രത്യേക സംവിധാനങ്ങളൊന്നും ഇല്ല. അടുക്കളതോട്ടത്തിലേക്ക് ഉപയോഗിക്കുന്നതരത്തിലുള്ള സംവിധാനങ്ങൾ നല്ലതാണ്. (അവലംബം: സർവ്വേ റിപ്പോർട്ട്)

പലരോഗങ്ങളും ജലജന്യമാകയാൽ കുടിവെള്ളം മലിനമാകുന്നതു തടയാൻ ശക്തമായ ശ്രമം തുടരേണ്ടതുണ്ട്. വയറിളക്ക രോഗങ്ങൾ, മഞ്ഞപിത്തം, ടൈഫോയ്ഡ്, തുടങ്ങിയവ തടയാൻ ഇത് അത്യന്താപേക്ഷിതമാണ്.

ശാസ്ത്രീയമായ രീതിയിൽ മലം മറ്വു ചെയ്യുന്നതിന് സംവിധാനം ആവശ്യമുണ്ട്.

പഞ്ചായത്തിൽ ഭൂരിഭാഗം വീടുകൾക്കും കക്കൂസുകൾ ഉണ്ട്. 1460 വീടരകളിൽ സെപ്റ്റിക്ക് കക്കുസുകളും അത്രയും തന്നെ വീടുകൾക്ക് ഇ എസ് പി കക്കൂസുകളുമാണുള്ളത്. മറ്റു തരത്തിലുള്ള 727 കക്കൂസുകളും ഉണ്ട്. ഇവ സാനിറ്ററി കക്കൂസുകളുടെ വിഭാഗത്തിൽ പെടുന്നവയല്ലാ. 30% വീടുകൾക്ക് കക്കൂസുകളില്ല.

പട്ടിക - 11 കാണുക

100% സാനിട്ടേഷൻ കവറേജ് ഉണ്ടാകുന്നതിനുള്ള പരിശ്രമമാണ് വേണ്ടത്. ജനങ്ങൾക്ക് അംഗീകാരമുള്ളതും പരിസ്ഥിതിക്കു് യോജിച്ചതും, ചെലവുകുറഞ്ഞതുമായ കക്കൂസുകളാണ് നമുക്ക് ആവശ്യം. ആരോഗ്യ ബോധവൽക്കരണത്തിലൂടെ പൊതുജനസഹകരണം ഉറപ്പാക്കി പദ്ധതികൾ ആവിഷ്ക്കരിച്ചാൽ ഈ ലക്ഷ്യം നേടാൻ കഴിയും.

ചില വാർഡുകളിൽ പരിസരമലിനീകരണത്തിന്റെ പ്രശ്നമുണ്ട്. പരിസരവും ആരോഗ്യവും തമ്മിൽ പരസ്പര ബന്ധമുണ്ട്. നാം ജീവിക്കുന്നത് ചുറ്റുമുള്ള ജൈവ - ഭൗതിക -സാമൂഹിക ഘടകങ്ങളെ ചേർത്താണ് പരിസരം എന്നു വിവക്ഷിക്കുന്നതു്. ആരോഗ്യസംരക്ഷണത്തിന് ഈ ഘടകങ്ങൾ ഓരോന്നിനും വളരെയേറെ പ്രാധാന്യമുണ്ട്.

പൊതുസ്ഥലങ്ങളിൽ ചപ്പുചവറുകൾ നിക്ഷേപിക്കുന്നത് ശാസ്ത്രീയപരിഹാരങ്ങൾ കാണണം. പൊതുസ്ഥലങ്ങളിൽ വീപ്പകൾ സ്ഥാപിച്ച് പിന്നീട് അത് മാറ്റുക. ഖരമാലിന്യങ്ങൾ കത്തിക്കുക: ജൈവവളമായി പരിവർത്തിപ്പിക്കുക ഇവയൊക്കെ വിദഗ്ദ മേൽനോട്ടത്തിൽ ചെയ്യാവുന്നതാണ്. പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം കൂടിവരുന്ന ഇക്കാലത്ത് ഇതിനെതിരെ ഗൗരവത്തിൽ ചിന്തിക്കേണ്ടതുണ്ട്. തൊഴിലുമായി ബന്ധപ്പെട്ട മലിനീകരണം ഇല്ലാതാക്കാൻ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെയും, തൊഴിലുടമകളുടെയും. സാങ്കേതിക വിദഗ്ദരുടെയും സഹായത്തോടെ പദ്ധതികൾ നടപ്പാക്കണം.

പൊതുജനാരോഗ്യം

ജനങ്ങളുടെ ആരോഗ്യം ജനങ്ങളുടെ കൈകളിലാണ്. അതുകൊണ്ട് തന്നെ പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിന് ജനപങ്കാളിത്തത്തോടെയുള്ള പദ്ധതിയാണ് ആവശ്യം. നിലവിലുള്ള പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിന് ജനപങ്കാളിത്തത്തോടെയുള്ള പദ്ധതിയാണ് ആവശ്യം. നിലവിലുള്ള പൊതുജനാരോഗ്യസംവിധാനവും പഞ്ചായത്തും ബഹുജനങ്ങളും ചേരുന്ന ഒരു സംഘത്തിലൂടെ പഞ്ചായത്തിന് ഒരു ജനകീയാരോഗ്യപദ്ധതിക്കു് രൂപം കൊടുക്കാൻ കഴിയും. '2,000-ാം ആണ്ടോടുകൂടി എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യവുമായി മുന്നോട്ടു പോകുകയാണ് നാം.

ഈ ലക്ഷ്യസാക്ഷാത്കാരത്തിന് സ്വീകരിച്ച അംഗീകൃതമാനദണ്ഡങ്ങളിൽ പ്രധാനപ്പെട്ടവ പൊതുമരണനിരക്ക്, ശിശുമരണനിരക്കു്, മാതൃമരണനിരക്കു്, ജനനനിരക്കു് എന്നിവയാണ്. ഈ സൂചികക പരിശോധിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിലെ ആരോഗ്യമേഖലയിൽ നല്ലൊരു ചിത്രമാണ് തെളിയുന്നതു്. പൊതമരണ നിരക്കു് കേരളത്തിൽ ശരാ

ശരി 5.9 ആണ്; പഞ്ചായത്തിൽ 3.18 ശിശു മരണനിരക്കു് കേരളത്തിൽ 16, പഞ്ചായത്തിൽ 3.6 ജനന നിരക്കിന്റെ കാര്യത്തിലും സംസ്ഥാനശരാശരിയിലും താഴെയാണ്: കേരളത്തിൽ 17 ആകുമ്പോൾ പഞ്ചായത്തിലേത് 16.4 ആണ്. മാതൃമരണം പഞ്ചായത്തിൽ ഇല്ലെന്നുതന്നെ പറയാം. സംസ്ഥാനശരാശരി 1-ൽ താഴെയാണ്. ഇതിൽ നിന്നും നമ്മുടെ പഞ്ചായത്തിലെ ആരോഗ്യരക്ഷാനടപടികൾ തൃപ്തികരമായാണ് നടക്കുന്നത് എന്ന് അനുമാനിക്കാം.
(അവലംബം: ജനനമരണരജിസ്റ്റർ; പി.എച്ച് രേഖകൾ: മുഖ്യവിവരദായകരുമായി ചർച്ച)

പട്ടിക 111 കാണുക

അംഗൻവാടികളിൽ നിന്നും ശേഖരിച്ച വിവരം, ഗൃഹസർവ്വേ റിപ്പോർട്ട് ഇവ അനുസരിച്ച് പഞ്ചായത്തിലുള്ള കുട്ടികളുടെ പ്രായഘടന ഇപ്രകാരമാണ്. ഒരു വയസ്സിനു താഴെ കുട്ടികൾ 516, 1വയസ്സിനും 2 വയസ്സിനും ഇടയിൽ 503 2വയസ്സിനും 3വയസ്സിനും ഇടയിൽ 473. 3വയസ്സിനും 5വയസ്സിനും ഇടയിൽ 1130. ഇതിൽ 1 വയസ്സിനു താഴെപ്രായമുള്ള കുട്ടികളിൽ 425 കുട്ടികൾക്കു് പ്രതിരോധകുത്തിവെപ്പുകൾ നടത്തിയിട്ടുണ്ട്. പ്രസവസമയത്തുള്ള കുട്ടികളുടെ തൂക്കം പരിശോധിച്ചാൽ 2500 ഗ്രാമിൽ താഴെയുള്ളത് 16 എണ്ണമാണ്. അതിനു മുകളിലുള്ളത് 260 എണ്ണം ഇന്ത്യൻ നിലവാരത്തിൽ ഇത് തൃപ്തികരമാണെന്നു പറയാം. 6വയസ്സിൽ താഴെപ്രായമുള്ള കുട്ടികളുടെ ആരോഗ്യനില പരിശോധിക്കുമ്പോൾ ചെറിയൊരു ശതമാനം കുട്ടികളിൽ പോഷണകുറവുണ്ട്.

പട്ടിക 4ൽ കാണുക

അംഗൻവാടികളിലെ പോഷണനിലവാര പ്രവർത്തനങ്ങൾ എല്ലാസ്ഥലങ്ങളിലും വേണ്ടരീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല. ഓരോ പ്രദേശത്തുമുള്ള മുഴുവൻ കുട്ടികളും അംഗൻവാടികളുടെ പരിധിയിൽ വരുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ആവശ്യമുള്ള പ്രദേശങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കുകയും ആരോഗ്യസംരക്ഷണത്തിൽ അംഗൻവാടികളുടെ പ്രാധാന്യത്തെകുറിച്ചുള്ള ബോധവൽക്കരണവും പൊതുജനപങ്കാളിത്തത്തിൽ നടക്കണം.

പഞ്ചായത്തിലെ വൃദ്ധജനസംഖ്യ മൊത്തം ജനസംഖ്യയുടെ ചെറിയ ഒരു ശതമാനമേ ഉള്ളൂ 61വയസ്സിനും 90 വയസ്സിനും ഇടയിൽ 2574 പേർ അതിനുമേൽ പ്രായമുള്ളവരുടെ എണ്ണം 32 വികലാംഗരുടെ എണ്ണം 200ൽ താഴെയാണ്. (അവലംബം ഗൃഹസർവ്വെ റിപ്പോർട്ട്)

പി. എച്ച്. സിയിലും ഗ്രാമീണ ആയുർവേദഡിസ്പെൻസറിയിലും എത്തിയ രോഗികളിൽ ഗുരുതരമായ പകർച്ചവ്യാധി ഉള്ളവരുടെ എണ്ണം ചുരുക്കമാണ്. കഴിഞ്ഞ ഒരു വർഷക്കാലയളവിൽ കുഷ്ടം ബാധിച്ച 6 കേസുകൾ കണ്ടെത്തുകയും അവർക്ക് വിദഗ്ദ ചികിത്സ ലഭിക്കുകയും ചെയ്തിട്ടുണ്ട്. 96വർഷത്തിൽ ഇതുവരെയായി മലേറിയയുടെ 12 കേസുകൾ കണ്ടുപിടിച്ചിട്ടുണ്ട്. അവ അന്യസംസ്ഥാനങ്ങളിൽ നിന്നും വന്നവയാണ്. (imported) രോഗം നിയന്ത്രണവിധേയമാക്കുന്നതിനുള്ള നടപടികൾ ആരോഗ്യകേന്ദ്രത്തിന്റെ കീഴിൽ നടക്കുന്നു.

പട്ടിക 5 കാണുക

അന്ധതാ നിവാരണത്തിന്റെ ഭാഗമായി സംസ്ഥാനതലം മുതൽ പി.എച്ച്. സി തലം വരെ പ്രവർത്തിക്കുന്ന ഉദ്യാഗസ്ഥ സംവിധാനം ഉണ്ട്. കൂടാതെ ജില്ലാതലത്തിൽ ജനകീയ കമ്മിറ്റിയും പ്രവർത്തിക്കുന്നു, പഞ്ചായത്ത് തലത്തിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനും കാഴ്ചക്കുതകരാറുള്ളവരെ കണ്ടുപിടിക്കുന്നതിനും ബ്ലോക്ക് പി. എച്ച്. സി തലത്തിൽ സംവിധാനങ്ങളുണ്ട്. 3വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് 6 മാസത്തിൽ ഒരിക്കൽ വിറ്റമിൻ എ തുള്ളിമരുന്ന് നല്കുന്നതിനാൽ വിറ്റമിൻ എ യുടെ അപര്യാപ്തത കൊണ്ടുണ്ടാകുന്ന നേത്രരോഗങ്ങൾ മിക്കവാറും തടയാൻ കഴിഞ്ഞിട്ടുണ്ട്. ക്ഷയരോഗം തടയുന്നതിനുള്ള ഫലപ്രദമായ ചികിത്സ ബ്ലോക്ക് പി. എച്ച്. സി, സി. എച്ച്സി, ജില്ലാ താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ലഭ്യമാണ്.

ഈച്ച കൊതുകു നിർമ്മാർജ്ജനം, പരിസരശുചിത്വം, വ്യക്തിശുചിത്വം എന്നിവ പകർച്ചവ്യാധികൾ തടയുന്നതിന് ആവശ്യമാണ്.

എയ്ഡ്സ് കേൻസർ, കുടുംബക്ഷേമ പദ്ധതികൾ, വയറിളക്കരോഗങ്ങൾ എന്നിവയെ കുറിച്ചുള്ള ബോധവല്ക്കരണം ഇനിയും ശക്തമാക്കണം. അവലംബം: ആരോഗ്യസ്ഥാപനങ്ങളിൽ നിന്നുള്ള വിവരം.

വേങ്ങാട് പഞ്ചായത്തിലെ ആരോഗ്യരക്ഷാസംവിധാനവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ ഇനിപറയുന്നവയാണ്. ഒരു പി. എച്ച് സി. (കുന്നിരിക്ക) ഒരു ഗ്രാമീണ ആയുർവേദ ഡിസ്പെൻസറി (പാച്ചപ്പൊയ്ക) 5 സബ്സെൻർ (വേങ്ങാട്, മൈലുള്ളി, കല്ലായി ,ചാമ്പാട്, പറമ്പായി) 14അംഗൻവാടി

അഞ്ച് സബ്സെൻററുകളിൽ രണ്ടെണ്ണത്തിൻെറ (ചാമ്പാട്, പറമ്പായി) പ്രവർത്തനം നിലച്ചനിലയിലാണ്. അതുപോലെ, കെട്ടിടമില്ലാത്തതിനാൽ ഒരു അംഗൻവാടിയുടെ പ്രവർത്തനം നിലച്ചിരിക്കുകയുമാണ്.

പട്ടിക -6 ൽ കാണുക

സ്വകാര്യമേഖലയിൽ അഞ്ചരക്കണ്ടി, മമ്പറം വേങ്ങാട് എന്നീസ്ഥലങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ കിടത്തിചികിത്സിക്കുന്ന ആശുപത്രികളില്ല. ജനസംഖ്യാനുപാതികമായി രണ്ട് സബ്സെൻറർ കൂടി പഞ്ചായത്തിൽ ആവശ്യമാണ്. പി. എച്ച്. സി 1990മുതലാണ് പ്രവർത്തനം ആരംഭിക്കുന്നുത്. എന്നാൽ ഈ അടുത്തകാലത്താണ് സ്വന്തമായ കെട്ടിടം ഉണ്ടാകുന്നത്. പി. എച്ച്. സി യിൽ ഒരു മെഡിക്കൽ ഓഫീസർ എം ഒ അടക്കം 20 ജീവനക്കാരുണ്ട്. അതിൽ എൽ. എച്ച് ഐ യുടേയും എച്ച്. ഐയുടേയും ഒഴിവ് നികത്താതെ കിടക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് വിദഗ്ധ ചികിത്സ ലഭിക്കാൻ മറ്റ് സ്ഥലങ്ങളിലേക്ക് (പിണറായി, മട്ടന്നൂർ, കൂത്തുപറമ്പ്, ചക്കരക്കൽ, തലശ്ശേരി, കണ്ണൂർ) പോകേണ്ടി വരുന്നതിനാൽ പി. എച്ച്. സി. വികസിപ്പിച്ച് കിടത്തി ചികിത്സിപ്പിക്കുന്ന സൗകര്യം ഉണ്ടാക്കേണ്ടതാണ്.

പാച്ചപ്പൊയ്കയിലുള്ള ആയുർവേദ ഡിസ്പെൻസറി 74ൽ ആണ് ആരംഭിക്കുന്നത്. ഇതുവരെയായിട്ടും സ്വന്തമായൊരു കെട്ടിടം ഉണ്ടായിട്ടില്ല. നിലവിൽ പ്രവർത്തിക്കുന്ന താൽകാലിക കെട്ടിടം ഏതു നിമിഷവും നിലം പൊത്താവുന്ന സ്ഥിതിയിലാണ്. സ്വന്തമായ സ്ഥലവും കെട്ടിടവും അടിയന്തിരമായും വേണം. അതിനുമുമ്പായി യുദ്ധകാലാടിസ്ഥാനത്തിൽ അറ്റകുറ്റപണികൾ ചെയ്ത് നിലവിലുള്ള കെട്ടിടം സുരക്ഷിതത്വമുള്ളതാക്കണം. പ്രതിവർഷം 15000ൽപരം രോഗികൾ ഈ കേന്ദ്രത്തിലെത്തുന്നുണ്ട്. അതിനുതക്കതായ സ്ഥലസൗകര്യങ്ങൾ ഇവിടെ ഇല്ല. ആവശ്യമായ ഫർണ്ണിച്ചറുകൾ ഡിസ്പെൻസറിക്ക് അടിയന്തിരമായും ലഭിക്കണം. നാല് ജീവനക്കാരാണ് ഡിസ്പെൻസറിയിൽ ഉള്ളത്. ആയുർവേദഡിസ്പെൻസറിയെ പത്ത് കിടക്കകളോടുകൂടിയ ആശുപത്രിയായി വികസിപ്പിക്കേണ്ടതുണ്ട്.

പി. എച്ച്. സി ആയുർവേദ ഡിസ്പെൻസറി ഇവ വഴിയായി ആരോഗ്യപരിപാലനത്തിനു ചെലവഴിക്കുന്ന തുക രോഗികളുടെ വർദ്ധനവിനും ആവശ്യത്തിനുമനുസരിച്ച് പര്യാപ്തമല്ല. പി. എച്ച്.സിയിൽ എല്ലാരോഗങ്ങൾക്കുമുള്ള മരുന്നുകൾ ലഭ്യമല്ല. ആശുപത്രിയുടെ ദൈനംദിന പ്രവർത്തനത്തിനാവശ്യമായ സ്റ്റേഷനറി സ്ഥാപനങ്ങളും വേണ്ടത്രയില്ല.

സ്കൂൾ തല ആരോഗ്യപദ്ധതി കാര്യക്ഷമമാക്കാൻ നിലവിലുള്ള സംവിധാനം വിപുലീകരിക്കണം.

പ്രശ്നങ്ങൾ

- ചിലവാർഡുകളിൽ സ്ഥിരമായ കുടിവെള്ള ക്ഷാമം നേരിടുന്നു.
- വ്യവസായ മലിനീകരണം കാരണം ചില സ്ഥലങ്ങളിൽ കുടിവെള്ളം ചീത്തയാകുന്നു.കൊതുകുശല്യവും അനുഭവപ്പെടുന്നു.
- ലക്ഷംവീടുകോളനികളിൽ ജലലഭ്യത കുറഞ്ഞ സ്ഥലത്ത് അത് ലഭിക്കാനുള്ള സൗകര്യം ഉണ്ടാകണം. കക്കൂസുകൾ ആവശ്യമുള്ള സ്ഥലത്ത് അത് നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

□ ജനസംഖ്യാനുപാതികമായി,ദേശീയാരോഗ്യ നയമനുസരിച്ച് പഞ്ചായത്തിൽ രണ്ട് സബ് സെൻറർ കൂടി അനുവദിക്കുക.

□ കെട്ടിടമില്ലാത്ത ആയുർവേദഡിസ്പെൻസറി സബ്സെൻററുകൾ അംഗൻവാടികൾ ഇവക ൾക്ക് സ്വന്തമായ കെട്ടിടം ഉണ്ടാക്കുക.

□ കിണറുകളും കക്കൂസുകളും ഇല്ലാത്തവർക്ക് അത് ഉണ്ടാക്കുന്നതിനുള്ള സൗകര്യം ഉണ്ടാ ക്കുക.

□ കിണറുകളും കക്കൂസുകളും ഇല്ലാത്തവർക്ക് അതുണ്ടാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടു ത്തുക.

□ പി. എച്ച്. സിയിൽ കിടത്തി ചികിത്സി പ്പിക്കുന്നതിനുള്ള സൗകര്യമേർപ്പെടുത്തുക.

□ ജീവൻ രക്ഷാമരുന്നുകൾ പി. എച്ച്. സിയിൽ ഉണ്ടെന്ന് ഉറപ്പുവരുത്തുക,

□ മാരകരോഗത്തിന്നടിപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വേണ്ടസഹായം ലഭിക്കാൻ നടപടികൾ സ്വീകരിക്കുക.

□ പഞ്ചായത്തിൽ ഒരു ഹോമിയോഡിസ് സ്പെൻസറി സ്ഥാപിക്കുക.

□ ആവശ്യമുള്ള സ്ഥലങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കുക.

□ പ്രധാനകവലകളിൽ പൊതുകക്കൂസും, മൂത്രപ്പുരയും നിർമ്മിക്കുക.

□ ഖരമാലിന്യങ്ങളുടെ നശീകരണത്തിന് ആവ ശ്യമായ സജ്ജീകരണമേർപ്പെടുത്തുക.

സാദ്ധ്യതകൾ

□ നിലവിലുള്ള പൊതുകിണറുകൾ ഉപയോഗ ലഭ്യമാക്കുകയും ആവശ്യമുള്ളവയുടെ ആഴം കൂട്ടുകയും ചെയ്യുക,

□ അത്യാവശ്യമുള്ള സ്ഥലങ്ങിൽ പൊതുകിണ റുകൾ കുഴിക്കുക.

□ കുടിവെള്ളം അണുവിമുക്തമാക്കുന്നതിന് നിലവിലുള്ള സംവിധാനം വിപുലീകരിക്കുക.

□ ജലമലിനീകരണം തടയാൻ പ്രായോഗിക നടപടികൾ തയ്യാറാക്കുക.

□ ജലസംരക്ഷണത്തെക്കുറിച്ചും ജലജന്യരോ ഗങ്ങളെകുറിച്ചും ഉള്ളബോധവൽക്കരണ പരി പാടികൾ ശക്തിപ്പെടുത്തുക.

□ സാനിറ്റേഷൻ രംഗത്ത് വികേന്ദ്രീകരണ ത്തിലൂടെ പദ്ധതികൾ ആസൂത്രണം ചെയ്യുക.

□ പരിസരമലിനീകരണം തടയുന്നതിന് പൊ തുകേന്ദ്രങ്ങളിൽ മാർക്കറ്റുകൾ നിർമ്മിക്കുക.

□ പ്രധാനസ്ഥലങ്ങിൽ വേസ്റ്റ്ബോക്സ് സ്ഥാപിച്ച് ജൈവപദാർത്ഥങ്ങൾ വളമാക്കാനും, മറ്റുള്ളവ പുനക്രമീകരണത്തിനും (Recycling) ഉപയോ ഗിക്കുക.

□ മാലിന്യനിക്ഷേപത്തിനും നശീകരണത്തിനും ശ്ഥലംകണ്ടെത്തി ദീർഘകാലത്തേക്ക് സംവിധാനം ഏർപ്പെടുത്തുക.

□ വികലാംഗരുടെ പുനരധിവാസത്തിന് വിദഗ്ധരുമായി ആലോചിച്ച് പദ്ധതികൾ തയ്യാറാക്കുക.

□ AUWSS സ്കിം പ്രകാരം KWA 4741.35ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതികൾ ഈ പഞ്ചാ യത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് ത്വരി തപ്പെടുത്തിയാൽ മാത്രംമേ ഇന്നു കുടിവെള്ളം പരിഹരിക്കാൻ കഴിയൂ.

പട്ടികകൾ

ശുദ്ധജലസ്രോതസ്സുകൾ (പട്ടിക 1)

ആകെ വീടുകൾ	കിണർ (എണ്ണം)			പൊതുകിണർ - 23		കുഴൽ കിണർ-7	
	ഉള്ളത്	ഇല്ലാത്തത്	ജലലഭ്യത 6 മാസം	ഉപയോഗ ശൂന്യം	അല്ലാത്തത്	ഉപയോഗ യോഗ്യം	അല്ലാത്തവ
5557	4285	1272	350	22	1	4	3

വാർഡ് അടിസ്ഥാനത്തിൽ കക്കൂസുകളുടെ സ്ഥിതി വിവരം
പട്ടിക - 2

	വാർഡ്	1	2	3	4	5	6	7	8	9	10	11	12
കക്കൂസുകൾ - ഇനം	വീടുകൾ	394	429	447	366	553	681	417	501	401	351	456	56
	സെപ്റ്റിക്	156	196	6	66	15	90	80	134	124	160	145	288
	ഇ. എസ്. പി	50	141	112	35	274	195	105	96	160	38	132	121
	മറ്റുള്ളവ	13	31	150	147	70	87	76	69	3	29	--	52
കക്കൂസ് ഇല്ലാത്ത വീടുകൾ		175	61	179	118	194	309	156	202	114	124	179	100

അവലംബം ഗൃഹസർവ്വെ റിപ്പോർട്ട്

ആരോഗ്യസൂചികകൾ (പട്ടിക - 3)

	പൊതുമരണ നിരക്ക്	ശിശുമരണ നിരക്ക്	ജനന നിരക്ക്	മാതൃമരണ നിരക്ക്
കേരളം	5.9	16	17	1000ൽ 1ന് താഴെ
പഞ്ചായത്ത്	3.18	3.16	16.4	ഇല്ല

കുട്ടികളുടെ എണ്ണം പ്രായാടിസ്ഥാനത്തിൽ
പട്ടിക 4

a	1 വയസ്സിനു താഴെ	516
b	1-മുതൽ 2 വരെ	503
c	2-മുതൽ 3വരെ	473
d	3- മുതൽ 5വരെ	1130
	ആകെ	2622

പകർച്ച വ്യാധികൾ 95- 96വർഷം

പട്ടിക - 5

രോഗം	എണ്ണം
കുഷ്ഠം	6
മലേറിയ	12
ജലജന്യരോഗം	112
വായുജന്യരോഗം	26

പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ
(പട്ടിക 6)

നമ്പർ	സ്ഥാപനം	വാർഡ്	ജീവനക്കാർ	സ്ഥാപിച്ച വർഷം	കെട്ടിടത്തിന്റെ നില
1	പി.എച്ച്.സി (കുന്നിരിക്ക)	5	20	16-6-90	സ്വന്തം കെട്ടിടം
2	ഗ്രാമീണ ആയുർവേദ ഡിസ്പെൻസറി പാച്ചപ്പൊയ്ക	8	4	26-1-74	താല്കാലിക കെട്ടിടം
3	കുടുംബക്ഷേമ കേന്ദ്രം(വേങ്ങാട്)	2	1		സ്വന്തം കെട്ടിടം
4	കുടുംബക്ഷേമ കെന്ദ്രം(കല്ലായി)	3	1		സ്വന്തം കെട്ടിടം
5	കുടുംബക്ഷേമ കേന്ദ്രം(ചാമ്പാട്)	5	1		കെട്ടിടമില്ല (പി. എച്ച്, സി യുടെ ബന്ധപ്പെട്ട് പ്രവർത്തനം
6	കുടുംബക്ഷേമ കേന്ദ്രം(പറമ്പായി)	9	1		കെട്ടിടമില്ല. പ്രവർത്തനം നിലച്ചിരിക്കുന്നു
7	കുടുംബക്ഷേമ കേന്ദ്രം(മൈലുള്ളി)	10	1		സ്വന്തം കെട്ടിടം



6

വ്യവസായം

പഞ്ചായത്തിലെ പ്രധാന വ്യവസായം ബീഡി, കൈത്തറി മുതലായവയാണ്. അസംസ്കൃത സാധനങ്ങളുടേയും സ്ഥലലഭ്യതയുടേയും കാര്യത്തിൽ അനുകൂലസാഹചര്യങ്ങൾ ഉണ്ടായിരുന്നിട്ടും വ്യവസായങ്ങൾ ഉയർന്നുവരുന്നില്ല. കാർഷിക രംഗത്തുള്ള വികസനവും അതുപോലെതന്നെ സഹകരണമേഖലയിലും സ്വകാര്യമേഖലയിലുമുള്ള സംരഭത്തിലൂടേയും മാത്രമേ വളർന്നുവരുന്ന തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുവാൻ സാധിക്കുകയുള്ളൂ.

പഞ്ചായത്തിലെ വിവിധ വ്യവസായങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക - 1

ക്രമ നമ്പ്ര്	വിഭാഗം	പ്രവർത്തിക്കുന്ന യൂനിറ്റ്	ആകെ തൊഴിലാളികൾ	കൂലിവ്യവസ്ഥ പ്രതിദിനം	ഏതുവിഭാഗത്തിൽ പ്പെടുന്നു.
1	ബീഡി വ്യവസായം	10	1057	47.00	സഹകരണം
2	''	12	725	47.00	സ്വകാര്യമേഖല, ഔട്ട് വർക്ക് അടക്കം
3	കൈത്തറി നെയ്ത്ത്	2	225	60.00	സഹകരണം
4	''	12	271	50.00	സ്വകാര്യമേഖല
5	യന്ത്രത്തറി	1	24	65.00	സഹകരണം
6	''	43	43	65.00	സ്വകാര്യമേഖല
7	റെഡീമെയ്ഡ് വസ്ത്ര നിർമ്മാണം	1	10	20.00	ഖാദി സഹകരണ സംഘം
8	''	1	6	20.00	ഡി.ഡബ്ല്യൂ.സി. ആർ.എ യൂനിറ്റ്
9	''	9	250	20.00	സ്വകാര്യമേഖല
10	ചകിരിവ്യവസായം	1	19	35.00	''
11	അച്ചടി	4	20	45.00	''
12	കൊപ്രസംസ്ക്കരണം	6	22	60.00	''
13	ബേക്കറി	10	35	60.00	''
14	കള്ളുചെത്ത് വ്യവസായം	7	129	60.00	''
15	ഈർച്ചമിൽ	5	20	60.00	''
16	ഫ്ലവർ മിൽ	7	7	50.00	''
17	പി.വി.സി. പൈപ്പ് നിർമ്മാണയൂനിറ്റ്	2	7	50.00	''

പഞ്ചായത്തിൽ ബീഡിവ്യവസായ രംഗത്ത് 1782 തൊഴിലാളികൾ ജോലി ചെയ്യുന്നു. ഇതിൽ ദിനേശ് ബീഡി സഹകരണ സംഘത്തിലെ 10 യൂനിറ്റുകളിലായി 1057 തൊഴിലാ ളികളും മറ്റ് മേഖലകളിൽ 725 തൊഴിലാളികളും ജോലി ചെയ്യുന്നു. ഈ വ്യവസായത്തിൽ 60% ത്തിൽ അധികം സ്ത്രീകളാണ് ജോലിചെയ്യുന്നത്. ദേശീയ മിനിമം കൂലി നടപ്പിലാക്കാത്തതും, നീളം കുറഞ്ഞ സിഗരറ്റ് വിപണി കൈയ്യടക്കിയതും പുകവലിക്കെതിരെയുള്ള ശക്തമായ പ്രചരണവും ബീഡി വ്യവസായത്തെ വലിയൊരു പ്രതിസന്ധിയിൽ എത്തിച്ചിരിക്കയാണ്. സ്വകാര്യ മേഖലയിൽ യോഗീബീഡി, ഗ്രെയിറ്റ് മലബാർ, റോയൽ, ടെലഫോൺ എന്നിവയും പ്രവർത്തിക്കുന്നുണ്ട്.

കൈത്തറി വ്യവസായം

പഞ്ചായത്തിൽ പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയിൽ വിദേശമാർക്കറ്റിനെ ആശ്രയിച്ചുകൊണ്ടുള്ള ഉൽപാദനമാണ് നടക്കുന്നത്. സഹകരണസംഘങ്ങളിലായി 225 ഉം സ്വകാര്യമേഖലയിൽ 271 ഉം തൊഴിലാളികൾ ജോലി ചെയ്യുന്നു.

പട്ടിക - 2

ക്രമ നമ്പ്ര്	വിഭാഗം	സംഘംമെമ്പർമാരുടെ എണ്ണം	തൊഴിലാളുകളുടെ വിവരം		ആകെ	ലാഭം/നഷ്ടം
			പു	സ്ത്രീ		
1	വേങ്ങാട് നെയ്ത് സഹകരണ സംഘം	522	98	37	135	ലാഭം
2	ശങ്കരനെല്ലൂർ നെയ്ത് സഹകരണ സംഘം	335	45	45	90	ലാഭം

കൈത്തറി വ്യവസായത്തിന് വിദേശ വിപണിയുള്ളത്കൊണ്ട് തന്നെ താരതമ്യേന പുരോഗതി ഉണ്ടെങ്കിലും ഈ വ്യവസായത്തിൽ പുതിയതൊഴിലാളികൾ കടന്നുവരുന്നില്ല. അസംസ്കൃതവസ്തുക്കളുടെ വില വർദ്ധനവിന്റെ ഫലമായി വ്യവസായത്തിന് പലപ്പോഴും പ്രയാസങ്ങൾ ഉണ്ട്. സ്വകാര്യമേഖലയിൽ പഞ്ചായത്തിൽ കഴിഞ്ഞകാലങ്ങളെ അപേക്ഷിച്ച് ഒറ്റത്തറിക്കാരായി വികേന്ദ്രികരിക്കപ്പെടുകയാണ്. ഈ വിഭാഗം ഇപ്പോഴും കടുത്ത ചൂഷണത്തിന്നിരയാവുകയാണ്.

പവർലും വ്യവസായത്തിൽ 24 തൊഴിലാളികൾ ജോലിചെയ്യുന്ന ഒരു സഹകരണ സ്ഥാപനവും 43തൊഴിലാളികൾ സ്വകാര്യ മേഖലയിലുംജോലിചെയ്യുന്നു. ഇവർ സ്വയം തൊഴിൽ സംരഭത്തിന്റെ ഭാഗമായുള്ള ഒറ്റത്തറിക്കാരാണ്. പവർലും സൊസൈറ്റി ലാഭകരമായല്ല പ്രവർത്തിക്കുന്നത്. ഇതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടത്. വൈദ്യുതിയുടെ വിതരണത്തിലുണ്ടാകുന്ന ലഭ്യതകുറവ് ഈ വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

റെഡീമെയ്ഡ് വസ്ത്രനിർമ്മാണം

ഈ മേഖലയിൽ ഏകദേശം 300 ഓളം തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്. ഭൂരിഭാഗവും സ്ത്രീകളാണ് ഇവിടെ ജോലിചെയ്യുന്നത്. 2 സഹകരണ യൂനിറ്റിൽ 16 തൊഴിലാളികൾ പ്രവർത്തിക്കുന്നു. പൊതുവിൽ ഈ വ്യവസായത്തിൽ കുറഞ്ഞ വേതനനിരക്കാണ് ലഭിച്ചുവരുന്നത്. ഇതര തൊഴിൽ മേഖലയെ അപേക്ഷിച്ച് ജോലിസ്ഥിരതയോ ആനുകൂല്യങ്ങളോ അവകാശങ്ങളോ ലഭിച്ചുവരുന്നില്ല.

കൊപ്രസംസ്ക്കരണം

പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഉൽപ്പന്നമാണ് നാളികേരം. 2209 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിചെയ്യുന്നു. ഒരു വർഷം 79ലക്ഷത്തിലധികം നാളികേരം ഉൽപാദിപ്പിക്കുന്നു എന്നാണ് പ്രാഥമിക കണക്ക്. ഇതൽ ചെറിയൊരു ഭാഗം മാത്രമാണ് കൊപ്ര സംസ്ക്കരണത്തിനായി ഉപയോഗിക്കുന്നത്. 6 കൊപ്ര സംസ്ക്കരണ യൂനിറ്റുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതിൽ 22 തൊഴിലാളികൾ ജോലി ചെയ്യുന്നു. ഇവയെല്ലാം സ്വകാര്യമേഖലയിലാണ് പ്രവർത്തിക്കുന്നത്. പ്രധാന ഉൽപ്പന്നമെന്ന നിലയിൽ തേങ്ങക്ക് ന്യായമായ വില ലഭിക്കാത്തതു കൊണ്ട് നാളികേര കർഷകർ വളരെ പ്രയാസമനുഭവിക്കുന്നു.

ഇവിടെ ഉൽപാദിപ്പിക്കുന്ന നാളീകേരത്തിന്റെ 70%വും അന്യസംസ്ഥാനങ്ങളിലേക്ക് കയറ്റിപോവുകയാണ്. ഇവിടെ സഹകരണാടിസ്ഥാനത്തിൽ കൊപ്ര- സംഭരണവും സംസ്ക്കരണവും നടത്തുന്നതായാൽ കർഷകന് ആശ്വാസമായിരിക്കും.

ബേക്കറി വ്യവസായം

ഈ മേഖലയിൽ 10 യൂനിറ്റുകളിലായി 35 തൊഴിലാളികൾ ജോലി ചെയ്യുന്നു. ഇവയെല്ലാം സ്വകാര്യമേഖലയിലാണ്. അസംസ്കൃതപഥാർത്ഥങ്ങളുടെ ക്രമാതീതമായ വിലവർദ്ധനവ് കാരണം ഈ വ്യവസായത്തിന് ബുദ്ധിമുട്ടുകൾ ഏറെയുണ്ട്. ലഭ്യമായ അസംസ്കൃതപഥാർത്ഥങ്ങൾ ഉപയോഗിച്ച് വൈവിദ്ധ്യമാർന്ന ഉൽപ്പന്നങ്ങൾ ഉണ്ടാക്കുകയാണെങ്കിൽ കുറേകൂടി പുരോഗതി കൈവരിക്കാൻ കഴിയും.

ചകിരി വ്യവസായം

പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ പച്ചചികരികൊണ്ട് ചികരിനാര് ഉൽപാദിപ്പിക്കുന്ന ഒരു യൂനിറ്റ് ഉണ്ട്. ഇവിടെ 19 തൊഴിലാളികൾ ജോലിചെയ്യുന്നു. ധാരാളം ചികരിനാര് ലഭ്യമാണ് എന്നതുകൊണ്ട് തന്നെ ഇവിടെ ചൂടി കയർ, ചൂടിപ്പായ എന്നിവ നിർമ്മിക്കാൻ കഴിയും. അതു വഴി കുറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. മാത്രമല്ല ചികരിയിൽ നിന്ന് പുറന്തള്ളുന്ന ചികരിചോർ ഉപയോഗിച്ച് കമ്പോസ്റ്റ് വളമാക്കാനും കഴിയും.

കള്ള്ചെത്ത് വ്യവസായം

പഞ്ചായത്തിൽ ഏഴ് ഷാപ്പുകളിലായി 129 തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്. ഈ മേഖലയിലെ തൊഴിലാളികൾക്ക് മറ്റ് മേഖലകളെ അപേക്ഷിച്ച് മോശമല്ലാത്ത വേതനം ലഭിക്കുന്നുണ്ട്. തെങ്ങൻ കള്ള് ഉപയോഗിച്ച് ശാസ്ത്രീയമായ രീതിയിൽ സംസ്ക്കരണം നടത്തി ലഹരി വിമുക്തമാക്കി ഭക്ഷ്യ പാനീയവും മുമ്പ് കാലത്തുണ്ടായിരുന്ന 'ചക്കര' ഉണ്ടാക്കുകയുമാണെങ്കിൽ ഈ രംഗത്ത് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിയും.

പി.വി.സി പൈപ്പ് നിർമ്മാണം

പി.വി.സി പൈപ്പ് നിർമ്മിക്കുന്ന 2 യൂനിറ്റുകളിലായി 7 തൊഴിലാളികൾ ജോലിചെയ്യുന്നു. ഇതിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് നല്ല വിപണി സാദ്ധ്യതയണ്ട്. സാങ്കേതിക പരിജ്ഞാനം നൽകുകയാണെങ്കിൽ സഹകരണ മേഖലയിൽ ഒരു യൂനിറ്റ് സ്ഥാപിക്കാനുള്ള സാധ്യത പഞ്ചായത്തിലുണ്ട്. അങ്ങിനെ വരികയാണെങ്കിൽ കുറച്ച് ആളുകൾക്ക് തൊഴിൽ നൽകാനും സാധിക്കും.

ഈർച്ചമിൽ: -

യൂനിറ്റുകളിലായി 20 തൊവിലാളികൾ ഇതിൽ ജോലിചെയ്യുന്നു. ഇവയെല്ലാം സ്വകാര്യ മേഖലയിലാണ്.

ഫ്ലവർ മിൽ

7 യൂനിറ്റുകളിലായി 7തൊഴിലാളികൾ ജോലിചെയ്യുന്നു. ഇവയും സ്വകാര്യമേഖലയിലാണ്.

അച്ചടി

ഈ സംരഭത്തിൽ 4യൂനിറ്റുകളിലായി 20 തൊഴിലാളികൾ ജോലിചെയ്യുന്നു. ഈ യൂനിറ്റുകൾ എല്ലാം തന്നെ സ്വകാര്യവക്തികളുടെ കൈകളിലാണ്. ഈ സംരഭങ്ങളെല്ലാം തന്നെ പുതിയസാങ്കേതിക വിദ്യ ഉപയോഗിച്ച് നവീകരിക്കാത്തതിനാൽ ഒരു യൂനിറ്റിലും ഉൽപാദനക്ഷമത കൂട്ടാനോ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനോ കഴിയുന്നില്ല. ഈ മേഖലയിൽ സ്ത്രീകളാണ് കൂടുതൽ ജോലിചെയ്യുന്നത്. പുതിയസാങ്കേതിവിദ്യതൊഴിലാളികളെ പരിശീലിപ്പിക്കുന്നതിനു കഴിയണം. അതിലൂടെ പുതിയ തൊഴിലവസരം സൃഷ്ടിക്കുവാനും കഴിയുന്നതാണ്.

വ്യവസായ വളർച്ചക്ക് ആവശ്യമായിട്ടുള്ള അനുകൂലഘടകങ്ങളായി ഉയർന്ന തോതിലുള്ളസാക്ഷരതാ , ആരോഗ്യ പരിരക്ഷ, വാർത്താ വിനിമയ സൗകര്യങ്ങൾ, ഗതാഗത സൗകര്യങ്ങൾ, ഉയർന്ന ഉപഭോഗനിലവാരം, സുഖസൗകര്യങ്ങളോടെ ജീവിക്കുവാനുള്ള തല്പരത എന്നിവയെല്ലാം. ഉണ്ടെങ്കിലും വേണ്ടതോതിൽ വ്യവസായവളർച്ച കൈവരിക്കാൻ കഴിയാത്ത് പ്രധാനമായും താഴെ പറയുന്ന കാരണങ്ങൾ കൊണ്ടാണ് എന്ന് കാണാൻ കഴിയും.

1 ഇവിടെ സുലഭമായി ലഭിക്കുന്ന നാളികേരം വ്യവസായ രംഗത്ത് വേണ്ടതുപോലെ പ്രയോജനപ്പെടുത്തുന്നില്ല
2 കൈത്തറിമേഖലയിൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യതകുറവ്, ക്രമാതീതമായ വിലക്കയറ്റം, സാങ്കേതിക പരിജ്ഞാനംകിട്ടിയതൊഴിലാളികളുടെ കുറവ്.
3 പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് ചെറുകിട വ്യവസ്സായങ്ങൾ സഹകരണമേഖലയിൽ തുടങ്ങുവാനുള്ള പദ്ധതികളുടെ അഭാവം.

4 വ്യവസായ സംരഭകർക്ക് സഹകരണ മേഖലയിൽ നിന്ന് ധനസഹായം കിട്ടുവാനുള്ള സാങ്കേതിക പ്രയാസങ്ങൾ

5 പരമ്പരാഗതമേഖലയിൽ തൊഴിലാളികൾക്ക് ശാസ്ത്രീയ പരിശീലനം ലഭിക്കായ്ക

6 വ്യവസായ സംരംഭം തുടങ്ങുവാനുള്ള ഭൂമി, കെട്ടിടം ഊർജ്ജം, എന്നിവ പേലുള്ള അടിസ്ഥാനസൗകര.ങ്ങളുടെ അപര്യാപ്തത

7 വിവിധ വകുപ്പികളിൽ നിന്ന് അനുമതി ലഭിക്കുവാനുള്ള കാലതാമസം

8 വ്യവസായ സബ്സിഡി യഥാസമയം ലഭിക്കായ്ക

9 വിപണനസാദ്ധ്യതകുറവ്

ഇവിടെ ലഭ്യമായ അസംസ്കൃത വസ്തു ക്കൾ ഉപയോഗിച്ച് കുറഞ്ഞചിലവിൽ ഉണ്ടാക്കാൻ കഴിയുന്ന ചെറുകിട വ്യവസായങ്ങൾ

പട്ടിക - 3

ക്രമ നമ്പർ	വ്യവസായങ്ങളുടെ പേര്	ആരുടെ മേൽനോട്ടത്തിൽ നടത്താം
1	ശാസ്ത്രീയമായ കോഴി, ആട് വളർത്തൽ	വനിതായൂനിറ്റ്
2	ജല്ലി അടിക്കുന്നതിനാവശ്യമായ ജല്ലി യൂനിറ്റ്	"
3	കരിങ്കൽപ്പൊടി, സിമൻറ് ഇവ ഉപയോഗിച്ച് ഹോളോബ്രിക്സ് , കട്ടില, ജനാല ഫ്രെയിം ഉണ്ടാക്കൽ	സഹകരണവിഭാഗം
4	കൈത്തറി, നെയ്ത്ത് യൂനിറ്റ് വികസിപ്പിക്കൽ	"
5	തെങ്ങിൻതടി ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം	വ്യക്തികൾക്ക്
6	ഉന്നതനിലവാരമുള്ള റെഡീമെയ്ഡ് വസ്ത്ര നിർമ്മാണം	വനിതാസഹകരണ സംഘം

മിനിവ്യവസായ എസ്റ്റേറ്റ്

ഭൂമിയുടെ ലഭ്യതപ്രതിദിനം കുറഞ്ഞുവരുന്നതിനാൽ ജവസാന്ദ്രത കുറഞ്ഞ പ്രദേശത്ത് ചുരുങ്ങിയത് 5ഏക്കർ ഭൂമിയെങ്കിലും പഞ്ചായത്ത് ഏറ്റെടുത്ത് മിനി ഇൻഡസ്ട്രിയിൽ എസ്റ്റേറ്റ് തുടങ്ങുവാൻ ആവശ്യമായ കെട്ടിടങ്ങൾ, ഊർജ്ജം, ജലം, എന്നിവ ലഭ്യമാക്കിയാൽ വ്യവസായ വളർച്ചയെ ത്വരിതപ്പെടുത്തുവാൻ സാധിക്കും. ഗ്രാമസഭകളിൽ നിന്നുവന്ന നിർദ്ദേശങ്ങൾ

1 വിവിധ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ യൂനിറ്റ് സ്ഥാപിക്കുക

2 പഞ്ചായത്തിൽ ആടുവളർത്തൽ, ഇറച്ചക്കോഴി യൂനിറ്റ് സ്ഥാപിക്കുക

3 വ്യനസായ സംരഭകരെ കണ്ടെത്തി ആവശ്യമായ പരിശീലനം നല്കുക

4 വിദ്യാർത്ഥികൾക്ക് ആവശ്യമായ നോട്ടുബുക്ക് കേന്ദ്രം ആരംഭിക്കുക

5 കരകൗശലവ്യവസായം തുടങ്ങുന്നതിനാവശ്യമായ സാങ്കേതിക പരിശീലനം നല്കുക.

6 പരമ്പരാഗതതൊഴിലായ കൊല്ലപ്പണി പുനരുദ്ധരിച്ച് കാർഷിക - കാർഷികേതര പണിയായുധവ്യവസായയൂനിറ്റ് ആരംഭിക്കുക

7 വനിതകൾക്ക് തയ്യൽ പരിശീലിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനകേന്ദ്രം ആരംഭിക്കുക

8 സഹകരടിസ്ഥാനത്തിൽ ഫർണ്ണിച്ചർ യൂനിറ്റ് ആരംഭിക്കുക.

9 കൈത്തറിമേഖലയിൽ ഡൈങ്ങ് സെൻറർ സ്ഥാപിക്കുകയും ആവശ്യമായ പരിശീലനം നല്കുകയും ചെയ്യുക.

10 കൈത്തറിതുണിത്തരങ്ങളിൽ പ്രിൻറിംങ്ങ് ചെയ്യുന്നതിനാശ്യമായ പ്രിൻറിംങ്ങ് യൂനിറ്റ സ്ഥാപിക്കുകയും അതിനാവശ്യമായിട്ടുള്ള സാങ്കേതികപരിശീലനം നല്കുകയും ചെയ്യുക.

11 സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കൈത്തറി യൂനിറ്റുകൾ വൈവിധ്യ വൽക്കരിക്കുക.

12 ചകിരിനാരുപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്ന വ്യവസായ യൂനിറ്റ് ആരംഭിക്കുക.

13 പഞ്ചായത്തിൽ പഴസംസ്ക്കരണയൂനിറ്റ് ആരംഭിക്കുക



ഗതാഗതം ഊർജ്ജം

7

മാനവ പുരോഗതിയുടെ ഗതിവേഗംപണ്ടു പണ്ടേ ഗതാഗതത്തെ ആശ്രയിച്ചായിരുന്നു. ഗതകാല വഴിത്തിരിവുകൾക്കെല്ലാം ഗതാഗത സൗകര്യം ഒരു പ്രധാന ഘടകമായി വർത്തിച്ചിട്ടുണ്ട്. ഗതാഗതവും പുരോഗതിയും പരസ്പര പൂരകങ്ങളായിരുന്നു. ഇന്ത്യയെ സംബന്ധിച്ചാണെങ്കിൽ ഭരണത്തിന്റെ തന്ത്രപ്രധാനമായ അടിത്തറയായിരുന്നു ഗതാഗതം.

ഏറ്റവും ചെലവുകുറഞ്ഞ ഗതാഗതം ജലമാർഗ്ഗമായിരുന്നു. ചരിത്ര പ്രസിദ്ധമായ ധർമ്മപട്ടണ (ധർമ്മദ്വീപ്) ത്തിൽ നിന്ന് അഞ്ചരക്കിണ്ടി സുഗന്ധദ്രവ്യ പരീക്ഷണ തോട്ടത്തിലേക്ക് പോയിരുന്നത് ജലമാർഗ്ഗമാണ്. വേങ്കാട്ട്(വേങ്ങാട്) വരെ ചരക്ക് തോണികൾ പോയതും കടത്തു നടത്തി യിരുന്നതുമായ കാര്യങ്ങൾ മലബാർ മാന്വൽ എന്ന ഗ്രന്ഥത്തിൽ വില്യം ലോഗൻ രേഖപ്പെടുത്തിയിട്ടുണ്ട്.

മലബാറിൽ റോഡ് നിർമ്മാണത്തിന് അനുകൂലമായ ഭൂപ്രകൃതി ആയിരുന്നില്ലെന്നും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധംവരെ ഇവിടെ കാള വണ്ടികളോ നടപ്പാതകളോ ഉണ്ടായിരുന്നില്ലെന്നും പഴമക്കാർ പറയുന്നു. ടിപ്പുസുൽത്താന്റെ ആക്രമണകാലത്ത് പീരങ്കികൾ വലിച്ചുകൊണ്ടു പോകാനാണ് മലബാറിൽ റോഡുകൾ ഉണ്ടാക്കപ്പെട്ടത്.

കണ്ണൂർ- കൂത്തുപറമ്പ് റോഡ്, അഞ്ചരക്കണ്ടി- കൂത്തുപറമ്പ് റോഡ് തലശ്ശേരി- മമ്പറം റോഡ് എന്നിവയായിരിക്കാം. വേങ്ങാട് പഞ്ചായത്തിലെ ആദ്യകാല റോഡുകൾ എന്ന് അനുമാനിക്കപ്പെടുന്നു. അഞ്ചരക്കണ്ടിയിൽ നിന്ന് കുരുമുളക് കൊണ്ടുപോകുന്ന തിന് ഈറോഡുകൾ ഉപകരിച്ചിരുന്നു. കണ്ണൂർ കൂത്തുപറമ്പ് റോഡ് വളരെ തന്ത്ര പ്രധാനമായ വഴിയായിരുന്നു. ദേശീയ പ്രസ്ഥാനത്തിൽ ഏർപ്പെട്ടവരെ അടിച്ചൊതുക്കാൻ ഈ റോഡുകൾ ഉപയോഗപ്പെടുത്തിയിരുന്നു.

വേങ്ങാട് പഞ്ചായത്തിലെ ആദ്യകാല ബസ്സർവ്വീസ് തലശ്ശേരി യിൽ നിന്ന് മമ്പറം വരെയും മമ്പറത്തുനിന്ന് കൂത്തുപറമ്പ് വരെയുമായിരുന്നു.

60 -65 വർഷത്തെ ചരിത്രമെ വേങ്ങാട് പഞ്ചായത്തിൽ ബസ് ഗതാഗതത്തിനുള്ളൂ. നാലേകാൽ അണ കൊടുത്ത് മമ്പറത്തുനിന്ന് തലശ്ശേരി യിലേക്ക് യാത്ര ചെയ്ത കാരണവൻമാർ ജീവിച്ചിരിപ്പുണ്ട്. മമ്പറം പാല വും അഞ്ചരക്കണ്ടിപ്പാലവും നിർമ്മിച്ച തോടെ വേങ്ങാട്ടു പഞ്ചായ ത്തിലെ ഗതാഗതവികസനചരിത്രത്തിൽ വഴിത്തിരിവായി. ബസ്സിന് പെർമിറ്റ് ലഭിക്കണമെങ്കിൽ 20 ബസ്സെങ്കിലും സ്വന്തമായി ഉണ്ടാകണമെന്ന് സ്വാതന്ത്ര്യത്തിന് മുമ്പ് നിയമമുണ്ടായിരുന്നു.

റെയിൽ ഗതാഗതം നമ്മുടെ പഞ്ചായത്തിലില്ല. ജലഗതാഗതം നാമമാത്രമായിത്തീർന്നു. നാലോളം കടവുകളുണ്ടെങ്കിലും വേങ്ങാട് ഗ്രാമപഞ്ചായത്തിനേറെതായി ഇരിപ്പക്കടവ് മാത്രമേയുള്ളൂ. ഓടക്കടവും വടക്കുമ്പാകടവും പെരളശ്ശേരി പഞ്ചായത്താണ് നടത്തുന്നത്. പാലാകടവും കല്ലുനാത്ത് കടവും ഗ്രാമപഞ്ചായത്തിലെ ചെറുകടവുകളാണ്.

റോഡുഗതാഗതത്തിൽ മുന്തിയ പരിഗണനയാണ് ഗ്രാമപഞ്ചായത്ത് നല്കി വരുന്നത്. രജിസ്റ്റർ ചെയ്ത ആകെ റോഡുകളുടെ നീളം 65.07 കി.മീറ്റ റാണ്.ഗ്രാമ പഞ്ചായത്തിൽ 54.5കി.മീറ്റർ മൺ/ചരൾ/ റോഡുകളാണ്. (അനുബന്ധം 1,2 കാണുക) റോഡുകൾ അറ്റകുറ്റ പണിചെയ്യുന്നതിനും ടാർ ചെയ്യാനുമാണ് പഞ്ചായത്തിന്റെ വരുമാനത്തിന്റെ വലിയ ഭാഗം ചെലവഴിക്കുന്നത്.

പൊതുമരാമത്തിൽ 1991 - 92മുതൽ 95 -96 വരെ ചെലവഴിച്ചത് 24, 28, 741രൂപയാണ്. ഇത് വരുമാനത്തിന്റെ 57.31 ശതമാനം ആണ്. സർക്കാർ ധനസഹായം അടക്കമുള്ള ആകെ വരുമാനത്തിന്റെ 41.1%മാണിത്. (പട്ടിക -1 ഗ്രാഫ് 1 എന്നിവ കാണുക. എങ്കിലും പ്രധാനപ്പെട്ട സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ ഇനിയും പണിയാനുണ്ട്. കൾവർട്ടുകൾ, സ്ലാബുകൾ, ചെറുനടപ്പാതകൾ ബസ്സ്ഷെൽട്ടറുകൾ എന്നിവ ഉപാധിരഹിത ഫണ്ടും മറ്റും ഉപയോഗിച്ച് പണികഴിപ്പിച്ചിട്ടുണ്ട്.

പ്രശ്നങ്ങൾ

1 പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ റോഡില്ല.

2 രജിസ്റ്റർ ചെയ്ത റോഡുകൾക്ക് തന്നെ പലതിനും വീതി കുറവാണ്.

3 പ്രധാനപ്പെട്ട പലറോഡുകളും ടാർചെയ്തിട്ടില്ല

4 ലിങ്ക് റോഡ് കുറവായതിനാൽ ധാരാളം ഊർജ്ജം വൃഥാവ്യയം ചെയ്യപ്പെടുന്നുണ്ട്

5 ഓവുചാലുകളുടെ അപര്യാപ്തത നിമിത്തം ചില റോഡുകൾ അപകടാവസ്ഥയിലാണ്.

6 വാഹനങ്ങൾ പൊതുനിരത്തിൽ പാർക്കുചെയ്യുകയും കഴുകുകയും ചെയ്യുന്നു.

7 വൃക്ഷശിഖരങ്ങൾ വെട്ടിമാറ്റാത്ത് യാത്രയ്ക്ക് തടസ്സമാകുന്നുണ്ട്.

8 റോഡ് ടാർ ചെയ്യുന്നത് കാര്യക്ഷമമായിട്ടല്ല.

9 ദിനം പ്രതി ഒട്ടേറെ പേർ യാത്ര ചെയ്യുന്ന ധാരാളം ഇടവഴികൾ ഇടുങ്ങിയതാണ്.

10 കേബിൾ വലിക്കാൻ ടെലിഫോൺ ഡിപ്പാർട്ടുമെൻറ് കുഴിക്കുന്ന കുഴികൾ റോഡ് ചീത്തയാകാൻ കാരണമാകുന്നു.

സാധ്യതകൾ

1 സന്നദ്ധസേവകരുടെ സഹായം റോഡു നിർമ്മാണത്തിൽ നിർലോഭമായി ലഭക്കുന്നുണ്ട്
2 ബസ്ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് ക്ലബ്ബുകളുടെ സഹായം ലഭിക്കുന്നതാണ്.
3 നാമമാത്രമെങ്കിലും ജലഗതാഗതവും കടത്തും പഞ്ചായത്തിലുണ്ട്

നിർദ്ദേശങ്ങൾ

1 ആവശ്യമായ സ്ഥലങ്ങളിൽ കൾവർട്ടുകൾ നിർമ്മിക്കണം
2 ഓവുചാലുകൾ വൃത്തിയാക്കി റോഡു സംരക്ഷിക്കണം
3 വാഹനങ്ങൾ പൊതുനിരത്തിൽ നിന്ന് കഴുകുന്നത് തടയണം.
4 ഇരിപ്പക്കടവ് പുഴക്ക് പാലം പണിയണം.
5 പ്രധാപ്പെട്ട സ്ഥലങ്ങളിൽ ബസ്സ്റ്റാൻറ് പണിയണം. ആവശ്യമായത്രയും സൈൻ ബോർഡുകൾ സ്ഥാപിക്കണം.
6 ഗ്രാമീണ മരാമത്ത് പണികൾ പഞ്ചാത്ത് നേരിട്ടേറ്റെടുക്കണം.
7 സ്കൂൾ കുട്ടികളുടെ യാത്രാക്ലേശം പരിഹരിക്കണം
8 ജലഗതാഗതം പ്രോത്സാഹി പ്പിക്കപ്പെടണം.
9 ഓടകൾ മൂടാൻ കവറിങ്ങ് സ്ലാബുകൾ ഉണ്ടാക്കണം.
10 നാട്ടുകാർ നിർമ്മിച്ച റോഡുകൾ പഞ്ചായത്ത് ഏറ്റെടുക്കണം,
11 റോഡില്ലാത്ത, ജനവാസം കൂടിയ ഇടങ്ങളിൽ റോഡ് പണിയാൻ പഞ്ചായത്തിന്റെ സത്വര ശ്രദ്ധ പതിയണം,
12 പഞ്ചായത്തിൽ ഏതാനും റോഡുകൾക്ക് പാലങ്ങൾ പണിയേണ്ടതുണ്ട്
13 മമ്പറത്തെ പൂഴിസൂക്ഷിക്കുന്ന പാതാർ ഉയർത്തേണ്ടതാണ്
14 കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ ആരംഭിക്കണം.
15 പി. ഡബ്ല്യൂ. ഡി. റോഡിലെ ചില സ്ഥലങ്ങളിലുള്ള എൻക്രോച്ച് ഒഴിവാക്കേണ്ടതാണ്.
16 റോഡുകളുടെ അറ്റകുറ്റപണിക്ക് സന്നദ്ധ സേനരൂപീകരിക്കേണ്ടതാണ്. റോഡുകളുടെ അതിരുകൾ തിട്ടപ്പെടുത്തി അടയാളങ്ങൾ സ്ഥാപിക്കണം.
17 സിവിൽഎഞ്ചിനീയറിംങ്ങ് കഴിഞ്ഞഒരു ഡിപ്ലോമക്കാരനെങ്കിലും പഞ്ചായത്തിൽ നിയമിച്ച് പൊതുമരാമത്ത് ജോലികൾ ഏല്പിക്കേണ്ടതാണ്.
18 ബസ്ഷെൽട്ടറുകൾ സന്നദ്ധ സംഘടനകളുടേയും ക്ലബ്ബുകളുടെയും ശ്രമധാനത്തിലൂടെ സ്ഥാപിക്കേണ്ടതാണ്.
18 റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാകാലം നിർവഹിക്കേണ്ടതാണ്.
19 ഗതാഗതനിയമങ്ങൾ പാലിക്കാതിരിക്കുന്നവർക്കുനേരെ നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തിന് അധികാരമുണ്ടായിരിക്കേണ്ടതാണ്.

പട്ടിക— 1 1991 —92, 1995—96 കാലയളവിൽ വേങ്ങാട് ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക

കാല യളവ്	പൊതുമരാമത്ത് പ്രവർത്തനങ്ങൾക്ക് മാത്രമായി ചെലവഴിച്ച സംഖ്യ	ഗ്രാമപഞ്ചായത്തിന്റെ 1991 -92 1995-96 വരെയുള്ള വരുമാനം		
		ഗ്രാമപഞ്ചായത്തിന്റെ സ്വന്തം വരുമാനം	സർക്കാർ വക ധന സഹായങ്ങൾ	ആകെ
1	2	3	4	5 (3+4)
1991-92	307836.00	613560.00	2222659.00	836219.00
1992-93	239667.00	731215.26	264002.00	995217.26

1993-94	742221.00	859177.60	336741.00	1195918.60
1994-95	432857.00	952462.90	374537.00	1326999.90
1995-96	706160.00	1081533.40	472840.00	1554373.40
ആകെ	2428741.00	4237949.16	1670779.00	5908728.16

അവലംബം: ഫൈനാൻഷ്യൽ സ്റ്റെയിറ്റ്മെൻറ്
1991-92 1995-96 വേങ്ങാട് ഗ്രാമപഞ്ചായത്ത്

ഗ്രാഫ് — 1



A പഞ്ചായത്ത് വരുമാനം ഉപയോഗിച്ച് നടത്തിയ പ്രവർത്തനം
B സർക്കാർ ധനസഹായമടക്കമുള്ള ആകെ വരുമാനം
ഉപയോഗിച്ച് നടത്തിയ പ്രവർത്തനം

അനുബന്ധം - 1

വേങ്ങാട് ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മൺ/ചരൾ റോഡുകളുടെ വിവരം

ക്രമ.ന.	വാർഡ്	റോഡിന്റെ പേര്	നീളം	വീതി
1	1	വേങ്ങാട്-മണക്കായ് റോഡ്	850	4.50
2	1	മെതിയടിപ്പാറ-കുറുവാത്തൂർ റോഡ്	1275	4.50
3	1	മീത്തലെപ്പള്ളി-സീഡ് ഫാം റോഡ്	250	3.50
4	2	വേങ്ങാട്-ഫാമിലി വെൽ ഫേർ റോഡ്	380	4.50
5	2	വേങ്ങാട് കനാൽ- പാല റോഡ്	500	4.00
6	2	വേങ്ങാട് ഫാമിലി വെൽഫേർ സെൻറർ കുരിയോട് എൽ. പി. എസ് റോഡ്	2000	4.50
7	2	പടുവിലാക്കാവ് - വേങ്ങാട് സീഡ് ഫാം റോഡ്	300	3.50
8	2	കനാൽ പാലം-അംഗൻവാടി റോഡ്	450	3.50
9	2	വേങ്ങാട് കനാൽകര-വെള്ളകാഞ്ഞിരം റോഡ്	500	5.50
10	3	വെൺമണൽ - മൊടക്കണ്ണി റോഡ്	1000	4.50
11	3	വെൺമണൽ-മൊടക്കണ്ണി -നമ്പോക്കിൽ പറമ്പ്	1000	4.50
12	3	ഇരിപ്പക്കടവ് - വെൺമണൽ റോഡ്	1000	4.50
13	4	പട്ടത്താരി തങ്ങാരത്ത്റോഡ്	490	4.00
14.	4	കൊളത്തുമല പട്ടത്താരി റോഡ്	1218	4.50
15.	5	ചാമ്പാട് എസ്റ്റേറ്റ് ഫെറി	200	4.00
16.	5	ചാമ്പാട് സ്കൂൾ എക്കാൽ റോഡ്	200	4.00
17.	5	കുന്നിക്കര റോഡ്	940	4.50
18	5	പാലാക്കടവ് റോഡ്	440	3.50
19.	5	ചാമ്പാട് കല്ലിനാത്ത് കടവ് റോഡ്	333	3.00
20	6	വാളാങ്കിചാൽ കൈതേരിപ്പൊയിൽ റോഡ്	520	3.50
21	6	പടുവിലാക്കാവ് റോഡ്	375	8.00
22	6	മുണ്ടമല കൊളത്ത് വയൽ റോഡ്	835	4.00
23	6	മുണ്ടമട്ട പടുവിലായ് റോഡ്	450	4.00
24	6	മുണ്ടമട്ട കോയിലോട് റോഡ്	1200	4.50
25	6	പുതുവയൽ റോഡ്	890	4.00
26	6	ചാറിയാത്ത് താഴെ വാളാങ്കിൽ റോഡ്	780	3.00
27	6	മുണ്ടമട്ട കോറോത്ത് താഴെ റോഡ്	710	3.00
28	7	കോറോത്ത്മട്ട നെല്യോട് വയൽ റോഡ്	1005	4.00
29	7	കുന്നോത്ത് കുന്നുംപ്രം-കണ്ടോത്ത് താഴെ റോഡ്	340	4.00
30	7	വണ്ണത്താങ്കണ്ടിപ്പാറ-പാതിരിയാട്	650	4.00
31	7	പാതിരിയാട് തിരുമങ്ങലം ക്ഷേത്രം റോഡ്	1500	4.50
32	7	ശങ്കരനെല്ലൂർ ചാത്തോത്ത് താഴെ റോഡ്	800	3.50
33	7	വണ്ണാത്തിമുക്ക് തിരുമംഗലത്ത് റോഡ്	770	5.00
34	7	വയൽപീടിക - തിരുമംഗലത്ത് റോഡ്	266	4.00
35	7	കുറ്റിപ്പുറം- പാതിരിയാട് റോഡ്	765	3.60
36	8	പാച്ചപ്പൊയ്യ വെള്ളപന്തൽ റോഡ്	700	7.00
37	8	മേലെ കായലോട് - കുട്ടിച്ചാത്തൻ മഠം റബർ കാട് റോഡ്	1500	8.00

38	8	പറമ്പായി പാച്ചപ്പൊയ്ക റോഡ്	770	5.00
39	9	കായലോട് പറമ്പായ് റോഡ്	1800	7.00
40	9	അറത്തിൽ-കായലോട് റോഡ്	140	7.00
41	9	പറമ്പായ് കേളോത്ത് മെട്ട റോഡ്	600	4.00
42	9	ശിവപ്രകാശം സ്കൂൾ-ഒതയോത്ത് താഴെ	350	3.00
43	9	മണ്ടോളി പറമ്പ് കുറുവോളിയിൽ റോഡ്	500	3.00
44	9	കരിമ്പിക്കാട് - പള്ളിക്കരതാഴെ	350	3.00
45	9	മീത്തലെ കായലോട് പുഴുക്കായ് പറമ്പ് റോഡ്	250	3.00
46	9	പുഴുക്കായ് മുക്ക് - ഇളയേടത്ത് താഴെ റോഡ്	950	3.50
47	10	മയിലുള്ളി പൊയനാട് സ്കൂൾ റോഡ്	500	4.00
48	10	മൈലുള്ളി- മെറ്റേണിറ്റി സെൻറർ റോഡ്	800	4.50
49	10	കുഴിയിൽ പീടിക - തെയുള്ളതിൽ താഴെ	800	5.00
50	10	ഇല്ലത്തുവളപ്പിൽ- താഴെ -മുണ്ടത്തടം റോഡ്	420	4.50
51	10	മെറ്റേണിറ്റി സെൻറർ വട്ടക്കൊവ്വൽ റോഡ്	500	4.00
52	11	കീഴത്തൂർ ജുമാ അത്ത് പള്ളി റോഡ്	300	4.00
53	11	മൈലുള്ളി മെട്ട കിഴത്തൂർ രയരോത്ത് കാവു് റോഡ്	1650	4.00
54	11	ലക്ഷം വീട് മുണ്ട്യാടി താഴെ വയൽ റോഡ്	525	4.00
55	11	കീഴത്തൂർ വണ്ണാത്തിക്കടവ് റോഡ്	450	4.00
56	11	കീഴത്തൂർ എൽ. പി. എസ്. മണക്കടവ് കാവ് റോഡ്	630	4.00
57	12	മഞ്ചൻറവിട താഴെ അമ്പലക്കാട റോഡ്	600	5.50
58	12	കേളാലൂർ സ്കൂൾ ബാലവാടി റോഡ്	300	3.00
59	12	കമ്പനി മെട്ട ബാലവാടി റോഡ്	850	4.00
61	12	എടപ്പാടി മെട്ട തിരുവാനത്ത് റോഡ്	1000	800
60	12	മാന്തോട്ട് പറമ്പ്- ചന്ത്രോത്ത് പൊയിൽ റോഡ്	330	4.00
62	12	മഠപ്പുര മടത്തുംപ്പൊയിൽ റോഡ്	704	4.50
63	12	ചള്ളയിൽ മുക്ക് മഠത്ത് പൊയിൽ റോഡ്	300	4.00
64	12	പാണ്ട്യാല മുക്ക് ബാലവാടി റോഡ്	332	4.00
65	12	കേളാലൂർ കുഴൽ കിണർ - പടിഞ്ഞിറ്റാമുറി റോഡ്	350	4.00
66	12	പനേരകണ്ടി മുക്ക് - പാലക്കാട്ട് പറമ്പ് റോഡ്	800	3.00
67	5,6,7	ഓടക്കടവ് വാളാങ്കിച്ചാൽ റോഡ്	2000	600
68	7,8	കുഴിയിൽ പീടിക - പാതിരിയാട്	1000	7.00
69	9 12	ഓലയമ്പലം കായലോട് റോഡ്	1335	7.00
70	10 12	ചള്ളയിൽ മുക്ക് തിരുവമ്പാടി അമ്പലം റോഡ്	820	4.50
71	10 11	പൊയനാട് - കീഴത്തൂർ ജുമാ അത്ത് പള്ളി റോഡ്	890	4.00
72	10 7	മൈലുള്ള പാതിരിയാട് വയൽ റോഡ്	550	4.00
73	2 6	കുരിയോട് എൽ. പി. എസ് കിരാച്ചി റോഡ്	450	4.00

അവലംബം റോഡ് റജിസ്റ്റർ വേങ്ങാട് ഗ്രാമപഞ്ചായത്ത്

അനുബന്ധം - 2

വേങ്ങാട് ഗ്രാമപഞ്ചായത്തിലെ ടാറിട്ട റോഡുകൾ

വാർഡ്.ന.	പേര്	ആകെ നീളം	ടാർ ചെയ്ത നീളം	വീതി
1	വേങ്ങാട് കീഴല്ലൂർ ഡാം സൈറ്റ് റോഡ്	1100	1100	8.00
2,5,6	വേങ്ങാട്-ഊർപ്പള്ളി-ചാമ്പാട് റോഡ്	3920	3920	7.50
7	ശങ്കരനെല്ലൂർ പാതിരിയാട് റോഡ്	1072	700	8.00
7,8,9	മൈലുള്ള മെട്ട- പാച്ചപ്പൊയ്ക റോഡ്	4000	4000	8.00
9	കായലോട് - കതിരൂർ റോഡ്	100	100	7.00
11	മൈലുള്ളി മോട്ട കീഴത്തൂർ എൽ. പി. എസ്. റോഡ്	1100	750	8.00

അവലംബം റോഡ് രജിസ്റ്റർ വേങ്ങാട് ഗ്രാമ പഞ്ചായത്ത്

അനുബന്ധം - 3

വേങ്ങാട് ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത ഇടവഴികളും നടപ്പാതകളും

ക്രമ നമ്പർ	വാർഡ് നമ്പർ	ഇടവഴികളുടെ /നടപ്പാതകളുടെ പേര്	നീളം മീറ്ററിൽ
1	1	വേങ്ങാട് എച്ച് എസ് കൊല്ലൻ മുക്ക് റോഡ്	400
2	2	അമ്പലമുക്ക്-കനാൽ ഫുട്ട്പാത്ത്	200
3	2	വേങ്ങാട് യു. പി എസ് കുരിയോട് റോഡ്	375
4	4	ശുങ്കസ്ഥാനം - ചീത്തയിൽപ്പുഴ	200
5	4	പഴയപോസ്റ്റ്ഓഫീസ്-സ്രാമ്പി	350
6	4	കനാൽതാഴെ പറമ്പ്	375
7	5	പി. എച്ച്. സി. ഫുട്ട്പാത്ത്	300
8	5	പുളിയോത്ത് കുന്നിൻമേൽ താഴെ	1000
9	5	പുതിയാണ്ടിപറമ്പ് കൈതേരിപൊയിൽ റോഡ്	150
10	5	തട്ടാൻറെ മുക്ക്-പറമ്പത്ത് താഴെ റോഡ്	300
11	5	ചാമ്പാട് - കോയ്യോത്ത്താഴെ(ചാമ്പാട് കാവ്വഴി)	800
12	5	വണ്ണാൻറെ മെട്ട കൈതേരിപൊയിൽ	500
13	5	കുന്നിരിക്ക - കുന്നിരിക്കമ്പലം	150
14	5	മുണ്ടോൻ വയൽ - കുന്നിരിക്ക അമ്പലം	700
15	5	കൈതേരിപോയിൽ - പുളിയോത്ത് വളപ്പ് ഇടവഴി	350
16	5	വണ്ണാൻറെ മുക്ക് വയൽപീടിക	1040
17	6	എരിഞ്ഞിളള്ള പറമ്പ് പാറക്കണ്ടി	800
18	6	മുണ്ടമെട്ട കൈതേരിപ്പൊയിൽ	400
19	6	വാളാങ്കിച്ചാൽ പാതിരിയാട് വയൽ ഇടവഴി	250
20	6	അരീക്കൻചാൽ - കുണ്ട്കണ്ടം ചാൽ	440
21	7	വലിയ പറമ്പത്ത് താഴെ	300
22	7	പള്ളിക്കുന്ന് ചാൽ - കാനോത്ത്താഴെ	700
23	7	മഠത്തിൽ മഠപ്പുര - ഇടവഴി	250
24	8	പാച്ചപ്പൊയ്ക - ബാലവാടി	150
25	9	പാണ്ട്യാലപറമ്പ് കമ്പനി മെട്ട	360
26	9	കളരിക്കൽ ക്ഷേത്രം പറമ്പത്ത് താഴെ	100
27	9	കായലോട് ശിവ പ്രകാശം യു. പി	400
28	9	അച്ചങ്കരപള്ളി - പറമ്പായി	90
29	9	കിഴക്കെ പറമ്പായ് ശിവപ്രകാശം സ്കൂൾ	450
30	12	വിജയാ ക്ലിനിക്ക്-മമ്പറം എച്ച് എസ്	500

അവലംബം റോഡ് രജിസ്റ്റാർ വേങ്ങാട് ഗ്രാമ പഞ്ചായത്ത്

വിഭാഗം

ഊർജ്ജം

ഒരു രാജ്യത്തിന്റെ, അല്ലെങ്കിൽ ഒരു പ്രദേശത്തിന്റെ പുരോഗതിയുടെ അളവുകോലായി ആ പ്രദേശത്തെ ഊർജ്ജലഭ്യത കണക്കാക്കേണ്ടതുണ്ട്. വൈദ്യുതോർജ്ജമായാലും മറ്റ് ഏത് തരത്തിലുള്ള ഊർജ്ജമായാലും ഇന്നും ഇത്തരം വീക്ഷണത്തിന് പ്രസക്തിയുണ്ട്. അതുകൊണ്ട് വികസനത്തിന്റെ ഇന്ധനം തന്നെ ഊർജ്ജമായി വിലയിരുത്തപ്പെടുന്നു. പ്രതിശീർഷ ഊർജ്ജ ഉപഭോഗം ഒരു സമൂഹത്തിന്റെ തന്നെ ഭൗതീക ജീവിതനിലവാരത്തിന്റെ സൂചകമാണ്. ഗാർഹിക രംഗത്തെ വൈദ്യുതുഉപഭോഗം ജീവിത സൗകര്യങ്ങളെ കുറിക്കുമ്പോൾ വ്യവസായരംഗത്തെ ഊർജ്ജഉപഭോഗമാണ് തൊഴിലവസരങ്ങളുടെ ലഭ്യത നിർണ്ണയിക്കുന്നത്. കൃഷിയുടെ ഉൽപാദനക്ഷമത ജലസേചനവുമായും വൈദ്യുതി ലഭ്യതയുമായും ബന്ധപ്പെട്ടിരിക്കുന്നു.

വൈദ്യുത പദ്ധതികളുടെ കാര്യത്തിലും വൈദ്യുതിയുടെ ലഭ്യതയിലും മലബാറിൽ തന്നെ പിന്നോക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തുകളിലൊന്നാണ് വേങ്ങാട്.

ഊർജ്ജം എന്നത് വെറും വൈദ്യുതി മാത്രമായി കാണുന്ന ഒരു കാലമല്ല ഇന്ന്. പാചകത്തിനായാലും, ജലസേചനത്തിനായാലും എന്തിനേറെ വൈദ്യുതി ഉൽപാദിപ്പിക്കുവാൻ തന്നെ മറ്റ് ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തിയിരിക്കുന്നു. നിത്യേന എന്നോണം പരീക്ഷണ നിരീക്ഷണങ്ങൾ ഈ രംഗത്ത് നടന്നുകൊണ്ടിരിക്കയുമാണ്.

1929ൽ തിരുവന്തപുരത്ത് സ്ഥാപിച്ച ഡീസൽ നിലയത്തിൽ നിന്നാണ് കേരളത്തിൽ ആദ്യമായി വൈദ്യുതോൽപാദനം ആരംഭിച്ചത്. തുടർന്ന് 1940ൽ പള്ളിവാസൽ ജല വൈദ്യുത പദ്ധതിയും. ഇതിനുശേഷം ഒട്ടനവധി വൻകിട ചെറുകിട വൈദ്യുത പദ്ധതികളും സംസ്ഥാനത്തിനകത്തുണ്ടായി. ഇത്തരം പദ്ധതികളിൽ കറെയേറെ പണി പൂർത്തിയാകാതെ കിടക്കുകയാണിന്നും.

1955 56 കാലഘട്ടത്തിലാണ് പഞ്ചായത്ത് പ്രദേശത്ത് ആദ്യമായി വൈദ്യുതി വിളക്കുകൾ പ്രകാശിക്കുവാൻ തുടങ്ങിയത്. നേരത്തെ മുണ്ടയാട്. തലശ്ശേരി, നിടുംമ്പൊയിൽ സബ് സ്റ്റേഷനുകളിൽ നിന്നായിരുന്നു വൈദ്യുതി വിതരണം. എന്നാൽ ഇന്ന് 1990ൽ പ്രവർത്തനമാരംഭിച്ച കൂത്തുപറമ്പ് സബ്സ്റ്റേഷനിൽ നിന്നുകൂടി വിതരണം ചെയ്യുന്നുണ്ട്.

ഗാർഹിക വൈദ്യുതിയുടെ കാര്യം പറയുമ്പോൾ ഇന്ന് രൂക്ഷമായ വോൾട്ടേജ് ക്ഷമാമാണ് അനുഭവപ്പെടുന്നത്. ഇതുകൊണ്ട് ആയിരിക്കാം മിക്ക ഗ്രാമസഭകളിൽ നിന്നും അതാത് പ്രദേശത്ത് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുള്ളത്. പഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോർമ്മർ എവിടെയൊക്കെ എന്ന് അനുബന്ധം ഒന്നിൽ വിശദീകരിക്കുന്നു.

വോൾട്ടേജ് ക്ഷാമം പഞ്ചായത്തിലെ മിക്കവാറും എല്ലാപ്രദേശങ്ങളിലും രൂക്ഷമാണ്. മിക്ക പ്രദേശങ്ങളിലും രാത്രി പത്ത് മണിവരെ 110വോൾട്ട് ബൾബുകളാണ് ഉപയോഗിക്കുന്നത്. 24 വോൾട്ട് ബൾബുകൾ ഉപയോഗിക്കേണ്ടിവരുന്ന പ്രദേശങ്ങളും കുറവല്ല. ലൈൻ കൺവർഷൻ നടത്തിയും നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിച്ചും പുതിയട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ സാധിക്കും. കൂടാതെ തലശ്ശേരി 110 കെ, വി. സബ്സ്റ്റേഷനിൽ നിന്നുള്ള ഒരു ലൈൻ അവസാനിക്കുന്നത് മമ്പറം-കൂത്തുപറമ്പ് റോഡിലെ പവർലും മെട്ടയിലാണ്. അവിടെ ഒരു 66 കെ. വി സബ്സ്റ്റേഷൻ നിർമ്മിക്കാൻ എളുപ്പമുണ്ട്. പഞ്ചായത്തിലെ വൈദ്യുതി വിതരണം

ത്വരിതപ്പെടുത്താനും വോൾട്ടേജ് പ്രശ്നം പരിഹരിക്കുവാനും അത് വഴി സാധിക്കും ഈ കാര്യങ്ങളിൽ അടിയന്തര ശ്രദ്ധ പതിഞ്ഞുപറ്റു. ഏതൊക്കെ പ്രദേശങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണമെന്ന് ഗ്രാമസഭകളിലൂടെ വന്ന നിർദ്ദേശങ്ങൾ അനുബന്ധം രണ്ടിൽ ചിട്ടപ്പെടുത്തിയിരിക്കുന്നു.

ട്രാൻസ്ഫോർമറുകളും അവ എവിടെയൊക്കെ എന്നും അനുബന്ധം ഒന്നിൽ വിശദീകരിക്കുന്നു.

അനുബന്ധം 1 വേങ്ങാട് ഗ്രാമപഞ്ചായത്ത് തഅർത്തിയിൽ സ്ഥാപിച്ചിട്ടുള്ള നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ സ്ഥിതിവിരങ്ങൾ

ക്രമ നമ്പർ	സ്ഥാപിച്ചിരിക്കുന്നസ്ഥലം	കപ്പാസിറ്റി
1	ചാമ്പാട് I	100KVA
2	ചാമ്പാട് II	60KVA
3	വണ്ണാൻറമെട്ട	100KVA
4	ഓടക്കാട്	100KVA
5	മൈലുള്ളിമെട്ട	160KVA
6	ബുഷ്റ കമ്പനി	160KVA
7	പാല	160KVA
8	ശങ്കരനെല്ലൂർ	100KVA
9	ഊർപ്പള്ളി	100KVA
10	വേങ്ങാട് തെരു	100KVA
11	വേങ്ങാട് അങ്ങാടി	100KVA
12	കായലോട്	100KVA
13	മമ്പറം	100KVA
14	മമ്പറം	100KVA
15	വെള്ളപന്തൽ	100KVA
16	കൊളത്തുമല	100KVA
17	മൈലാടി	160KVA
18	കൊളത്തുമല പോസ്റ്റ്	100KVA
19	ചെറയവളപ്പ്	100KVA
20	വെൺമണൽ	100KVA

അവലംബം: ദ്വിതീയ വിവരശേഖരം

KVA കൂത്തുപറമ്പ്, ചക്കരക്കല്ല്

അനുബന്ധം - 11

വേങ്ങാട് ഗ്രാമപഞ്ചായത്തിൽ പുതുതായി ട്രാൻസ്ഫോർമർ ആവശ്യമായ പ്രദേശങ്ങൾ

ക്രമനമ്പർ	ആവശ്യമായ പ്രദേശങ്ങൾ	വാർഡ്
1	കല്ലായി പ്രദേശം	3
2	കല്ലിക്കുന്ന്	5
3	മുണ്ടമെട്ട	6
4	ഓടക്കാട്	7
5	പാച്ചപൊയ്ക	8
6	മൈലുള്ളി	10
7	കീഴത്തൂർ ബാലവാടി	11
8	കീഴത്തൂർ ലക്ഷം വീട്	11

അവലംബം: ഗ്രാമസഭാ റിപ്പോർട്ടുകൾ

തെരുവു വിളക്കുകളുടെ എണ്ണത്തിൽ പഞ്ചായത്ത് പിന്നോക്കം നിൽക്കുകയാണ്. 264 ബൾബുകളും 3 ട്യൂബ് ലൈറ്റുകളുമാണ് പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ളത്. എണ്ണത്തിൽ ഇത്രത്തോളം ഉണ്ടെങ്കിലും 25%വും ഉപയോഗശൂന്യമാണ്. 1995 96വർഷത്തിൽ പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് ഇനത്തിൽ 36, 996 രൂപ ചെലവഴിച്ചിട്ടുണ്ട് പഞ്ചായത്തിന്റെ മൊത്തം ചെലവിന്റെ 3.27%മാണിത്. തെരുവുവിളക്കുകൾ പലതും കത്താത്തിനാൽ പഞ്ചായത്ത് ഇതിനായി ചെലവഴിക്കുന്ന പണം പാഴാകുകയാണ്.

തെരുവ് വിളക്കുകൾ ഇനിയും ആവശ്യമായ പ്രദേശങ്ങൾ പഞ്ചായത്തിൽ ഉണ്ട്. കൂടാതെ പഞ്ചായത്തിലെ വിവിധകേന്ദ്രങ്ങളിൽ സോഡിയം വേപ്പർ വിളക്കും ഉണ്ടാകണമെന്ന് ഗ്രാമസഭകളിൽ നിന്ന് ആവശ്യങ്ങളും ഉയർന്നിട്ടുണ്ട്. തെരുവുവിളക്കുകൾ ആവശ്യമായ സ്ഥലത്തൊക്കെ സ്ഥാപിക്കുന്നതോടൊപ്പം എല്ലാവിളക്കുകളും കത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള സംവിധാനവും ഉണ്ടായിരിക്കണം. സോഡിയം വേപ്പർ വിളക്കുകൾ ആവശ്യമാണെങ്കിലും അതിനു വേണ്ടിവരുന്ന ഭാരിച്ച ചെലവും പരിശോധിക്കേണ്ടതുണ്ട്. വോൾട്ടേജ് ക്ഷാമം ഇല്ലാത്ത പ്രദേശങ്ങളിൽ ട്യൂബ് ലൈറ്റ് സ്ഥാപിച്ച് ചെലവ് കുറക്കാൻ സാധിച്ചേക്കും.

തെരുവു വിളക്കുകൾ ആവശ്യമായ പ്രദേശങ്ങൾ വാർഡ് തിരിച്ച് അനുബന്ധം മൂന്നിൽ വിശദമാക്കിയിരിക്കുന്നു.

അനുബന്ധം - III

തെരുവു വിളക്കുകൾ ആവശ്യമായ വാർഡുകളും പ്രദേശങ്ങളും

ക്രമ നമ്പർ	വാർഡ്	ആവശ്യമായ സ്ഥലങ്ങൾ
1	I	വേങ്ങാട് മെട്ട, മണക്കായി, കീഴല്ലൂർമെട്ട കെനാൽ പാലം പ്രദേശങ്ങൾ
2	II	വൈദ്യുത ലൈൻ കടന്നുപോകുന്ന പ്രാധാന വീഥികൾ
3	III	വെൺമണൽ- മുടക്കണ്ടി റോഡ്, വാട്ടർ അതോറിറ്റിയുടെ ക്വാർട്ടേഴ്സിന്റെ മുന്നിൽ, ചെറിയ വളപ്പ് ഇരിപ്പുകടവ് റോഡ്, കല്ലായിപ്പള്ളി

		റോഡ്,കല്ലായി വയൽ. ഇരിപ്പുകടവ് പ്രദേശം,കല്ലായിപള്ളി മുതൽ കേളോത്ത് വിളപ്പ് വരെ
4	IV	കൊളത്തുമല-പട്ടത്താരി റോഡ്, പഴയപോസ്റ്റ് ഓഫീസ് സ്രാമ്പി റോഡ്, മഠത്തിൽ പാറാടൻ ചാൽ റോഡ്, പട്ടത്താരി - പാലക്കീഴ് റോഡ്, കനാൽ റോഡ്, കനാൽ താനപ്പറമ്പ് റോഡ്, പള്ളി ശ്മശാനത്തിന്ചുറ്റുമുള്ള ഇടവഴി
5	V	ഓടക്കടവ് - വാളാങ്കിച്ചാൽ റോഡ്, കൈതേരിപ്പൊയിൽ റോഡ്. പനമ്പ്രകണ്ണോത്ത് റോഡ്, കല്ലിക്കുന്നു്-ഊർപ്പള്ളി - വേങ്ങാട് (5.6, വാർഡുകൾ) റോഡ് 2
6	VI	മുണ്ടമെട്ട - വാളാങ്കിച്ചാൽ റോഡ്, മുണ്ടമെട്ട- പടുവിലാക്കാവ് റോഡ്
7	VIII	ചേരിക്കമ്പനി - പാച്ചപ്പൊയ്ക റോഡ്, കുറ്റിപ്പുറം റേഷൻ പീടിക - ലെനിൽ സെൻറർ റോഡ്
8	IX	താഴെ കായലോട് - ചേരിക്കമ്പനി റോഡ്
9	X	പൊയനാട് തെക്കിനാത്ത് - കീഴത്തൂർ പള്ളിക്കാട് റോഡ്, മെയിലുള്ളിമെയിൻ റോഡ് - മമ്പറം റോഡ്
10	XI	മൈലുള്ളി മെട്ട - രയരോത്ത് കാവ്, പോതിയേടത്ത് കാവ് റോഡ്
12	XII	പ്രധാനപ്പെട്ട സ്ഥലങ്ങൾ

പഞ്ചായത്തിൽ ആകെ വീടുകളുടെ എണ്ണം 5556ആണ്. ഇതിൽ 3313 വീടുകളും ഇതിനകം വൈദ്യുതീകരിച്ചിട്ടുണ്ട്. 450ഓളം വീടുകൾ വയറിങ്ങ് ചെയ്ത് കണക്ഷന് അപേക്ഷ നല്കി കാത്തിരിക്കുകയാണ്. 1793 വീടുകൾ ഇനിയും വൈദ്യുതീകരിച്ചിട്ടില്ല. വയലോരങ്ങളിലും പുഴയോരങ്ങളിലും ഉൾപ്രദേശങ്ങളിലും ഉള്ള വീടുകളാണ് ഏറിയ കൂറും 408 വ്യാപ്യാരസ്ഥാപനങ്ങൾക്കും 82 ചെറുകിട വ്യവസായ ആവശ്യങ്ങൾക്കും 174കാർഷിക ആവ ശ്യങ്ങൾക്കും ഇതിനകം കണക്ഷൻ നല്കിയിട്ടുണ്ട് എന്ന് കെ. എസ്. ഇ. ബി രേഖകളിൽ കാണുന്നു. പട്ടിക 1 ൽ പഞ്ചായത്തിലെ മൊത്തം വൈദ്യുതികരച്ചതിൻേറയും വൈദ്യുതീ കരിക്കാൻ ബാക്കിയുള്ളതിൻേറയും രേഖകൾ ചിട്ടപ്പെടുത്തിയിരിക്കുന്നു.

വേങ്ങാട് ഗ്രാമപഞ്ചായത്ത് വൈദ്യുതീകരിച്ചതും വൈദ്യുതീകരിക്കാൻ ബാക്കിയുള്ളതുമായ വീടുകളുടെ സ്ഥിതിവിവരം

പട്ടിക - 1

വാർഡ്	മൊത്തം വീട്	വൈദ്യുതീകരിച്ചത്	വൈദ്യുതീകരിക്കാത്തത്	അപേക്ഷ കൊടുത്തത്	അപേക്ഷ കൊടുക്കാത്തത്
I	394	231	163	31	132
II	429	267	162	18	144
III	447	275	172	26	146
IV	366	284	82	5	77
V	553	384	169	35	134
VI	681	320	361	61	300
VII	417	172	245	105	140
VIII	501	250	251	44	207
IX	401	199	202		171
X	351	261	90	8	82
XI	455	255	200	50	150
XII	561	415	146	36	110
	5556	3313	2243	450	1793

അവലംബം: സാമൂഹിക - സാമ്പത്തിക സർവ്വെ - 1996

പഞ്ചായത്തിൽ വൈദ്യുതീകരിച്ചതും അല്ലാത്തതും അപേക്ഷ നൽകിയതുമായ വീടുകളുടെ എണ്ണം ശതമാനത്തിൽ.



വൈദ്യുതിക്ക് വേണ്ടി അപേക്ഷ നൽകിയ ഓർഡിനറി വിഭാഗത്തിൽ പെട്ടവർക്ക് കണക്ഷൻ ലഭിക്കാൻ ആറും ഏഴും ചിലപ്പോൾ അതിൽ കൂടുതൽ വർഷവും വേണ്ടിവരുന്നുണ്ട്. ഇതിനൊരുമാറ്റം ഉണ്ടായേ പറ്റൂ. കാർഷിക - വ്യവസായിക ആവശ്യങ്ങൾക്കുള്ള വൈദ്യുതിക്കും കാലതാമസം നേരിടുന്നുണ്ട്. ഒ. ടി. പി. വിഭാഗത്തിൽ നവമ്പർ '95വരെയും ഒ.വൈ.ള.സി. വിഭിഗത്തിൽ മെയ് 1995 വരെയും അപേക്ഷ നൽകിയവർക്ക് കണക്ഷൻ ലഭിച്ചിട്ടിട്ടുണ്ട്. പോസ്റ്റ് ആവശ്യമില്ലാത്ത ഓർഡിനറി വിഭാഗത്തിൽ 1.3.94 വരേയും oyec വിഭാഗത്തിൽ ജൂൺ 96വേരേയും അപേക്ഷ നല്കിയവർക്ക് കണക്ഷൻ നല്കിയിട്ടുണ്ട്. പഞ്ചായത്തിൽ വൈദ്യുതി എത്താത്ത പ്രദേശങ്ങളുടെ വിവരങ്ങളാണ് പട്ടികയിൽ.

വേങ്ങാട് പഞ്ചായത്തിൽ വൈദ്യുതീകരിക്കേണ്ടുന്ന പ്രദേശങ്ങൾ

വാർഡ്	പ്രദേശങ്ങൾ
1	കുറുവാത്തൂർ, മണക്കായ്
2	കുരിയോട്, വേങ്ങാട് തെരുവിൻെറ ഭാഗം, കനാൽക്കര
3	
4	
5	കറപ്പത്തോട്ടത്തിനകത്തും പുഴയോരഭാഗത്തും
6	പടുവിലായി വയൽ പ്രദേശം, ഊർപ്പള്ളിയുടെ ഭാഗം
7	പാതിരിയാട് വയൽ പീടിക, നെല്ല്യാട് (ഉത്തമൻപീടിക ഭാഗം) കൊങ്കി കുമാരൻ മുതലങ്ങോട്ടുള്ള 26 വീടുകൾക്ക്
8	പാച്ചപ്പൊയ്ക, ചെട്ട്യാർകുന്ന്
9	എളയേടത്ത് കണ്ണോത്ത് പൊയിൽ പരിസരം, ചേരിക്കമ്പനിക്കടുത്ത് എളമ്പയിൽ പ്രദേശം
11	കീഴത്തൂർ താഴം ഭാഗം - പുഴയോരം
12	ചെരിപ്പേരി പ്രദേശം

ഇന്ന് നമ്മൾ ഉപയോഗിക്കുന്ന വൈദ്യുതി വീടുകളിലായാലും വ്യവസായശാലകളിലായാലും കാര്യക്ഷമമായിട്ടല്ല ഉപയോഗിക്കുന്നത്. വൈദ്യുതി ദുർവ്യയം ചെയ്യുന്ന സന്ദർഭങ്ങൾ കുറച്ചൊന്നുമല്ല. നമ്മുടെ വൈദ്യുതുപകരണങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടേയും ഉപയോഗശീലങ്ങളിൽ മാറ്റം വരുത്തുന്നതിലുടേയും വൈദ്യുതി ലാഭിക്കാവുന്നതാണ്. വൈദ്യുതി ചോർത്തുന്നതും ഫല പ്രദമായി തടയാൻ സാധിക്കേണ്ടതുണ്ട്.

വൈദ്യുതിയുടെ കൃത്യതയില്ലായ്മയ്ക്ക് നല്ലൊരു ശതമാനം കാരണം കമ്പികളിൽ തൊട്ടുനിൽക്കുന്ന മരക്കമ്പുകളാണ്. അവ യഥാസമയം വെട്ടിമാറ്റാത്തത് വൈദ്യുതി നഷ്ടത്തിന്ന് കൂടി കാരണമാകും.

പഞ്ചായത്തിൽ ഊർജ്ജസംബന്ധമായ പ്രശ്നങ്ങൾ പഠിച്ച് ഒരു സമഗ്ര ഊർജ്ജാസൂത്രണ പദ്ധതിക്ക് രൂപം നല്കാവുന്നതാണ്. വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആവശ്യങ്ങൾക്കനുസരിച്ച് പുതിയ ഊർജ്ജസ്രോതസ്സുകൾ കണ്ടെത്താൻ കഴിയുന്നില്ല എന്നത് വൈദ്യുതിയുടെമാത്രം അവസ്ഥയല്ല. വിറക്, മണ്ണെണ്ണ, ഗ്യാസ് എന്നിവയാണ് ഇന്ന് പാചകാവശ്യത്തിനുള്ള ഇന്ധനമായി ഉപയോഗിക്കുന്നതെങ്കിലും ഭൂരിഭാഗം വീടുകളിലും വിറക ടുപ്പാണ് ഉപയോഗിച്ചുവരുന്നത്. വൈദ്യുതീകരിച്ച വീടുകളിൽപ്പോലും മണ്ണെണ്ണവിളക്ക് കത്തിക്കേണ്ടഅവസ്ഥയാണുള്ളത്. ആകെയുള്ള വീടുകളിൽ 5289 (95.18%) വീടുകളിലും സാധാരണ വിറകടുപ്പുകളിലാണ് പാചകം ചെയ്യുന്നത്. ഏതാനും ചില വീടുകളിൽ മണ്ണെണ്ണസ്റ്റൗവും ഇടത്തരക്കാരുടെ വീടുകളിൽ ഗ്യാസ്സ്റ്റൗവും ഉണ്ട്. ഗോവർ ഗ്യാസടുപ്പുകളുടെ കാര്യത്തിൽ വളരെ പിന്നിലാണ്.

താഴെകൊടുത്ത പട്ടിക (II) പാചക ഇന്ധന സ്രോതസ്സുകളുടെ വിവരങ്ങൾ വെളിവാക്കുന്നു.

പട്ടിക -

വേങ്ങാട് ഗ്രാമപഞ്ചായത്ത് പാചക ഇന്ധന സ്രോതസ്സ്

വാർഡ്	വീടുകളുടെ എണ്ണം	സാധാരണ അടുപ്പ്	ഗ്യാസടുപ്പ്	പരിഷത്ത അടുപ്പുകൾ	ആകെ അടുപ്പുകൾ
1	394	373	20	1	394
2	429	412	7	10	429
3	447	441	6	-	447
4	366	329	33	4	366
5	553	540	9	4	553
6	681	666	12	3	681
7	417	400	14	3	417
8	501	476	19	6	501
9	401	382	10	9	401
10	351	345	4	2	351
11	455	427	8	20	455
12	561	497	45	19	561
ആകെ	5556	5288	187	81	5556

അവലംബം: സാമൂഹ്യസാമ്പത്തിക സർവ്വെ - 1996

ഉപയോഗക്രമം ശതമാനക്കണക്കിൽ

1. സാധാരണ അടുപ്പ് 95.16% 2. പരിഷത്തടുപ്പ് 1.46% 3. ഗ്യാസടുപ്പ് 3.38%

മുകളിലുള്ള പട്ടികയിൽ ഗ്രാമപ്രദേശങ്ങളിലും ഈ അടുത്തകാലത്തായി ഗ്യാസടുപ്പിന്റെ ഉപയോഗം വർദ്ധിച്ചെന്നും അത്തരം സൗകര്യങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കണമെന്ന നിർദ്ദേശം ഗ്രാമസഭകളിൽ വന്നിരിക്കുകയാണ്.

ദക്ഷത കൂടിയ പരിഷത്തടുപ്പുകൾ എണ്ണത്തിൽ വളരെ കുറവേ പഞ്ചായത്തിൽ ഉള്ളൂ. എന്ന സത്യം മറന്നുകൂടാ! ഒരു കുടുംബത്തിന് പ്രതിദിനം 10-12 കിലോഗ്രാം വിറക് ആവശ്യമാണ്. 5289 സാധാരണ വിറകടുപ്പിന് പ്രതിദിനം 11കിലോഗ്രാം വിറക് ഉപയോഗിക്കുന്നു എന്ന് കണക്കാക്കിയാൽ 58179 കിലോഗ്രാം വിറക് ഒരു ദിവസം ഗ്രാമപഞ്ചായത്തിൽ പാചകാവശ്യത്തിന് എരിഞ്ഞടങ്ങുന്നു എന്നാണ് അർത്ഥം. ഒരു കിലോ വിറകിന് 80പൈസ കണക്കാക്കിയാൽ 46563 രൂപ 20 പൈസയാണ് പ്രതിദിനം ഉപയോഗിക്കുന്നത്. വിറക് സ്വന്തമായും മറ്റും ശേഖരിക്കുന്നതുകൊണ്ട് വിലയുടെ രൂക്ഷത പട്ടണങ്ങളിലെപോലെ നമുക്ക് നേരിട്ടനുഭവപ്പെടുന്നില്ല. പ്രതിവിധിയായി നിർദ്ദേശിക്കുന്നത് ദക്ഷത കൂടിയ പരിക്ഷത്ത് അടുപ്പുകൾ സ്ഥാപിക്കുക എന്നതാണ്. ഇത് സാധ്യമാക്കാൻ വമ്പിച്ച പ്രചരണ ബോധവല്ക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ബോധവൽക്കരണത്തിലൂടെ പരമ്പരാഗത വിറകടുപ്പുകളുടെ പ്രധാനപ്പെട്ട രണ്ട് ദോഷവശങ്ങളെ വിശദീകരിക്കുകയും വേണം.

1 അടുപ്പിൽ നിന്നും ഉയരുന്ന പുക അടുക്കളയിൽ പെരുമാറുന്നവരുടെ ആരോഗ്യം നശിപ്പിക്കുന്നു. അമ്മയോടൊപ്പമുള്ള കൈകുഞ്ഞുങ്ങളുടെ ആരോഗ്യത്തേയും ബാധിക്കുന്നു.

2 അടുപ്പിന്റെ ദക്ഷതക്കുറവ്. വിറകിലടങ്ങിയിരിക്കുന്ന ഇന്ധനമൂല്യത്തിന്റെ എട്ടിൽ ഒന്ന് പോലും പാത്രത്തിൽ പിടിക്കുന്നില്ല.

പ്രശ്നങ്ങൾ

- പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല.
- വോൾട്ടേജ് ക്ഷാമം
- വൈദ്യുതി കണക്ഷന് വേണ്ടി വർഷങ്ങളോളം കാത്തിരിക്കേണ്ടിവ്രുന്നു.
- വൈദ്യുതലൈനുകളിൽ മരക്കൊമ്പുകൾ തട്ടുന്നത് വൈദ്യുതി വിതരണം മുടക്കുന്നു. പ്രസരണ നഷ്ടം കൂടുന്നു.
- ബോർഡ് ജീവനക്കാരുടെ കുറവ്, ഉള്ള ജീവനക്കാരിൽ തന്നെ വേണ്ടത്ര കാര്യക്ഷമതയില്ലായ്മ
- വീഴാറായ പോസ്റ്റുകളും ചിലയിടങ്ങളിൽ താഴ്ന്ന കിടക്കുന്ന ലൈനുകളും മൂലമുണ്ടാകാവുന്ന അപകടങ്ങൾ.
- സമ്മതപത്ര ലഭിക്കാത്തത് കൊണ്ട് മാത്രം വൈദ്യുതിക്ക് അപേക്ഷിക്കുവാൻ സാധിക്കാത്ത അവസ്ഥ
- പാവപ്പെട്ട കുടുംബങ്ങൾക്ക് വീട് വൈദ്യുതീകരിക്കാനുള്ള സാമ്പത്തിക ശേഷികുറവ്.
- രാത്രികാല ലോഡ്ഷെഡിംങ്ങ് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ
- ലക്ഷം വീട് കോളനികൾ വൈദ്യുതീകരിക്കാത്ത്.
- വേണ്ടത്ര തെരുവുവിളക്കുകളുടെ അഭാവം
- തെരുവുവിളക്കുകൾക്ക് ഉപയോഗിക്കുന്ന ബൾബുകളുടെ ഗുണനിലവാരകുറവ്
- പന്ത്രണ്ടോളം കിലോമീറ്റർ സഞ്ചരിച്ച് വൈദ്യുതി ഓഫീസിൽ എത്താനുള്ള പ്രയാസം.
- വോൾട്ടേജ് ക്ഷാമം കാരണം ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന നഷ്ടം.
- പാചകാവശ്യത്തിനുള്ള ഇന്ധന ദൗർലഭ്യം

സാദ്ധ്യകൾ

- പഞ്ചായത്തിലെ കല്ലിക്കുന്നിൽ നിന്ന് ജല സേചനത്തോടൊപ്പം വൈദ്യുതി ഉൽപാദനവും നടത്താൻ സാധിക്കുമോഎന്ന് പഠനം
- പഞ്ചായത്തിൽ ഒറ്റപ്പെട്ടുകിടക്കുന്ന പുഴയോരങ്ങൾ, കുന്നിൻപുറങ്ങൾ, വയൽ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്ന വീട്ടുകാർക്ക് വൈദ്യുത എത്തിക്കുന്ന തോടൊപ്പം സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതും പരിശോധിക്കാവുന്നതാണ്.

- സിങ്കിൾ ഫെയിസ് ലൈനുകൾ ത്രിഫൈസ് ലൈനുകളാക്കൽ
- ദുർവ്യയം ഒഴിവാക്കാനുള്ള ബോധവല്ക്കരണം
- കുറഞ്ഞവൈദ്യുതി ആവശ്യമായ ബൾബുകളും ട്യൂബുകളും സ്ട്രീറ്റ് ലൈറ്റിൽ ഉപയോഗിക്കൽ.
- സോളാർ സ്ട്രീറ്റ് ലൈറ്റിന്റെ സാദ്ധ്യത
- പ്രധാനപ്പെട്ട ബസാറുകളിലും കേന്ദ്രങ്ങളിലും കൂടുതൽ പ്രകാശം നല്കുന്ന വിളക്കുകൾ സ്ഥാപിക്കൽ

ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം പണം ഈടാക്കുന്ന സമ്പ്രദായം

- അനർട്ട് സബ്സിഡി നല്കി വിതരണം ചെയ്യുന്ന ഇലക്ട്രോണിക് ചോക്കിന് ഗ്രാമപഞ്ചായത്തും ബോർഡും സാമ്പത്തിക സഹായം ലഭ്യമാക്കൽ
- സി. എഫ്. എൽ വിളക്കുകൾ ധാരാളം ഉപയോഗിച്ച് ഊർജ്ജം ലാഭിക്കാൻ വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കാൽ
- ലൈൻ ജംക്ഷനുകളിൽ ഓരോ ലൈനിന്നും പ്രത്യേകം ഫ്യൂസ് സ്ഥാപിക്കൽ
- പ്രസരണ നഷ്ടം കുറക്കാൻ കപ്പാസിറ്റർ സംവിധാനം
- പഞ്ചായത്തിൽ വൈദ്യുത ബോർഡിന്റെ ഓഫീസ് സ്ഥാപിക്കൽ
- പാചകവാതകം പഞ്ചായത്തിലും ലഭ്യമാക്കുക.
- സൗരോർജ്ജപമ്പ്, സൂര്യറാന്തൽ. സൗരടി. വി, ഫ്രിഡ്ജ് എന്നിവയുടെ ഉപയോഗം വ്യാപിക്കാനുള്ള പ്രചരണം

ഇന്ധനക്ഷമതയുള്ള എനർട്ട്, പരിക്ഷത്ത് അടുപ്പുകൾ ഉപയോഗിക്കാനുള്ള ബോധവൽക്കരണം, പരിശീലന പരിപാടി. വനവൽക്കരണ പരിപാടി പോഷിപ്പിക്കൽ

മാർക്കറ്റ്

എല്ലാത്തരം കാർഷിക ഉൽപ്പന്നങ്ങളും കൈയ്യെത്തുന്ന ദൂരത്തിൽ വിപണനം നടത്താനും സാമ്പത്തികശേഷിയുള്ളവർക്ക് അവ വാങ്ങാനും പറ്റിയ ഒരു സ്ഥിതി വർഷങ്ങൾക്ക് മുമ്പേനമ്മുടെ ഗ്രാമപഞ്ചായത്തിൽ ഉണ്ടായിരുന്നു. സുഗന്ധദ്രവ്യങ്ങളുടെ പ്രത്യേകിച്ച് കുരു മുളകിന്റേയും കറപ്പയുടേയും ഈറ്റില്ലവും വിപണനകേന്ദ്രവുമായിരുന്നു.'അഞ്ചരക്കണ്ടി എന്ന് ചരിത്രപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. 1940 കാലഘട്ടങ്ങളിൽ തെങ്ങിൽ ലഭിച്ചിരുന്ന കള്ള് ഒന്നാംതരം ശർക്കരയാക്കി വിപണനം നടത്തിയ ഒരു സഹകരണ സംഘം പോലും പഞ്ചാ യത്തിലുണ്ടായിരുന്നു. ദൗർഭാഗ്യവശാൽ കാലത്തിന്റെ കുത്തൊഴുക്കിൽ ചിതറിപ്പോയ ഒരു മാർക്കറ്റ് സംവിധാനമാണ് ഇന്ന് പഞ്ചായത്തിലുള്ളത്. വികസിക്കാൻ ഏറെ സാധ്യതയുള്ള പട്ടണങ്ങളുണ്ടെങ്കിലും സ്ഥലസൗകര്യക്കുറവും, ഏതു മേഖലയിലായാലും മുന്നിട്ടിറങ്ങാനുള്ള വൈമുഖ്യവും കാരണം ഈ രംഗം ഇന്നും സജീവമായിട്ടില്ല.

ഭൂമിയുടെ കിടപ്പും, മണ്ണിന്റെ സ്വഭാവവും വയലേലകളുടേയും,തോടുകളുടേയും സ്വാധീനവും പണ്ട് മുതലേ കാർഷിക വൃത്തിക്കനുയോജ്യമായ പ്രദേശമായിരുന്നു വേങ്ങാട് ഗ്രാമപഞ്ചായത്തിലെ മിക്ക പ്രദേശങ്ങളും. സ്വന്തംആവശ്യത്തിൽ കവിഞ്ഞ് ഉൽപാദിപ്പിക്കുന്ന സാധനങ്ങൾ വിൽക്കാനും ആവശ്യക്കാർക്ക് സൗകര്യപ്രദമായി അത് വാങ്ങാനും ഉള്ള ഒരു അന്തരീക്ഷം ഇന്നും ഇവിടെ നിലനിൽക്കുന്നു.

ഒട്ടനവധി പുതിയ നിർദ്ദേശങ്ങൾ കൃഷിയും അനുബന്ധമേഖലകൾ എന്ന അദ്ധ്യായത്തിലും വ്യവസായത്തിലും ഉയർന്നു വന്നിട്ടുണ്ട്.

നിലവിലുള്ള പ്രകൃതിവിഭവങ്ങളിൽ കൃത്രിമം നടത്താതെ ജനജീവിതവുമായി കോർത്തിണക്കി ഒരു ഗ്രാമീണ ചന്തസംസ്ക്കാരവും അതിനനുസരിച്ച് പൊതുജനങ്ങളിൽ ഒരു സഹകരണ മനോഭാവവും സ്വന്തം നാട്ടിൽ ഉൽപാദിപ്പിക്കുന്ന വിഭവങ്ങൾ വാങ്ങാനും വേണ്ട മാനസിക മാറ്റവും അനിവാര്യമാണ്.

അഞ്ചരക്കണ്ടി, മമ്പറം, വേങ്ങാട് തുടങ്ങിയതാണ് പഞ്ചായത്തിലെ പ്രധാനകച്ചവട കേന്ദ്രങ്ങൾ. അഞ്ചരക്കണ്ടിയിലും മമ്പറത്തും ഒട്ടേറെ വികസന സാധ്യതകൾ ഉണ്ട്. ഈ

വിഷയത്തിൽ ഗ്രാമസഭയിൽ ചർച്ചചെയ്ത പ്രശ്നങ്ങളും നിർദ്ദേശങ്ങളും ഒന്ന് ക്രോഡീകരിക്കാം

പ്രശ്നങ്ങൾ

1 കാർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കാൻ കഴിയുന്ന സംവിധാനമില്ല.
2 കച്ചവടക്കാരുടെ കൊടിയ ചൂഷണത്തിന് കർഷകർ ഇരയാകുന്നു.
3 പ്രധാനവിളയായ നാളികേരത്തിന് ഉൽപാദന ചെലവിനനുസരിച്ച വില ലഭ്യമാകുന്നില്ല.
4 കാർഷിക വിളകൾ ഉപയോഗിച്ച് വിപണന ഭക്ഷണ സാധനങ്ങൾ ഉൽപാദിപ്പിക്കുന്ന വ്യവസായ സംരഭത്തിന്റെ അപര്യാപ്തത.
5 പ്രധാനപ്പെട്ട പട്ടണങ്ങളിൽ നേരാംവണ്ണം ഒരു മത്സ്യമാർക്കറ്റോ, ഇറച്ചിമാർക്കറ്റോ ആഴ്ചച ന്തയോ ഇല്ല.
6 സഹകരണമാർക്കറ്റുകളുടേയും സഹകരണ സംരഭങ്ങളുടേയും അപര്യപ്തത.

സാധ്യതകൾ

കർഷകർക്ക് അവർ ഉൽപാദിപ്പിക്കുന്ന വിളകൾക്ക് ന്യായമായ വില ഉറപ്പുവരുത്താൻ ഉതകുന്ന ഒരു സഹകരണ കാർഷിക കമ്പോള സംവിധാനം ഉറപ്പുവരുത്തണം.
2 പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന മുഴുവൻ പഴം പച്ചക്കറി കൃഷിക്കാരേയും ഒരു ചരടിൽ കോർത്ത് ഒരു പഴംപച്ചക്കറി സഹകരണ സംഘം ഉണ്ടാക്കുകയും, മൊബൈൽ കമ്പോളമായി എല്ലാവാർഡുകളിലും എത്തിക്കാനുമുള്ള സംവിധാനം.

അത്യാവശ്യം വേണ്ടുന്ന സാധനങ്ങൾ കുറഞ്ഞനിരക്കിൽ വാങ്ങാൻ കഴിയുന്ന ഒരു ഗ്രാമീണ ചന്ത പഞ്ചായത്തിനന്റെ പ്രധാന ഭാഗങ്ങളിൽ ആരംഭിക്കൽ.

അഞ്ചരക്കണ്ടിയിലും മമ്പറത്തും വേങ്ങാട് തെരുവിലും പാച്ചപ്പൊയ്യയിലും മറ്റ് അവശ്യമായ കേന്ദ്രങ്ങളിലും ആധുനിക സംവിധാനത്തോടെ മത്സ്യ ഇറച്ചമാർക്കറ്റുകൾ ഉണ്ടാകേണ്ടതുണ്ട്.

എലാകൊള്ളകൊടുക്കിലിനും സ്വാസ്രയത്വത്തിലും ഗ്രാമീണതയിലും തൻമയത്വത്തിലും സഹകരണത്തിലുമധിഷ്ടമായ മാനം കൈവരുത്തുക.

പാർപ്പിടവും സാമൂഹ്യ ക്ഷേമവും

8

1 പാർപ്പിടം

മനുഷ്യസമൂഹത്തിന്റെ വികാസ പരിണാമങ്ങളിൽ വീടിന് പ്രഥമസ്ഥാനമുള്ളതായി കാണാം പ്രാകൃത മനുഷ്യൻ അന്തിയുറങ്ങുന്നതിന് ഗുഹ കണ്ടെത്തിയത് മുതൽ വീടിനെ കുറിച്ചുള്ള അന്വേഷണം തുടങ്ങുകയായി. മഹാഭാരതത്തിലെ അരക്കില്ലത്തിന്റെ കഥയും ഒരു സുപ്രഭാതത്തിൽ കുചേലഭവനം കൊട്ടാരമായ കഥയും നമുക്കറിയാം മൂന്ന് പതിറ്റാണ്ടിനപ്പുറം ചെത്തിത്തേച്ച (കുമ്മായമോ സിമന്റോ തേച്ചത്) വീട് അത്ഭുതമായിരുന്നെങ്കിൽ ഇന്നത് മാർബിളിലും ഗ്രാനൈറ്റിലും എത്തിയിരിക്കയാണ്. മുഗൾചക്രവർത്തിമാരുടെ കൊട്ടാരത്തേക്കാളും സുഖസമ്പൂർണ്ണമായ മാർബിൾ -ഗ്രാനൈറ്റ് കെട്ടിടങ്ങൾ ഇന്ന് നമ്മുടെ പഞ്ചായത്തിലുണ്ടെന്ന് പറഞ്ഞാൽ അതിശയോക്തിയാവില്ല. ഏതാണ്ട് 20 കൊല്ലങ്ങൾക്ക് മുമ്പ് വരെ കൂട്ടുകുടുംബ രീതിയിലായിരുന്നു ഈപഞ്ചായത്തിലെ കുടുംബങ്ങൾ ഉണ്ടായിരുന്നത് അതിനാലായിരിക്കാം അന്നത്തെ വീടുകൾക്ക് ചെറിയതെങ്കിലും മുറികൾ കൂടുതലുണ്ടായിരുന്നു. ഈ വ്യവസ്ഥിതിക്ക് മാറ്റം വന്നു തുടങ്ങിയപ്പോൾ വീട് നിർമ്മാണ രീതിയിലും മാറ്റങ്ങളുണ്ടായി. ഇപ്പോൾ നമ്മുടെ പഞ്ചായത്തിന്റെ ഏതുഭാഗമെടുത്ത് പരിശോധിച്ചാലും നഗരങ്ങളിലെ പോലെ ന്യൂക്ലിയർ കുടുംബം എങ്ങും കാണാം.

വേങ്ങാട് പഞ്ചായത്തിലെ നിലവിലുള്ള പാർപ്പിട സ്ഥിതി നോക്കിയാൽ വൈരുദ്ധ്യങ്ങൾ നിഴലിച്ചുകാണാം. ഒരു വശത്ത് കോൺക്രീറ്റ് സൗധങ്ങൾ കൂൺപോലെ പെരുകിവരുമ്പോൾ മറുവശത്ത് ദുർബലവിഭാഗക്കാരുടെ ഓല ക്കുടിലും പഴകിദ്രവിക്കാറായ വീടുകളും അതേ പടി നിലനിൽക്കുന്നതായും എവിടേയും കാണാം. ഗൾഫ് പണം ഈ പഞ്ചായത്തിൽ പാർപ്പിട നിർമ്മാണത്തിൽ ചെലുത്തുന്ന സ്വാധീനം ചില്ലറയൊന്നുമല്ല. പഞ്ചായത്തിൽ നിലവിലുള്ള 760 ഓളം. ഗൾഫ്കാരുണ്ട്. ഇതിൽ തന്നെ പകുതിയിലധികം പേരും കുറേ വർഷ ങ്ങളായി അവിടെ ജോലിചെയ്യുന്നവരാണ്. അവരരുടെയൊക്കെ സമ്പാദ്യത്തിന്റെ വലി യൊരുഭാഗം ഗൃഹനിർമ്മാണത്തിനാണ് ചില വഴിക്കപ്പെടുന്നത് എന്ന് പഞ്ചായത്തിന്റെ വിവധപ്രദേശങ്ങളിൽ അവർ പടുത്തുയർത്തുന്ന ബഹുനിലകെട്ടിടങ്ങളിലേക്ക് ഒന്നുനോക്കിയാൽ മതി. ഇത്തരം വീടുകൾ റോഡിന് വശങ്ങളിലാ യിട്ടാണ് കൂടുതലായും നിർമ്മിച്ചുവരുന്നത്. റോഡരികിലുള്ള പറമ്പുകൾ തികയാതെ വരുമ്പോൾ റോഡിന്നടുത്തുള്ള പാടങ്ങളെല്ലാം വീട് നിർമ്മാണത്തിന്നായി നികത്തിക്കൊ ണ്ടിരിക്കയാണ്. ഈയൊരു പ്രവണത നമ്മുടെ നാടിന്നുണ്ടാക്കിക്കൊണ്ടിരിക്കുന്ന പരിസ്ഥിതി പ്രശ്നം ഗുരുതരമാണ്.

ഇനി പഞ്ചായത്തിലെ വീടുകളുടെ സ്ഥിതി പരിശോധിക്കാം. പഞ്ചായത്തിൽ ആകെ 5556 വീടുകളാണുള്ളത്. ഇതിൽ 74.62% വീടുകളുടേയും മേൽക്കൂര ഓടുകൊണ്ടു ള്ളവയാണ്. 15.84% വീടുകൾ കോൺക്രീറ്റ് കെട്ടിടങ്ങളാണ്. ഓലമേഞ്ഞ വീടുകൾ 6.78% വരും. 2.77% ചെറിയകുടിലുകളാണ്. പട്ടിക 1(1)



വീടുകളുടെ മേൽക്കൂരയുടെ സ്വഭാവം

പഞ്ചായത്ത് ഓഫീസിലെ കെട്ടി നികുതി അസസ്സ്മെൻറ് രജിസ്റ്റർ പ്രകാരം കഴിഞ്ഞ 5 വർഷങ്ങളിലായി മൊത്തം 684 വീടുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ഈ 5 വർഷങ്ങ ളിൽ വീട് നിർമ്മാണത്തിലുണ്ടായ ഗതിമാറ്റം പ്രകടമാണ്. ഇതിൽ 63% വീടുകളും കോൺക്രീറ്റ് മേൽകൂരയുള്ള കെട്ടിങ്ങളാണെന്ന് കാണാം. ഓലകൊണ്ട് മേഞ്ഞ വീടുകൾ 19എണ്ണം മാത്രമേ ഉള്ളൂ. ബാക്കി വീടുകൾ ഓടുകൊണ്ടുള്ള മേൽകൂരയോടുകൂടിയതാണ്. ഇതിൽ നിന്നും കോൺക്രീറ്റ് കെട്ടിടങ്ങൾക്ക് ഇന്നുള്ള സ്വാധീനം വ്യക്തമാകും. പട്ടിക 1 (2) നോക്കുക

പട്ടിക 1 (1)
വാർഡ് തിരിച്ചുള്ള വീടുകളുടെ സ്ഥിതി

വാർഡ് നമ്പ്ര്	കോൺക്രീറ്റ് മേൽക്കൂര	ഓട് മേൽക്കൂര	ഓല മേൽക്കൂര	കൂടിൽ	ആകെ
1	80	252	48	14	394
2	67	338	18	6	429
3	72	334	31	10	447
4	90	237	17	22	366
5	59	461	21	12	553
6	78	546	31	26	681
7	35	340	30	12	417
8	84	345	54	18	501
9	65	311	11	14	401
10	62	259	24	6	351
11	77	319	52	7	455
12	111	404	39	7	561
ആകെ	880	4146	376	154	5556

പട്ടിക 1 (2) വീടുനിർമ്മാണത്തിലെ ഗതിമാറ്റം

വർഷം	ആകെ വീട്	ഓട വീട	കോൺക്രീറ്റ് വീട്	ഓല കൊണ്ടുള്ള വീട്
1992-93	138	68	68	2
1993-94	133	35	97	1
1994-95	126	42	79	5
1995-56	169	62	100	7
1996-97	118	47	67	4
ആകെ	684	254	411	19

പഞ്ചായത്തിലെ മിക്കവാറും വീടുകളുടെ ചുമർ വെട്ടുകല്ലുകൊണ്ടു(Haterite) ള്ളവയാണ്. പഴയ വീടുകളുടെ ചുമരുകൾ മിക്കതും മണ്ണുകട്ട(Sun dried mud brick) കൊണ്ടുള്ളതാണ് ഇപ്പോഴും ചെറിയ ശതമാനം വീടുകൾ മണ്ണുകട്ടകൊണ്ട് തന്നെ നിർമ്മിക്കുന്നുണ്ട്. ഇഷ്ടിക ചുമരുകൾ കൊണ്ടുള്ള വീടുകൾ ദുർലഭമായി അങ്ങിങ്ങ് കാണാം. 56% വീടുകളുടെ നിലം പരമ്പരാഗതമായ രീതിയിൽ ചാണകം മെഴുകിയതാണ്. 40% സിമൻറ് പൂശിയതും 4% നിലം മൊസൈക്ക്, കടപ്പ, മാർബിൾ എന്നിവ കൊണ്ടുള്ളതുമാണ്.

25 സ്ക്വയർമീറ്റർ മുതൽ 50%വരെ തറവിസ്തീർണ്ണമുള്ള ചെറുകിട വീടുകൾ 10% ഓളം വരും. 50സക്വർമീറ്റർ മുതൽ 100സ്ക്വയർ മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഇടത്തരം വീടുകളാണ് പഞ്ചായത്തിൽ കൂടുതലുള്ളത്. പഞ്ചായത്തിൽ ഇനിയും വീടു വേണ്ട കുടും ബങ്ങളുടെ എണ്ണം 220 ആണെന്ന് ഐ ആർ ഡി.പി സർവ്വേയിൽ നിന്നും ലഭിച്ചിട്ടുണ്ട്. വീടില്ലാത്തവർ, ഓലപുരയുള്ളവർ, പഴകി ദ്രവിച്ച് അപകടകരമായ വീടുള്ളവർ എന്നീ ഇനത്തിൽപ്പെട്ട താണിത്

പഴയകാലത്തെ കെട്ടിട നിർമ്മാണ രംഗത്തെ വാസ്തുശില്പാമാതൃക പഞ്ചായത്തിലെ ഇന്നത്തെ വീടുകൽ കാണാനേ ഇല്ല. അടുത്ത കാലത്തായി നിർമ്മിതി കേന്ദ്രവും വടകര ഭവന നിർമ്മാണ സംഘവും മറ്റും നിർണ്ണിച്ച ചുരുക്കം ചില വീടുകളിൽ വാസ്തുശില്പ വിരുത് ചെറിയ തോതിൽ കാണുന്നുണ്ട്. ഇപ്പോൾ ഉയർന്നു കൊണ്ടിരിക്കുന്ന കെട്ടിടങ്ങളുടെ നിലവാരം വെച്ചു നോക്കുകയാണങ്കിൽ പഴയ ആ വാസ്തു വിദ്യാവിദഗ്ദരുടെ അഭാവം നിഴലിച്ചു കാണാൻ സാധിക്കും.

പഞ്ചായത്തിനുള്ളിൽ കെട്ടിനിർമ്മാണരംഗത്ത് സഹായിക്കുന്ന സ്ഥാപനങ്ങൾ ഇല്ല. കുറച്ചുകാലം ജില്ലാസഹകരണ ബേങ്കിന്റെ മമ്പറം ശാഖയിൽ നിന്നും വീട് നിർമ്മാണത്തിന് വായ്പ അനുവദിച്ചിരുന്നുവെങ്കിലും ഇപ്പോൾ ആ പദ്ധതി നിർത്തിയിരിക്കുകയാണ്. വീട് നിർമ്മാണത്തിന് പഞ്ചായത്തിലെ ജനങ്ങൾക്ക് താഴെപ്പറയുന്ന സ്ഥാപനങ്ങൾ വായ്പ അനുവദിക്കുന്നുണ്ട്.

പഞ്ചായത്തിലെ പടുവിലായി വില്ലേജിൽപ്പെട്ട 30 പേർക്ക് കൂത്തുപറമ്പ് ഭവന നിർമ്മാണ സഹകരണ സംഘം ഇതിനകം 5 ലക്ഷം രൂപ വായ്പ അനുവദിച്ചിട്ടുണ്ട്. അതു പോലെ പാതിരിയാട് വില്ലേജിലെ 54 പേർക്ക് കതിരൂർ ഭവനനിർമ്മാണ സഹകരണസംഘം ഇതുവരെ 16,72,000 രൂപ വായ്പ നല്കിയിട്ടിട്ടുണ്ട്. കേരള ഭവനനിർമ്മാണബോഡിന്റെ കണ്ണൂർ ഓഫീസിൽ നിന്നും 37പേർക്ക് 1576400 .രൂപ വായ്പ കൊടുത്തിട്ടുണ്ട്.കൂടാതെ വളരെ പരിമിതമായ രീതിയിൽ തലശ്ശേരി കാർഷിക വികസന ബേങ്ക്, മമ്പറം സിൻറിക്കേറ്റ് ബേങ്ക്, ഗ്രാമീൺ ബേങ്കുകൾ എന്നിവ ചില പ്രത്യേകകാലങ്ങളിൽ ഭവന നിർമ്മാണത്തിന് ഏതാനും പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ 10 ലക്ഷം വീട് കോളനികളിലായി മൊത്തം 99വീടുകൾ ഉണ്ട്. വിവിധ മറ്റ് പദ്ധതികളിലായി സർക്കാർ 55 വീടുകൽ അനുവദിച്ചിട്ടുണ്ട്. മേൽപറഞ്ഞ വീടുകളുടെ നിലവാരം മെച്ചമല്ല. ഇത്തരം വീടുകൾ നിർമ്മിക്കുമ്പോൾ ജനകീയപങ്കാളിത്തത്തോടെ, വീടുകളുടെ നിലവാരം ഉയർത്തേണ്ടതുണ്ട് എന്നത് ഒരു അത്യാവശ്യകാര്യമാണ്. വീട് എന്നാൽ കക്കൂസ്, മെച്ചപ്പെട്ട അടുപ്പ് എന്നിവ കൂടി അടങ്ങിയതാണ് എന്നുള്ളത് ജനങ്ങളിൽ ഇനിയും എത്തിയിട്ടില്ല. പഞ്ചായത്തിലെ 1668 വീടുകൾക്ക് ഒരുതരത്തിലുമുള്ള കക്കൂസും നിലവിലില്ല.

പുതിയ പാർപ്പിട സംസ്കാരത്തിൽ കെട്ടിടനിർമ്മാണ സാമഗ്രികളിൽ സിമന്റിന് ഏറെ പ്രാധാന്യം ഉണ്ട്. കഴിഞ്ഞ 5വർഷത്തിനുള്ളിൽ സിമൻറിന്റെറ വില കുത്തനെ ഉയർന്നിട്ടുണ്ട്. 1992ൽ ഈ പ്രദേശത്ത് ഒരു ചാക്ക് സിമൻറിന് 100രൂപയാണെങ്കിൽ 95ൽ 170 രൂപയും 96 അവസാനം അത് 190രൂപയിൽ എത്തി നിൽക്കുകയും ചെയ്യുന്നു. അതുപോലെ 1992ൽ 1000വെട്ടുകല്ലിന്റെറ വില 3800രൂപയായി രുന്നുവെങ്കിൽ ഇന്നത് 7500 രൂപക്ക് മുകളിൽ എത്തി നിൽക്കുന്നു, കോൺക്രീറ്റിന് ഉപ യോഗിക്കുന്ന കമ്പിയുടെ വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്. 1992ൽ കമ്പിൻറലിന് 1200രൂപയായിരുന്നത് ഇന്ന് 1750രൂപയായിരിക്കയാണ്. ഓടിന് വലിയ വില വർദ്ധനയാണ് ഉണ്ടായിട്ടുള്ളത് 1992ൽ 1000 ഓട് 2000രൂപയ്ക്ക് കിട്ടിയിരുന്നതിന് ഇപ്പോൾ 5000 രൂപയിലധികം വിലയുണ്ട്. കെട്ടിടനിർമ്മാണ സാമഗ്രികളുടെ ഇത്തരത്തിലുള്ള അമിതമായ വിലക്കയറ്റം വീട് നിർമ്മിക്കുന്ന ഇന്നാട്ടിലെ സാധാരണ ജനങ്ങളെ ആശങ്കാകുലരാക്കിയിട്ടുണ്ട്.

പഞ്ചായത്തിൽ കെട്ടിടനിർമ്മാണരംഗത്ത് തൊഴിലാളികൾ ആവശ്യത്തിന് ഉണ്ടെങ്കിലും വിദഗ്ധതൊഴിലാളികൾക്ക് ക്ഷാമം നേരിടുന്നുണ്ട്. 1991ലെ സെൻസസ് കണക്ക് പ്രകാരം 2648

പുരുഷന്മാരും 324 സ്ത്രീകളുമടക്കം 2972 നിർമ്മാണതൊഴിലാളികൾ ഉണ്ടെന്നാണ് കണക്ക്.ഇപ്പോൾ ഇതിലും കൂടിയിട്ടുണ്ട്. കല്ലുമേസ്ത്രിക്ക് 110-120 രൂപയാണ് കൂലിനിരക്ക്. കരിങ്കൽ തൊഴിലാളികൾക്ക് 125-150രൂപ കൂലി ലഭിക്കുമ്പോൾ ആശാരിപ്പണിക്ക് ശരാശരി ദിവസകൂലി 125രൂപയാണ്. പുരുഷന്മാരുടെ കൂലിനിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ സ്ത്രീതൊഴിലാളികൾക്ക് വർദ്ധനാനുപാതം കുറവാണെന്ന് കാണുന്നു. ഇപ്പോൾ പഞ്ചായത്തിലെ സ്ത്രീ തൊഴിലാളികളുടെ ശരാശരി ദിവസകൂലി 70രൂപയാണ്. കൂലിനിരക്ക് വർഷംന്തോറും മറ്റുമേഖലകളിൽ എന്നപോലെ വർദ്ധിക്കുന്നുണ്ടെങ്കിലും നിർമ്മാണ പ്രവൃത്തിയിലെ ഔട്ട്ടേണിൽ കാര്യമായ ഇടിവ് സംഭവിച്ചുകൊണ്ടിരിക്കുന്നതായി സൂക്ഷമമായി പരിശോധിച്ചാൽ കാണാം. ഇവിടെ വീടിന്റെ മുഴുവൻ പണിയും കോൺട്രാക്ട് സമ്പ്രദായത്തിൽ കൊടുക്കുന്ന സമ്പ്രദായം പൊതുവെ ഇല്ല. എന്നാൽ കോൺക്രീറ്റ് കെട്ടിടങ്ങളുടെ കോൺക്രീറ്റ് ജോലി കരാർ വ്യവസ്ഥയിലാണ് പൊതുവെ എടുത്തുകൊണ്ടിരിക്കുന്നത്. പുതിയ കെട്ടിടനിർമ്മാണ സംസ്ക്കാരത്തിൽ വൻ കരിങ്കൽമതിലുകളുടെ ബാഹുല്യം പഞ്ചായത്തിൽ എവിടേയും കാണാം. അതുപോലെ വീടിനുചുറ്റും മുറ്റം സിമൻറിടുന്ന പ്രവണതയും പരക്കെയുണ്ട്.

1991ലെ സെൻസസ് നിർദ്ദേശങ്ങളിൽ വീടിന്റെ നിർവ്വചനം 'നാലുതൂണും ഒരു മേൽക്കൂരയുമുള്ളത്' എന്നതായിരുന്നു. ഇത് അനുസരിച്ച് വെയിറ്റിംങ്ങ് ഷെഡിന് പോലും ചി ലർ വീടെന്ന നിലയിൽ നമ്പർ ചെയ്തിരുന്ന സംഭവം ഉണ്ടായി. ഒരർത്ഥത്തിൽ നാല് തൂണ് എന്നത് അല്പം ഭേദഗതി ചെയ്താൽ വീടായില്ലെ. കാട്ടുമൃഗങ്ങളെ ഭയപ്പെടാനില്ലാത്ത ഇക്കാലത്ത് കാലാവസ്ഥയിൽ നിന്നും രക്ഷപ്പെടാനിതു മതിയല്ലൊ. പിന്നെ എന്തിനാണ് ഉരുക്കുകൊണ്ടുള്ള ഗ്രിൽസും കരിങ്കൽ ചുമരും ഉപയോഗിക്കുന്നത്? കള്ളന്മാരിൽ നിന്നും അസൻമാർഗ്ഗികളിൽ നിന്നും രക്ഷപ്പെടാനോ? എങ്കിൽ അവരില്ലാത്ത ഒരു കാലം വരുമോ? അത്തരം ഒരു സാമൂഹ്യവ്യവസ്ഥിതിയെ കുറിച്ച് വരും കാല സമൂഹം ചിന്തിക്കുമോ?

ഇനി വീടുനിർമ്മാണരംഗത്തെ പഞ്ചായത്തിലെ ഇന്നത്തെ പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് നോക്കാം.

- കെട്ടിട നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം സാധാരണക്കാരെ വിഷമിക്കുന്നു.
- ഗൾഫ് പണത്തിന്റെ സ്വാധീനം പഞ്ചായത്തിലെ ഭൂമിയുടെ വിലയിൽ ഉണ്ടാക്കിയഗണ്യമായ വർദ്ധന ഭൂരഹിതരെ വലക്കുന്നു.
- ഭവന നിർമ്മാണ വായ്പ ലഭിക്കാനുള്ള കാലതാമസം.
- വായ്പ ലഭിക്കുവാൻ വസ്തുവിന്റെ പട്ടയം വേണമെന്ന നിബന്ധനപട്ടയം ലഭിക്കുവാൻ മാസങ്ങളോളം കാത്തുനിൽക്കേണ്ട അവസ്ഥ.
- സ്ഥിരവരുമാനം ഇല്ലാത്തവർക്ക് വായ്പാ സഹായം ലഭിക്കുന്നില്ല.
- ഹൗസിങ്ങ്ബോർഡിന്റെ യാഥാർത്ഥ്യ ബോധമില്ലാത്ത ഭവനനിർമ്മാണവായ്പാ പദ്ധതികൾ
- ഭവനനിർമ്മാണ സഹായ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഇല്ലാത്ത അവസ്ഥ.
- ലക്ഷം വീട് കോളനികളിലെ പാശ്ചാതല സൗകര്യങ്ങളില്ലാത്ത അവസ്ഥ.
- ചില രംഗത്തെ വിദഗ്ദതൊഴിലാളികളെ സാധാരണ ജനങ്ങൾക്ക് ജോലിക്ക് യഥാസമയം ലഭിക്കാത്ത അവസ്ഥ.
- കക്കൂസില്ലാത്ത വീടുകൾക്ക് അടുത്തുള്ള പ്രദേശങ്ങളിലെ പരിസ്ഥിതിപ്രശ്നങ്ങൾ

സാധ്യതകൾ

- കെട്ടിടനിർമ്മാണസാമഗ്രികളുടെ വിലകൾ നിയന്ത്രിക്കുവാനുള്ള പദ്ധതി
- ചെലവ് കുറഞ്ഞ കെട്ടിനിർമ്മാണ സാമഗ്രികളായ ചുടുകട്ട, സിമൻറ് ബ്ലോക്ക്, ഹോളോ ബ്രിക്സ് എന്നിവയുടെ നിർമ്മാണയൂനിറ്റ് സ്ഥാപിക്കലും പ്രചാരണവും
- ദുർവ്യയ കെട്ടിടനിർമ്മാണ സംവിധാനം നിരുത്സാപ്പെടുത്താനുള്ള കെട്ടിട നികുതി സംവിധാനം
- പഞ്ചായത്ത് കേന്ദ്രീകരിച്ച് ഭവനനിർമ്മാണ സഹായസഹകരണസംഘങ്ങൾ സ്ഥാപിക്കൽ

○ വൈദഗ്ദ്ധ്യതൊഴിൽ സംഘങ്ങളുടെ രജിസ്ട്രേഷൻ

○ തരിശ് ഭൂമി ഉപയോഗപ്പെടുത്തി ഹൗസിംങ്ങ് കോളനിർമ്മാണം

○ എല്ലാബേങ്കുകളിൽ നിന്നും വീടെടുക്കാൻ ദീർഘകാല വായ്പ അനുവദിക്കാനുള്ള പദ്ധതി

○ കക്കൂസില്ലാത്ത എല്ലാവീടിനും കക്കൂസുണ്ടാക്കാനുള്ള പദ്ധതി

○ പഞ്ചായത്തിൽ നിലവിൽ ഓലപ്പുരയുള്ളവരെ ഭവനരഹിതരാക്കി കണക്കാക്കി കേന്ദ്രപദ്ധതികളിൽ നിന്നും ധനസഹായം ലഭ്യമാക്കൽ

○ വീട് റിപ്പേർ ചെയ്യുന്നതിന് ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതി

○ ഓലമേൽക്കൂരയുള്ള വീടിന്റെ മേൽക്കൂര ഓടാക്കിമാറ്റുന്നതിന് മുൻഗണനാക്രമത്തിൽ ധനസഹായം

○. കുടിർജ്യോതി പദ്ധതിപ്രകാരം വൈദ്യുതി ലഭിക്കുവാൻ അർഹതയുള്ള വീടുകൾക്ക് വൈദ്യുതി കാലതാമസം കൂടാതെ എത്തിക്കുവാനുള്ള സംവിധാനം

2 ക്ഷേമ പ്രവർത്തനങ്ങൾ

ദാരിദ്ര്യ നിർമ്മാർജ്ജനപരിപാടികൾ

1 ഐ.ആർ.ഡി.പി (സംയോജിത ഗ്രാമവികസന പരിപാടി)

ദാരിദ്ര്യനിർമ്മാർജ്ജനം നേടിയെടു ക്കുക എന്നതിന്റെ ഭാഗമായി

• കഴിഞ്ഞ മൂന്നുപഞ്ചവ്സരപദ്ധതികളിലൂടെ നടപ്പാക്കി വരുന്ന പദ്ധതിയാണിത്. നിലവിൽ 11000രൂപയിൽ താഴെ വാർഷികവരുമാനമുള്ള കുടുംബങ്ങളെയാണ് ഈ പദ്ധതിയുടെ പരിധിയിൽ പ്പെടുത്തിയിട്ടുള്ളത്. സാമൂഹ്യ പുരോഗതിയിൽ ഈ പരിപാടിക്ക് നിർണ്ണായക പങ്കാണുള്ളത്. വേങ്ങാട് പഞ്ചായത്തിൽ പ്രതി വർഷം ശരാശരി 30 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവരുന്നുണ്ട്. 1992ലെ ഐ.ആർ.ഡി.പി. സർവ്വേ 1995ലെ കൂട്ടിച്ചേർക്കൽ അടക്കം വേങ്ങാട് പഞ്ചായത്തിൽ 1701 കുടും ബങ്ങൾ ഈ സർവ്വേ പ്രകാരം ഉണ്ട്. നാളിതു വരെയായി 435 കുടുംബങ്ങൾക്ക് ധനസ ഹായം നല്കികഴിഞ്ഞു. ഇതിൽ 53കുടുംബങ്ങൾ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ്. കഴിഞ്ഞപദ്ധതികളിൽ ധനസഹായം ലഭിച്ച എസ്.സി/ എസ് ടി. വിഭാഗത്തിനെ നിലവിലുള്ള സർവ്വേ ലിസ്റ്റിൽ പ്രത്യേകം എടുത്തുകാണിക്കേ ണ്ടതില്ല. എന്നതിനാൽ നിലവിൽ പുതുതായി സഹായിക്കാൻ ബാക്കിയുള്ള 5 കുടുംബങ്ങൾ മാത്രമെ സർവ്വേ ലിസ്റ്റിൽ എടുത്തു കാണിച്ചിട്ടുള്ളൂ. 2 (1) നോക്കുക

പട്ടിക 2 (1) - ഐ.ആർ.ഡി.പി സർവ്വേ - ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ള കുടുംബങ്ങൾ

സർവ്വെ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ	SC/ST	നാളിതുവരെ സഹായം	ഇതിൽ SC/ST	സഹായം ലഭിച്ചു ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്തിയവർ
1701	5	435	53	173

ധനസഹായം നല്കിയ കുടുംബങ്ങളിൽ 173 പേർ ദാരിദ്ര്യരേഖയ്ക്കും മുകളിൽ എത്തിയിരിക്കുന്നതായി ഔദ്യോഗികമായി കണക്കാക്കപ്പെട്ടിരിക്കുന്നു. പരമാവധി സബ്സിഡി പ്രയോജനപ്പെടുത്തിയവരെ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിയവരായി കണ്ക്കാക്കുന്ന ഔദ്യോഗിക രീതി ശരിയായിരിക്കണമെന്നില്ല.കഴിഞ്ഞകാല അനുഭവങ്ങൾ വെച്ച് നോക്കിയാൽ പദ്ധതി നടത്തിപ്പിൽ നിരവധി പ്രശ്നങ്ങൾ ഉള്ളതായി കാണാം.

പ്രശനങ്ങൾ

□ പ്രവർത്തനം വേണ്ടത്ര തൃപ്തികരമല്ല. ദുരുപയോഗങ്ങൾ ഏറെയുണ്ട്.

□ പ്രാഥമിക മേഖലയിൽ 30% മാത്രമേ നിക്ഷേപിക്കാവൂ എന്ന നിബന്ധന കാർഷിക പ്രാധാന്യമുള്ള വേങ്ങാട് പഞ്ചായത്തിൽ പ്രയാസമുണ്ടാക്കി.

□ ജില്ലാ തലത്തിൽ മുൻകൂർ നിശ്ചയിക്കപ്പെട്ട സ്കീമിന് മാത്രം പരിഗണന നല്കുന്ന രീതിയായതിനാൽ പ്രാദേശികമായി നടപ്പാക്കാൻ സാധിക്കുന്ന പുതിയ സ്കീമുകൾ നടപ്പാക്കാതെ പോയി.

□ ലക്ഷ്യാധഷ്ഠിത സമീപനം (Target Oriented) ഉല്പന്നങ്ങളുടെ ഗുണമേന്മ കുറക്കാനിടയാക്കി.

□ പൊതു മേഖലാബാങ്കുകളിൽ മാറിമാറി വരുന്ന ബാങ്ക് ഉദ്യോഗസ്ഥന്മാരുടെ സമീപനം ജനങ്ങളുമായുള്ള ബന്ധത്തിന് അസ്ഥിരതയും ഐ.ആർ.ഡി.പി. വായ്പ കൊടുക്കുന്നതിൽ പ്രതിബന്ധവും ഉണ്ടാക്കുന്നു.

□ സഹകരണ ബേങ്കുകൾക്ക് നാബാർഡ് പുനർവായ്പ ഇഷ്ടം പോലെ നല്കി വരുന്നിടത്ത് 1995-96മുതൽ 1ലക്ഷമായി പരിമിതപ്പെടുത്തിയത് പുതിയ പ്രശ്നം ഉണ്ടാക്കി.

□ ഐ.ആർ.ഡി.പി ഗുണഭോക്താക്കളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പുതിയൊരു ചൂഷിതവലയം ഉടലെടുത്തത് സാധനങ്ങളുടെ ഗുണനിലവാരത്തിൽ ഇടിവുണ്ടാക്കി.

□ ഐ.ആർ.ഡി.പി ധനസഹായം, വീടുപണി, കല്ല്യാണാവശ്യം, കടംവീട്ടൽ മുതലായവയ്ക്കായി ദുരുപയോഗം ചെയ്യുന്നത് പദ്ധതി ലക്ഷ്യത്തെ തകിടം മറിക്കുന്നു.

□ പദ്ധതി ദുരുപയോഗം ചെയ്യുന്നവർക്ക് വായ്പ കൃത്യമായി തിരിച്ചടക്കാൻ കഴിയാതെ വന്നപ്പോൾ ബേങ്കുകാർ ഐ.ആർ.ഡി.പി ഗുണഭോക്താക്കളെ സംശയദൃഷ്ടിയോടെ വീക്ഷിക്കാനും ധനസഹായം നടപ്പാക്കുന്നതിൽ അലംഭാവം കാണിക്കാനും ഇടയാക്കി.

സാദ്ധ്യതകൾ

□ ഐ.ആർ.ഡി.പി ലോൺ അനുവദിക്കാനുള്ള ഗുണഭോക്താക്കളെ മുൻകൂട്ടികണ്ടെത്തി മുൻഗണനാ ലിസ്റ്റ് പഞ്ചായത്താഫീസിൽ പ്രസിദ്ധപ്പെടുത്താനുള്ള പരിപാടി.

□ ലക്ഷ്യാധിഷ്ഠിത സമീപനത്തിൽ ഇളവുവരുത്തി മാതൃകാപരമായ നടത്തിപ്പിനുള്ള സംവിധാനം

□ അന്ത്യോദയസമീപനത്തിൽ മുറുകെപിടിക്കാതെ ഉൽപാദനപരവും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതുമായ മേഖലക്ക് പ്രാധാന്യം നൽകുവാനുള്ള പരിപാടി.

□ സാർവത്രികമല്ലാത്തതും പ്രാദേശികമായി വിജയിപ്പിക്കാവുന്നതുമായ മേഖല, സാങ്കേതികത്വം ഒഴിവാക്കി നടപ്പാക്കാനുള്ള പദ്ധതി

□ ഭൂമി അടിസ്ഥാനമാക്കിയുള്ള പരിപാടികൾക്ക് 55 വയസ്സുവരെയുള്ള ഭൂവുടമകൾക്ക് മാത്രമെ വായ്പ അനുവദിക്കൂ എന്ന നിബന്ധന നിലനിൽക്കുന്നു. 55 വയസ്സുകഴിഞ്ഞവരുടെ കൈയ്യിലാണ് കൂടുതൽ ഭൂമിയും എന്നതിനാൽ മേൽ നിബന്ധന ഒഴിവാക്കാനുള്ള നടപടി.

□ സഹകരണബേങ്കുകൾക്ക് സ്വന്തഫണ്ടിൽ നിന്നും ഐ.ആർ.ഡി. പി. വായ്പ നൽകുന്നതിലുള്ള നടപടി എടുക്കുക.

□ ഐ.ആർ.ഡി. പി. കേന്ദ്രീകരിച്ച് രൂപം കൊള്ളുന്ന ചൂഷണത്തിനെതിരെ ഗുണഭോക്താക്കളെ ബോധവൽക്കരിക്കാനുള്ള പദ്ധതി

□ ഓരോ വർഷവും സഹായിക്കാനുദ്ദേശിക്കുന്ന കുടുംബങ്ങളുടെ രണ്ടോ, മൂന്നോ ഇരട്ടിവരുന്നവരുടെ പട്ടിക സാമ്പത്തികവർഷാദ്യം നിശ്ചയിച്ച് മുൻഗണനാക്രമം കണ്ടെത്താനുള്ള പരിപാടി.

□ വൻമുടക്കുമുതൽ വേണ്ടപദ്ധതികൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടപ്പാക്കാനുള്ള പരിപാടി.

എന്തൊക്കെ പോരായ്മകൾ ഉണ്ടെങ്കിലും ഐ.ആർ.ഡി.പി. എന്നത് ദാരിദ്ര്യജനവിഭാഗത്തിന്റെ അവസാനത്തെ അത്താണിയാണെന്ന് കാണാം. പഞ്ചായത്ത് വികസന പ്രക്രീയയിൽ ഇതിന്നർഹമായ പ്രാധാന്യം നൽകേണ്ടതുണ്ട്. ഐ.ആർ.ഡി.പിയുടെ ഭാഗമായി ട്രൈസം(Trysm), DWCRA ഗ്രാമീണ കൈത്തൊഴിലുകാർക്ക് മെച്ചപ്പെട്ടപണിയായുധങ്ങൾ നൽകൽ (ആർ.എ.പി) എന്നീ വിഭാഗങ്ങൾ കൂടിയുണ്ട്.

2 ട്രൈസം

പതിനെട്ടിനും 35നും ഇടയിൽ പ്രായമുള്ള തൊഴിൽ രഹിതർക്ക് സാങ്കേതിക പരിശീലനം കൊടുത്ത് സ്വയം തൊഴിൽ കണ്ടെത്തുക എന്ന ഉദ്ധേശ്യത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിയിൽ ഇതുവരെയായി നമ്മുടെ പഞ്ചായത്തിൽ 49 പേർ പരിശീലനം ലഭിച്ചിട്ടുണ്ട്. പട്ടിക 2(1) നോക്കുക

പട്ടിക 2(2)

ട്രൈസം വഴി പരിശീലനം കഴിഞ്ഞവർ ആരംഭിച്ച തൊഴിലുകളും ആളുകളും

Book Binding	Umbrella Making	Welding	Type writing	Dying and Printing	Ready made garments	Photography	Handloom Weaving	Rexin bag Making	Wiring	Total
3	10	2	1	1	10	1	9	10	2	49

ഇവരിൽ മുഴുവൻപേരും സ്വയം തൊഴിൽ കണ്ടെത്തി എന്നത് ഏറെ ശ്രദ്ധേയമാ ണ്. ഇവരിൽ 30പേരും ഡി.ഡബ്ല്യൂ.സി.ആർ.എ. രംഗത്താണ് കൂടിയിരുത്തപ്പെട്ടത്.

പ്രശ്നങ്ങൾ

- കൂടുതൽ പേർക്ക് അവസരങ്ങൾ ലഭിക്കുന്നില്ല.
- നിലവിൽ ഒരു ബ്ലോക്കിൽ ഒരു വർഷം രണ്ട് ലക്ഷം രൂപ എന്നത് തികച്ചും അപര്യാപ്തമാണ്. ഇതിൽ പഞ്ചായത്തിൽ നിന്നും ഒന്നോ രണ്ടോപേരെ മാത്രമേ പരിശീലനത്തിന് നിയോഗിക്കുവാൻ കഴിയുകയുള്ളൂ.
- നിലവിലുള്ള ഐ.ടി.ഐ/പോളിടെക്കിനിക്കിൽ വേണ്ടത്ര പരിശീലകരെ അയക്കാനുള്ള സംവിധാനം ഇല്ല.

നിർദ്ദേശങ്ങൾ

- ഡി.ഡ്ബ്യൂ.സി.ആർ.എക്ക് വേണ്ടിയുള്ള പരിശീലനത്തിൽ മുൻഗണന നൽകുക.
- ട്രൈസം കാർഷികമേഖലയിൽ കൂടി വ്യാപിപ്പിക്കുക.
- കൂടുതൽ പേർക്ക് ട്രൈസം പരിശീലനം നൽകാനുള്ള അവസരം
- പഞ്ചായത്തിൽ തന്നെ ജോലിസാധ്യതയുള്ള കാർപെൻറി മെയ്ഡൻ എന്നിവയിലേക്ക് കൂടി ട്രൈസം വ്യാപിപ്പിക്കുക
- നിലവിലുള്ള ഫണ്ടിൻെറ വ്യാപ്തി വർദ്ധിപ്പിക്കാനുള്ള നടപടി
- ജില്ലാതലത്തിലുള്ള ഐ.ടി.ഐ/ പോളിടെക്കിനിക്ക് പരിശീലന സൗകര്യം ബ്ലോക്ക് തലത്തിൽ സജ്ജമാക്കാനുള്ള പരിപാടി

ഡി.ഡ്ബ്ലൂ.സി.ആർ.എ (വനിതാശിശു വികസന പരിപാടി)

1990 - 91 മുതൽ നടപ്പാക്കിവരുന്ന ഈ പദ്ധതിപ്രകാരം വേങ്ങാട് പഞ്ചായത്തിൽ 4 ഡി.ഡബ്ല്യൂ.സി.ആർ.എ സ്ഥാപനങ്ങൾ ഉണ്ട്. ഇതിൽ 3എണ്ണം നല്ലനിലയിൽ പ്രവർക്കുന്നുണ്ട്. ഇതിലെല്ലാമായി 30വനിതകൾ ജോലിചെയ്യുന്നുണ്ട്. ഡിഡ്ബ്ലൂ.സി.ആർ.എ യൂനിറ്റുകൾക്ക് പഞ്ചായത്തിൽ വേണ്ടത്രസാധ്യതകൾ ഉണ്ടെങ്കിലും വേണ്ടത്രപ്രോത്സാഹനങ്ങൾ ലഭിക്കുന്നുണ്ടോ എന്ന് സംശയമാണ്. പഞ്ചായത്തിൽ ഓരോ വാർഡിലും ഓരോ ഡി.ഡബ്ല്യൂ. സി. ആർ.എ യൂനിറ്റെങ്കിലും ഉണ്ടാകേണ്ടതുണ്ട്. പട്ടിക 2 (3) നോക്കുക.

ഡി.ഡബ്ല്യൂ.സി.ആർ.എ പദ്ധതിപ്രകാരം തൊഴിൽ സംരഭങ്ങൾ പട്ടിക 2(3)

ക്രമ നമ്പർ	യൂനിറ്റുക ളുടെ എണ്ണം	തൊഴിൽ സംരഭ ത്തിൻെറ സ്വഭാവം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	ആരംഭിച്ച വർഷം
1	1	കുടനിർമ്മാണ യൂനിറ്റ്	10	1992-93
2	1	റെഡിമെയ്ഡ് നിർമ്മാണ യൂനിറ്റ്	10	1993-94
3	1	റെക്സിൻ ബാഗ് യൂനിറ്റ്	10	1995-96
4	1	ജെല്ലി നിർമ്മാണം	10	1996-97

പ്രശ്നങ്ങൾ

◆ നിലവിലുള്ള ക്ഷേമപ്രവർത്തനങ്ങളെ കുറിച്ചോ വികസനപരിപാടികളെകുറിച്ചോ സ്ത്രീകൾ ബോധവാൻമാരല്ല.

◆ സീസണിൽ മാത്രം വിറ്റഴിയുന്ന കുടയുടെ കാര്യത്തിൽ ഗണ്യമായ മുടക്കുമുതൽ ആവശ്യമായിരുന്നു (ഒന്നേകാൽ ലക്ഷത്തിനുപകരം 20ലക്ഷം)

◆ ഭരണപരമായ നടത്തിപ്പിനെ കുറിച്ചും സങ്കീർണ്ണതകളെ കുറിച്ചും സാധാരണ സ്ത്രീകൾ അജ്ഞരാണ്.

◆ കല്ല്യാണം കഴിക്കാത്ത സ്ത്രീകൾ കല്ല്യാണം കഴിഞ്ഞ് താമസം മാറ്റുന്നതോടെ ഗ്രൂപ്പിൽ അംഗത്വം കുറഞ്ഞുവരുന്നു,

◆ സമാന സ്വഭാവങ്ങളുള്ള ഗ്രൂപ്പ് സംഘടിപ്പിക്കാനുള്ള പ്രയാസം.

◆ ബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള പേടിയും ബന്ധുക്കളുടെ സമ്മർദ്ദവും സ്ത്രീകൾ സമൂഹത്തിന്റെ മുഖ്യധാരയിൽ വരാൻ വിഘ്നമാകുന്നു.

സാദ്ധ്യതകൾ

◆ സ്ത്രീകളുടെ ഇടയിൽ കൂട്ടായബോധം വളർത്തുന്നതിൽ സാമൂഹ്യരാഷ്ട്രീയ പ്രവർത്തകരുടെ പ്രവർത്തനം.

◆ ഏർപ്പെടുത്തുന്ന സംരഭങ്ങൾക്ക് ബാങ്ക് വായ്പ എടുക്കാതെ മുഴുവൻ സംഖ്യയും ഗ്രാൻറ് ആയി നൽകാനുള്ള നടപടി.

◆ കുറഞ്ഞ മുടക്കുമുതലിൽ കൂടുതൽ പേർക്ക് ജോലിലഭിക്കുന്ന സംരഭങ്ങൾ കണ്ടെത്തൽ

◆ സമാനസ്വഭാവങ്ങളുള്ള സംരഭങ്ങളുടെ അതിപ്രസരം തടഞ്ഞ് പ്രാദേശികമായി വിജയിക്കുന്ന പുതിയസംരഭങ്ങൾ കണ്ടെത്തൽ

◆ പണത്തിന് ഒരു സംഘത്തെ ദുർബലപ്പെടുത്താനും ശക്തിപ്പെടുത്താനും കഴിയും. 'ഒന്നാണ് നമ്മൾ' എന്ന ധാരണ ഉണ്ടാക്കി തളരാത്ത സംഘബോധത്തോടെയുള്ള പ്രവർത്തനം

◆ മഹിളാ സംഘങ്ങൾ ശക്തിപ്പെടുത്തുക. അതിനെത്ര കാലമെടുത്താലും അതിനുശേഷം മാത്രം സംരഭങ്ങൾ തുടങ്ങുക.

4. ഗ്രാമീണകൈതൊഴിലുകാർക്ക് മെച്ചപ്പെട്ട തൊഴിലുപകരണങ്ങൾ നല്കുന്ന പദ്ധതി.

ഈ പദ്ധതി ആവിഷ്ക്കരിച്ചത് 1992 93 വർഷങ്ങളിലാണ്. വേങ്ങാട് പഞ്ചായത്തിൽ ഒട്ടാകെ 173 കൈത്തൊഴിലുകാർ ഉണ്ടെന്ന് ഐ. ആർ.ഡി.പി. സർവ്വെ പ്രകാരം കണക്ക് ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ 22പേർക്ക് ആധുനീകതൊഴിൽ ഉപകരണങ്ങൾ കൊടുത്തിട്ടുണ്ട്. ബാക്കി 151 പേർക്ക് ഇനിയും ആധുനീകുപകരണങ്ങൾ കൊടുക്കാനുണ്ട്. ആശാരിമാർക്ക് ഇലക്ട്രിക്കൽ. ഡ്രില്ലർ, കൊല്ലപ്പണിക്കാർക്ക് ഇലക്ട്രിക്കൽ ബ്ലോർ ഡ്രിൽ, പെരിതേരിമാർക്ക് ടൈൽസ്കട്ടർ, സ്വർണ്ണപ്പണിക്കാർക്ക് ബഫിംങ്ങ് മെഷീൻ എന്നിങ്ങനെയാണ് വിതരണം ചെയ്തിട്ടുള്ളത്. മറ്റ് ഗ്രാമീണതൊഴിലുകാരായ നെയ്തുകാരുടെ കാര്യത്തിൽ ഇതുവരെ തീരുമാനമായിട്ടില്ല. എണ്ണത്തിൽ കുറവാണെങ്കിലും ഗ്രാമീണ കൈത്തൊഴിലുകാരുടെ കൂട്ടത്തിൽ പ്ലാസ്റ്റർ ഓഫ് പാരീസ്കൊണ്ട് പ്രതിമ (അലങ്കാരവസ്തുക്കൾ) ഉണ്ടാക്കുന്നവരേയും മൺപാത്രം ഉണ്ടാക്കുന്നവരേയും ഉൾപ്പെടുത്തേണ്ടവരാണ്.

3 മറ്റുക്ഷേമ പ്രവർത്തനങ്ങൾ

1 സാമൂഹ്യവനവൽക്കരണ പരിപാടി

പ്രകൃതിജൈവസന്തുലിതാവസ്ഥയിൽ നിലനിർത്തുക; ഗാർഹിക ഇന്ധനത്തിന് ആവശ്യമായ വിറക്, വീട് നിർമ്മാണത്തിന്നാവാശ്യമായ മരം സംഘടിപ്പിക്കൽ മുതലായ ഉദ്ദേശത്തോടെ നടപ്പാക്കിവരുന്ന സാമൂഹ്യ വനവൽക്കരണ പരിപാടി ഏറെ വിമർശനവിധേയമാണ്. നാളിതുവരെയായി തെങ്ങ്, ഒട്ടുമാവ്, സപ്പോട്ട കടപ്ലാവ്, ജാതിക്ക, മുട്ടപ്പഴം, ബദാം മുതലായവയുടെ 1870 ചെടികൾ ഇവിടെ വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന ചെടികളുടെ ഗുണനിലവാരത്തെ കുറിച്ച് ഗുണഭോക്താക്കൾക്ക് ആശങ്കയുമുണ്ടായിട്ടുണ്ട്. ജൈവവേലി എന്ന നിലയിൽ ഓരോരുത്തരുടേയും പ്ലോട്ടിനുചുറ്റമായി മരം വെച്ച് പിടിപ്പിക്കാൻ ഈ പദ്ധതി ഉപയോഗപ്പെടുത്താമെന്ന പുതിയ ആശയങ്ങൾ ഉടലെടുത്തിട്ടുണ്ട്. ഈ ഒരു സംവിധാനം അയൽ

ക്കാരുമായുള്ള ബന്ധം വഷളാക്കുമെന്നുള്ളതു കൊണ്ട് റോഡരിക്, കനാൽ, പുറംമ്പോക്ക് മുതലായ സ്ഥലങ്ങളിൽ വൃക്ഷത്തൈ വെച്ച് പിടിപ്പിക്കു കയാവും ഉത്തമം ജനപങ്കാളിത്ത ത്തോടെ സന്നദ്ധ സംഘടനകളെകൊണ്ട് ഈ പരിപാടി നടപ്പിലാക്കിയാൽ വിജയിക്കുകതന്നെ ചെയ്യും. ഒരു പരിധി വരെ സംരക്ഷണ ചു മതലയും സന്നദ്ധസംഘടനകൾ ഏറ്റെടു ക്കേണ്ടതുണ്ട്.

2 അംഗൻവാടി

വേങ്ങാട് പഞ്ചായത്തിൽ ആകെ 14 അംഗൻവാടികൾ ഉണ്ട്. ഇതിൽ ആകെ 1776 കുട്ടികൾ. ഒരു വയസ്സുമുതൽ 2വയസ്സുവരെ യുള്ള 346 കുട്ടികളും 2വയസ്സു മുതൽ 3വയസ്സു വരെയുള്ള 257കുട്ടികളും മൂന്നുവയസ്സുമുതൽ 5വയസ്സുവരെയുള്ള 864കുട്ടികളും ആണ് ഉള്ളത്. ഐ.സി.ഡി.എസ് മുഖാന്തിരം ലഭി ക്കുന്ന ധനസഹായം ഇത്രയും കുട്ടികൾക്ക് ആവശ്യമായ രീതിയിലുള്ള പോഷകാഹാരം കൊടുക്കാനോ കളികോപ്പുകൾവാങ്ങാനോ പര്യാപ്തമല്ല എന്ന പരാതിയുണ്ട്. എന്നിരുന്നാലും പഞ്ചായത്തിലെ മുഴുവൻ അംഗൻവാടികളും ജനപങ്കാളിത്തത്തോടെ സാമാന്യം നല്ല രീതി യിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ 6മഹിളാസമാജങ്ങൾ ആണ് ഉള്ളത്. ഈ മഹിളാസമാജങ്ങളുടെ പ്രവർത്തനം ഇന്ന് തീർത്തും നിർജ്ജീവമാണ്. മഹിളാസമാജങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ട് വരാൻ തീവ്രശ്രമം തന്നെ നടത്തേണ്ടതുണ്ട്.

പ്രശ്നങ്ങൾ

- അംഗൻവാടി കെട്ടിടങ്ങളുടെ പാശ്ചാത്തല സൗകര്യങ്ങളുടെ അഭാവം
- അംഗൻ വാടികൾക്കുള്ള റേഷൻ സാധന ങ്ങളുടെ വിലയഥാസമയംലഭിക്കാത്ത അവസ്ഥ.
- അംഗൻവാടികൾക്കുള്ള വിറക്, പച്ചക്കറി, ജീവനക്കാർക്കുള്ള അലവൻസ്, എന്നിവ നാമമാത്രമാണ്.
- മഹിളാ സമാജങ്ങളുടെ നിർജ്ജീവമായ അവസ്ഥ.

സാധ്യതകൾ

- ഐ.സി ഡി. എസ്സ് മുഖാന്തരം നടത്തുന്ന അംഗന വാടികൾ 1000 ജനസംഖ്യക്ക് ഒന്ന് എന്ന രീതിയിൽ തുടങ്ങാനുള്ള പരിപാടികൾ
- മഹിളാസമാജങ്ങൾ ശക്തിപ്പെടുത്താനുള്ള പദ്ധതികൾ
- പ്രാദേശിക അസംസ്കൃത പദാർത്ഥങ്ങളായ ചകരിച്ചോർ ഉപയോഗിച്ചുള്ള കമ്പോസ്റ്റ് നിർ മ്മാണം സുലഭമായ പൂഴി ഉപയോഗിച്ചുള്ള സിമ ന്റ് ബ്ലോക്ക് നിർമ്മാണം, പച്ചക്കറി, കൂൺ കൃഷി, ആന്തൂറിയം, ഓർക്കിഡ് കൃഷി മുതലായ പുതിയ പരിപാടികൾ നടപ്പിലാക്കാൻ മഹിളാ സമാജങ്ങൾക്ക് പരിശീലനം നൽകാനുള്ള പദ്ധതി, അംഗൻവാടികളിൽ ആവശ്യമായ കളിക്കോപ്പുകൾ, മറ്റ് അടിസ്ഥാന സൗകര്യ ങ്ങൾ എന്നിവ വിപുലപെടുത്തുക.

3 പെൻഷൻ പദ്ധതികൾ

വേങ്ങാട് പഞ്ചായത്തിൽ ഈപദ്ധതി പ്രകാരം വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, ക്യാൻസർ രോഗി പെൻഷൻ തൊഴിലില്ലായ്മ വേതനം എന്നിവ നടപ്പിലാക്കു ന്നുണ്ട്. വിവിധ പെൻഷൻ ഗുണഭോക്താക്ക ളുടെ വിവരം (പട്ടിക 3-1) കൊടുത്തിട്ടുണ്ട്.

പെൻഷന്റെ തരം	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർദ്ധക്യ കാലപെൻഷൻ	കർഷകതൊഴി ലാളി പെൻഷൻ	തൊഴിലില്ലായ്മ വേതനം	ക്യാൻസർ രോഗി പെൻഷൻ
ഗുണഭോ ക്താക്കളു ടെ ണ്ണം	69	68	57	674	105	04

പഞ്ചായത്തിൽ ആകെ 212 വികലാംഗർ ഉണ്ടെന്ന് പ്രാഥമീകസർവ്വേയിൽ നിന്നും വ്യക്ത മാകുന്നു. സ്കൂളുകളിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് 50 പേർക്ക് വികലാംഗ സ്കോളർഷിപ്പ് ലഭിക്കുന്നുണ്ട്. സ്ഥാപന ങ്ങളിലും സ്കൂളുകളിലും ഉള്ള വികലാംഗർക്ക് ആനുകൂല്യങ്ങൾ ലഭിക്കാൻ സാഹചര്യം ഉണ്ടാവുമ്പോൾ പുറത്തുള്ള വികലാംഗരാ യവർക്ക് ആനുകൂല്യങ്ങൾ സമ്പാദിക്കാൻ വേണ്ടത്ര ബോധവൽക്കരണം ലഭിക്കുന്നില്ല എന്നു മനസ്സിലാകും. വികലാംഗക്ഷേമ പ്രവർ ത്തനങ്ങൾ പഞ്ചായത്തിൽ ഇനിയും മുന്നോട്ട് പോകേണ്ടിയിരിക്കുന്നു.

4 ഈ രംഗത്തെ പ്രധാനപ്രശനങ്ങൾ.

- പൈസയുടെ മൂല്യശോഷണം ഏറിയിട്ടും പെൻഷൻ പദ്ധതികൾക്കുള്ള വരുമാന പരിധിപഴയ രീതിയിൽ തന്നെ തുടരുന്നത് കൊണ്ട് അർഹരായവർക്ക് ലഭിക്കാത്തവസ്ഥ
- പെൻഷനുകൾ യഥാസമയം ലഭിക്കാത്ത അവസ്ഥ
- വിധവകൾക്കുള്ള പെൺമക്കൾക്കുള്ള വിവാഹ സഹായധനം അർഹതപെട്ടവർക്കും ആവശ്യമുള്ളസമയത്തും ലഭിക്കുന്നില്ല. 18 വയസ്സ് തികഞ്ഞ ആൺകുട്ടികളുള്ള വിധവക്ക് ആനുകൂല്യം ലഭിക്കാത്ത അവസ്ഥ
- വിവിധതരം പെൻഷനുകളുടെ അപേക്ഷ നേരിട്ട് ഹാജരായി ജില്ലാ ആസ്ഥാനത്ത് എത്തി ക്കേണ്ട അവസ്ഥ.

സാധ്യതകൾ

- വിവിധ പെൻഷനുകളെ പറ്റി അർഹരായ വരെ ബോധവൽക്കരിക്കാൻ സാമൂഹ്യക്ഷേമ രംഗത്തെ പൊതുപ്രവർത്തകർക്ക് ബോധവൽ ക്കരണ ക്ലാസ് ഏർപ്പെടുത്തൽ.
- സഹായധനങ്ങൾ ഗുണഭോക്താക്കൾക്ക് പഞ്ചായത്ത് വഴി ലഭിക്കാനുള്ള നടപടി അത് പോലെ അപേക്ഷ സ്വീകരിക്കുന്നത് പഞ്ചായ ത്താഫീസിൽ ആക്കാനുള്ള നടപടി.
- പഞ്ചായത്തിലെ മൊത്തം കർഷക തൊഴിലാ ളികളുടെ ലീസ്റ്റ് പഞ്ചായത്തോഫീസിൽ പ്രസി ദ്ധീകരിച്ച് അതിൽ നിന്നും ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കാനുള്ള നടപടി.
- മറ്റ് അഗധി പെൻഷനുകൾക്ക് അർഹരായ വരുടെ ലീസ്റ്റ് വില്ലേജ് ഓഫീസിൽ നിന്നും ശേഖരിക്കുന്നതിനുള്ള സംവിധാനം.
- ബധിരമൂക വിദ്യാർത്ഥികൾക്കായി അടുത്ത ടുത്ത പഞ്ചായത്തുകൾക്ക് പൊതുവായി വികലാംഗമന്ദിരങ്ങൾ തുടങ്ങാനുള്ള പദ്ധതി.

പൊതുവിതരണം

പഞ്ചായത്തിൽ ആകെ 13 പൊതു വിതരണ കേന്ദ്രങ്ങൾ ഉണ്ട്. ഇതിലെല്ലാമായി 5133 കാർഡുടമകളും 3[illegible]14 ഗുണഭോക്താക്കളും ഉൾപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിൽ രണ്ടാം വർഡിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. പണ്ടത്തെറേഷൻഷോപ്പ് പൊതുവിതരണകേന്ദ്രം ആയതോടുകൂടി ന്യായവില ഷോപ്പ് എന്ന സങ്ക ൽപ്പം ഇല്ലാതായിരിക്കയാണ്. പലപൊതു വിതരണകേന്ദ്രങ്ങളും കുത്തഴിഞ്ഞ നിലയി ലാണ്. പലസ്ഥലത്തും സാധനങ്ങൾ കൃത്യസമ യത്തും നിശ്ചിതഅളവിലും കൊടുക്കാൻ കഴി യാത്ത അവസ്ഥയാണ്. അരി, ഗോതമ്പ് എന്നിവ നിശ്ചയിക്കപ്പെട്ട അളവിൽ കൊടുക്കു ന്നുണ്ടെങ്കിലും മണ്ണെണ്ണ, പഞ്ചസാര, മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവ പലകേന്ദ്രങ്ങളിലും യാതൊരു വ്യവസ്ഥയുമില്ലാതെയാണ് വിതരണം ചെയ്യുന്നത്. പഞ്ചായത്തിന്റെ വടക്ക്കിഴക്ക് ഭാഗത്ത് ഒരറ്റത്താണ് മാവേലിസ്റ്റോർ സ്ഥിതിചെയ്യുന്നത്. പഞ്ചായത്തിലെ മുഴുവൻ പേർക്കും ഉപയോഗപ്പെടുത്താൻ സാധിക്കു ന്നില്ലെങ്കിലും അടുത്ത പ്രദേശങ്ങളിലുള്ള വർക്ക് ഈ മാവേലിസ്റ്റോർ ഒരനുഗ്രഹമാണ്. പൊതുവിപണിയിലെ വിലക്കയറ്റം കൊണ്ട് വീർപ്പ്മുട്ടുന്ന ജനങ്ങൾക്ക് ഈ മാലേവിസ്റ്റോർ ഒരനുഗ്രഹം തന്നെയാണ്. ഓണക്കാലത്ത് സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തി ക്കുന്ന ഓണചന്തകളും മറ്റുസ്റ്റോറുകളും പൊതുജനങ്ങൾക്ക് വലിയൊരു ആശ്വാ സമായിരുന്നു.

പ്രശ്നങ്ങൾ

- നിലവിലുള്ള സംവിധാനത്തിൽ സപ്ലൈആഫീസിൽ നിന്നും കാർഡിൽ പേര് ചേർക്കാനും പുതിയ കാർഡ് ഉണ്ടാക്കു ന്നതിനും കാലതാമസം നേരിടുന്നു.

- പൊതുവിതരണ കേന്ദ്രത്തിൽ നിന്നും വിതരണം ചെയ്യുന്ന അരിയുടെ ഗുണമില്ലായ്മ.
- പാചകാവശ്യത്തിനുള്ള മണ്ണെണ്ണ പെർമിറ്റ് ആവശ്യക്കാർക്ക് ലഭിക്കാത്ത അവസ്ഥ
- നിലവിലുള്ള മാവേലിസ്റ്റോർ പഞ്ചായത്തിന്റെ ഒരറ്റത്ത് ആയതുകൊണ്ട് പഞ്ചായത്തിലെ വലിയ വിഭാഗം ജനങ്ങൾക്കും പ്രയോജനം ലഭിക്കുന്നില്ല.

സാദ്ധ്യതകൾ

- റേഷൻകാർഡ് സംബന്ധമായകാര്യങ്ങൾക്ക് പഞ്ചായത്ത് ഓഫീസിൽ വർഷത്തിൽ രണ്ടോ, മൂന്നോ തവണ സിറ്റിംങ്ങ് ഏർപ്പെടുത്താനുള്ള സംവിധാനം
- ഐ.ആർ.ഡി.പി പദ്ധതിയിലേക്കുള്ള സ്വയംതൊഴിൽ ആവശ്യത്തിലേക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കൽ
- പുതിയമാവേലിസ്റ്റോറുകൾ അനുവദിക്കൽ

സംസ്ക്കാരം

9

ചരിത്രസ്മൃതികൾ അയവിറക്കികൊണ്ട് ഒഴുകുന്ന അഞ്ചരക്കണ്ടിപ്പുഴയുടെ കരലാളനമേറ്റ്കൊണ്ട് വേങ്ങാട് പഞ്ചായത്ത് സ്ഥിതിചെയ്യുന്നു. എക്കാലത്തും ഉൽകൃഷ്ട സാംസ്കാരികമൂല്യങ്ങൾ നെഞ്ചോടടുക്കിപ്പിടിക്കുന്ന ജനവിഭാഗങ്ങളുടെ ആവാസഭൂമിയത്രെ ഇത്. മതമൈത്രിയുടെ പരിശുദ്ധമായ അതിർവരമ്പുകൾ ലംഘിക്കപ്പെടാനുള്ള ബാഹ്യപ്രലോഭനങ്ങൾ നിസ്സങ്കോചം തട്ടിയകറ്റിയ വിവിധജാതിമതസ്ഥർ ഇവിടെ ഒരുമയോടെ കഴിഞ്ഞുപോരുന്നു.

വൈദേശികാധിപത്യത്തിനെതിരെ പടവാളുയർത്തി വീരമൃത്യുവരിച്ച പഴശ്ശിരാജാവിന്റെ പാദസ്പർശം കൊണ്ട് പാവനമാക്കപ്പെട്ടതുവഴി, ചരിത്രത്തിന്റെ താളുകളിൽ സ്ഥാനം നേടാൻ വേങ്ങാട് പഞ്ചായത്തിന് ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. ഉത്തമമായ ഗുണനിലവാരവും അനിതരസാധാരണമായ കരകൗശലചാതുര്യവും ഒത്തു ചേരുന്ന 'വേങ്ങാടൻ പാവുമുണ്ട്' എന്ന ഉൽപ്പന്നം പ്രസിദ്ധവും, പ്രചുരപ്രചാരവുമായിരുന്നു.

ഗ്രാമസംസ്കൃതിക്ക് നിതാനമായ വിദ്യാലയങ്ങളുടെ അടിവേരുകൾ തേടിചെല്ലുമ്പോൾ ഈ പഞ്ചായത്തിലെ പല വിദ്യാലയങ്ങളുടേയും ആരംഭം അതതു പ്രദേശത്തെ സേവനതൽപരരും വിദ്യാസമ്പന്നരുമായ

നാട്ടുഗുരുക്കന്മാർ മുഖേനയാണെന്നു് കണ്ടെത്താനാവും.

സാമൂഹ്യക്ഷേമം ലക്ഷ്യമാക്കി ചലനാത്മകമായ സാംസ്കാരികപ്രവർത്തനം നടത്തിപ്പോരുന്ന നിരവധി സംഘടനകൾ ഈ പഞ്ചായത്തിന്റെ സാംസ്കാരികമുന്നേറ്റത്തിന് നിസ്വാർത്ഥമായ സംഭാവനകൾ നൽകിയിട്ടുണ്ട്.

അനൗപചാരികവിദ്യാഭ്യാസരംഗത്ത് സജീവമായി ഇടപ്പെട്ട് പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം അതതുപ്രദേശത്ത് വിദ്യാഭ്യാപരമായ മുന്നോക്കാവസ്ഥ സൃഷ്ടിക്കാൻ സഹായിച്ചിട്ടുള്ളതായി കാണാൻ കഴിയും.

ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ തള്ളികയറ്റത്തിനുമുമ്പ് ഈ പഞ്ചായത്തിന്റെ ഗ്രാമാന്തരങ്ങളിൽ സാംസ്കാരിക നവോത്ഥാനത്തിന് വഴിയൊരുക്കിയിരുന്ന അനേകം അമച്വർ നാടക സംഘങ്ങളും കലാസമിതികളും ഇന്ന് നിലവിലില്ല. എന്നാൽ ചുരുക്കം ചില സ്ഥാപനങ്ങൾ രൂപഭാവങ്ങൾ മാറിയനിലയിൽ ഇന്നും സജീവമായി നിലനിൽക്കുന്നുണ്ട്. കായികരംഗത്ത് പ്രാഗല്ബ്യം തെളിയിച്ച പ്രതിഭകൾ ഈ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. സ്പോർട്സ് രംഗത്ത് ഊർജ്ജസ്വലമായ പ്രവർത്തനം കാഴ്ചവെച്ച പലസമിതികളും നാമാവശേഷമായിപോയിട്ടുണ്ട്. എങ്കിലും നാമമാത്രമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന ചുരുക്കം ചിലി സമിതികൾ ഇവിടെ പ്രവർത്തിച്ചുവരുന്നു.

ജാതിമതസംഘടന

ഈ പഞ്ചായത്തിൽ മതമൈത്രിയുടെ വെന്നിക്കൊടി പാറിച്ച്കൊണ്ടും ഉന്നതസാംസ്കാരിക മൂല്യങ്ങൾ പരിരക്ഷിച്ചുകൊണ്ടും വിവിധ ജാതിമതസ്ഥർ ഇടപഴകി ജീവിച്ചുപോരുന്നു. സാമ്പത്തികമായി താരതമ്യേന താഴെതട്ടിൽ നിൽക്കുന്നവരാണ് ഭൂരിഭാഗം ജനങ്ങളും.



കലാസാംസ്കാരികസ്ഥാപനങ്ങൾ:- ഈ പഞ്ചായത്തിൽ 20 വായനശാലകളും 38 കലാസമിതികളും നിലവിലുണ്ട്. അവയിൽ പാരമ്പര്യംകൊണ്ട് പ്രശ്ശവും ഉന്നതമായ പ്രവർതനക്ഷമതകൊണ്ട് ശ്രദ്ധേയമായ ശ്രീനാരായണ ഗ്രന്ഥാലയം. പാച്ചപ്പൊയ്ക, പഞ്ചായത്ത് യുവജനവായനശാല ഗ്രന്ഥാലയം. വേങ്ങാട് തുടങ്ങിയ മാതൃകാസ്ഥാപനങ്ങൾ ഉൾപ്പെടുന്നു.

സാമ്പത്തിപരാധീനത കാരണം ഞെരുങ്ങുന്ന ക്ലബുകളും കലാസമിതികളും പൊതുജനപങ്കാളിത്തത്തോടുകൂടിയാണ് മുന്നോട്ടുനീങ്ങുന്നത്.

1 പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	പുസ്തകങ്ങളുടെ എണ്ണം	ശരാശരി പ്രതിമാസ വിതരണം	ആനുകാലികങ്ങളുടെ എണ്ണം	സ്വന്തം കെട്ടിടം ഉണ്ടോ?	ടി.വി. റേഡിയോ ഉണ്ടോ?	മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ
1 ശ്രീനാരായണ വായനശാല ¢ ആർട്ട്സ് ക്ലബ്ബ് വേങ്ങാട്മെട്ട	1964	-	-	-	8	ഉണ്ട്	ഇല്ല	കലാകായിക രംഗം
2 വേങ്ങാട് പഞ്ചായത്ത് യുവജന വായനശാല ¢ ഗ്രന്ഥാലയം, വേങ്ങാട്	1961	സി	1596	350	9	ഉണ്ട്	ടി.വി ഉണ്ട്	ഗ്രന്ഥശാലാ പ്രവർത്തനം
3 യുവജന സംഘം വായനശാല ,കീഴത്തൂർ	1967	-	1500	100	8	ഉണ്ട്	ടി.വിഉണ്ട്	ഓണാഘോഷം, വയോജനവിദ്യാഭ്യാസം സാക്ഷരതാ പ്രവർത്തനം
4 അക്ഷര വായനാശാല, കീഴത്തൂർ	1993	-	-	-	5	ഇല്ല	ഇല്ല	
5 യുവജന വായനശാല, കല്ലായി	1976	-	-	-	7	ഉണ്ട്	റേഡിയോ	
6 ഗാന്ധി സ്മാരക വിജ്ഞാനകേന്ദ്രം, പറമ്പായി	1966	-	300	ഇല്ല	-	പണി നടക്കുന്നു		പ്രവർത്തനമില്ല
7 വേങ്ങാട് പഞ്ചായത്ത് ഗ്രാമോദ്ധാരണ വായനശാല, ചാമ്പാട്	1951	-	3177	80	6	ഉണ്ട്	ടി.വി.ഉണ്ട്	
8 എ.കെ.ജി സ്മാരക വായനശാല, മുണ്ടമെട്ട	1989	-	-	-	7	ഉണ്ട്	ടി.വി.ഉണ്ട്	ഓണാഘോഷം
9 എ.കെ.ജി സ്മാരക വായനശാല, വാളാങ്കിച്ചാൽ	1992	-	-	-	8	ഉണ്ട്	ടി.വി.ഉണ്ട്	
10 വേങ്ങാട് പഞ്ചായത്ത് സാംസ്കാരിക നിലയം, കൊളത്തുമല	1990	-	-	-	3	ഉണ്ട്	ടി.വി.ഉണ്ട്	
11 ടാഗോർ സ്മാരക വായനശാല ¢ ഗ്രന്ഥാലയം മമ്പറം	1960	-	2868	120	3	ഇല്ല	ഇല്ല	
12 ചാത്തൻ ഗുരുക്കൾ സ്മാരക വായനശാല, കേളാലൂർ	1969	-	-	-	-	ഉണ്ട്	ഇല്ല	നിർജ്ജീവം
13 ലെനിൻ സെൻറർ, പാതിരിയാട്	1972	-	-	-	2	ഉണ്ട്	ടി.വി.ഉണ്ട്	-
14 എ.കെ.ജി മന്ദിരം, കെ. രാമൻ മാസ്റ്റർ സ്മാരക വായനശാല, ഓടക്കാട്	1988	-	-	-	10	ഉണ്ട്	റേഡിയോ ടി.വിഉണ്ട്	
15 ശ്രീ നാരായണ വായനശാല. കുഴിയിൽ പീടിക	1978	-	-	-	5	ഉണ്ട്	ടി.വി. റേഡിയോ ഉണ്ട്	
16 പാട്യം ഗോപാലൻ സ്മാരക ഗ്രന്ഥാലയം,കുഴിയിൽ പീടിക	1993	-	1350	80	-	ഇല്ല	ഇല്ല	-
17 പാട്യംഗോപാലൻ സ്മാരകവായനശാല, വണ്ണാൻമൊട്ട	1985	-	-	-	7	ഇല്ല	ഇല്ല	സ്പോർട്സ്രംഗത്തും പ്രവർത്തിക്കുന്നു
18 മുഹമ്മദ് അബ്ദുൾ റഹിമാൻ സ്മാരക വായനശാല, വേങ്ങാട് അങ്ങാടി	1980	-	-	-	1	ഉണ്ട്	ഇല്ല	നിർജ്ജീവം
19 ശ്രീനാരായണ ഗ്രന്ഥാലയം പാച്ചപ്പൊയ്യ	1961	ഡി	3648	400	15	ഉണ്ട്	ഇല്ല	കലാകായിക സാമൂഹ്യ സാക്ഷരതാ പ്രവർത്തനങ്ങൾ
20 പാട്യം ഗോപാലൻ സ്മാരക വായനശാല മുണ്ടമെട്ട	1989	-	-	-	7	ഉണ്ട്	ടി.വി.റേഡിയോ	

പ്രവർത്തനക്ഷമതയുടെ അടിസ്ഥാനത്തിൽ ഇവയെ ചുവടെചേർക്കും വിധം പട്ടികയാക്കാവുന്നതാണ്.

ലൈബ്രറി സൈകര്യമുള്ളവ - 35%, ലൈബ്രറി വിതരണം നടക്കുന്നവ-30%, ആനുകാലികങ്ങൾ ലഭ്യമാക്കുന്നവ - 85%
സ്വന്തം കെട്ടിടം ഉള്ളവ - 80% ടെലിവിഷനുള്ളവ - 50% കലാരംഗത്ത് പ്രവർത്തിക്കുന്നവ-10%
കായികരംഗത്ത് പ്രവർത്തിക്കുന്നവ- 15% നിർജ്ജീവാവസ്ഥയിലുള്ളവ - 20%

വേങ്ങാട് പഞ്ചായത്തിൽ നിലവിലുള്ള കലാസമിതികളും ക്ലബുകളും താഴെപറയുന്നവയാണ്

	പേര്	സ്ഥാപന വർഷം	അംഗങ്ങളുടെ എണ്ണം	സംഗീതനാടക അക്കാദമി സ്പോർട്സിൽ അംഗീകാരം ഉണ്ടോ?	സ്വന്തമായി കെട്ടിടം ഉണ്ടോ?	റേഡിയോ ടിവിതുടങ്ങിയവ ഉണ്ടോ?	മുഖ്യപ്രവർത്തനങ്ങൾ
1	മനീഷ ആർട്സ് ¢ സ്പോർട്ട്സ് ക്ലബ്ബ്, വേങ്ങാട്മെട്ട	1986	29	ഇല്ല	ഇല്ല	ടി.വി ഉണ്ട്	സാമൂഹ്യസേവന പ്രവർത്തനങ്ങൾ, കലാപ്രവർത്തനങ്ങൾ
2	ബ്രദേർസ്, കുറുവാത്തൂർ	1989	18	ഇല്ല	പണിനടക്കുന്നു	ഇല്ല	ഓണാഘോഷം
3	പീപ്പിൾസ് തിയേറ്റേർസ്, വേങ്ങാട്	1970	15	ഇല്ല	ഇല്ല	ഇല്ല	നിർജീവം
4	യുവധാര തിയേറ്റേർസ്, വേങ്ങാട്	1977	17	ഇല്ല	ഇല്ല	ടി.വി.ഉണ്ട്	കലാ സാംസ്കാരികപ്രവർത്തനം
5	ഡയനാമോസ്, വേങ്ങാട്	1974	24	ഇല്ല	ഇല്ല	ഇല്ല	സംഗീതവിദ്യാഭ്യാസം
6	യംഗ്മെൻസ്, വെള്ളക്കാഞ്ഞിരം	1990	30	ഇല്ല	ഇല്ല	ഇല്ല	ജനവിദ്യാകേന്ദ്രം കലാകായികരംഗം
7	യംഗ് ആർട്ടിസ്റ്റ്സ് വേങ്ങാട്	1972	-	ഇല്ല	ഇല്ല	ഇല്ല	നിർജീവം
8	ശ്രുതി സാംസ്ക്കാരികവേദി, കുരിയോട്	1990	20	ഇല്ല	ഇല്ല	ഇല്ല	നെഹറു യുവകേന്ദ്രവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു.
9	യുവചേതന, കുരിയോട്	1980	8	ഇല്ല	പണി നടക്കുന്നു	ഇല്ല	സാംസ്ക്കാരിക പ്രവർത്തനങ്ങൾ (വല്ലപ്പോഴും)
10	ദർശന, കനാൽക്കര	1993	20	ഇല്ല	ഇല്ല	ഇല്ല	കലാസാംസ്ക്കാരിക സാമൂഹ്യപ്രവർത്തനങ്ങൾ
11	യുവജനസ്പോർട്ട്സ് ¢ ആർട്ട്സ് ക്ലബ്ബ്, കീഴത്തൂർ	1965	30	ഇല്ല	ഇല്ല	ഇല്ല	-
12	കൊളങ്ങരോത്ത് രാഘവൻസ്മാരക ആർട്ട്സ് ¢സ്പോർട്ട്സ് ക്ലബ്ബ്, കീഴത്തൂർ	-	-	ഇല്ല	ഇല്ല	ഇല്ല	നിർജ്ജീവം
13	യുവധാര ക്ലബ്ബ്, കല്ലായി	1982	18	ഇല്ല	ഉണ്ട്	ഇല്ല	സാമൂഹ്യ സേവന പ്രവർത്തനങ്ങൾ കലാപ്രവർത്തനങ്ങൾ
14	സി.എച്ച് കൾച്ചറൽ സെൻറർ, കല്ലായി	1992	-	ഇല്ല	ഇല്ല	ഇല്ല	-
15	ജിമ്മി മെമ്മോറിയൽ സ്പോർട്ട്സ് ¢ ആർട്ട്സ് ക്ലബ്ബ് കല്ലായി	1994	40	ഇല്ല	ഇല്ല	ഇല്ല	കലാകായിക പ്രവർത്തനങ്ങൾ സാമൂഹ്യസേവനപ്രവർത്തനങ്ങൾ
16	കുനൻകുഞ്ഞിരാമൻ സ്മാരക സ്പോർട്സ് ¢ ആർട്ട്സ്ക്ലബ്ബ്	1978	56	ഇല്ല	ഉണ്ട്	ഇല്ല	വായനശാലാ പ്രവർത്തനം
17	ഇന്ദിരാജി കൾച്ചറൽ സെൻറർ, ചെറിയവളപ്പ്	1981	-	ഇല്ല	ഇല്ല	ഇല്ല	-
18	യുവശക്തി, പറമ്പായി,	1989	20	ഇല്ല	പണിനടക്കുന്നു	ഇല്ല	-
19	എ.കെ.ജി സ്മാരക ആർട്ട്സ് ¢ സ്പോർട്ട്സ് ക്ലബ്ബ് ചാമ്പാട്	1970	57	ഇല്ല	ഇല്ല	ഇല്ല	കലാകായിക സാംസ്കാരികപ്രവർത്തനം
20	പ്രിയദർശിനി ആർട്ട്സ് ¢സ്പോർട്ട്സ് ക്ലബ്ബ്ചാമ്പാട്	1985	-	ഇല്ല	ഇല്ല	ഇല്ല	-
21	സീൽ ആർട്ട്സ് ¢ സ്പോർട്ട്സ്ക്ലബ്ബ്, കുന്നിരിക്ക	1996	-	ഇല്ല	ഇല്ല	ഇല്ല	കലാസാംസ്കാരിക സാമൂഹിക പ്രവർത്തനങ്ങൾ
22	നവധാരാ ആർട്ട്സ് ¢ സ്പോർട്ട്സ് ക്ലബ്ബ്, കിന്നിരിക്ക		1978	25	ഇല്ല	ഇല്ല	ഇല്ല നിർജ്ജീവം
23	പ്രതിഭ ആർട്ട്സ് ¢ സ്പോർട്ട്സ് ക്ലബ്ബ്, ഓടക്കാട്	1980	30	ഇല്ല	ഇല്ല	ഇല്ല	നാടകരംഗം
24	സ്വരലയ ആർട്ട്സ് ¢ സ്പോർട്ട്സ് ക്ലബ്ബ്, മൈലാടി	1995	35	ഇല്ല	ഇല്ല	ഇല്ല	കായികരംഗം
25	ശ്രുതിലയ, പട്ടത്താരി	1994	51	ഇല്ല	ഇല്ല	ഇല്ല	കലാസാമൂഹ്യപ്രവർത്തനം
26	യുവധാര, കനാൽക്കര പടുവിലായി	1987	30	ഇല്ല	ഇല്ല	ഇല്ല	ഓണാഘോഷം

27 കെ.ഒ.കെ. സ്മാരക ക്ലബ്ബ്, മൈലുള്ളി,	1979	-	ഇല്ല	ഇല്ല	ഇല്ല	കലാകായികരംഗം
28 ബ്രദേർസ് സ്പോർട്ട്സ്, ക്ലബ്ബ് മൈലുള്ളിമൊട്ട	-	-	ഇല്ല	ഇല്ല	ഇല്ല	കായികരംഗം
29 ഇന്ദിരാജി യൂത്ത് വേദി, മമ്പറം	1986	50	ഇല്ല	ഇല്ല	ഇല്ല	കലാപരിപാടി, സമ്മേളനങ്ങൾ
30 യുവജന സ്പോർട്ട്സ് ക്ലബ്ബ്, മമ്പറം	1977	27	ഇല്ല	ഇല്ല	ഇല്ല	-
31 നാഷനൽ ആർട്ട്സ് ¢ സ്പോർട്ട്സ് ക്ലബ്ബ്, കേളാലൂർ		-	30	ഇല്ല	ഇല്ല	ഇല്ല നിർജ്ജീവം
32 നേതാജി ആർട്ട്സ്¢ സ്പോർട്ട്സ് ക്ലബ്ബ്, പടിഞ്ഞിറ്റ മുറി	-	24	ഇല്ല	ഇല്ല	ഇല്ല	നിർജ്ജീവം
33 പാട്യം സ്മാരക ആർട്ട്സ്¢ സ്പോർട്ട്സ് ക്ലബ്ബ്, കുഴിയിൽപീടിക	1978	65	ഇല്ല	ഉണ്ട്	ഇല്ല	കലാകായിക സാമൂഹ്യ സേവനപ്രവർത്തനങ്ങൾ
34 സുധീഷ് സ്മാരക സാംസ്കാരിക കേന്ദ്രം,പാതിരിയാട്	1995	20	ഇല്ല	ഇല്ല	ഇല്ല	കലാസാംസ്കാരിക രംഗം
35 യുവജന ആർട്ട്സ് സ്പോർട്ട്സ് ക്ലബ്ബ്, പാതിരിയാട്	1995	-	ഇല്ല	ഇല്ല	ഇല്ല	കലാ സ്പോർട്ട്സ് രംഗം
36 ഗോൾഡൻ സ്റ്റാർ ആർട്ട്സ്¢ സ്പോർട്ട്സ് ക്ലബ്ബ്,ഓടക്കാട്	1982	16	ഇല്ല	ഇല്ല	ഇല്ല	-
37 ടി.വി. തോമസ് സ്മാരക ആർട്ട്സ് ¢ സ്പോർട്ട്സ് ക്ലബ്ബ്, വണ്ണാൻ മെട്ട	1984	17	ഇല്ല	ഇല്ല	ഇല്ല	വാർഷികാഘോഷം
38 എ.കെ.ജി. സ്മാരക ആർട്ട്സ്¢ സ്പോർട്സ് ക്ലബ്ബ്, മുണ്ടമെട്ട	1977	85	ഇല്ല	ഇല്ല	ഇല്ല	സ്പോർട്സ് രംഗം

മൊത്തമുള്ള 38കലാസമിതികളിൽ മൂന്നിൽ ഒരു ഭാഗം നിർജ്ജീവാവസ്ഥയിലാണെന്ന് ലഭ്യമായ സ്ഥിതിവിവരകണക്കുകൾ വ്യക്തമാക്കുന്നു. സംഗീതനാടക അക്കാദമിയുമായോസ്പോർട്സ് കൗൺസിലുമായോ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഒരു സമിതിപോലും ഈ പഞ്ചായത്തിലില്ല. സമിതികളുടെ സജ്ജീകരണങ്ങൾ, പ്രവർത്തനക്ഷമത തുടങ്ങിയവ ചുവടെ ചേർക്കും വിധമത്രെ.



സാക്ഷരത:

സാംസ്ക്കാരികമായ ഉന്നമനത്തിന്റെ അടിസ്ഥാനശിലകളിൽ ഒന്ന് സാക്ഷരതയാണല്ലൊ. ഈ പഞ്ചായത്തിലെ സാക്ഷരതാനിരക്ക് 1991 ലെ സെൻസസ് റിപ്പോർട്ട് പ്രകാരം ഇങ്ങിനെയാണ്.

പുരുഷന്മാർ -80%
സ്ത്രീകൾ -74%

പഞ്ചായത്തിൽ സംഘടിതമായും, സമഗ്രമായും നടന്ന ഒന്നാംഘട്ടസാക്ഷരതാപ്രവർത്തനം മുഖേനയാണ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്.

വായനാശീലത്തിൽ വന്നിട്ടുള്ള പ്രകടമായ മാറ്റം ആശാവഹമല്ല. ആഴത്തിലുള്ള വായനനന്നേകുറഞ്ഞുപോയിട്ടുണ്ട്. വായിക്കപ്പെടുന്നത് പൈങ്കിളിവിഭാഗത്തിൽപ്പെടുന്ന പ്രസിദ്ധീകരണങ്ങളാണ് താനും! ലൈബ്രറികൾ പ്രയോജനപ്പെടുത്തുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരുന്ന പ്രവണത നിലനിൽക്കുന്നു. ഗ്രന്ഥശാലകൾ ഉപയോഗപ്പെടുത്തുന്നതിൽ മുന്നിട്ടുനിൽക്കുന്നത് വദ്യാർത്ഥികളാണ്. ലൈബ്രറികളിൽ ലഭ്യമായ വിജ്ഞാനപ്രദമായ ഗ്രന്ഥങ്ങൾ പലതും വിതരണം ചെയ്യപ്പെടാതെ കിടക്കുകയാണ്.

മൃദുലവികാരങ്ങളുണർത്തുന്ന പൈങ്കിളി പ്രസിദ്ധീകരണങ്ങളും, ഇലക്ട്രോണിക് മാധ്യമങ്ങളുടെ വ്യാപനവുമാണ് ആഴത്തിലുള്ള വായനാശീലം ഇടിച്ചുതാഴ്ത്തുന്നതിൽ ഗണ്യമായ പങ്ക് വഹിച്ചിട്ടുള്ളത്. നിശ്ചയമായും ഇത് സാംസ്കാരികമായ അപകടാവസ്ഥയിലേക്കാണ് വിരൽചൂണ്ടുന്നത്.

സിനിമ:- കലാസാംസ്ക്കാരിക രംഗത്ത് ആരോഗ്യകരവും അനാരോഗ്യകരവുമായ

സ്വാധീനം ചെലുത്താനും കഴിവുള്ള മാധ്യമമാണല്ലൊ സിനിമ. ഈ രംഗത്ത് കാസറ്റ് സിനിമകളുടെ തള്ളിക്കയറ്റം ഉണ്ട്. ഗുണനിലവാരം കുറഞ്ഞ ഇത്തരം സിനിമകൾ കാണാനുള്ള ആർത്തി വിദ്യാർത്ഥികളിലും യുവജനങ്ങളിലും ദൃശ്യമാണ്. കേബിൾ ടി.വി സംവിധാനവും ഈ പഞ്ചായത്തിലേക്ക് കടന്നുവരാൻ തുടങ്ങിയിട്ടുണ്ട്. തിയേറ്റർ സിനിമകൾ ഈ പഞ്ചായത്തിൽ ശക്തമായി പിടിമുറുക്കിയിട്ടുള്ളതായി പറയാനാവില്ല. 12 വാർഡുകളിൽ രണ്ടെണ്ണത്തിൽ മാത്രമെ സിനിമാടാക്കീസ് ഉള്ളൂ. ഇവയുടെ പ്രവർത്തനം സംബന്ധിച്ച് ലഭ്യമായ വസ്തുതകൾ ഇങ്ങിനെയാണ്.

ടാക്കീസിന്റെ പേര്	വാർഡ്	ക്ലാസ്	മൊത്തം സീറ്റുകൾ	സാധാരണ ദിവസങ്ങളിൽ ശരാശരി പ്രേക്ഷകർ
റാണി ടാക്കീസ്, വേങ്ങാട്	II	സി	420	85
കൃഷ്ണ ടാക്കീസ്, അഞ്ചരക്കണ്ടി	IV	സി	364	74

ഓണം, വിഷു, പെരുന്നാൾ തുടങ്ങിയ ആഘോഷദിവസങ്ങളിൽ ഹൗസ്ഫുൾ ആയ പ്രദർശനങ്ങൾ നടക്കാറുണ്ട്. തീയേറ്ററുകൾക്ക് അകത്തും പുറത്തും ആവശ്യം ഉണ്ടായിരിക്കേണ്ട ശുചിത്വം, സുരക്ഷ, തുടങ്ങിയകാര്യങ്ങളിൽ ജാഗ്രതകുറവ് പ്രകടമാണ്. ഇരിപ്പിടങ്ങളുടെ നിലവാരവും തൃപ്തികരമല്ല.

ഉന്നതമായ സാംസ്ക്കാരികമൂല്യങ്ങൾ ഉൾക്കൊള്ളുന്ന പടങ്ങൾ വിരളമായി മാത്രമേ ഈ തിയേറ്ററുകളിൽ പ്രദർശിപ്പിക്കപ്പെടാറുള്ളു

ഫിലിം സൊസൈറ്റികൾ: -

കലാസാംസ്ക്കാരികമൂല്യങ്ങൾ ഉൾക്കൊള്ളുന്ന പ്രസിദ്ധമായ സിനിമകൾ പ്രദർശിപ്പിച്ചുകൊണ്ട് വേങ്ങാട് കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന 'നവ്യഫിലിം സൊസൈറ്റി' ഇന്നുനിലവിലില്ല. പടം പ്രദർശിപ്പിക്കു ന്നതിനുവേണ്ടി ടാക്കീസുകൾക്ക് ഭാരിച്ച വാടക നൽകേണ്ടി വരുന്നതു കൊണ്ടാണ് ഇത്തരം സൊസൈറ്റികൾ ചരമമടയുന്നത്.

പഞ്ചായത്ത്, വായനശാലകൾ, സാംക്കാരികനിലയങ്ങൾ എന്നിവടങ്ങളിൽ നിലവാരമുള്ള 16എം എം പ്രജക്ടർ ലഭ്യമാക്കിയാൽ ജനങ്ങളുടെ ചലചിത്രാസ്വാദനശീലത്തിൽ ആരോഗ്യകരമായ വ്യതിയാനം സൃഷ്ടിക്കാൻ കഴിയും.

ഇലക്ട്രോണിക്ക് മാധ്യമങ്ങൾ:- ഈ പഞ്ചായത്തിൽ 25% വീടുകളിൽ ടിലിവിഷൻ ഉണ്ട്. വിദ്യാർത്ഥികൾ, കൃഷിക്കാർ, അദ്ധ്യാപകർ, സ്ത്രീകൾ, കുട്ടികൾ തുടങ്ങിയ വിവിധ തുറകളിൽപ്പെടുന്ന ജനവിഭാഗങ്ങളെ ഉദ്ദേശിച്ചു കൊണ്ടുള്ള .മേത്തരം പരിപാടികൾ ടി.വി.വഴി ലഭ്യമാണ്.

എന്നാൽ സാദ്യതയുടെ അതിർവരമ്പ് ലംഘിക്കന്നവയും അധമവികാരങ്ങൾ ഉണർത്തുന്നവയുമായ സീരിയലുകൾ, പരസ്യങ്ങൾ തുടങ്ങിയവയും സംപ്രേഷണം ചെയ്യപ്പെടുന്ന പരിപാടികളിൽ ഉൾപ്പെടുന്നു.

സ്ത്രീശരീരം കച്ചവടചരക്കാക്കിമാറ്റുന്ന പരസ്യങ്ങൾ നിരവധിയാണ്. വിദ്യാർത്ഥികൾ ഗൃഹപഠനത്തിനുപയോഗിക്കുന്ന സമയങ്ങളിൽ സ്പോൺസേർഡ് സീരിയലുകൾ സംപ്രേഷണം ചെയ്യപ്പെടുന്നത് അഭിലഷണീയമല്ല.
സാംസ്ക്കാരിക സംക്രമണത്തിന്റെ മാധ്യമമായി വർത്തിക്കേണ്ട ടെലിവിഷൻ ബഹുരാഷ്ട്രകുത്തുകകളും സമ്പന്നവിഭാഗങ്ങളും കൈപ്പിടിയിലൊതുക്കിയിരിക്കയാണ്.

സാധാരണ ജനങ്ങൾക്ക് ഏറ്റവുമധികം പ്രയോജനപ്പെടുന്ന റേഡിയോ ഈ പഞ്ചായത്തിൽ 90% വീടുകളിലും ലഭ്യമാണ്

ആഘോഷങ്ങൾ, ഉത്സവങ്ങൾ പെരുന്നാളുകൾ

വിവിധ മതസ്ഥരുടെ ഉൽസവങ്ങളും പെരുന്നാളുകളും മറ്റും ജനവിഭാഗങ്ങളെ അടുപ്പിച്ച് നിർത്തുവാൻ ഏറെ സഹായകരമാകാറുണ്ട്.

തട്ടാരി മുസ്ലിം പള്ളിയിലെ നബിദിനാഘോഷം വിവിധമതവിഭാഗക്കാരെ പങ്കെടുപ്പിച്ചുകൊണ്ട് വർഷംതോറും നടത്തിവരുന്നു. വേങ്ങാട് ശ്രീ കൂർമ്പകാവ്, ചാമ്പാട് ശ്രീ കൂർമ്പകാവ് എന്നീക്ഷേത്രങ്ങളിലെ ഉൽസവ ങ്ങളിൽ പങ്ക് ചേരാൻ വളരെയകലെ നിന്നു പോലും നൂറ് കണക്കിനാളുകൾ വന്നുചേരാറുണ്ട്. വിവിധ കരക്കാർ ഉൾപ്പെടുന്ന ജനകീയ ഉൽത്സവ കമ്മിറ്റികളാണ് ഈ ഉത്സവങ്ങൾ സംഘടിപ്പിക്കുന്നത്.

പുരാതനമായ പടുവിലായിക്കാവിലെ തേങ്ങപിടി ഉത്സവം പ്രസിദ്ധമാണ് തിരുമംഗലം ക്ഷേത്രം, കേളാലൂർ അമ്പലം പറമ്പായി പള്ളി, വേങ്ങാട് ഗണപതീക്ഷേത്രം പൊയനാട്പള്ളി, വേങ്ങാട് പള്ളി തുടങ്ങിയ ധാരാളം ആരാധനാലയങ്ങൾ ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു.

അമച്വർ പ്രൊഫഷണൻ നാടകസംഘങ്ങൾ:

അമച്വർ പ്രൊഫണൽ നാടകരംഗം മാത്രം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലില്ല. ക്ഷേത്രങ്ങളിലെ ഉത്സവങ്ങളോടനുബന്ധിച്ചും കലാസമിതികളുടെ വാർഷികാഘോഷങ്ങളോടമുബന്ധിച്ചും പ്രൊഫഷണൽ നാടകങ്ങൾ അരങ്ങേറാറുണ്ട്.

ഭാരിച്ച സാമ്പത്തിക ചെലവ് പരിശീലനം സിദ്ധിച്ച കലാകാരന്മാരുടെ കുറവ് കാരണം അമച്വർ കലാസമിതികൾ നാടകാവതരണത്തിൽ നിന്നും പിറകോട്ട് പോയിരിക്കുകയാണ്.

പത്രങ്ങൾ വാരികകൾ: ലഭ്യമായ കണക്കുകൾ അനുസരിച്ച് ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പ്രചാരമുള്ളപത്രങ്ങൾ മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി എന്നിവയാണ്.

വാരികകളുടെ കാര്യത്തിൽ പൈങ്കിളി വാരികകൾ ബഹുദൂരം മുന്നിലാണ്.

ഇന്ത്യൻ എക്സ്പ്രസ്സ്, ഹിന്ദു തുടങ്ങിയ ഇംഗ്ലീഷ്പത്രങ്ങളും പ്രചാരത്തിലുണ്ട്.

കേരളകൗമുദി,ചന്ദ്രിക, മാധ്യമം എന്നീ പത്രങ്ങൾക്കും ഇവിടെ വായനക്കാരുണ്ട്.

തനതുനാടൻ കലകൾ:- തെയ്യം, ചെണ്ട, തുടങ്ങിയ കലാരൂപങ്ങൾ ഈ പഞ്ചായത്തിൽ പ്രചാരത്തിലുണ്ട്. കോൽക്കളി, ദഫ്മുട്ട്, പൂരക്കളി, ഒപ്പന, തിരുവാതിര, തുടങ്ങിയവ യുവജനോത്സവ വേദികളിൽ മാത്രം ഒതുങ്ങിക്കഴിയുകയാണ്.

കായികരംഗം:- ഗ്രാമാന്തരങ്ങളിൽ സജീവമായി നിലനിന്നിരുന്ന പല നാടൻകളികളും വിസ്മൃതിയിലേക്ക് ആണ്ടുപോയിരിക്കുകയാണ്. മാനസികോല്ലാസവും, കായികശേഷിയും പ്രദാനം ചെയ്തിരുന്ന ആട്ടക്കളി, ഡപ്പകളി, സോഡികളി, കക്ക്കളി, കബഡി, ഇട്ടിയും കോലും, കൊത്തംകല്ല് കളി തുടങ്ങിയ നിരവധി ഗ്രാമീണ കളികൾ ഇന്ന് വളരെ അപൂർവ്വമാണ്.

കായികാഭ്യാസ പ്രധാനമായ കളരികളും ഈ പഞ്ചായത്തിൽ നിലവിലില്ല.

ഫുട്ട്ബോൾ കളിക്ക് ആവശ്യമായ വിസതൃതിയുള്ള ഗ്രൗണ്ട് പാതിരിയാട് കോട്ടയം രാജാസ് ഹൈസ്കൂളിലും, മമ്പറം ഹൈസ്കൂളിലും മാത്രമാണ് ഉള്ളത്. മിക്കവാറും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആവശ്യമായ കളിസ്ഥലം ലഭ്യമല്ല.

ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ:- വിവിധ മതസ്ഥരുടെ പല ആചാരാനുഷ്ഠാനങ്ങളും അപ്രത്യക്ഷമായതായും, ചിലത് അങ്ങിങ്ങു നിലനിൽക്കുന്നതായും കാണാൻ കഴിയും. റാത്തീബ്, ഏകാദശീവ്രതം, തിരുവിതിരനോമ്പ്, കളമെഴുത്ത്, വെള്ളാട്ടം പിതൃക്കളെ ഊട്ടൽ തുടങ്ങിയ പല അനുഷ്ഠാനങ്ങളും ഇവിടെ നിലവിലുണ്ട്.

കർക്കിട മാസത്തിലെ ആടി, വേടൻ, കോതാമൂരി, കേളിപാത്രം തുടങ്ങിയവ ഇന്ന് കാണാനില്ല.

കല്ല്യാണം, ശവസംസ്ക്കാരം തുടങ്ങിയ ചടങ്ങുകളുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന പല അനാചാരങ്ങളും അപ്രത്യക്ഷമായിട്ടുണ്ട്.

അയിത്തം, മേൽക്കോയ്മാസമ്പ്രദായം, ക്ഷേത്രപ്രവേശന നിയന്ത്രണം എന്നിവയും ഈ പഞ്ചായത്തിൽ നിലവിലില്ല.

പ്രശ്നങ്ങൾ

- ഗ്രന്ഥാലയങ്ങളുടെ പ്രവർത്തനം പിന്നോട്ടു പോകുന്നു.
- ആഴത്തിലുള്ള വായന ഗണ്യമായും കുറഞ്ഞുവരുന്നു.
- പൈങ്കിളി വിഭാഗത്തിൽപ്പെടുന്ന പ്രസിദ്ധീകരണങ്ങൾ വ്യപകമായി വായിക്ക പ്പെടുന്നു.
- പ്രാചീന നാടൻ കാലാരൂപങ്ങൾ പലതും അപ്രത്യക്ഷമായി.
- ദൃശ്യമാധ്യമങ്ങളിൽ ലഭ്യമാകുന്ന പരസ്യങ്ങളും സീരിയലുകളും യുവജനങ്ങളിൽ അനഭലഷണീയമായ ലഹരി സൃഷ്ടിക്കുന്നു.
- വിദ്യാർത്ഥികളിൽ ധാർമ്മികബോധം, പൗരധർമ്മം തുടങ്ങിയഗുണവിശേഷങ്ങൾ വേരുറക്കുന്നില്ല.
- കലാസാംസ്ക്കാരിക മൂല്യമുള്ള സിനിമകൾ കാണാൻ സംവിധാനമില്ല
- ശാസ്ത്രീയസംഗീതം നൃത്തം, നാടകം, തുടങ്ങിയവ അഭ്യസിക്കാനുള്ള പിരശീലന കേന്ദ്രം ഇല്ല.
- വനിതകളെ ഉദ്ദേശിച്ചുകൊണ്ടുള്ള സാംസ്ക്കാരികകേന്ദ്രം ഇല്ല.
- തുടർസാക്ഷരതാപരിപാടി നിലച്ചുപോയി ജനവിദ്യാകേന്ദ്രങ്ങൾ ഉദ്ധിഷ്ടരീതിയിൽ പ്രവർത്തിക്കുന്നില്ല.
- എൽ. പി, യു. പി. വിദ്യാലയങ്ങളിൽ പാഠ്യേതരവായന കുറവാണ്,
- സാമ്പത്തിക പരാധീനതകാരണം കലാപരിപാടികൾ അവതരിപ്പിക്കാൻ കലാസമിതികൾക്ക് സാധിക്കുന്നില്ല.
- കലാസാഹിത്യാഭിരുചിയുള്ള വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം കിട്ടുന്നില്ല.
- പഞ്ചായത്ത് വക സാംസ്കാരികനിലയം വേണ്ടതുപോലെ പ്രവർത്തിക്കുന്നില്ല.
- കല്ല്യാണചടങ്ങുകളിൽ ഭാരിച്ച ആർഭാടങ്ങൾ സ്ഥാനംപിടിച്ചു.
- വിഭവസമൃദമായ സദ്യ, ക്ഷണിതാക്കളുടെ വൈപുല്യം, ആത്യകർഷങ്ങളായ പന്തൽ മുസ്ലിംവധുദിനങ്ങളിൽ ഭാരിച്ചതുക ചിലവഴിച്ചൊരുക്കുന്ന മണിയറകൾ തുടങ്ങിയവ ഉദാഹരണങ്ങളാണ്.
- നാടൻ കളികൾ പലതും അപ്രത്യക്ഷമായി
- കായികമത്സരങ്ങളും മറ്റും സംഘടിപ്പിക്കുന്നതിന് ഉപയുക്തമായ ഒരു സ്റ്റേഡിയത്തിന്റെ അഭാവം
- പ്രൈമറി വിദ്യാലയങ്ങളിൽ കായികപരിശീലനത്തിന് പ്രാധാന്യം നൽകാത്ത സ്ഥിതി വിശേഷം
- വിദ്യാലയങ്ങളോടനുബന്ധിച്ച് കളിസ്ഥലമില്ലായ്മ
- പ്രൈമറി വിദ്യാലയങ്ങളിൽ കായികാദ്ധ്യാപകതസ്തിക സൃഷ്ടിക്കപ്പെടാത്ത അവസ്ഥ

പരിഹാര സാധ്യതകൾ

- പ്രാചീനകലാരൂപങ്ങൾ പരിശീലിപ്പിക്കുന്ന കേന്ദ്രം പഞ്ചായത്തുതലത്തിൽ ആരംഭിക്കുക
- പുരാതനമായ പടുവിലായിക്കാവ് പ്രദേശം കേന്ദ്രമാക്കി ക്ഷേത്രകലാപരിശീലനം
- വായനശാലകളുടേയും ഗ്രന്ഥാലയങ്ങളുടേയും പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ സജീവമാക്കുക, ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക
- നിർജീവാവസ്ഥയിലുള്ള സാംസ്ക്കാരിക സ്ഥാപനങ്ങളെ സജീവമാക്കുക
- വിദ്യലയങ്ങളിൽ പാഠ്യേതരവായന നിർബന്ധമാക്കുക
- വിദ്യാർത്ഥികളിലെ സർഗ്ഗപ്രതിഭകളെ കണ്ടെത്താൻ കലോത്സവങ്ങൾ സംഘടിപ്പിക്കുക
- ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാക്കുക
- വിദ്യാർത്ഥകിളിൽ ധാർമ്മികബോധം , ദേശസ്നേഹം പൗരധർമ്മം തുടങ്ങിയവ സൃഷ്ടിക്കാനുള്ള ബോധപൂർവ്വമായ ശ്രമം
- അധമവികാരങ്ങൾ ഉണർത്തുന്ന ദൃശ്യമാധ്യമ പരിപാടികൾക്കെതിരെ ബോധവൽക്കരണം
- പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഫിലിം സൊസൈറ്റി രൂപീകരിച്ച് കലാമൂല്യങ്ങളുള്ള പടങ്ങൾ പ്രദർശിപ്പിക്കുക
- കല്ല്യാണചടങ്ങുകളുമായി ബന്ധപ്പെട്ട ആർഭാടങ്ങൾക്ക് കടിഞ്ഞാണിടാൻ സാമൂഹ്യ ബോധവൽക്കരണം
- വായനശാലകൾക്കും കലാസമിതികൾക്കും സൗജന്യമായി വൈദ്യുതി ലഭ്യമാക്കൽ

- ഗ്രാമീണക്ഷേത്രോത്സവങ്ങൾ ജനപങ്കാളിത്തത്തോടെ കൂടുതൽ സജീവമാക്കുക
- വിവിധമതവിഭാഗങ്ങളെ ഏകോപിപ്പിച്ച് കൊണ്ടുള്ള ആഘോഷങ്ങൾ സംഘടിപ്പിക്കുക
- പഞ്ചായത്ത്തലത്തിലും വാർഡ്തലത്തിലും നല്ല വായനക്കാരനെ കണ്ടെത്താനുള്ള മത്സരം സംഘടിപ്പിക്കുക
- സ്ത്രീകൾക്ക് ഗ്രന്ഥങ്ങൾ വീട്ടിലെത്തിച്ചു കൊടുക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കാൻ
- ശാസ്ത്രക്ലാസിനെ സംഘടിപ്പിക്കൽ
- ഗ്രന്ഥാലയങ്ങളിലെ അംഗത്വം വിപുലപ്പെടുത്തൽ
- പഞ്ചായത്ത് സാംസ്ക്കാരിനിലയത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ
- പഞ്ചായത്ത്തലത്തിൽ സാംസ്ക്കാരിക സെമിനാർ സംഘടിപ്പിക്കൽ
- തെയ്യം കലാകാരന്മാർക്ക് ഉപകരണങ്ങൾ ലഭ്യമാക്കൽ
- നൃത്തം, നാടകം, സംഗീതം തുടങ്ങിയവയും നാമാവശേഷമായിക്കൊണ്ടിരിക്കുന്ന മറ്റ് കലാരൂപങ്ങളും പരിശീലിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും പഞ്ചായത്ത്തലത്തിൽ ഒരു കലാകേന്ദ്രം സ്ഥാപിക്കൽ
- വാർഡുകളിലെ കലാസമിതികൾ ഈ കേന്ദ്രവുമായി ബന്ധിപ്പിക്കൽ
- സ്കൂൾ കുട്ടികൾക്ക് നാടൻകലാരൂപങ്ങൾ പരിചയപ്പെടുത്തുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന സന്നദ്ധപ്രവർത്തനം
- അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന നാടൻ കായികവിനോദങ്ങളും കളികളും സാർവത്രികമായി പുനഃസ്ഥാപിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം
- പ്രൈമറി വിദ്യാലയങ്ങളിൽ കായികാദ്ധ്യാപക തസ്തിക സൃഷ്ടിക്കാനുള്ള സമ്മർദ്ദം
- സ്കൂളുകളോടനുബന്ധിച്ച് കളരിസ്ഥലം ലഭ്യമാക്കൽ
- പഞ്ചായത്തിൽ ഒരി മിനിസ്റ്റേഡിയം ഒരുക്കുക.
- വാർഡ്തലത്തിലും പഞ്ചായത്ത്തലത്തിലും നാടൻ കളികൾക്ക് മാത്രം മത്സരം സംഘടിപ്പിക്കുക
- വർഷം തോറും പഞ്ചായത്ത് തല കായികമേള സംഘടിപ്പിക്കുക.
- വിദ്യാലയങ്ങൾക്ക് വേണ്ടിയും ഇത്തരം മേളകൾ സംഘടിപ്പിക്കൽ.
- അപ്രത്യക്ഷമായികൊണ്ടിരിക്കുന്ന കളരികൾ പുനഃസ്ഥാപിക്കാനുള്ള മാർഗ്ഗങ്ങൾ ആരായുക
- വിദ്യാർത്ഥികൾക്ക് അവധികാല കോച്ചിങ്ങ് കേമ്പ് സംഘടിപ്പിക്കുക
- ഒരു കലാസമിതി ഏതെങ്കിലും ഒരു കലാരംഗത്ത് ഊന്നികൊണ്ടുള്ള പ്രവർത്തന ത്തിൽ ഏർപ്പെടൽ
- വാർഡ്തലത്തിൽ എല്ലാവർഷവും കലാകായിക പരിപാടികൾ ഉൾപ്പെടുത്തികൊണ്ട് ഗ്രാമോത്സവം സംഘടിപ്പിക്കുക
- കുട്ടികളുടെ സാംസ്ക്കാരികോത്സവം പഞ്ചായത്ത്തലത്തിൽ സംഘടിപ്പിക്കുക.

വനിത

10

അന്താരാഷ്ട്ര രംഗത്തും ഭാരതത്തിലും നമ്മുടെ സംസ്ഥാനത്തും നിരവധി വനിതാ വിമോചന പ്രസ്ഥാനങ്ങൾ ഇന്ന് പ്രവർത്തിച്ചുവരുന്നുണ്ട്. തിളക്കമാർന്ന വ്യക്തിത്വത്തിനുടമകളായ നിരവധി വനിതാ നേതാക്കൾ നമുക്കുണ്ടു്. വർഗ്ഗവിവേചനമില്ലാത്ത ഒരു ജനാധിപത്യ രാഷ്ട്രമായി ദക്ഷിണാഫ്രിക്കയെ മാറ്റിയെടുക്കുന്നതിനുള്ള പോരാട്ടത്തിൽ നെൽസൺ മണ്ഡേലയോടൊപ്പം നേതൃത്വപരമായ പങ്ക് വഹിച്ച വിന്നി മണ്ഡേലയും മ്യാൻമാറിലെ സ്വേച്ഛാധിപത്യഭരണത്തിനെതിരെ ആഞ്ഞടിച്ച ഓങ്ങ് - സാങ്ങ് സുഖിയും ആതുര സേവന രംഗത്ത് കെടാവിളക്കായി പ്രശോഭിക്കുന്ന മദർതെരേസയും വനിതകൾക്കിന്നും മാർഗ്ഗദർശനം നൽകുന്നവരാണ്. ഒന്നരപതിറ്റാണ്ട് കാലം നമ്മുടെ പ്രധാനമന്ത്രിയും ഒരു വനിത തന്നെയായിരുന്നല്ലോ. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിലും രാഷ്ട്രീയസാമൂഹ്യ മണ്ഡലങ്ങളിലും സ്ത്രീകൾ വഹിച്ച പങ്ക് ചെറുതായിരുന്നില്ല. എങ്കിലും ഭൂരിപക്ഷം സ്ത്രീകളും ഇന്നും സമൂഹ മദ്ധ്യത്തിലേക്ക് ഇറങ്ങി വരാൻ മടിക്കുന്നവരാണ്

നമ്മുടെ പഞ്ചായത്തിൽ സാമൂഹ്യസാംസ്കാരികരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം നന്നേകുറവാണെന്ന്

പറയാം. പണ്ട്കാലം മുതൽക്കെ നിലനിന്നിരുന്ന സാമൂഹ്യവ്യവസ്ഥ ഇതിനൊരു കാരണമാകാം വിദ്യാഭ്യാസം നേടുന്ന പെൺകുട്ടികളുടെ എണ്ണം മുൻകാലങ്ങളിൽ വളരെ കുറവായിരുന്നു. വീടുകളിൽ നിന്ന് പുറത്തിറങ്ങാൻപോലും സ്ത്രീകൾക്കനുവാദമുണ്ടായിരുന്നില്ല. സാമൂഹിക വ്യവസ്ഥിതിയിലും സമൂഹത്തിന്റെ കാഴ്ചപാടിലും മാറ്റങ്ങൾ കണ്ട് തുടങ്ങിയതോടെ സ്ത്രീകൾ പതുക്കെ പൊതുരംഗത്തേക്ക് ഇറങ്ങിവരാൻ തുടങ്ങിയിട്ടുണ്ട്.

വനിതകളെ രാഷ്ട്രീയ സാമൂഹ്യപ്രവർത്തനത്തിൽ കൊണ്ടുവരുന്നതിന് വനിതാ പ്രസ്ഥാനങ്ങൾക്കും രാഷ്ട്രീയ പാർട്ടികൾക്കും വലിയ പങ്കാണ് വഹിക്കാനുള്ളത്. പഞ്ചായത്തിലും അത്തരം പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തിലെ രാഷ്ട്രീയ സാമൂഹ്യസാസ്ക്കാരിക രംഗത്ത് സ്ത്രീകൾ ഇറങ്ങിപ്രവർത്തിക്കാൻ ആരംഭിച്ചിട്ടുണ്ടെന്നുള്ളത് സന്തോഷപ്രദമാണ്. പഞ്ചായത്തിലെ ജനസംഖ്യയിൽ സ്ത്രീകളാണ് കൂടുതൽ. പഞ്ചായത്തിലെ ജനസംഖ്യയിലെ സ്ത്രീ പുരുഷാനുപാതം വാർഡ് തലത്തിൽ തരം തിരിച്ച് അനുബന്ധം 1 ൽ ചേർക്കുന്നു.



ഇങ്ങനെയൊക്ക ആണെങ്കിലും ഈ പഞ്ചായത്തിൽ സ്ത്രീകൾ സമൂഹത്തിന്റെ നേതൃനിരയിൽ ഇനിയും എത്തി എന്ന് പറയാൻ കഴിയില്ല. സ്ത്രീകൾക്ക് മുൻതൂക്കമുള്ള മേഖല ഇവിടെ വിരളമായേ ഉള്ളൂ എന്നുപറയാം. പ്രമുഖരാഷ്ട്രീയ പാർട്ടികളുടെ വനിതാ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഇവിടെ സജ്ജീവമായി നടക്കുന്നുണ്ട്. പഞ്ചായത്തിൽ അടുത്ത കാലത്തായി നടന്ന സാമൂഹിക പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം അതിശയിപ്പിക്കുന്നതായിരുന്നു. ഇതിനുത്തമോദാഹരണമായിരുന്നു 1990-ൽ നടന്ന സാക്ഷരതാ പ്രവർത്തനം. സാക്ഷരതാ പ്രവർത്തിനത്തിൽ പകുതിയിലധികം ഇൻസ്ട്രക്റ്റർമാരും വനിതകളായിരുന്നു. വേണ്ടത്ര ബോധവൽക്കരണം നടത്തിയാൽ സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാൻ കഴിയുമെന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് സാക്ഷരതാ പ്രവർത്തനത്തിലെ സ്ത്രീ പങ്കാളിത്തം.

പ്രാഥമീക വിദ്യാഭ്യാസത്തിൽ വനിതകൾ പുരുഷന്മാരുടെ പിന്നിലല്ലെന്ന് പഞ്ചായത്തിൽ നടത്തിയ സാമൂഹ്യസാമ്പത്തിക സർവ്വെ വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഉന്നത വിദ്യാഭ്യാസരംഗത്ത് വനിതകൾ പൊതുവെ പിന്നോട്ടാണ്. സ്കൂൾതലത്തിൽ പെൺകുട്ടികൾ മികച്ച വിജയം കൈവരിക്കുന്നുണ്ടെങ്കിലും അവർക്ക് ഉന്നത വിദ്യാഭ്യാസം നൽകാൻ രക്ഷിതാക്കൾ വിമുഖത കാട്ടുന്നതായാണ് കാണുന്നത്. പെൺകുട്ടികളുടെ വിദ്യാഭ്യാസ ചെലവ് ആൺകുട്ടികളെ അപേക്ഷിച്ച് കൂടുന്നുണ്ടെന്നത് ഇതിനൊരു കാരണമാകാം. കോളേജ് വിദ്യാഭ്യാസം കഴിഞ്ഞും അതിന്നിടയിലും അദ്ധ്യാപനരംഗത്തേക്ക് കടന്നുവരാനാണ് സ്ത്രീകൾക്ക് താൽപര്യം. പെൺകുട്ടികളെ അദ്ധ്യാപകരാക്കാനുള്ള വെമ്പൽ രക്ഷിതാക്കളിലും കാണുന്നുണ്ട്. പെൺകുട്ടികൾക്ക് എളുപ്പം ലഭിക്കുന്ന ജോലി അദ്ധ്യാപനമാണെന്നതും വിവാഹ മാർക്കറ്റിൽ ഈ ജോലിക്ക് സാധ്യത കൂടുതലാണെന്നുള്ളതും ആവാം ഈ പ്രവണതക്ക് കാരണം.

പഞ്ചായത്തിലെ ജനസംഖ്യയിൽ നല്ലൊരുഭാഗം മുസ്ലിംങ്ങളാണ്. മുസ്ലീം പെൺകുട്ടികളുടെ വിദ്യാഭ്യാസം മിക്കവാറും പ്രൈമറി തലത്തോടെ അവസാനിക്കുകയാണിന്ന്. മറ്റുപെൺകുട്ടികളെപ്പോലെ മുസ്ലീം പെൺകുട്ടികളും സമൂഹത്തിൽ ഉയർന്നുവരേണ്ടതുണ്ട്. ശക്തമായ ബോധവൽക്കരണം ഈ കാര്യത്തിൽ ആവശ്യമാണ്.

പഞ്ചായത്തിലെ സ്ത്രീകളിൽ 60%ത്തോളം ഒരു തൊഴിലും ചെയ്യാത്തവരാണെന്നാണ് കണക്കുകൾ കാണിക്കുന്നത്. ഇതിൽ തന്നെ മുസ്ലീം സ്ത്രീകൾ അത്യപൂർവ്വമായേ തൊഴിൽ രംഗത്ത് കടന്നുവരുന്നുള്ളൂ. കാർഷിക മേഖലയിലായിരുന്ന സ്ത്രീകൾ ആദ്യകാലങ്ങളിൽ ജോലിചെയ്തിരുന്നത്. എന്നാൽ ഇന്ന് കാർഷിക മേഖലയിലെ ജോലിക്കുറവും കൂലിക്കുറവും അവരെ നിർമ്മാണരംഗത്തേക്ക് കടന്നുവരാൻ പ്രേരിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ബീഡിവ്യവസായത്തിലും റെഡീമെയ്ഡ് വസ്ത്ര വ്യവസായത്തിലും സ്ത്രീകൾ ഇന്ന് ആധിപത്യം നേടിയിട്ടുണ്ട്. അദ്ധ്യാപനരംഗത്തും സ്ത്രീകൾ കൂടുതലാണെന്ന് പറയാം. സ്ത്രീകളുടെ സാമൂഹ്യഉന്നമനത്തിന് തൊഴിൽ ഉണ്ടാകേണ്ടത് അനിവാര്യമാണ്. സ്ത്രീകൾക്ക് പുതിയ തൊഴിൽ തുറകൾ കണ്ടെത്താനും തൊഴിലിൽ അവരെ ആകർഷിക്കാനുമുള്ള പദ്ധതികളാണ് പഞ്ചായത്തിൽ ആവശ്യം. വനിതകളുടെ വികസനത്തിന്നായി രൂപം കൊണ്ട ഡി.ഡബ്ലൂ.സി. ആർ.എ പദ്ധതിയനുസരിച്ചുള്ള നാല് സംരഭങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ മൂന്ന് യൂനിറ്റുകൾ മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. ഏകദേശം 30 ഓളം സ്ത്രീകൾ ഇതിൽ ജോലി ചെയ്യുന്നുണ്ട്. വിശദവിവരം അനുബന്ധം രണ്ടിൽ ചേർക്കുന്നു. ഇതിൽ കുടനിർമ്മാണ യൂനിറ്റിന്റെ പ്രവർത്തനം നിലച്ചമട്ടാണ്. യൂനിറ്റ് രജിസ്റ്റർ ചെയ്യുമ്പോഴുള്ള ആളുകളുടെ കൊഴി ഞ്ഞ്പോക്കും മാർക്കറ്റില്ലായ്മയുമാണ് ഇതിനുകാരണം. ഇത്തരം വ്യവസായ യൂനിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള മാർഗ്ഗ നിർദ്ദേശം നൽകുന്നതിന് ഒരു വിദഗ്ദസമിതിയെ പഞ്ചായത്ത് തലത്തിൽ ചുമതലപ്പെടുത്താവുന്നതാണ്

അനുബന്ധം 2

ക്രമ നമ്പർ	യൂണിറ്റിന്റെ സ്വഭാവം	പ്രവർത്തിക്കുന്ന സ്ത്രീകളുടെ എണ്ണം	അനുവദിച്ച വർഷം
1	കുടനിർമ്മാണ യൂണിറ്റ്	10	1992-93
2	എംബ്രോയിഡറിഗാർമെൻറ്സ്	10	1993-94
3	റെക്സിൻ ബേഗ് നിർമ്മാണം	10	1994-95
4	ജല്ലി യൂനിറ്റ്	10	1995-96

ബീഡിവ്യവസായം ഒഴികെയുള്ള മറ്റുള്ള തൊഴിൽ മേഖലകളിലെല്ലാം തന്നെ സ്ത്രീകളുടെ കൂലിനിരക്ക് പുരുഷന്മാരേക്കാൾ കുറവാണ്. കൂലിനിരക്കിലുള്ള വിവേചനം ഇല്ലാതാക്കേണ്ടതാണ്.

സ്ത്രീകളുടെ ആരോഗ്യകാര്യത്തിൽ അംഗൻവാടികളും പി.എച്ച്.സിയും നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. എങ്കിലും ഈ രംഗത്ത് പൂർണ്ണത കൈവരിച്ചിട്ടില്ല. 14അംഗൻവാടികളാണ് പഞ്ചായത്തിൽ ഉള്ളത്. എന്നാൽ അംഗൻവാടികളുടെ പ്രവർത്തനവുമായി ബന്ധപ്പെടുന്ന സ്ത്രീകൾ കുറവാണ്. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ കേന്ദ്രമായി അംഗൻവാടികൾ മാറണം. സ്ത്രീകൾക്ക് അവരുടെ പ്രശ്നങ്ങൾ ഒരുമിച്ചിരുന്ന് ചർച്ചചെയ്യപ്പെടുവാനുള്ള പൊതുവേദിയായി അംഗൻവാടികളെ മാറ്റിയെടുക്കേണ്ടതായിട്ടാണിരിക്കുന്നത്. സ്ത്രീകളുടെ ആരോഗ്യകാര്യത്തിലും പരിസര ശുചിത്വത്തിലും പി.എച്ച്. സിയുടെ പ്രവർത്തനവും കാര്യക്ഷമമാക്കേണ്ടതുണ്ട്.

സ്ത്രീധനം സമ്പ്രദായം പഞ്ചായത്തിൽ പൊതുവെ ഇല്ലെങ്കിലും ചില പ്രത്യേക സമുദായങ്ങളിൽ ആ സമ്പ്രദായം നിലനിൽക്കുന്നുണ്ട്. സ്ത്രീ പീഢനങ്ങൾ കാര്യമായ ഒരു പ്രശ്നമായി ഉയർന്നുവന്നിട്ടില്ല. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും പഞ്ചായത്തിൽ കുറവാണ്.

സാമൂഹ്യസാംസ്ക്കാരികമേഖലകളിൽ സ്ത്രീകളുടെ പ്രവർത്തനം കരുത്താർജ്ജിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ ആറ് മഹിളാ സമാജങ്ങൾ പ്രവർത്തിച്ചിരുന്നുവെങ്കിലും അവ എല്ലാം ഇന്ന് നിർജ്ജീവാവസ്ഥയിലാണ്. തുടക്കത്തിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ചവയായിരുന്നു മിക്ക സമാജങ്ങളും. സ്ത്രീകൾക്കിടയിലെ അസംഘടിതാവസ്ഥയും ആത്മവിശ്വാസമില്ലായ്മയുമാണ് സമാജങ്ങളുടെ പ്രവർത്തനം നിർജ്ജീവമാകുവാൻ കാരണം. മാർഗ്ഗനിർദ്ദേശങ്ങളുടെ അഭാവവും കാരണമാകാം. മഹിളാ സമാജങ്ങളുടെ പ്രവർത്തനം പ്രോത്സാഹിപ്പിക്കേണ്ടതാണ്

സാമൂഹ്യസാംസ്കാരിക രംഗത്ത് സ്ത്രീകളെ മുൻനിരയിൽ എത്തിക്കുന്നതിന് ബോധപൂർവ്വമായ ഇടപെടൽ ആവശ്യമാണ്. ഇതിന്നായി ചില പ്രവർത്തനങ്ങൾ ഔദ്യോഗിക തലത്തിലും അല്ലാതേയും നടന്നിട്ടുണ്ട്. മഹിളാസമാജങ്ങളുടെ രൂപീകരണം അംഗൻവാടികളുടെ രൂപീകരണം വനിതകൾക്കുള്ള പ്രത്യേക തൊഴിൽ ദാന പദ്ധതി എന്നിവ ഇതിൽ ചിലത് മാത്രം. ഈ പദ്ധതികൾ കൊണ്ട് ഉദ്ദേശിച്ച ഫലം ഇനിയും കൈവരിക്കാൻ സാധിച്ചിട്ടില്ല.

വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും സ്ത്രീകൾക്ക് വലിയ പങ്ക് വഹിക്കാൻ സാധിക്കും. സ്കൂളുകളിലെ മാതൃപി.ടി.എ കളും വിദ്യാഭ്യാസ്സമിതികളിലെ നിർബന്ധവനിതാപങ്കാളിത്തവും പുതിയകർമ്മപദ്ധതികളിൽ വിഭാവനം ചെയ്തിട്ടുണ്ട്. അതോടൊപ്പംതന്നെ പഞ്ചായത്തിലെ സാംസ്ക്കാരികനിലയങ്ങൾ, വായനശാലകൾ, ഗ്രന്ഥശാലകൾ ക്ലബ്ബുകൾ എന്നിവയോടനുബന്ധിച്ച് പ്രത്യേകവനിതാവിഭാഗം ഉണ്ടാകുന്നതും സ്ത്രീകളുടെ സാമൂഹ്യ ഉന്നമനത്തിന് സഹായിക്കും. എന്നാൽ പൊതുരംഗത്ത് ഇറങ്ങി പ്രവർത്തിക്കുന്ന സ്ത്രീകളെ സമൂഹം ഒരു പ്രത്യേക കാഴ്ചപ്പാടോടെ വീക്ഷിക്കുന്ന അവസ്ഥകൂടി മാറിയാൽ മാത്രമെ സ്ത്രീകളുടെ സാമൂഹ്യഉന്നമനം പൂർണ്ണമാകൂ.

സ്ത്രീകൾക്കിടയിലെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇന്നും ഒരു പ്രശ്നമാണ്. ഇത് പരിഹരിക്കുന്നതിന് സാക്ഷരതാ പ്രവർത്തനത്തിന് ഒരു പരിധിവരെ സാധിച്ചിരുന്നു. പക്ഷെ ആ പ്രവർത്തനം നിലച്ചുപോയത് സ്ത്രീകളെ വളരെയധികം ബാധിച്ചിട്ടുണ്ട്.

സ്ത്രീകൾക്കർഹതപ്പെട്ട വിവിധ പെൻഷനുകൾ എളുപ്പത്തിലും യഥാസമയവും ലഭിക്കുന്നില്ല എന്നത് മറ്റൊരു പ്രശ്നമാണ്.

ജീവിതത്തിന്റെ സമസ്തമേഖലകളിലും പുരുഷനോടൊപ്പം നിൽക്കാനുള്ള കഴിവും പ്രാപ്തിയും സ്ത്രീകൾക്കുണ്ട്. അത് പ്രകടിപ്പിക്കാനുള്ള അവസരവും ധൈര്യവും അവർക്ക് പകർന്നുകൊടുക്കുക എന്നതായിരിക്കണം സമൂഹത്തിന്റെ കർത്തവ്യം

പ്രശ്നങ്ങൾ

◇ വിദ്യാഭ്യാസരംഗത്തെ പിന്നോക്കാവസ്ഥ
◇ തൊഴിലില്ലായ്മ
◇ പഴയസാമൂഹ്യവ്യവസ്ഥിതിയൽ മാറ്റമില്ലായ്മ
◇ വിവിധപെൻഷനുകൾ ലഭിക്കാനുള്ള പ്രയാസം

സാദ്ധ്യതകൾ

◇ പൊതുരംഗത്തും സാമൂഹ്യരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാനായി അവർക്ക് വേണ്ടി പ്രത്യേക ബോധവൽക്കരണ പരിപാടി നടപ്പിലാക്കണം.
◇ സ്ത്രീകൾക്കിടിയിലുള്ള അന്ധവിശ്വസങ്ങളും അനാചാരങ്ങളും തുടച്ചുനീക്കുന്നതിന് വേണ്ടി ബോധവൽക്കരണം
◇ പഞ്ചായത്തിന്റെ പ്രധാനകേന്ദ്രങ്ങളിലെങ്കിലും പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യം
◇ പഞ്ചായത്ത് ആഭിമുഖ്യത്തിൽ വനിതകൾക്കുവേണ്ടി എംബ്രോയിഡറി, തയ്യൽ പരിശീലന കേന്ദ്രം
◇ മഹിളാസമാജങ്ങൾ ഓരോ അംഗൻവാടിയോട്ചേർന്നുരൂപീകരിച്ച് അതിന്റെ പ്രവർത്തനം ശക്തമാക്കൽ
◇ സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടാത്താനുള്ള ധനസഹായം ലഭ്യമാക്കൽ
◇ സ്ത്രീപീഢനത്തിനെതിരെയും സ്ത്രീധനത്തിനെതിരേയും ഉള്ള നിയമങ്ങൾ കർശനമാക്കൽ
◇ സ്ത്രീകൾക്ക് അടുക്കളതോട്ടം നിർമ്മിക്കുന്നതിനുവേണ്ടി കൃഷി ഭവൻ മുഖാന്തിരം അത്യുൽപാദനശേഷിയുള്ള വിത്തുകളും വളങ്ങളും സൗജന്യനിരക്കിലോ സബ്സിഡിയായോ നൽകൽ.
◇ ആഡംബരരീതിയിലുള്ള വിവാഹങ്ങൾ നിരുത്സാഹപ്പെടുത്തുകയും സമൂഹ വിവാഹത്തിന് മുൻതൂക്കം നൽകാൻ ബോധവൽക്കരണം നടത്തുകയും ചെയ്യൽ
◇ മദ്ധ്യത്തിനെതിരെ ജനകീയ സ്കാഡുകൾ രൂപീകരിച്ച് ബോധവൽക്കരണം നടത്തൽ
◇ വിവിധ മേഖലകളിലെ സ്ത്രീ തൊഴിലാളികളുടെ കൂലിനിരക്ക് ഏകീകരിക്കൽ
◇ അശ്ലീല പോസ്റ്റർ സിനിമ എന്നിവയുടെ പ്രദർശനം നിരോധിക്കൽ
◇ വിധവകളുടെ പെൺമക്കളുടെ കല്യാണത്തിനുള്ള ധനസഹായം കിട്ടാനുള്ള കാലതാമസം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കൽ
◇ കുട്ടികളുടെ സംരക്ഷണത്തിനായി ക്രഷ് ഉണ്ടാക്കൽ
◇ മുസ്ലീം പെൺകുട്ടികളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കാൻ ബോധവൽക്കരണം
◇ വിവിധോദ്ദ്യേശ വനിതാസഹകരണ സംഘം രൂപീകരിക്കുകയും അതുവഴി സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുകയും ചെയ്യുക,
◇ വനിതാ കുടിൽ വ്യവസായം ആരംഭിക്കണം. ചെറുകിട വ്യവസായ യൂനിറ്റുകൾ ആരംഭിക്കണം
◇ സ്ത്രീകൾക്ക് അവർ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് സഹകരണ സംഘങ്ങളോടനുബന്ധിച്ച് മാർക്കറ്റിംങ്ങ് സൊസൈറ്റികൾ സ്ഥാപിക്കുക.
◇ ആവശ്യമായ സ്ഥലങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കുക.
◇ എല്ലാവിധ പെൻഷനും അർഹരായവർക്ക് കിട്ടാത്ത സ്ഥിതിയുണ്ട്. നിയമത്തിലെ നൂലാമാലകൾ പരിഹരിച്ച് ഇത് അനുവദിക്കാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകുക
◇ സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുന്നതിനുവേണ്ടി ചെറികിട ഗാർമെൻറ് യൂനിറ്റുകൾ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ ഉണ്ടാക്കുക
◇ സ്ത്രീ കുടുംബനാഥയായുള്ള മുഴുവൻ കുടുംബങ്ങൾക്കും വീടുനന്നാക്കുന്നതിനും, വീട് നിർമ്മിക്കുന്നതിനും, സഹായം നൽകണം.
◇ ദുർബലരായ സ്ത്രീകൾക്ക് പശു, ആട്, കോഴി എന്നിവ വളർത്തുന്നതിനുള്ള ധനസഹായം ലഭ്യമാക്കണം
◇ ഐ. ആർ.ഡി. പി. പോലെയുള്ള സ്കീമുകളിൽ ലഭിക്കുന്ന വായ്പകൾ അർഹരായവർക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
◇ വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി പഞ്ചായത്തുതലത്തിൽ ഓട്ടോറിക്ഷാഡ്രൈവിങ്ങ് പരിശീലനകേന്ദ്രവും ഓട്ടോറിക്ഷാവാങ്ങുന്നതിനുള്ള ധനസഹായവും ലഭ്യമാക്കുകയും ചെയ്യുക.

◇ സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം മുന്നിൽ കണ്ട്കൊണ്ട് ഓരോ വാർഡിലും കുടുംബക്ഷേമകേന്ദ്രം സ്ഥാപിക്കുക

◇ സൗജന്യനിയമസഹായസമിതി രൂപീകരിച്ച് കുടുംബഅദാലത്ത് നടത്തി കുടുംബപ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള സഹായം ഏർപ്പെടുത്തണം.

◇ കർഷകതൊഴിലാളികളായ സ്ത്രീകളുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കണം. 60വയസ്സുകഴിഞ്ഞ് മുഴുവൻ തൊഴിലാളികൾക്കും ക്ഷേമനിധിതുകയും, പെൻഷനും നൽകണം,

◇ വികലാംഗരായ പെൺകുട്ടികൾക്ക് വേണ്ടി വിദ്യാഭ്യാസസ്ഥാപനം ആരംഭിക്കണം

11

സഹകരണം

നമ്മുടെ സംസ്ഥാനത്തിന്റെ സാമൂഹ്യസാമ്പത്തിക വളർച്ചക്ക് സഹകരണപ്രസ്ഥാനം നിർണ്ണായക പങ്കാണ് വഹിക്കുന്നത്. കേരളത്തിന്റെ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ ഒരു നാഴികക്കല്ലായിരുന്നു 1969ലെ കേരള സഹകരണനിയമം. 1969 വരെ മദ്രാസ് സഹകരണ നിയമത്തിൻ കീഴിലായിരുന്നു ഇവിടുത്തെ സഹകരണസംഘങ്ങൾ പ്രവർത്തിച്ചിരുന്നത്. ആദ്യ കാലങ്ങളിൽ കാർഷികമേഖലകളിൽ മാത്രം ഒതുങ്ങിപ്രവർത്തിച്ചിരുന്ന സഹകരണപ്രസ്ഥാനം ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും പടർന്നുപന്തലിച്ച് നിൽക്കുകയാണിന്ന്.

നമ്മുടെ പഞ്ചായത്തിലെ സാമൂഹ്യസാമ്പത്തീക ഘടനയിലും നിർണ്ണായക സ്വാധീനം ചെലുത്താൻ സഹകരണമേഖലക്ക് സാധിച്ചിട്ടുണ്ട്. 1918ൽ രൂപീകരിച്ച വേങ്ങാട് ഐക്യനാണയ സഹകരണസംഘമാണ് പഞ്ചായത്തിലെ പ്രഥമ സഹകരണസ്ഥാപനം. കാർഷിക മേഖലയായ നമ്മുടെ പഞ്ചായത്തിലെ കർഷകർക്ക് സാമ്പത്തിക സഹായം നൽകാനുള്ള ഏജൻസികളൊന്നും ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നില്ല. വിത്തിറിക്കുന്നതു മുതൽ വിളവെടുക്കുന്നതുവരെ ചെലവിന് ഇടത്തട്ടുകാരെ

ആശ്രയിക്കേണ്ട അവസ്ഥയാണുണ്ടായിരുന്നത്. ഉൽപ്പന്നങ്ങൾക്ക് ന്യായമായ വിലയും കർഷകർക്ക് ലഭിച്ചിരുന്നില്ല. മധ്യവർത്തികളുടേയും ഇടത്തട്ടുകാരുടേയും ചൂഷണങ്ങളിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനുദ്ദേശിച്ചാണ് ആദ്യ കാലങ്ങളിൽ ഐക്യനാണയസംഘങ്ങൾ രൂപീകൃതമായത്. 1922ൽ നിലവിൽ വന്ന കുന്നിരിക്ക ഐക്യനാണയസംഘമാണ് പഞ്ചായത്തിലെ രണ്ടാമത്തെ സഹകരണ സ്ഥാപനം. നീണ്ട 29 വർഷങ്ങൾക്ക് ശേഷമാണ് പഞ്ചായത്തിലെ മൂന്നാമത്തെ സംഘമായ പാതിരിയാട് ഐക്യ നാണയസഹകരണസംഘം നിലവിൽ വന്നത്.

1918മുതൽ 1951വരെയുള്ള കാലഘട്ടത്തിൽ സഹകരണമേഖലയുടെ പ്രവർത്തനം പഞ്ചായത്തിൽ തൃപ്തികരമായിരുന്നില്ല എന്ന് പറയാം. കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഇടത്തട്ടുകാരുടേയും മധ്യവർത്തികളുടേയും നീരാളിപ്പിടുത്തത്തിൽ നിന്ന് കർഷകരെ മോചിപ്പിക്കുന്നതിനും ഈ പഞ്ചായത്തിലെ സഹകരണസംഘങ്ങൾക്ക് സാധിച്ചിരുന്നില്ല. എന്നാൽ 19ാംനൂറ്റാണ്ടിന്റെ ആദ്യകാലത്ത് നിലവിൽ വന്ന ഐക്യനാണയസംഘങ്ങളുടെ രൂപാന്തരങ്ങളായ വിവിധോദ്ദേശ സഹകരണ സംഘങ്ങളെ വീണ്ടും രൂപാന്തരപ്പെടുത്തി സർവ്വീസ് സഹകരണസംഘങ്ങൾ നിലവിൽ വന്നതോടെ സംഘങ്ങളുടെ പ്രവർത്തനം ദ്രുതഗതിയിലായി.

സഹകരണപ്രസ്ഥാനം പഞ്ചായത്തിലെ വ്യാവസായികമേഖലയിലേക്ക് കടന്നുവരുന്നത് 1955ൽ ആണ്. പഞ്ചായത്തിലെ കൈത്തറി കേന്ദ്രമായ വേങ്ങാട് കേന്ദ്രീകരിച്ചുകൊണ്ട് രൂപീകരിച്ച വേങ്ങാട് നെയ്ത്ത് സഹകരണസംഘമാണ് ഇതിൽ ആദ്യത്തേത്. 1973ൽ കൂത്തുപറമ്പ് പവർലൂം വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിലവിൽ വന്നു. പാതിരിയാട് ക്ഷീരോൽപാദക സഹകരണ സംഘം 1973ൽ ആണ് പ്രവർത്തനം ആരംഭിച്ചത്. ഇതോടെ പഞ്ചായത്തിലെ സഹകരണസംഘങ്ങളുടെ എണ്ണം 6 ആയി ഉയർന്നു. സംസ്ഥാനത്തും സഹകരണ പ്രസ്ഥാനം വളർന്നു പന്തലിച്ച് നിൽക്കുമ്പോഴും പഞ്ചായത്തിൽ സഹകരണ മേഖല അറച്ചുനിൽക്കുകയാണ്.

സഹകരണവായ്പാ മേഖല

സഹകരണകാർഷികവായ്പാ ശൃംഖലയിലെ അടിസ്ഥാനകണ്ണിയാണ് സർവ്വീസ് സഹകരണ സംഘം. വായ്പാമേഖലയിൽ പഞ്ചായത്തിലെ ആദ്യസഹകരണസ്ഥാപനമാണ് വേങ്ങാട് സർവ്വീസ്സഹകരണബേങ്ക്. പടുവിലായി വില്ലേജിലെ വേങ്ങാട്, ഊർപ്പള്ളി കുര്യോട് ഉറവുകുണ്ട്, കല്ലായി, ഈരടം, വെൺമണൽ, പട്ടത്താരി എന്നീദേശങ്ങളാണ് ബേങ്കിന്റെ പ്രവർത്തനപരിധി. പ്രാരംഭഘട്ടത്തിൽ സംഘം പ്രവർത്തനം ഇന്നത്തെ പ്പോലെ ജനകീയമായിരുന്നില്ല. അംഗങ്ങളുടെ എണ്ണം വളരെ കുറവായിരുന്നു. എങ്കിലും സംഘത്തിന്റെ പ്രവർത്തനം പടിപടിയായി ഉയർന്ന് ഇന്ന് അംഗങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ ഏറെക്കുറെ സാധിക്കുന്ന നിലയിലേക്ക് എത്തിയിട്ടുണ്ട്.

ഉയർച്ചയുടേയും താഴ്ചയുടേയും ചരിത്രമാണ് കുന്നിരിക്ക, പാതിരിയാട് സർവ്വീസ് സഹകരണ ബേങ്കുകൾക്കു പറയാനുള്ളത്. സർവ്വീസ് സഹകരണ സംഘമായിമാറിയതോടെ ജില്ലയിൽ തന്നെ നല്ല പ്രവർത്തനം കാഴ്ചവെച്ചിരുന്ന ഈ സംഘങ്ങളുടെ പ്രവർത്തനം ഇടക്കാലത്ത് പിറകോട്ട് പോവുകയാണുണ്ടായത്. എന്നാൽ ഇന്ന് രണ്ട് സംഘങ്ങളും നല്ലനിലയിൽ തന്നെ പ്രവർത്തിച്ചുവരുന്നു.

പാതിരിയാട് സർവ്വീസ് സഹകരണബേങ്കിന്റെ പരിധി പാതിരിയാട് വില്ലേജും കുന്നിരിക്ക സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധി പഞ്ചായത്തിലെ 4,5,6 വാർഡുകളിൽ പെട്ട കൊളത്തുമല, പടുവിലായി, കുന്നിരിക്ക, ചാമ്പാട് എന്നീ പ്രദേശങ്ങളുമാണ്. പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളും സഹകരണ വായ്പാ സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ വന്നിട്ടുണ്ട്. മൂന്ന് സംഘങ്ങളുടെയും പ്രവർത്തനം സംബന്ധിച്ച വിശദവിവരം അനുബന്ധം - 1 ൽ ചേർത്തിട്ടുണ്ട്.

പഞ്ചായത്തിൽ കാർഷിക മേഖലക്ക് ലഭിച്ച വായ്പ മറ്റ് മേഖലക്ക് ലഭിച്ച വായ്പയേക്കാൾ കുറവാണെന്നാണ് കണക്കുകൾ

കാണുക്കുന്നത്. പ്രത്യുൽപാദന മേഖലക്ക് ഊന്നൽനൽകുന്ന വായ്പാനയം ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. മൂന്ന് സംഘങ്ങളിലുമായി 11300 അംഗങ്ങളുണ്ട്. പഞ്ചായത്തിലെ കാർഷിക വികസനപദ്ധതികളിൽ വായ്പാ സംഘങ്ങളെ നേരിട്ട് ബന്ധപ്പെടുത്തുന്നത് കാർഷിക മേഖലയിലെ വികസനം ത്വരിതപ്പെടുത്താൻ സഹായിക്കും.

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന കൂത്തുപറമ്പ് സഹകരണറൂറൽ ബേങ്കിന്റെ സഹായവും പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിച്ചുവരുന്നുണ്ട്. പഞ്ചായത്തിൽ നിന്നും 4200 അംഗങ്ങൾ ബേങ്കിൽ അംഗത്വം സ്വീകരിച്ചിട്ടുണ്ട്. താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന തലശ്ശേരി കാർഷിക വികസന ബാങ്കിന്റെ പ്രവർത്തനവും കാർഷിക മേഖലയിൽ ലഭിച്ചു വരുന്നുണ്ട്. വായ്പാ സംഘങ്ങൾ നൽകിയ വായ്പസംബന്ധിച്ച വിവരം അനുബന്ധം 2ൽ ചേർത്തിട്ടുണ്ട്.

പഞ്ചായത്തിൽ വായ്പേതര സഹകരണ പ്രസ്ഥാനം കാര്യമായി കടന്നുവന്നിട്ടില്ല. വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന വേങ്ങാട് നെയ്ത്ത് സഹകരണ സംഘം, ശങ്കരനെല്ലൂർ നെയ്ത്ത് സഹകരണ സംഘം, കൂത്തുപറമ്പ് പവർലൂം വിവേർസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പാതിരിയാട് ക്ഷീരോൽപ്പാദക സഹകരണസംഘം എന്നിവയാണ് വായ്പേതര സഹകരണ സംഘങ്ങൾ. പ്രസ്തുത സംഘങ്ങളുടെ വിശദവിവരം അനുബന്ധം 3ൽ കൊടുത്തിട്ടുണ്ട്.

പഞ്ചായത്തിലെ പാതിരിയാട് വില്ലേജ് കതിരൂർ ബിൽഡിങ്ങ് സഹകരണസംഘത്തിന്റെയും പടുവിലായി വില്ലേജ് കൂത്തിപറമ്പ് ബിൽഡിങ്ങ് സഹകരണസംഘത്തിന്റേയും പരിധിയിൽ വന്നിട്ടുണ്ട്. പഞ്ചായത്തിൽ ഭവന നിർമ്മാണത്തിന് രണ്ട് സംഘങ്ങളിൽ നിന്നുമായി 21,72,000രൂപ ഇത്വരെ നൽകിയിട്ടുണ്ട്. സ്കൂൾ തലത്തിൽ പ്രവർത്തിക്കുന്ന ഏഴ് സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

ഉപഭോക്തൃ, വിപണനം വിദ്യാഭ്യാസം തുടങ്ങി മറ്റ് മേഖലകളിലൊന്നും സഹകരണ പ്രസ്ഥാനം ഇതേവരെ കടന്ന്വന്നിട്ടില്ല.

അനുബന്ധം 1
വായ്പാ സംഘങ്ങൾ

ക്രമ നമ്പർ	സംഘത്തിന്റെ പേര്	സ്ഥാപിച്ച വർഷം	അംഗങ്ങളുടെ എണ്ണം	ഓഹരി മൂലധനം	പ്രവർത്തന മൂലധനം	ലാഭനഷ്ട സ്ഥിതി
1	വേങ്ങാട് സർവ്വീസ് സഹകരണ ബേങ്ക്, വേങ്ങാട്	1918	2958	6,05,398	148ലക്ഷം	ലാഭം
2	കുന്നിരിക്ക സർവ്വീസ് സഹകരണ ബേങ്ക്, കുന്നിരിക്ക	1922	2657	5,89,239	79 ലക്ഷം	ലാഭം
3	പാതിരിയാട് സർവ്വീസ് സഹകരണ ബേങ്ക്, പാതിരിയാട്	1951	5680	10,69,646	145ലക്ഷം	ലാഭം

അനുബന്ധം - 2 വായ്പകൾ

ക്രമ നമ്പർ	സംഘത്തിന്റെ പേര്	കാർഷിക വായ്പ		കാർഷികേതര വായ്പ	
		1994-95	1995-96	1994-95	1995-96
1	വേങ്ങാട് സർവ്വീസ് സഹകരണ ബേങ്ക്	20ലക്ഷം	28.5ലക്ഷം	42.5ലക്ഷം	64ലക്ഷം
2	പാതിരിയാട് സർവ്വീസ് സഹകരണ ബേങ്ക്	18ലക്ഷം	25.35ലക്ഷം	36ലക്ഷം	59ലക്ഷം
3	കുന്നിരിക്ക സർവ്വീസ് സഹകരണ ബേങ്ക്	6.47ലക്ഷം	7.53ലക്ഷം	46.57ലക്ഷം	14.42ലക്ഷം

അനുബന്ധം - 3 വായ്പേതര സംഘങ്ങൾ

ക്രമ നമ്പർ	സംഘത്തിന്റെ പേര്	സ്ഥാപിച്ച വർഷം	അംഗങ്ങളുടെ എണ്ണം	വാർഷിക ടേൺ ഓവർ	ലാഭത്തിലോ നഷ്ടത്തിലോ
1	വേങ്ങാട് നെയ്ത്ത് സഹകരണ സംഘം	1955	522	55.5ലക്ഷം	ലാഭത്തിൽ
2	ശങ്കരനെല്ലൂർ നെയ്ത്ത് സഹകരണ സംഘം		335	36ലക്ഷം	ലാഭത്തിൽ
3	കൂത്തുപറമ്പ് പവർലൂം വർക്കേഴ്സ് ഇൻറസ്ട്രിയൽ കോ-ഓപ്പ്സൊസൈറ്റി	1973	125	7ലക്ഷം	നഷ്ടത്തിൽ
4	പാതിരിയാട് ക്ഷീരോല്പാദക സഹകരണ സംഘം	1973	60	72291.00	ലാഭത്തിൽ

പഞ്ചായത്ത് പ്രദേശം പ്രവർത്തന പരിധിയായിട്ടുള്ള വിവിധ സംഘങ്ങളിലായി പഞ്ചായത്തിൽ നിന്നും 15,500 ഓളം അംഗങ്ങളുണ്ട്. പഞ്ചായത്തിൽ അംഗങ്ങളാകാൻ അർഹതയുള്ളവരിൽ 65% ഇതോടെ സഹകരണ വലയത്തിൽ വന്നിട്ടുണ്ട്.

മുൻകാലങ്ങളിൽ കർഷകരേയും പാവപ്പെട്ടവരേയും കടക്കെണിയിലാഴ്ത്തിയിരുന്ന പാട്ട സമ്പ്രദായവും വസ്തുപണയവും ഇന്നേറെയില്ലെങ്കിലും അത് മറ്റൊരു രൂപത്തിൽ ഇന്ന് ജന്മമെടുത്തിട്ടുണ്ട്. ഇത് നമ്മുടെ പഞ്ചായത്തിൽ മാത്രം ഒതുങ്ങുന്ന ഒരു പ്രശ്നമല്ല. സ്വകാര്യപണമിടപാടുകാരുടെ അനധികൃത പ്രവർത്തനം പാവപ്പെട്ടവരുടേയും ഇടത്തരക്കാരുടേയും സാമ്പത്തീക ഘടന തന്നെ തകിടം മറിക്കുന്ന സ്ഥിതിയിൽ എത്തിനിൽക്കുകയാണ്. പഞ്ചായത്തിന്റെ മുക്കിലും മൂലയിലും ഇത്തരം 'ബ്ലേഡ് 'കമ്പനികൾ വളർന്നു കൊണ്ടിരിക്കുന്നു. ആവശ്യക്കാർക്ക് എളുപ്പത്തിൽ പണം ലഭിക്കുന്നു എന്നുള്ളതാണ് ഇത്തരം ഇടപാടുകാരുടെ വളർച്ചക്കാധാരം. കടക്കാരെ കൊള്ളയടിക്കുന്ന ഈ ബ്ലേഡ് കമ്പനികളുടെ പ്രവർത്തനം നിയമം മൂലം തടഞ്ഞേ പറ്റൂ. അതോടൊപ്പം ആവശ്യക്കാർക്കെല്ലാം എളുപ്പത്തിൽ വായ്പലഭ്യമാക്കാനുള്ള ഏജൻസികളായി സഹകരണ സ്ഥാപനങ്ങൾ മാറേണ്ടതുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തി, അംഗങ്ങൾക്ക്ഉൽപാദന പ്രാധാന്യങ്ങളായി മിതമായ പലിശനിരക്കിൽ വേണ്ടത്ര വായ്പ ലഭ്യമാക്കേണ്ടതുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റ് ബേങ്കിങ്ങ് ധനകാര്യസ്ഥാപനങ്ങളുമായി മത്സരിച്ച് മുന്നേറാൻ സഹകരണ ബേങ്കുകൾക്ക് കഴിയേണ്ടതുണ്ട്. തുറന്ന അംഗത്വവും ലഘൂകരിച്ച വായ്പാവ്യവസ്ഥകളും യഥാസമയമുള്ള വായ്പാലഭ്യതയും ഉറപ്പുവരുത്തേണ്ട തുണ്ട്.

സാമൂഹ്യസാമ്പത്തികമേഖലയുടെ ത്വരിതഗതിയിലുള്ള വികസനത്തിന് സഹകരണ പ്രസ്ഥാനം പഞ്ചായത്തിൽ വളർന്നേപറ്റൂ.

പ്രശ്നങ്ങൾ

1 അംഗത്വം ലഭിക്കുന്നതിനുള്ള നിയന്ത്രണം
2 വായ്പകൾക്കുള്ള കൂടിയ പലിശനിരക്ക്
3 കാർഷികകടങ്ങൾക്ക് സർക്കാർ നൽകിവരുന്ന സബ്സിഡി ലഭിക്കുന്നതിനുള്ള കാലതാമസം
4 ഓഡിറ്റ് സമ്പ്രദായത്തിലെ വൈകല്യങ്ങൾ
5 വായ്പകൾ ലഭിക്കാനുള്ള കഠിനവ്യവസ്ഥകൾ, കാലതാമസം
6 മാനേജ്മെൻറിൻെറ കാര്യക്ഷമത ഇല്ലായ്മ
7 പുതിയ പ്രവർത്തനമേഖലകളിലേക്ക് പ്രവേശിക്കാനുള്ള ആത്മധൈര്യക്കുറവ്
8 സാങ്കേതിക നവീകരണത്തിൻെറ അഭാവം
9 ഡിപ്പാർട്ട്മെൻറിൻെറ അനിയന്ത്രിതമായ ഇടപെടൽ
10 അവധി തെറ്റിയ വായ്പകൾ
11 കക്ഷിരാഷ്ട്രീയത്തിൻെറ അതിപ്രസരം

സാദ്ധ്യതകൾ

1 വായ്പേതര വിഭാഗത്തിൽ പുതിയ സംഘങ്ങളുടെ രൂപീകരണം.
2 പ്രൊഫഷണൽ മാനേജ്മെൻറിൽ പരിശീലനം
3 പഞ്ചായത്തിലെ കാർഷിക വികസന പദ്ധതികളുമായി ബന്ധപ്പെടുത്തി വായ്പാസംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കൽ
4 സംഘം അംഗങ്ങൾക്ക് ക്രെഡിറ്റ് കാർഡ് സമ്പ്രദായം നടപ്പാക്കി അംഗങ്ങളുടെ ആവശ്യത്തിനനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കൽ.
5 സംഘം ജനറൽബോഡിയിൽ അംഗങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിച്ചും പ്രവർത്തനം ഗൗരവമായും വിലയിരുത്തുകയും ചെയ്യൽ.
6 സഹകരണവിദ്യാഭ്യാസ പ്രചരണം.

പട്ടികജാതി പട്ടികവർഗം

12

ശതാബ്ദങ്ങളായി പേറിനടന്നിരുന്ന അവധീരണത്തിന്റേയും ചൂഷണത്തിന്റേയും ഇരുണ്ടനാളുകളോട് വേങ്ങാട് പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ വിടപറഞ്ഞുതുടങ്ങിയിരിക്കുന്നു. മറ്റുവിഭാഗക്കാർക്കൊപ്പം സാംസ്ക്കാരിക - രാഷ്ട്രീയ രംഗങ്ങളിൽ സജീവമായി ഇടപെടുന്ന പലരും ഈ വിഭാഗക്കാരിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. എങ്കിലും നൂറ്റാണ്ടുകളിലൂടെ തങ്ങൾക്കുനഷ്ടപ്പെട്ടപോയത് തങ്ങളുടെ സമ്പത്തു മാത്രമല്ല ജീവിതശൈലികൂടെയാണെന്നു് ഈ വിഭാഗത്തിലെ സാധാരണക്കാർ തിരിച്ചറിയേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെപട്ടികജാതി പട്ടികവർഗ്ഗത്തിന്റെ അംഗസംഖ്യ 479 ആണ്. ഇത് ഏതാണ്ട് 1.415 ശതമാനം വരും. ഇതിൽ പട്ടികവർഗ്ഗം 6പേർമാത്രമാണ്. ഇവർ പലവാർഡുകളിൽ അങ്ങിങ്ങായി താമസിക്കുന്നതിനാൽ കോളനിയുടേതെന്ന് പറയാവുന്ന ദൃഷ്യവശങ്ങൾ വളരെ കുറവാണ്. എങ്കിലും കോളനികൾക്കുലഭിക്കുന്ന സാമ്പത്തികസഹായം ഇവർക്കു ലഭിക്കുന്നില്ല. 6,4,12 വാർഡുകളിലാണ് കൂടുതൽ പേർ താമസിക്കുന്നത്. അതിനാൽ പഞ്ചായത്തിൽ 3 കോളനികൾക്ക് സാധ്യതയുണ്ട്.

പട്ടിക I

പട്ടികജാതി പട്ടികവർഗ്ഗം

വാർഡ് നമ്പർ	വാർഡിന്റെ പേര്	വീടുകളുടെ എണ്ണം	അംഗസംഖ്യ		
			പെൺ	ആൺ	ആകെ
1	വേങ്ങാട് അങ്ങാടി	6	22	9	31
2	വേങ്ങാട് തെരുവ്	3	7	8	15
3	കല്ലായി	4	12	9	9
4	കൊളത്തുമല	9	20	26	46
5	കുന്നിരിക്ക	12	31	25	56
6	പടുവിലായി	18	49	47	96
7	പാതിരിയാട്	7	17	17	34
8	പാച്ചപ്പൊയ്ക	8	23	20	43
9	പറമ്പായി	5	20	9	29
10	പൊയനാട്	3	9	10	9
11	കീഴത്തൂർ	5	10	10	20
12	കേളാലൂർ	13	30	39	69
	ആകെ	93	250	229	479

പട്ടിക 2

പട്ടികവർഗ്ഗവിഭാഗം

വാർഡ് നമ്പർ	വാർഡിന്റെ പേര്	വീടുകളുടെ എണ്ണം	അംഗസംഖ്യ		
			പെൺ	ആൺ	ആകെ
4	കൊളത്തുമല	1	2	1	3
12	കേളാലൂർ	1	2	1	3
		2	4	2	6

അവലംബം: കുടുംബ സ്ഥിതിവിവരസർവ്വേ

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 1.415% വരുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ കൈയ്യിരുപ്പുഭൂമി പഞ്ചായത്തിന്റെ. 0.37% മാത്രമാണ്. ഒന്നോ അതിൽ കൂടുതലോ ഏക്കർ നിലം കൈവശമുള്ള ഏതാനും കുടുംബങ്ങളുണ്ട്. അവശേഷിക്കുന്നവരുടെ കയ്യിൽ പഞ്ചായത്തിന്റെ 0.21% ഭൂമിയാണുള്ളത്.



ലക്ഷം വീട് പദ്ധതിപ്രകാരം വീട് ലഭിച്ചവരിൽ 25പേർ എസ്.സി/എസ്.ടി വിഭാഗക്കാരാണ്. കുടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും സാമൂഹികപുരോഗതി കൈവരിക്കാൻ സഹായിച്ചിട്ടുണ്ട്.

പാർപ്പിടം

പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ സാധിച്ചിട്ടുല്ലെങ്കിലും ഭവനരഹിതർ ഇല്ലെന്നുതന്നെ പറയാം. ലക്ഷം വീട് കോളനിയിൽ താമസിക്കുന്നവർക്ക് ആവശ്യത്തിന് സ്ഥലമില്ലാത്തതിനാൽ ആരോഗ്യപ്രശ്നങ്ങൾ രൂക്ഷമാണ്. കുടിവെള്ളത്തിന് പലരും പൊതുകിണറിനെയാണ് ആശ്രയിക്കുന്നത്. കിണറിന്റെ പരിസരം അനാരേഗ്യകരമാണ്. കക്കൂസില്ലാത്ത വീടുകൾ ധാരാളം ഉണ്ട്. ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ പൊതുകക്കൂസ് പണിയുന്നത് ആരോഗ്യകരമല്ല. പരിസരമലിനീകരണത്തിന് ഇത് ഇടയാക്കുന്നു. സൗജന്യപട്ടയം ലഭിച്ച ഭൂമി വിൽക്കുന്ന സ്വഭാവം കണ്ടുവരുന്നുണ്ട്. സൗജന്യമായി സർക്കാരിൽ നിന്ന് ലഭിക്കുന്ന കർഷികോപകരണങ്ങളും നടിയിൽ വസ്തുക്കളും സ്വന്തം വീടുകളിലെത്തുന്നതിനുമുമ്പുതന്നെ വിൽക്കുന്ന പ്രവണതയും കാണന്നു. വീട് നിർമ്മാണത്തിന് ലഭിക്കുന്ന വായ്പ അപര്യാപ്തമാണ്. കടക്കെണിയിൽ വീണ് നട്ടംതിരിയുന്നവരും ഇവിടെയുണ്ട്. 36വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ല. ഇതിൽ രണ്ട് വീടുകൾ വൈദ്യുതിക്ക് അപേക്ഷ സമർപ്പിച്ച വയാണ്. 93ൽ 86വീടുകളിലും സാധാരണ അടുപ്പുകളാണുള്ളത്. 5 ഗ്യാസടുപ്പും രണ്ട് പരിക്ഷത്ത് അടുപ്പുമുണ്ട് 15സെൻറിൽ താഴെ കൈവശഭൂമിയുള്ളവർ 50ഓളം വരും അതുകൊണ്ട് ഇവർ അനുഭവിക്കുന്ന ഇന്ധനക്ഷാമം രൂക്ഷമാണ്. സ്വന്തമായി കിണറില്ലാത്ത 39 വീടുകൾ ഉണ്ട്. കൊളത്തുമല, കൈതേരിപ്പൊയിൽ ഭാഗങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. കൈതേരിപ്പൊയിൽ, വെൺമണൽ, പാതിരിയാട്, കൊളത്തുമല എന്നിവിടങ്ങളിലാണ് വൈദ്യുതീകരിക്കാത്ത വീടുകളിൽ ഭൂരിഭാഗം.

വീടിന്റെ സ്വഭാവം

പട്ടിക - 3

വീടിന്റെ സ്വഭാവം				ഭവന രഹിതർ	കക്കൂസില്ലാത്ത വീടുകൾ	വൈദ്യുതി ഇല്ലാത്തവ
കുടിൽ	ഓല	ഓട്	കോൺക്രീറ്റ്			
1	15	66	11	-	28	36



പട്ടിക - 4 ഐ. ആർ. ഡി. പി. സർവ്വേ

വാർഡ് നമ്പർ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചവർ	ഇതിൽ ദാരിദ്ര്യ രേഖക്കു താഴെ താഴെയുള്ളവർ	ധനസഹായം ലഭിച്ചതിനാൽ ദാരിദ്ര്യരേഖക്കു മുകളിൽ വന്നവർ
6	3	1	-
8	6	2	-
9	7	2	-
1	2	-	-
2	3	-	-
3	2	-	-
4	4	-	-
5	2	-	-
7	3	-	-
10	7	-	-
11	8	-	-
12	6	-	-
ആകെ	53	-	-

മിക്കവീടുകളിലേക്കും ഗതാഗത സൗകര്യമുണ്ട്. 95 96വർഷത്തെ കണക്ക് പ്രകാരം ജെ. ആർ. വൈ യിൽ നിന്ന് 1,26,600രൂപ ഈ മേഖലയിൽ ചെലവഴിച്ചതായി. കാണുന്നു: കക്കൂസ് നിർമ്മാണത്തിനാണ് ഇതിൽ വലിയ ശതമാനം ചെലവഴിച്ചത്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വം ഇന്നു നിലനിൽക്കുന്നില്ലെങ്കിലും ഈ വിഭാഗം സമതയുടെ കാര്യത്തിൽ പൂർണ്ണ സംതൃപ്തരല്ല. അർഹതപ്പെട്ട വാർദ്ധക്യകാല പെൻഷൻ വിധവാപെൻഷൻ എന്നിവയ്ക്ക് വേണ്ടി ഓഫീസുകളിൽ പല പ്രാവശ്യം കയറിയിറങ്ങിയിട്ടും ഉദ്ദേശകാര്യസിദ്ധിയുണ്ടാകാത്തത് ഈ വിഭാഗത്തോടുള്ള അവഗണന യാണെന്ന് പലരും പരാതി പറയുന്നുണ്ട്.



ഈവിഭാഗത്തിനു വേണ്ടി സർക്കാർ നടപ്പിലാക്കുന്ന പല പദ്ധതികളും ലക്ഷ്യമിട്ടതുപോലെ പ്രയോഗത്തിൽ വരാത്തതിനു കാരണം പദ്ധതികളെക്കുറിച്ച് ഈ വിഭാഗത്തിന് വേണ്ടത്ര അറിവില്ലാത്തതും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകളുമാണ്

വിദ്യാഭ്യാസം

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസത്തിന്റെ ആവശ്യകത അവരെ ബോധ്യപ്പെടുത്താൻ ഈ വിഭാഗത്തിൽ തന്നെയുള്ള വിദ്യാസമ്പന്നർ തന്നെ മുന്നോട്ട് വരേണ്ടതുണ്ട്. ഹൈസ്കൂളികളിൽ വൈകുന്നേരം 4മണിക്ക് ശേഷം പട്ടിക ജാതി പട്ടികവർഗ്ഗക്കാർക്ക് മാത്രമായി നടത്തുന്ന സ്പെഷ്യൽ കോച്ചിംങ്ങ് ഫലപ്രദമാകുന്നില്ല. അപകർഷതാബോധം നിമിത്തം കുട്ടികൾ ക്ലാസിൽ പങ്കെടുക്കാത്തതാണ്. ഇതിനുകാരണമായി ഉന്നയിക്കുന്നത്.

കൊഴിഞ്ഞുപോക്ക് ഈ മേഖലയിൽ കുറവാണ്. വേങ്ങാട് ഗവ: ഹൈസ്കൂളിൽ നിന്ന് നടപ്പുവർഷത്തിൽ എട്ടാംതരത്തിൽ പഠിച്ചിരുന്ന ഒരു വിദ്യാർത്ഥിയാണ് പഠനം നിർത്തിയത്. എസ് എസ് എൽ. സിക്ക് ശേഷം പഠനം നിർത്തുന്ന സ്വഭാവം വ്യാപകമായുണ്ട്.

വൈദ്യുതിയുടെ അഭാവം, തൊട്ടുതൊട്ടുകിടക്കുന്ന വീടുകൾ, കുട്ടികളുടെ പഠനത്തിൽ വേണ്ടത്ര ശ്രദ്ധവെക്കാത്ത രക്ഷിതാക്കൾ ശുചിത്വമില്ലാത്ത പരിസരം എന്നീഘടകങ്ങൾ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. എസ്.സി/ എസ്.ടി വിഭാഗത്തിൽപ്പെട്ട 102 വിദ്യാർത്ഥികൾ വിവിധവിദ്യാലയങ്ങളിലായി പഠനം നടത്തുന്നുണ്ട്. ഇവരിൽ 49 പെൺകുട്ടികളാണ്.

പട്ടിക 5

വിദ്യാർത്ഥികൾ ഉൾപ്പെടെ വിദ്യാഭ്യാസ യോഗ്യത

വിദ്യാഭ്യാസമില്ലാത്തവർ	4 ാം തരം വരെ	7 ാം തരം വരെ	10 ാം തരം വരെ	ഇ.എസ്.എസ്.എൽ.സി	പി.ഡി.സി	ഐ.ടി.ഐ	ഡി.സി	ബി ഇ ബി എഡ്	ബി. ടെക്	ബി.എ.എം.എസ്	ബി.എ.എം.എസ്.എം.ഡി	എം.എ
130	95	78	120	2	39	1	5	3	1	1	1	1

തൊഴിൽ

പരമ്പരാഗത കൈത്തൊഴിലിൽ ഏർപ്പെട്ടവരുടെ എണ്ണം കുറഞ്ഞുവരികയാണ്. കൈനോട്ടം, പായനെയ്ത്ത്, കൂട മടയൽ, കെട്ടിയാട്ടം, ചെണ്ടകൊട്ട് മുതലായവയാണ് പരമ്പരാഗത തൊഴിൽ. അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യം സീസണിൽ മാത്രമുള്ള തൊഴിൽ സാദ്ധ്യത ജാതിതിരിച്ചുള്ള കൈത്തൊഴിൽ അവസ്ഥക്ക് കുറവാണെന്ന പുതുവിദ്യാസമ്പന്നരുടെ ധാരണ എന്നിവ പരമ്പരാഗത തൊഴിൽ രംഗത്തിന്റെ ശോഷിപ്പിന് ഹേതുവായിട്ടുണ്ട്. കാർഷിക നിർമ്മാണ തൊഴിൽ മേഖലയാണ് ഇവർ പുതുതായി സ്വീകരിക്കുന്നത്. ഡോക്ടർ, എൻഞ്ചിനീയർ, അദ്ധ്യാപകർ, സെക്കൻറ് ഗ്രേഡ് അസിസ്റ്റൻറ് തുടങ്ങിയ ഔദ്യോഗിക മേഖലയിൽ പ്രവർത്തക്കുന്നവരുമുണ്ട്. ഗൾഫ് രാഷ്ട്രങ്ങളിൽ 9 പേരാണ് ജോലിചെയ്യുന്നത്. 129പേർ ഏതെങ്കിലും സഹകരണ സ്ഥാപനത്തിൽ അംഗങ്ങളാണ്.

പ്രശ്നങ്ങൾ

1 പട്ടികജാതിക്കാരുടെ കുടുംബങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്.

2 എസ്.സി/എസ്.ടി ഭവനങ്ങളിൽ വൈദ്യുതീകരിക്കാത്തവ ധാരാളമുണ്ട്.

3 കക്കൂസില്ലാത്ത വീടുകൾ ഒട്ടേറെയാണ്.

4 പഞ്ചായത്ത് നൽകിയ 4 സെൻറ് ഭൂമിയും കെട്ടിടവും കൈമാറ്റംനടത്തുന്നുണ്ട്.

5 സൗജന്യമായി ലഭിച്ച കാർഷികോപക രണങ്ങളും നടീൽ വസ്തുക്കളും വിൽപ്പന നട ത്തുന്നുണ്ട്.

6 കോളനികൾ രജിസ്റ്റർ ചെയ്യാത്തതിനാൽ ആനുകൂല്യങ്ങൾ മുഴുവൻ ലഭിക്കുന്നില്ല.

7 വിദ്യാഭ്യാസകാര്യത്തിൽ എസ്.സി /എസ്.ടി വിഭാഗം ഗുണപരമായി വളരെ താഴ്ന്ന നില വാരം പുലർത്തുന്നു.

8 പരമ്പരാഗതതൊഴിലിൽ നിന്നുള്ള വരുമാനം തുഛമാണ്.

9 ലക്ഷം വീട് കോളനികളിൽ ആരോഗ്യത്തിന് ഹാനികരമാം വിധം മലിനീകരണ പ്രശ്നം ഉണ്ട്.

10 ആനുകൂല്യങ്ങളെ കുറിച്ച് അജ്ഞത നില നിൽക്കും.

11 കാർഷിക മേഖലയിൽ തൊഴിൽ സാദ്ധ്യ തകുറഞ്ഞുവരുന്നു.

12 ഭവനനിർമ്മാണത്തിനുനൽകുന്ന ധനസഹായം അപര്യാപ്തമാണ്. കിട്ടിയ സഹായം ദുർ വിനിയോഗിക്കുന്നു.

13 പൊതുശുശാനത്തിൻെറ അഭാവം നിമിത്തം ബുദ്ധിമുട്ടുണ്ട്

14 ഐ.ആർ.ഡി.പി പദ്ധതി ഫലപ്രദമായി ഉപ യോഗിക്കുന്നില്ല.

15 പട്ടികജാതി വികസന വകുപ്പും ഹരിജനക്ഷേമ വകുപ്പും നൽകുന്ന സഹായം ലക്ഷ്യം കാണു ന്നില്ല.

16 കടക്കെണിയിൽപ്പെട്ട് നല്ലൊരു വിഭാഗം വിഷ മിക്കുന്നുണ്ട്

സാദ്ധ്യതകൾ

1 മിക്കവീടുകൾക്കും യാത്രാസൗകര്യംഉണ്ട്

2 വിദ്യാസമ്പന്നരായ ആളുകൾ ഈ വിഭാ ഗത്തിലുണ്ട്

3 മറ്റ് വിഭാഗക്കാർ ജാതിവ്യത്യാസം മറന്ന് സഹ കരണമനോഭാവം പുലർത്തുന്നുണ്ട്.

4 മൂന്ന് കോളനികൾക്കെങ്കിലും സാധ്യതയുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം മുൻനിർത്തി സത്വര ശ്രദ്ധ പതിയേണ്ടുന്ന ചില നിർദ്ദേശങ്ങൾ

1 കാർഷികവ്യിസായിക മേഖല അഭിവൃദ്ധി പ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പി ക്കണം.

2 കൈത്തൊഴിൽ വ്യവസായികാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കണം

3 വീടുകളിൽ കുടിവെള്ളം എത്തിക്കുന്നതിന് പൊതുകിണറുകളുടെ എണ്ണം വർദ്ധിപ്പിക്കണം.

4 യുദ്ധകാലാടിസ്ഥാനത്തിൽ വൈദ്യുതി എത്തിക്കണം

5 കക്കൂസുകൾക്ക് ധനസഹായം ചെയ്ടുന്നത് നിർത്തി പകരം കക്കൂസുകൾ നിർമ്മിച്ചുകൊ ടുക്കുന്ന രീതി നടപ്പിലാക്കണം.

6 വീട്, പണിയായുധം, നടീൽ വസ്തുക്കൾ എന്നി വ സൗജന്യമായി ലഭിച്ചാൽ അവ കൈമാറ്റം ചെയ്യുന്നത് തടയണം

7 വായ്പാപരിപാടികളും സാമ്പത്തിക സഹാ യവും ഉദാരമാക്കുകയും അവയുടെ നടപടി ക്രമങ്ങൾ ലളിതമാക്കുകയും വായ്പ പലിശ രഹിതമായും ദീർഘകാലാടിസ്ഥാനത്തിൽ നൽ കുകയും വേണം.

8 സാമ്പത്തിക സഹാത്തിനുള്ള വരുമാന പരിധി കാലോചിതമായി ഉയർത്തണം.

9 കൃഷി ആവശ്യത്തിന് ലഭിക്കുന്ന പമ്പ്സെറ്റ്, കിണർ മുതലായവയ്ക്ക് നിർദ്ദേശിക്കുന്ന ഭൂ പരിധി കുറക്കണം

10 വിദ്യാഭ്യാസാനുകാല്യങ്ങൾ വർഷാരംഭത്തിൽ ലഭ്യാമാക്കണം

11ചെറുകിട വ്യവസായ യൂനിറ്റുകൾ ആരംഭി ക്കണം

12 മാസത്തിലൊരിക്കൽ ബന്ധപ്പെട്ട പി.എച്ച്.സി ഡോക്ടർ കോളനികളിൽ ചെന്ന് പരിശോധ നനടത്തണം.

13 അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് വീട്ടിൽ ഒന്ന് എന്ന നിലയിൽ തൊഴിൽ നൽകണം.

14 എംപ്ലോയിമെൻറ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തവർക്ക് സംവരണതത്വ മനുസരിച്ച് ഇൻറർവ്യൂ കാർഡ് അയക്കുന്ന സ മ്പ്രദായം കൃത്യമായിപാലിക്കണം

15 പഞ്ചായത്ത് തലത്തിൽ ഒരു ഗൈഡൻസ് ബൂത്ത് തുറക്കണം

16 പഞ്ചായത്ത് സാംസ്കാരിക നിലയം വായനശാല എന്നിവിടങ്ങളിൽ എസ്.സി/എസ്.ടി വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങളെ കുറിച്ച് വിശദവിവരം ലഭ്യമാക്കണം

17 പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലനം നൽകണം

19ധനസഹായം പഞ്ചായത്ത് വഴി നടപ്പിലാക്കുകയും അത് ശരിയായി വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധനനടത്തുകയും വേണം

18 കോളനികളിൽ ഡ്രൈനേജ് സമ്പ്രദായം കാര്യക്ഷമമാക്കണം.

19 പൊതുശൗചാനം സ്ഥാപിക്കണം

20 3മുതൽ 5വരെ വയസ്സുള്ളവരുടെ വിദ്യാഭ്യാസത്തിന് അംഗൻവാടികൾ സ്ഥാപിക്കണം.

21 ബോർഡംങ്ങ് സ്കൂളിന്റെ മാതൃകയിൽ പഞ്ചായത്തിൽ ഒരു സ്കൂളെങ്കിലും സ്ഥാപിക്കണം

22 ബോധവൽക്കരണ ക്ലാസുകൾ നടത്തണം.

23 അഭ്യസ്ഥവിദ്യരെ ഉപയോഗപ്പെടുത്തി തുടർ വിദ്യാഭ്യാസ പരിപാടി കാര്യക്ഷമമാക്കണം.

24 പട്ടികജാതിവിഭാഗം കുട്ടികൾക്ക് സ്കോളർഷിപ്പുകൾ ഏർപ്പെടുത്തണം.

25 കാർഷിക തൊഴിലാളികൾക്ക് 50സെൻറ് എങ്കിലും മിച്ച ഭൂമി നൽകണം. ഈ ഭൂമി ഒരേ പ്ലോട്ടിൽ നിന്നുതന്നെ നൽകിയാൽ ഗ്രൂപ്പ് ഫാമിങ്ങിന് സൗകര്യമുണ്ടാകും.

26 സർക്കാർ അർദ്ധസർക്കാർ ഉടമസ്ഥതയിലുള്ള ഷോപ്പിങ്ങ് കോപ്ലക്സുകളിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ച സംവരണം വർദ്ധിപ്പിക്കുയും അത് ദുരുപയോഗപ്പെടുത്തുന്നത് തടയുകയും ചെയ്യുക.

13

വിഭവസമാഹരണം

നിർമ്മാണ-വികസന പ്രവർത്തനങ്ങളിൽ മനുഷ്യാധ്വാനം പരമാവിധി പ്രയോജനപ്പെടുത്തിയും കാർഷീക വ്യാവസായിക മേഖലകളിലെ മുരടിപ്പ് ഇല്ലാതാക്കിയും സാധാരണക്കാരേയും ദരിദ്രജന വിഭാഗത്തേയും ബാധിക്കാത്ത തരത്തിൽ സാധ്യതയുള്ള മേഖലയിൽ നേരിയ തോതിലെങ്കിലും നികുതി വർദ്ധിപ്പിച്ചും നികുതി ചുമത്താൻ സാദ്ധ്യതയുള്ള പുതിയമേഖലകൾ കണ്ടെത്തിയും ഭരണ ചെലവ് പരമാവധി കുറച്ചും വിഭവസമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ കണ്ടെത്താം

കാർഷികമേഖലയിലെ മുരടിപ്പും വ്യാവസായിക മേഖലയിലെ പിന്നോക്കാവസ്ഥയും, വികസനം നേരിടുന്ന വെല്ലുവിളിയാണ്. ഇതുപരിഹരിക്കാതെ ഈ രംഗത്ത് പുതിയ വിഭവസമാഹരണത്തിനുള്ള സാദ്ധ്യത വളരെ കുറവാണ്. നെൽകൃഷി ലാഭകരമല്ല എന്നതിന്റെ പേരിൽ നെൽപാടങ്ങൾ നികത്തി മറ്റ് വിളകൾക്ക് ഉപയുക്തമാക്കുന്നതും കൂറ്റൻ കെട്ടിടങ്ങൾ ഉയർന്നുവരുന്നതും കൃഷി നിലയങ്ങൾ താമസപറമ്പുകളായി മാറുന്നതും നിത്യസംഭവമാണ്. മണ്ണിന്റെ ഉൽപാദനക്ഷമത അനുദിനം കുറഞ്ഞുവരുന്നു. രാസവളത്തോടൊപ്പം ജൈവവളപ്രയോഗത്തേയും പ്രോത്സാഹിപ്പിച്ചാൽ മണ്ണിന്റെ ഉൽപാദനക്ഷമത വർ

ദ്ധിപ്പിക്കാൻ സാധിക്കും. ഊർജ്ജരംഗത്തെ പ്രതിസന്ധിയാണ് വ്യവസായിക മേഖല ഇന്ന് നേരിടുന്ന മുഖ്യപ്രശ്നം ഇത് പരിഹരിക്കാൻ ചെറുതും വലുതുമായ ഊർജ്ജോൽപാദനസ്രോതസ്സുകൾ കണ്ടെത്തേണ്ടതുണ്ട്.

സർക്കാർ ഗ്രാൻറുകൾക്കും വിഹിതങ്ങൾക്കുമുള്ള കാലതാമസം ഒഴിവാക്കണം ഇവ യഥാസമയം പഞ്ചായത്തുകൾക്ക് കൈമാറാനാവശ്യമായ നിയമനിർമ്മാണം നടത്തണം. അൺടൈഡുഫണ്ടുകൾ പഞ്ചായത്തിന്റെ ജനസംഖ്യാനുപാതമായിരിക്കണം.

വരുമാനമുള്ള മേഖലകളിൽ തന്നെ ഇനിയും നികുതി ചുമത്താൻ ഒട്ടേറെ മേഖലകളുണ്ട്. അവ ഏതെല്ലാമാണെന്ന് കണ്ടെത്തുകയും അവയുടെ സ്വഭാവമനുസരിച്ച് നികുതി ചുമത്തിയാൽ വിഭവസമാഹരണം നടത്താവുന്നതാണ്.

ഗൾഫ് മേഖല

ഗൾഫ് മേഖലയിൽ ജോലിചെയ്യുന്നവരുടെ പട്ടിക വാർഡ് ക്രമത്തിൽ ചുവടെ കൊടുക്കുന്നു.

പട്ടിക - 1

1	2	3	4	5	6	7	8	9	10	11	12
81	48	104	120	53	52	31	26	71	61	49	64

ആകെ 760 പേർ

വിദേശങ്ങളിൽ ജോലിചെയ്യുന്നവരുടെ നിക്ഷേപം സഹകരണമേഖലയിൽ ഇന്ന് അപര്യാപ്തമാണ്. ഇത് മാറ്റിയെടുക്കാൻ പഞ്ചായത്തിന്റെ സഹായത്തോടെ പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാൻ സഹകരണ മേഖലകൾക്ക് സാധിക്കണം. ഗൾഫ് മേഖലയിൽ ജോലിചെയ്യുന്നവരുടെ പങ്കാളിത്തത്തോടുകൂടി ഉൽപാദനപരമായ മേഖലക്ക് ഉപയുക്തമാവും വിധം സഹകരണ മേഖലയിൽ പുതിയ സംരഭങ്ങൾക്ക് ഓഹരികൾ സ്വീകരിക്കാവുന്നതാണ്. അതുവഴി ഉണ്ടാകുന്ന ലാഭവിഹിതം ഓഹരിയുടമകൾക്ക് നൽകാൻ സാധിക്കുന്നതോടൊപ്പം റിട്ടേൺ ഗൾഫ്കാർക്ക് ഇത്തരം സംരഭങ്ങളിൽ തൊഴിൽ നൽകുവാനും സാധിക്കും.

വിഭവ സമാഹരണത്തിനുള്ള നിർദ്ദേശങ്ങൾ

പൊതുനിർമ്മാണ പ്രവർത്തനങ്ങളിൽ ഏറ്റവും ചുരുങ്ങിയതു് 30% എങ്കിലും മനുഷ്യ വിഭവം ഉപയോഗപ്പെടുത്തുക. കെട്ടിട നികുതി നിലവിലുള്ള അപാകതകൾ പരിഹരിക്കുക

പഞ്ചായത്തിന്റെ നിർമ്മാണ വികസന പ്രവൃത്തനങ്ങളിൽ നിന്നും കോൺട്രാക്ടർ സമ്പ്രദായം അവസാനിപ്പിക്കുകയും അത്തരം പ്രവൃത്തികൾ സന്നദ്ധസംഘടനകളെ ഏൽപ്പിക്കുകയും ചെയ്യുക.

വൈദഗ്ദ്യം ആവശ്യമുള്ള പ്രവൃത്തനങ്ങൾക്ക് വേണ്ടി സാങ്കേതികവിദ്യയിൽ പരിജ്ഞാനമുള്ളവരെ പഞ്ചായത്തടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും, അവരുടെ സേവനം ഉപയോഗപ്പെടുത്തുകയും ചെയ്യുക.

ചെറുതും വലുതുമായ എല്ലാ വ്യാവസായിക സംരഭങ്ങൾക്കും ലൈസൻസ് ഏർപ്പെടുത്തുക

പഞ്ചായത്തിൽ ഒന്നും രണ്ടും വാർഡുകൾ കരിങ്കൽ വ്യവസായ മേഖലയാണ്. ഈ വ്യവസായത്തിനുമേൽ പഞ്ചായത്തിന് ഇന്ന് യാതൊരു നിയന്ത്രണവും ഇല്ല. വെടിമരുന്ന് ഉപയോഗിച്ച് കല്ല്പൊട്ടിക്കുന്ന ക്വാറികൾക്കെങ്കിലും ഒരു മാസത്തെ ശരാശരി വരുമാനം കണക്കാക്കി നിശ്ചിത സംഖ്യനികുതി ചുമത്തിയാൽ വിഭവ സമാഹരണത്തിന് പുതിയ

മാർഗ്ഗം കണ്ടെത്താം.
ബസ്സ്റ്റാൻറും ഷോപ്പിംങ്ങ് കോംപ്ലക്സും ഇല്ലാത്ത പഞ്ചായത്തിൻെറ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ അവ നിർമ്മിച്ച് മുറികൾ വാടകയ്ക്ക് നൽകിയാൽ വിഭവസമാഹരണം നടത്താവുന്നതാണ്.

നെൽവയലുകൾ നികത്തുന്നത് തടയാനാവശ്യമായ കർശനമായ നിയമനിർമ്മാണം നടത്തുക.

വിവാഹ രജിസ്ട്രേഷൻ സമയത്ത് ഒരു നിശ്ചിത സംഖ്യ ഈടാക്കി വിഭവസമാഹരണം നടത്താം.

പഞ്ചായത്ത് പരിധിയിൽ പൊതുകിണർ കുഴിക്കുമ്പോഴും അറ്റകുറ്റപണികൾ നടത്തുമ്പോഴും സന്നദ്ധസംഘടനകളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്.
ചെറുകിട വ്യവസായങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും വരുമാനത്തെ അടിസ്ഥാനപ്പെടുത്തി തൊഴിലാളികളുടെ ലീസ്റ്റ് തയ്യാറാക്കി ഏകീകരിച്ച നിലയിൽ നിശ്ചിത സംഖ്യ തൊഴിൽ നികുതി ഏർപ്പെടുത്തുക.

എല്ലാവിഭാഗം തൊഴിലാളികളുടേയും ക്ഷേമനിധി പഞ്ചായത്തിൽ അടക്കുകയും അവ ഉൽപാദനപരമായ മേഖലകളിലേക്ക് തിരിച്ച് വിട്ട് വിഭവസമാഹരണം നടത്താവുന്നതാണ്.

പഞ്ചായത്ത് പരിധിയിലെ പൊതു റോഡിൽ നിർത്തിയിടുന്നതും റിപ്പേർ ചെയ്യുന്നതുമായ എല്ലാവാഹനങ്ങൾക്കും പാർക്കിംങ്ങ് ഫീസ് എർപ്പെടുത്തുക.
വിനോദസഞ്ചാര കേന്ദ്രമായി വികസിക്കാൻ സാദ്ധ്യതയുള്ള മയിലാടി വാട്ടർ ട്രീറ്റ്മെൻറ് പ്ലാൻറ് സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ വികസിപ്പിക്കുക.
സിനിമാ ശാലകളിലെ വിനോദനികുതി കാര്യക്ഷമമായി പരിഷ്ക്കരിക്കുക.
അനധികൃതമായി നടത്തുന്ന ഇറച്ചിമാർക്കറ്റ് മത്സ്യമാർക്കറ്റ് എന്നിവക്ക് ലൈസൻസ് ഏർപ്പെടുത്തുക

പഞ്ചായത്തിൽ പ്രധാന കേന്ദ്രങ്ങളായ അഞ്ചരക്കണ്ടി വേങ്ങാട് മമ്പറം എന്നിവിടങ്ങളിൽ മത്സ്യം ഇറച്ചി മാർക്കറ്റുകൾ പണിയുകയും കച്ചവടക്കാർക്ക് നൽകി നിശ്ചിത ഫീസ് ഈടാക്കാം.
വീടുകളിൽ ആഡംബരത്തിനുവേണ്ടി വളർത്തുന്ന നായകൾക്കും പക്ഷികൾക്കും ആഡംഭരനികുതി ഏർപ്പെടുത്തുക.
കച്ചവടക്കാരിൽ നിന്നും സ്വീകരിക്കുന്ന വാടകക്കനുസരിച്ച് ഉടമസ്ഥൻമാരിൽ നിന്നും കെട്ടിട നികുതി പിരിക്കുക.
തൊഴിൽ നികുതി ശാസ്ത്രീയമായി പരിഷ്ക്കരിച്ച് സംഘടിതമേഖലയിലും അസംഘടിത മേഖലയിലും നികുതി ഏർപ്പെടുത്തുക
ചെത്ത് വ്യവസായമേഖലയിലും വരുമാനത്തെ അടിസ്ഥാനപ്പെടുത്തി നികുതി ഏർപ്പെടുത്തുക
രജിസ്ട്രാഫീസിൽ നിന്നും ഈടാക്കുന്ന 4% സർച്ചാർജ്ജ് യഥാസമയം പഞ്ചായത്തിന് നൽകുക.
പഞ്ചായത്തിൻെറ പ്രധാനകേന്ദ്രങ്ങളിൽ തറയും മേൽകൂരയും നിർമ്മിച്ച് പൊതുപരിപാടികൾക്ക് വാടകയ്ക്ക് നൽകിയാൽ വിഭവസമാഹരണം നടത്താം.
സ്റ്റേജ് ഉൾപ്പടെയുള്ള കമ്മ്യൂണിറ്റി ഹാളുകൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുക
പഞ്ചായത്തിൻെറ അധീനതയിലുള്ള പുറംമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തുകയും സെൻറ് അടിസ്ഥാനത്തിൽ ഒന്നിന് ഇത്ര നിരക്ക് എന്ന അടിസ്ഥാനത്തിൽ പാട്ടത്തിന് നൽകി പച്ചക്കറി കൃഷി ഉദ്യാനകൃഷി എന്നിവയെ പ്രോത്സാഹിപ്പിക്കുക.
പഞ്ചായത്തിലെ തൊരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുകയും റീഡിങ്ങ് എടുക്കുകയും ഉപയോഗിച്ച വൈദ്യുതിക്ക്മാത്രം ചാർജ്ജ് അടക്കുന്ന സംവിധാനം ഉണ്ടാക്കിയാൽ അനാവശ്യച്ചെലവ് കുറക്കാൻ സാധിക്കും.
റവന്യൂ ഡിപ്പാർട്ടുമെൻറിൻെറ പരിധിയിൽ വരുന്ന കെട്ടിടനികുതിനിയമം ആവശ്യമായ ഭേദഗതി വരുത്തി കെട്ടിനികുതി ചുമത്താനും പിരിച്ചെടുക്കുവാനുമുള്ള അധികാരം പഞ്ചായത്തിന് നൽകുക.

പട്ടിക വരുമാനത്തിലെ വ്യതിയാനം

ഇനം	1991-92	1995-96	വ്യത്യാസം
തനത് വരുമാനം			
1 കെട്ടിട നികുതി	1,21,371.75	2,000,44	+78,672.25
2 വിനോദനികുതി	39,165.93	66,311.59	+27,145.66
3 തൊഴിൽ നികുതി	1,10,950	2,96,110	+1,85,160
ഉപാധിരഹിതനിധി	1,55,407	2,06,100	+50,693
ജെ.ആർ.വൈ	2,04,873	1,26,600	-78,273
ഗ്രാൻറുകൾ, സംഭാവനകൾ	71,659	8,22,796	+7,51,137
ആകെ വരവ്	7,03,426.68	17,17,961.59	+10,14,534.79
ചെലവ് എസ്റ്റാബ്ലിഷ് മെൻറ്	2,38,473.80	4,69,149.75	+2,30,675.95
ബാക്കി :	4,64,952.88	12,48,811.84	
വികസന പ്രവർത്തനങ്ങൾക്കു വേണ്ടി ചിലവാക്കിയത്	3,82,494.70	8,91,061.15	
കയ്യിരിപ്പ് :	82,458.18	3,57,750.69	

കെട്ടിട നികുതി

കെട്ടിട നികുതി ശാസ്ത്രീയമായി പരിഷ്ക്കരിച്ചാൽ വിഭവസമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ കണ്ടെത്താൻ സാധിക്കുന്ന താണ്. പഞ്ചായത്തിന്റെ പ്രധാന നികുതി വരുമാന മാർഗ്ഗങ്ങളിൽ ഒന്നാണ് കെട്ടി നികുതി. കൂറ്റൻ കെട്ടിടങ്ങളുടെയും വീടുകളുടെയും നിർമ്മാണത്തിൽ അനുദിനം മാറ്റങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ആഡംബരത്വവും വിലയേറിയ സാധനങ്ങളുടെ ഉപയോഗവും നികുതിയുടെ മാനദണ്ഡമായിരിക്കണം. കോൺക്രീറ്റ് കെട്ടിടങ്ങളിൽ പ്രത്യേകിച്ച് വീടുകൾക്ക് ഒരു നില നിർമ്മിക്കുമ്പോൾ ചുമത്തുന്ന നികുതിയുടെ നേരിയ ശതമാനം വർദ്ധനവ് മാത്രമെ, രണ്ട് നില നാർമ്മിച്ചാൽ ഉണ്ടാകുന്നുള്ളൂ. ഈ പോരായ്മ ശാസ്ത്രീയമായി പരിഹരിക്കേണ്ടതുണ്ട്. കെട്ടിടനിർമ്മാണരംഗത്തെ നികുതി സംബന്ധിച്ച് ഇന്ന് നിലനിൽക്കുന്ന പോരായമ്കൾ പരിഹരിക്കാൻ സ്റ്റാൻറ്റിങ്ങ് കമ്മിറ്റികൾ ഫലപ്രഥമാവണം. പട്ടിക 2ൽ 1995-96വർഷത്തിൽ

കെട്ടി നികുതിയിനത്തിൽ ലഭിച്ചിട്ടുള്ള വർദ്ധനവ് സൂചിപ്പിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ എണ്ണം വർദ്ധിച്ചതും നികുതി ചുമത്തിലിൽ വന്നിട്ടുള്ള മാറ്റവുമാണ് വർദ്ധനവിന്റെ കാരണം.

തൊഴിൽ നികുതി

പഞ്ചായത്തിന്റെ പ്രധാനപ്പെട്ടവരുമാനമാർഗ്ഗങ്ങളിൽ മറ്റൊന്ന് തൊഴിൽ നികുതിയാണ്. തൊഴിൽ നികുതിയിനത്തിൽ തന്നെ നികുതി ചുമത്താൻ പറ്റുന്ന മേഖലകൾ ഇനിയുമുണ്ടെന്ന് കാണാൻ സാധിക്കും. സർക്കാർ ജീവനക്കാരും അദ്ധ്യാപകരുമാണ് ഇപ്പോൾ തൊഴിൽ നികുതി നൽകിക്കൊണ്ടിരിക്കുന്നത്. ഈ അടുത്തകാലത്തായി ബീഡി വ്യവസായ മേഖലയിൽ ചിലതിൽ തൊഴിൽ നികുതി ഏർപ്പെടുത്തി തുടങ്ങിയുട്ടുണ്ട്.

മറ്റ് സംഘടിതമേഖലകളിൽ വരുമാനം ഉള്ള മേഖലയിൽ തന്നെ ഇതേപോലുള്ള തൊഴിൽ നികുതി ഏർപ്പെടുത്താത്തത് പൊതുവെ അസംതൃപ്തി ഉണ്ടാക്കുന്നുണ്ട്. അതുകൊണ്ട് പൊതുവെ മോശമല്ലാത്ത വരുമാനമേഖലയിൽ അത് സംഘടിതമായാലും അസംഘടിതമായാലും വരുമാനത്തിന്റെതോത് അനുസരിച്ച് നികുതി നിർണ്ണയിക്കാവുന്നതാണ്. അതോടൊപ്പം പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന പൈപ്പ്, കൊപ്രയാട്ടൽ തുടങ്ങിയ തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്കും അവരുടെ വരുമാനത്തെ അടിസ്ഥാനപ്പെടുത്തി നികുതി ചുമത്താവുന്നതാണ്. കള്ള് ചെത്തുകാർക്കും സെയിൽസ്മേൻമാർക്കും ഒരു നിശ്ചിത തുക നികുതിയായി നിശ്ചയിച്ചാൽ ആ രംഗത്തുനിന്നും വിഭവസമാഹരണം നടത്താവുന്നതാണ്. 1995-96 വർഷത്തിൽ ഈ രംഗത്തുണ്ടായവർദ്ധനവിന്റെ പ്രധാനകാരണം നികുതിദയാകരുടെ 'എണ്ണം വർദ്ധിച്ചതും സ്ലാബിൽ വന്നിട്ടുള്ള വർദ്ധനവുമാണ്.

വിനോദനികുതി

സിനിമാശാലകളിൽ നിന്നുള്ള വരുമാനമാണ് ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ രണ്ട് സിനിമാശാലകളാണ് ഉള്ളത്. എന്നാൽ ഈ മേഖലയിലെ വരുമാനത്തിന്റെ തോത് അനുസരിച്ചുള്ള നികുതിയല്ല ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാവുന്നതാണ്. രണ്ട് ടാക്കീസുകളിലുമായി ആകെയുള്ള 784 സീറ്റിൽ ഒരു ഷോ കാണുന്നവരുടെ ശരാശരി എണ്ണം 159 ആണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജനങ്ങളുടെ പ്രധാനപ്പെട്ട വിനോദ ഉപാധി എന്നനിലയിൽ സിനിമയുടെ സ്വാധീനം വളരെ വലുതാണ്. അതുകൊണ്ട് തന്നെ ഈ കണക്കുകൾ ശരിയാവാനിടയില്ല. നികുതി വെട്ടിപ്പ് ഫലപ്രദമായി കണ്ട് പിടിക്കാനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതോടൊപ്പം സിമിനാശാലകൾക്ക് ലഭിക്കുന്ന വരുമാനത്തിന്റെ തോതിൽ ശരിയായ നിലയിൽ തന്നെ നികുതി പിരിച്ചെടുക്കേണ്ടതുണ്ട്. ഈ രംഗത്ത് ഉദ്യോഗസ്ഥന്മാരുടെ ഇടപെടൽ ഒഴിവാക്കി സ്റ്റാൻറിംങ്ങ് കമ്മിറ്റികൾ ഫലപ്രദമാക്കണം. അതോടൊപ്പം ധനശേഖരണാർത്ഥം നടത്തുന്ന നാടകം, സിനിമ കൂടുതൽ വരുമാനം ലഭിക്കുന്ന മറ്റുവിനോദ ഉപാധികൾ എന്നിവയ്ക്കും നിശ്ചിത നികുതി ചുമത്താവുന്നതാണ്. മയിലാടി വാട്ടർ ട്രീറ്റ്മെൻറ് പ്ലാൻറ് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതരത്തിൽ വികസിപ്പിച്ചാൽ വിനോദനികുതിയുടെ വിഭവസമാഹരണം നടത്താം. വിനോദനികുതി രംഗത്ത് നടക്കുന്ന വെട്ടിപ്പ് കണ്ടുപിടിക്കാൻ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുക

ഖനനം

മണൽവാരലും കരിങ്കൽ വ്യവസായവുമാണ് ഖനനത്തിലൂടെയുള്ള വിഭവസമാഹരണത്തിന്റെ പഞ്ചായത്തിന്റെ സാധ്യത. എന്നാൽ ഈ രണ്ട് മേഖലകളും പാരിസ്ഥിതീക പ്രശ്നങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നവയുമാണ്. ഓടക്കടവ്, പാലാക്കടവ്, കൽനത്തെക്കടവ്, ഇരപ്പക്കടവ്, മണക്കായിക്കടവ് എന്നിവയാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന കടവുകൾ. ഇതിൽ തന്നെ ചിലകടവുകളിൽ മണൽവാരൽ നേരത്തെ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ ലേലംകൊള്ളാത്ത സ്ഥിതിനിലനിൽക്കുയാണ്.

കാരണം പാരിസ്ഥിതീകപ്രശ്നങ്ങൾ തന്നെ. ഇതുപരിഹരിച്ച് ഈ കടവുകൾ മണൽ വാരാൻ ലേലത്തിന് നൽകിയാൽ വിഭവസമാഹരണം നടത്താവുന്നതാണ്. പഞ്ചായത്തിന്റെ ഒന്നും രണ്ടും വാർഡുകൾ കരിങ്കൽ വ്യവസായത്തിന് പേരുകേട്ടവയാണ്. ഈ വ്യവസായത്തിനുമേൽ പഞ്ചായത്തുകൾക്ക് ഇന്ന് ഒരു നിയന്ത്രണ വുമില്ല. അതുകൊണ്ട് ഈ വ്യവസായത്തിൽ ക്വാറികളുടെ തരം തിരിവനുസരിച്ച് ഒരു മാസത്തെ ശരാശരി ഉൽപാദനത്തെ അടിസ്ഥാനപ്പെടുത്തി നികുതി നിശ്ചയിക്കാവുന്നതാണ്.

മറ്റ് ധനാഗമ മാർഗ്ഗങ്ങൾ

1 പുറംമ്പോക്ക് ഭൂമി

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പഞ്ചായത്തിന് അധീനമായിട്ടുള്ള പുറംമ്പോക്ക് ഭൂമികൾ അളന്ന് തിട്ടപ്പെടുത്തുകയും സ്വകാര്യവ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പച്ചക്കറി കൃഷി ഉദ്യാനകൃഷി നഴ്സറി എന്നിവയ്ക്ക് പാട്ടത്തിന്നൽകിയാൽ ഈ മേഖലയിൽ നിന്നും വിഭവസമാഹരണം നടത്താൻ സാധിക്കുന്നതാണ്.

വനം

പുഴക്കരയിലും പുറംപോക്ക് ഭൂമിയിലും സ്ഥിതിചെയ്യുന്ന ചെറുതും വലുതുമായ മരങ്ങൾ സീൽ ചെയ്യുകയും വിഭവങ്ങൾ ലേലം ചെയ്തുകൊടുക്കുകയും ചെയ്യുക.

ബേങ്കുകൾ

നമ്മുടെ പഞ്ചായത്തിൽ 3 സഹകരണ ബേങ്കുകളും ഒരു നോർത്ത് മലബാർ ഗ്രാമീൺ ബാങ്കും കൂത്തുപറമ്പ് സഹകരണ ബേങ്കിന്റേറയും ജില്ലാ സഹകരണബേങ്കിന്റേറയും ഓരോ ശാഖകളും സിൻറിക്കേറ്റ് ബേങ്കിന്റെ ഒരു ശാഖയും പ്രവർത്തിക്കുന്നു, ബാങ്കുകളുടെ മുഖ്യപ്രവർത്തനം ഇന്ന് വായ്പാ വിതരണം മാത്രമാണ്. ഈ നിലമാറ്റി കൂടുതൽ ഉൽപാദനപരിമായ മേഖലകളിലേക്ക് ബേങ്ക് നിക്ഷേപങ്ങളെ തിരിച്ച് വിടേണ്ടതുണ്ട്. ബേങ്കുകളിൽ നിന്നും വായ്പ വാങ്ങാൻ ആവശ്യമായ സംവിധാനം പഞ്ചായത്ത് എർപ്പെടുത്തുകയും കൂടുതൽ ഉൽപാദനപരമായ മേഖലകളിലേക്ക് തിരിച്ചുവിടുകയും ചെയ്യാൻ സാധിക്കേണ്ടതുണ്ട്.

കൂടുതൽ ഉൽപാദനപരമായ മേഖലകളിലെക്ക് പഞ്ചായത്തിന്റെ വിഭവങ്ങളെ തിരിച്ചുവിടാൻ സാധിക്കണം നിർമ്മാണ വികന മേഖലകളിൽ മനുഷ്യാധ്വാനം പരമാവധി പ്രയോജനപ്പെടുത്തുകയും കാർഷീക വ്യാവസായിക മേഖലകളിലെ വളർച്ചക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്ക്കരിച്ചും പുതിയ നികുതി സ്രോതസ്സുകൾ കണ്ടെത്തിയും പരമാവിധി വിഭവസമാഹരണം നടത്താൻ സാധിക്കണം.

വേങ്ങാട് ഗ്രാമപഞ്ചായത്ത്



4335

KERALA INSTITUTE OF LOCAL ADMINISTRATION

11-11-'96ന് ചേർന്ന വേങ്ങാട് ഗ്രാമ പഞ്ചായത്ത്
ഭരണസമിതിയുടെ 325/96 നമ്പർ
തീരുമാന പ്രകാരം അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നത്.